# സദാരാമ

(സംഗീതനാടകം)

മഹാകവി

**കെ. സി. കേശവപിള്ള**

UNIVERSITY LIBRARY
3 MAR 1969
MADRAS

പ്രസാധകന്മാർ

**സാഹിത്യപ്രവർത്തക സഹകരണസംഘം**

നാഷനൽ ബുക്ക്സ്റ്റാൾ

കോട്ടയം

വില ക. 1.50

032D
234911
032:2M71:11
K3

S1500 B938 39/63-64 1-2000

52

# കെ. സി. കേശവപിള്ള

ജനനം: കൊല്ലവർഷം 1043-ാമാണ്ട് മകരമാസം 22-ാം തീയതി; രോഹിണീനക്ഷത്രം.

പിതാവ് കൊല്ലം പരവൂർ വലിയവെളിച്ചത്തു വീട്ടിൽ രാമൻപിള്ള. മാതാവ് വാഴവിളവീട്ടിൽ ലക്ഷ്മിഅമ്മ. പ്രസിദ്ധനായ ചെമ്പകരാമൻ സർവ്വാധികാര്യക്കാരുടെ ഭാഗിനേയി.

1063-ാമാണ്ടു മുതൽ സംസ്കൃതാദ്ധ്യാപകൻ

1072-ാമാണ്ടു മുതൽ കൊല്ലം ഹൈസ്കൂൾ അദ്ധ്യാപകൻ

1077 മകരം മുതൽ കൊട്ടാരം അദ്ധ്യാപകൻ.

ചരമം: 1089 ചിങ്ങം 20-ാംനു പകൽ പന്ത്രണ്ടുമണിക്ക്.

## കൃതികൾ

| കഥകളി | കൊല്ലവർഷം |
|---|---|
| 1 ഹിരണ്യാസുരവധം | 1058 |
| 2 ശൂരപത്മാസുരവധം | 1062 |
| 3 ശ്രീകൃഷ്ണവിജയം | 1063 |
| **സംഗീതകൃതികൾ** | |
| 1 സ്തവരത്നാവലി | 1063 |
| 2 സംഗീതമഞ്ജരി | 1065 |
| 3 ഈശ്വരസ്തോത്രം | 1069 |
| 4 ഗാനമാലിക | 1073 |
| 5 ഗാനമാലിക രണ്ടാംഭാഗം | 1086 |
| 6 അഭിനയഗാനമാലിക | 1086 |
| 7 സംഗീതമാലിക | 1087 |

പദ്യകൃതികൾ


| | | | |
|---|---|---|---|
| 1 | പാർവ്വതീസ്വയംവരം അമ്മാനപ്പാട്ട് | | 1057 |
| 2 | രുഗ്മിണീസ്വയംവരം കമ്പടികളിപ്പാട്ട് | | 1057 |
| 3 | വൃകാസുരവധം വഞ്ചിപ്പാട്ട് | | 1057 |
| 4 | സുരതവിധി പാന | | 1059 |
| 5 | നാരായണനാമമാഹാത്മ്യം കിളിപ്പാട്ട് | | 1060 |
| 6 | രാസക്രീഡ ഊഞ്ഞോൽപാട്ട് | | 1062 |
| 7 | കവിസമാജയാത്രാശതകം | | 1067 |
| 8 | കൊല്ലം പ്രദർശനവർണ്ണനം | | 1067 |
| 9 | ഭാഷാനാരായണീയം | | 1067 |
| 10 | ശ്രീകാശിയാത്ര | | 1072 |
| 11 | ശാന്തിവിലാസം | | 1073 |
| 12 | സുഭാഷിതരത്നാകരം | | 1075 |
| 13 | ആങ്ഗലസാമ്രാജ്യം | | 1079 |


മഹാകാവ്യം


| | | | |
|---|---|---|---|
| 1 | കേശവീയം | | 1089 |


ഖണ്ഡകാവ്യങ്ങൾ


| | | | |
|---|---|---|---|
| 1 | ആസന്നമരണചിന്താശതകം | | 1070 |
| 2 | ഷഷ്ടിപൂർത്തിഷഷ്ടി | | 1080 |
| 3 | മാനസോല്ലാസം | | 1082 |
| 4 | സാഹിത്യവിലാസം | | 1087 |


വ്യാഖ്യാനങ്ങൾ


| | | | |
|---|---|---|---|
| 1 | ലക്ഷ്മണോപദേശം | വ്യാഖ്യാനം | 1061 |
| 2 | അക്ബർ | ,, | 1073 |
| 3 | ശ്രീകൃഷ്ണചരിതം ഒന്നും രണ്ടും സർഗ്ഗം | ,, | 1075 |
| 4 | പഞ്ചതന്ത്രം രണ്ടാം തന്ത്രം | ,, | 1075 |


തുള്ളൽപാട്ടുകൾ


| | | | |
|---|---|---|---|
| 1 | മംഗല്യധാരണം | | 1078 |
| 2 | പള്ളിക്കെട്ടുവർണ്ണനം | | 1081 |

നാടകങ്ങൾ


1 രാഘവമാധവം 1067

2 ലക്ഷ്മീകല്യാണം 1068

3 സദാരാമ സംഗീതനാടകം 1079

4 വിക്രമോർവ്വശീയം സംഗീതനാടകം(പരിഭാഷ) 1083


കഥ


1 സന്മാർഗ്ഗകഥകൾ 1088

2 മാലതി 1088


നിരൂപണങ്ങൾ

ദ്വിതീയാക്ഷരപ്രാസവാദം, ഭാഷാപരിഷ്കാരം, ശകുന വിശ്വാസം, ഗുരുഭക്തി, വേദാന്തോദ്ദേശ്യം, കേരളപാണിനീയമണ്ഡനം, ചില പ്രയോഗഭേദങ്ങൾ മുതലായ പ്രബന്ധങ്ങൾ.

# സദാരാമയെപ്പററി

സദാരാമ ഒരുകാലത്തു് കേരളീയരെ ആകമാനം ആനന്ദസിന്ധുവിൽ ആറാടിച്ച ഒരു സംഗീതനാടകമാകുന്നു. രംഗസംവിധാനത്തിൻെറ മോടിയും സംഗീതത്തിൻെറ ധാടിയുംകൊണ്ടു് പ്രേക്ഷകരെ ആഹ്ലാദിപ്പിക്കുന്ന തമിഴ് നാടകസംഘക്കാർ തിരുവനന്തപുരത്തുവച്ചു് ഒരിക്കൽ 'സദാറാം' അഭിനയിക്കുകയുണ്ടായി. അന്നാണു് കവിക്കു് അതൊന്നു പരിഷ്കരിച്ചു് മലയാളത്തിലാക്കിയാൽ കൊള്ളാമെന്നു തോന്നിയതു്.

തമിഴ്നാടകക്കാർ അഭിനയിച്ച കഥയിൽ അസംഭാവ്യങ്ങളായി തോന്നിയ ഭാഗങ്ങളെല്ലാം പരിഷ്കരിച്ചുകൊണ്ടാണു് ചരിത്രനായകൻ പുതിയ 'സദാരാമ' എഴുതിയതു്. അതിലേക്കുവേണ്ടി ചില കഥാപാത്രങ്ങളെപ്പോലും അദ്ദേഹം പുതുതായി സൃഷ്ടിച്ചു. സദാരാമയിലെ ഗാനങ്ങൾക്കു പ്രത്യേകം ഒരു പുതുമയുണ്ടു്. അതു് കവി മനഃപൂർവ്വം വരുത്തിയതുമാണു്. നാടകത്തിൽ സംഗീതം അനുചിതമല്ലേ എന്നു ചോദിക്കുന്ന ഒരുകൂട്ടർ അന്നുമുണ്ടായിരുന്നു. അവരോടു കവി സമാധാനം പറയുന്നു:

"അഭിനയത്തിൽ ശ്ലോകങ്ങളെയോ ഗാനങ്ങളെയോ സംഗീതരീത്യാ പ്രയോഗിക്കുമ്പോൾ രംഗസ്ഥിതന്മാർ സംഗീതരസത്തിൽ മുഴുകിപ്പോകുന്നതിനാൽ അവക്കു കഥാബന്ധത്തെക്കുറിച്ചുള്ള പര്യാലോചനയും തജ്ജന്യമായ സാക്ഷാൽ നാടകീയരസത്തിൻെറ അനുഭവവും ഉണ്ടാകുന്നില്ലെന്നു് ഒരഭിപ്രായമുണ്ടു്. വാസ്തവത്തിൽ സ്വരവൈചിത്ര്യങ്ങളെ പ്രകാശിപ്പിക്കാനായി ഗാനാംശങ്ങളെ ക്രമത്തിലധികം ആവർത്തിക്കുന്ന മട്ടു്, നാടകാഭിനയത്തിൽ കഥയുടെ രസധാരക്കു വിച്ഛേദം വരുത്തുന്നതാകയാൽ ത്യാജ്യംതന്നെ. എന്നാൽ സാഹിത്യ

ത്തിലും സംഗീതത്തിലും വൈദുഷ്യവും ഔചിത്യബോധവുമുള്ള സമത്ഥനായ ഒരു നടനു്—സംഗീതസാഹിത്യരസങ്ങളെ ക്ഷീരനീരന്യായേന യോജിപ്പിച്ചു് തദുഭയരസികന്മാരായ ശ്രോതാക്കളെ ഏകകാലത്തിൽത്തന്നെ ആസ്വദിപ്പിക്കാൻ കഴിയുമെന്നാണു് എൻെറ അഭിപ്രായം. കേവലം ഗാനസമാജങ്ങളിൽ പ്രയോഗിക്കുമ്പോൾ ഓരോ അംശങ്ങളേയും അധികം ആവത്തിക്കേണ്ടവയായ ഗാനങ്ങളെ നാടകാഭിനയത്തിൽ സാഹിത്യരസധാരയ്ക്കു് ഒട്ടും ഭംഗം വരാത്ത വിധത്തിൽ ചുരുക്കിയും സംഗീതഭംഗി വിടാതെയും ചൊല്ലാവുന്നതാകുന്നു. ഇങ്ങനെ ചെയ്യാൻ സാധിക്കാത്ത ഗാനരീതികളെ ഈ കൃതിയിൽ സ്വീകരിച്ചിട്ടില്ല.''

അധോരേഖകൊണ്ടടയാളപ്പെട്ടുത്തീട്ടുള്ള ഭാഗം പ്രത്യേകം ശ്രദ്ധേയമാകുന്നു. സംഗീതശാസ്ത്രത്തിൽ അദ്ദേഹത്തിനുള്ള പ്രായോഗികപരിചയത്തെ അതു പ്രഖ്യാപനം ചെയ്യുന്നു. ഇങ്ങനെ ശാസ്ത്രീയമായ അടിസ്ഥാനത്തിന്മേൽ അടിയുറച്ചു നിന്നുകൊണ്ടു് ഔചിത്യപൂവ്വം നിമ്മിച്ച ഗാനങ്ങളാണു്, 'സദാരാമ'യ്ക്കു പ്രചുരമായ പ്രചാരം സമ്പാദിച്ചുകൊടുത്തതു്. അക്കാലത്തു് ആ നാടകം കേരളം മുഴവൻ അഭിനയിക്കപ്പെട്ടിരുന്നു. വണ്ടിവലിക്കുന്നവരുടെ ഇടയിൽപ്പോലും അതിലെ ചില പാട്ടുകൾ സ്വാധീനശക്തി ചെലുത്തുകയുണ്ടായിട്ടുണ്ടു്. ''കുടിൽതൊട്ടു കൊട്ടാരംവരെ എന്നുള്ള ചൊല്ലു് സദാരാമയുടെ സംഗതിയിൽ എനിക്കു് അനുഭവഗോചരമായിത്തീന്നിരിക്കുന്നു. ഇവിടെയുള്ള ചില പുലയക്കുട്ടികൾ ഇതിലെ പല പാട്ടുകളും ചൊല്ലുന്നതു് ഞാൻ കേട്ടിട്ടുണ്ടു്.'' എന്നാണു് മടവൂർ സി. നാരായണപിള്ള സദാരാമയെപ്പററി ഗ്രന്ഥകത്താവിനു് എഴുതിയയച്ചതു്. കേരളത്തിലെ പത്രങ്ങളിൽ പലതും, നാടകപരിഷ്കരണവിഷയത്തിൽ കെ. സി. യെ മുക്തകണ്ഠം പ്രശംസിക്കുന്ന ഒന്നാംതരം അഭിപ്രായങ്ങൾ പുറപ്പെട്ടു

വിച്ചു. മള്ളൂർ ഗോവിന്ദപ്പിള്ള അവർകൾ സദാരാമ വായിക്കാനിടയായപ്പോൾ തൽക്കർത്താവിനു് ഇങ്ങനെ എഴുതി അയച്ചതായി കാണുന്നു: ''എനിക്കു നിങ്ങളുടെ കൃതികളോടുള്ളിടത്തോളം ആദരം മററൊരു ഭാഷാകവിയുടെ കൃതികളോടും ഇല്ല. പ്രസ്തുത ഗ്രന്ഥംകൊണ്ടു്, നിങ്ങൾക്കു് മഹാമഹിമശ്രീ വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു് കല്പിച്ചുതന്നിട്ടുള്ള 'സരസഗായകകവി' എന്ന അഭിധാനം എത്രയോ അന്വർത്ഥമായിത്തീർന്നിരിക്കുന്നു. നിങ്ങൾ ഞങ്ങളുടെ ഒരു വലിയ സമ്പാദ്യമാണു്.'' ഒരു ഗ്രന്ഥകർത്താവിനു് വിജ്ഞന്മാരുടെ ഏതാദൃശങ്ങളായ അഭിനന്ദനങ്ങൾ എത്രമാത്രം ചാരിതാർത്ഥ്യജനകങ്ങളായിരിക്കുമെന്നു് വായനക്കാർ ഊഹിച്ചറിയുകയാണു നല്ലതു്.

എ. ഡി. ഹരിശർമ്മ

('മഹാകവി കെ. സി. കേശവപിള്ള' എന്ന ഗ്രന്ഥത്തിൽനിന്നു്.)

## പ്രസാധകക്കുറിപ്പ്

സദാരാമ ആദ്യം പ്രസിദ്ധപ്പെടുത്തിയതു് 1903 ലാണു്. അറുപതു കൊല്ലം മുമ്പു്. ഇതിനകം പതിന്നാലു പതിപ്പുകൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്. അവസാനത്തെ പതിപ്പു് 1932 ലാണു് പുറത്തു വന്നതു്. അതിനുശേഷവും പുസ്തകത്തിനു വളരെ ആവശ്യക്കാരുണ്ടായിരുന്നെങ്കിലും പുതിയ പതിപ്പുകളിറക്കുവാൻ കഴിയാതെവന്നു.

കഴിഞ്ഞ കൊല്ലം, ഈ നാടകം അഖിലേന്ത്യാ റേഡിയോയുടെ ദേശീയപരിപാടിയിൽ പെടുത്തി, എല്ലാ ഇന്ത്യൻ ഭാഷകളിലും പ്രക്ഷേപണം ചെയ്യുകയുണ്ടായി.

സദാരാമയുടെ ഈ പുതിയ പതിപ്പു്, ഗ്രന്ഥകത്താവിൻെറ അമ്പതാം ചരമവാഷികത്തോടനുബന്ധിച്ചു പ്രസിദ്ധപ്പെടുത്തുകയാണു്.

സെപ്റ്റംബർ 1963

UNIVERSITY LIBRARY
3 MAR 1969
MADRAS

ഒന്നാം പതിപ്പിൻെറ

## മുഖവുര

തമിഴ് നാടകക്കാർ സാധാരണമായി അഭിനയിച്ചു വരുന്ന കഥകളിൽ പ്രധാനമായ 'സദാറാം' ചരിത്രത്തെ ക്കുറിച്ച് പലരും കേട്ടിരിക്കുമല്ലൊ. ഈ ചരിത്രത്തെ മല യാളത്തിൽ ഒരു സംഗീതനാടകമായി എഴുതണമെന്ന് എന്നോടു ചില സ്നേഹിതന്മാർ പറഞ്ഞു തുടങ്ങീട്ട് ഒന്നു രണ്ടു വർഷത്തോളം ആയി. അങ്ങനെ ഇരിക്കേ കഴി ഞ്ഞയാണ്ടു (1078) കുംഭമാസത്തിൽ വലിയകൊട്ടാര ത്തിൽ വെച്ച് ഈ കഥ തമിഴ് നാടകസംഘത്താൽ അഭി നയിക്കപ്പെട്ടതു് ഇദംപ്രഥമമായി ഞാൻ കാണുകയു ണ്ടായി. രസപുഷ്ടി, കഥാഘടനയുടെ വൈചിത്ര്യം, പാത്രങ്ങളുടെ തന്മയത്വം മുതലായവയാണല്ലോ നാടക ത്തിനു പ്രധാനമായി വേണ്ട ഗുണങ്ങൾ. എന്നാൽ തമിഴ് നാടകക്കാർ പ്രേക്ഷകന്മാരെ ആഹ്ലാദിപ്പിക്കുന്നതു് പ്രാ യേണ അവരുടെ രംഗവിധാനത്തിന്റെ മോടിയും സംഗീ തത്തിൻെറ ധാടിയും കൊണ്ടാകുന്നു. അവർ നമ്മുടെ നാടകക്കാരെപ്പോലെ ഓരോ നാടകങ്ങൾക്കും പ്രത്യേകം ഗദ്യപദ്യങ്ങളെ അഭ്യസിച്ചു വരുക പതിവില്ല. പല നാടകങ്ങളിലും ഭേദപ്പെടുത്താതെയോ സ്വല്പം ചില ഭേദ ഗതികളോടു കൂടിയോ ഉപയോഗിക്കാവുന്നവയായ ഏതാ നും പാട്ടുകൾ, വിരുത്തങ്ങൾ മുതലായവ അവർ അഭ്യസി ച്ചിട്ടുണ്ടായിരിക്കും. ഇവയെക്കൊണ്ടാണ് അവർ മിക്ക വാറും അഭിനയം കഴിച്ചുകൂട്ടുന്നതു്. ഒരിക്കൽ ദമയന്തീ നളന്മാരുടെ സല്ലാപത്തിൽ ഉപയോഗിച്ച ഗാനംതന്നെ

മററൊരിക്കൽ ശകുന്തളാദൃഷ്ഷന്തന്മാരുടെ സല്ലാപ ത്തിൽ ഉപയോഗിക്കുന്നതായി കേൾക്കാം. ഗദ്യങ്ങളും പ്രായേണ നടന്മാരുടെ മനോവികാസത്തിനും വാഗ്വിലാ സത്തിനും അനുരൂപമായി ഏററിയോ കുറഞ്ഞോ ഇരിക്കു ന്നതല്ലാതെ അവസ്ഥ്യം ശരിയായ ഒരു നിയമം തമിഴ് നാടകത്തിൽ ഉള്ളതായി കാണുന്നില്ല. നടന്മാരുടെ ഈ സ്വാതന്ത്ര്യം ഗുണമായിട്ടും ദോഷമായിട്ടും പരിണമിക്കാ റുണ്ട്. ഭാഗ്യവശാൽ നമ്മുടെ മലയാളനാടകക്കാർ ഈ സ്വാതന്ത്ര്യത്തെ ഇതുവരെ സ്വീകരിച്ചിട്ടില്ലെന്നുള്ളതു ആശ്വാസപ്രദംതന്നെ. 'സദാറാം' ചരിത്രം അഭിനയിച്ചു കണ്ടതിൽ കഥാബന്ധത്തിനു വലിയ ആസ്വാദ്യത ഒന്നും ഉണ്ടായിരുന്നില്ല; എങ്കിലും ആകപ്പാടേ ഒരു ചമൽക്കാര വിശേഷം ഉള്ളതായി തോന്നി. അതിൻെറ ശേഷവും ഈ കഥയെ മലയാളത്തിൽ എഴുതണമെന്നു പലരും എന്നോടു നിർബ്ബന്ധിക്കയാൽ ഏതായാലും ഇതു് ഒന്നെഴുതി നോക്കാം എന്നു വിചാരിച്ചു് കഴിഞ്ഞ (1078-ാമാണ്ടു്) മിഥുനമാസത്തിൽ ഇതു് അഭിനയിച്ചു കണ്ട ഓർമ്മയെ ആസ്പദമാക്കിക്കൊണ്ടു് ആദ്യമായി ഇതിൻെറ രംഗങ്ങൾ പാത്രങ്ങൾ മുതലായവസ്ഥ്യു് ഞാൻ ഒരു വിവരണം എഴു തി. ഈ വിവരണം കേവലം തമിഴ്ക്കാരുടെ അഭിനയ ത്തെ അനുസരിച്ചായിരുന്നു. ഇങ്ങനെ എഴുതി നോക്കി യപ്പോൾ ഇതിലെ കഥാബന്ധത്തിൽ പല ഭാഗങ്ങളും അസംഗതങ്ങളും അസ്വാരസ്യങ്ങളും ആയി തോന്നുകയാൽ യഥേഷ്ടം അവസ്ഥ്യു ചില വ്യത്യാസങ്ങൾ വരുത്തി വീണ്ടും ആ വിവരണത്തെ പരിഷ്കരിച്ചെഴുതി. അതിൽപ്പിന്നെ ഇതു നാടകമായി എഴുതാൻ ആരംഭിച്ചു. മുമ്പിൽ നാരാ യണീയപരിഭാഷ എഴുതിവന്നതിൻെറ ഇടയ്ക്കുവെച്ചു് 'ലക്ഷ്മീകല്യാണം' എന്ന കല്പിതകഥാനാടകം എഴുതിയതു

പോലെ ഇപ്പോഴം 'ആങ്ഗലസാമ്രാജ്യം' എന്ന മഹാകാവ്യത്തിൻെറ പരിഭാഷ എഴുതിവരുന്നതിന്റെ മദ്ധ്യേയാണ് ഈ നാടകം എഴുതാൻ എനിക്കിടയായത്. ഇതിനാലും നിയമേന ഉള്ള കൃത്യാന്തരങ്ങൾ നിമിത്തവും ഈ ജോലി ഇടവിടാതെ നടത്തുന്നതിന്ന് എനിക്ക കഴിഞ്ഞിട്ടില്ല. ഇപ്രകാരം യഥാവസരം എഴുതിവന്നതായ ഈ നാടകം ഈ മാസം (1079 തുലാം) പകുതിയോടുകൂടി അവസാനിച്ചു. തമിഴിൽ ഈ കഥയെ വിവരിക്കുന്ന പുസ്തകങ്ങൾ ഉണ്ടായിരിക്കാം. എങ്കിലും ഞാൻ അവയെ കാണ്മാൻ ആഗ്രഹിക്കുകയോ കാണുകയോ ചെയ്തിട്ടില്ല. തമിഴ് നാടകസംഘത്തിലെ ചില നടന്മാരോട് ഈ കഥയെപ്പററി ചോദിച്ചതിൽ അവരുടെ അഭിനയത്തിൽ കഥാഗതിക്കു സാവ്വത്രികമായ ഐകരൂപ്യം ഇല്ലെന്നാണ മനസ്സിലായത്. ഇതിൻെറ ശേഷം ഈ കഥ മലയാളത്തിൽ ഗദ്യമായി എഴുതപ്പെട്ടിട്ടുണ്ടെന്നു കേൾക്കയാൽ അതിനെപ്പററി തിരക്കിയതിൽ 'ആശ്ചയ്യമേനക' എന്നും 'സദാരം' എന്നും പേരായ രണ്ടു പുസ്തകങ്ങൾ കിട്ടുന്നതിനും വായിക്കുന്നതിനും ഇടയായി. ഇവയിൽ ഞാൻ മുമ്പേ ധരിച്ചിരുന്നതിൽനിന്നും വിശേഷമായി ഒന്നും ഗ്രഹിക്കാൻ ഉണ്ടായിരുന്നില്ല. തമിഴിൽ ഉള്ള ഈ നാടകകഥയുടെ എത്രയും സംക്ഷിപ്തമായ ഒരു വിവരണം താഴെ എഴുതുന്നു.

ശാർങ്ഗധരസ്തൻ എന്നൊരു രാജാവു്, തന്റെ പുത്രനായ പുഷ്പാംഗദൻ വിവാഹകായ്യത്തിൽ തീരെ പരാങ്മുഖനും വിരക്തനും ആയിരുന്നതിനാൽ അവനെ ഒരു കാരാഗൃഹത്തിൽ പാപ്പിക്കുന്നു. പുഷ്പാംഗദൻ അവിടെ വെച്ച് ഒരു മനോഹരിയായ സ്ത്രീയെ സ്വപ്നത്തിൽ കണ്ടു്

അവളിൽ അനുരക്തനായിത്തീരുന്നു. ഈ വിവരം അറിഞ്ഞു് സ്ത്രീയെ കണ്ടുപിടിക്കുന്നതിനായി രാജാവു് രാജ്യവാസികൾക്കെല്ലാം ഒരു സദ്യ നടത്തുകയും, ദക്ഷിണ കൊടുക്കുന്നതിനു് പുഷ്പാംഗദനെ നിയമിക്കയും ചെയ്യുന്നു. അങ്ങനെ ദക്ഷിണ കൊടുക്കുന്ന അവസരത്തിൽ ജനസംഘമദ്ധ്യേ കുമാരൻ തൻെറ അനുരാഗത്തിനു വിഷയമായ "സദാറാം" എന്ന സ്ത്രീയെ കാണുകയും, അവർ പരസ്പരം അനുരാഗസൂചകമായി പൂച്ചെണ്ടു് എറിയുകയും ചെയ്യുന്നു. ഈ സ്ത്രീയുടെ അച്ഛൻ ഒരു ചെട്ടിയാരാണ്. അനന്തരം വിവാഹത്തിനായി ആലോചിക്കുമ്പോൾ 'രാജ്യം തരാമെങ്കിലേ സ്ത്രീയെ തരു' എന്നു് ചെട്ടിയാരും ഭാൎയ്യയും പുത്രനും ശാഠ്യം പറകയാൽ രാജാവു് അപ്രകാരം മൂഢനും യുവാവുമായ സദാറാമിൻെറ സഹോദരനു രാജ്യം കൊടുക്കയും പുത്രനെക്കൊണ്ടു് അവളെ വിവാഹംചെയ്യിക്കയും ചെയ്തിട്ടു് തപസ്സിനായി വനത്തിലേക്കു പോകുന്നു. രാജ്യനാശത്താൽ വ്യാകുലനായ പുഷ്പാംഗദൻ ഉടനെ നാടുവിട്ടു പോകയും സദാറാം അവനെ അനുഗമിക്കയും ചെയ്യുന്നു. വനത്തിൽവെച്ചു നിത്യവൃത്തിക്കു വകയില്ലായ്കയാൽ പുഷ്പാംഗദൻ അവൾ നെയ്തുണ്ടാക്കിയ ഒരു കൈലേസു വിൽക്കാനായി അവളെ വനത്തിൽ താമസിപ്പിച്ചിട്ടു് പോയി മായാപുരി രാജധാനിയിൽ ചെന്നു് കൈലേസു കൊടുക്കുന്നു. അവിടത്തെ രാജാവു് കൈലേസു വാങ്ങിക്കൊണ്ടു് അതിൽ സദാറാം എന്ന പേരിനെക്കണ്ടു വിവരം ചോദിച്ചറിഞ്ഞിട്ടു് അവനെ തടവിലാക്കുകയും ഒരു ദാസിയെ അയച്ചു കൗശലത്തിൽ സദാറാമിനെ വരുത്തി അവളോടു ചെയ്ത ശൃംഗാരപ്രാൎത്ഥന ഫലിക്കായ്കയാൽ പുഷ്പാംഗദനെ വരുത്തി നിഗ്രഹിക്കാനായി ഭാവിക്കയും ചെയ്യുന്നു. അപ്പോൾ അവൾ അനുകൂലയെന്നു നടിച്ചു്

ഭർത്താവിനെ മോചിപ്പിച്ചതിൻെറ ശേഷം 41 ദിവസ ത്തേക്കു തനിക്കു് ഒരു വ്രതമുണ്ടെന്നും, ആയതു കഴിഞ്ഞാൽ ഭാൎയ്യയായി ഇരുന്നുകൊള്ളാമെന്നും അതുവരെ താമസിക്കു ന്നതിനു് പ്രത്യേക ഒരു മന്ദിരം വേണമെന്നും അറിയിച്ച തിനെ രാജാവു സ്വീകരിക്കുന്നു. നാല്പതാം ദിവസം രാത്രി യിൽ സമീപമുള്ള ഒരു തെരുവിൽ ഭർത്താവിൻെറ വിലാ പശബ്ദം കേട്ടു് അവൾ മാളികയിൽനിന്നും ഇറങ്ങിച്ചെ ന്നു് ഭർത്താവിനെ കാണുകയും അവിടെനിന്നും പിറേറ ന്നാൾ രാത്രിയിൽ ഒളിച്ചുപോകുന്നതിനായി രണ്ടു കുതിര കളേയും തനിക്കു പുരുഷവേഷം ധരിക്കാൻ തക്കതായ ഉടു പ്പുകളും കൊണ്ടുവരണമെന്നു പറഞ്ഞു് ഭർത്താവിനെ യാത്രയാക്കുകയും ചെയ്യുന്നു. അപ്രകാരം പിറേറദിവസം രാത്രിയിൽ പുഷ്പാംഗദൻ ചെന്നപ്പോൾ അവൾ ഉറങ്ങുക യായിരുന്നതിനാൽ അവളെ കാണാഞ്ഞു് അവിടെ കിട ന്നുറങ്ങുന്നു. തലേദിവസം ഉണ്ടായ ഇവരുടെ സംഭാഷണം കേട്ടുകൊണ്ടുനിന്നിരുന്ന ഒരു കള്ളൻ ഈ തക്കം നോക്കി വന്നു് പുഷ്പാംഗദൻ കൊണ്ടുവന്ന ഉടുപ്പുകളേയും കുതിര കളേയും കൈക്കലാക്കി സദാറാമിനേയുംകൊണ്ടു മണ്ടുന്നു. പ്രഭാതമായപ്പോൾ അവൾ ആളറിഞ്ഞിട്ടു കുടിക്കാൻ കുറെ വെള്ളം കൊണ്ടുവരുന്നതിനായി കള്ളനെ അയച്ചി ട്ടു് അവിടെനിന്നും പോകുന്നവഴിയിൽ നായാട്ടിനായി നടക്കുന്ന ഒരു രാജകുമാരനേയും മന്ത്രികുമാരനേയും കാണു ന്നു. അവർ രണ്ടുപേരും പുരുഷവേഷധാരിണിയായ സദാറാമിനെക്കണ്ടു് പുരുഷനെന്നും സ്ത്രീയെന്നും വാദി ച്ചിട്ടു് ഒടുവിൽ വാസ്തവം അറികയും, അവളെ വിവാഹം ചെയ്‌വാനായി പരസ്പരം മത്സരത്തോടുകൂടി ശ്രമിക്കയും, അവൾ ദൂരെക്കാണുന്ന താമരപ്പൊയ്കയിലുള്ള ഒരു പുഷ്പം മുമ്പേ കൊണ്ടുവരുന്ന ആളെ സ്വീകരിച്ചുകൊള്ളാമെന്നു

പറഞ്ഞു് അവ്വരെ ഓടിച്ചിട്ടു് വീണ്ടും പോയി ഒരു രാജ്യത്തിൽ ചെന്നുചേരുകയും ചെയ്യുന്നു. ആ രാജ്യത്തിലെ രാജാവു് ചരമഗതിയെ പ്രാപിച്ച സമയം തന്റെ പുത്രിയെ യോഗ്യനായ ഒരാളെക്കൊണ്ടു വിവാഹം ചെയ്യിക്കയും അയാളെത്തന്നെ രാജാവായി വാഴിക്കയും ചെയ്യണമെന്നു് മന്ത്രിയോടു പറഞ്ഞിട്ടുണ്ടായിരുന്നു. മന്ത്രി പലരേയുംകൊണ്ടു വിവാഹം ചെയ്യിച്ചു. വിവാഹം ചെയ്യുന്നവരെല്ലാം രാജകുമാരിയോടു് സഹശയനംചെയ്യുന്ന രാത്രിയിൽ മരിച്ചുപോവുക പതിവാണു്. ഇതിനാൽ പിന്നീടു് ആരും വിവാഹത്തിനു ചെല്ലായ്കനിമിത്തം ആ ഗ്രാമത്തിലുള്ള ഓരോ വീട്ടുകാർ ഓരോ പുരുഷന്മാരെ ദിവസംപ്രതി വിവാഹത്തിനായി അയയ്ക്കുണമെന്നു നിശ്ചയിച്ചു. മന്ത്രി വിളംബരംചെയ്തതിൻപ്രകാരം ഓരോരുത്തർ ചെന്നു വിവാഹംചെയ്കയും മരിക്കയും ചെയ്തുകൊണ്ടിരുന്നു. ഇങ്ങനെ അധികംപേർ മരിച്ച ഇടയ്ക്കാണു് പുരുഷവേഷധാരിണിയായിട്ടു് സദാറാം ആ രാജ്യത്തിൽ എത്തുന്നതു്. അവൾ അന്നവിക്രയം ചെയ്യുന്ന ഒരു ബ്രാഹ്മണവിധവയുടെ മഠത്തിൽ ചെന്നു് ഊണു കഴിച്ച ഉടൻ ആ സ്ത്രീയുടെ പുത്രനെ അന്നത്തെ വിവാഹത്തിനയയ്ക്കുണമെന്നു് ശിപായിമാർ വന്നു പറയുന്നതു കേട്ടു വിധവയും പുത്രനും വളരെ പരിഭ്രമിക്കുന്നു. ഇതു കണ്ടു് അവൾക്കുവേണ്ടി സദാറാം പോയി രാജപുത്രിയെ വിവാഹം ചെയ്തു് അവളുടെ ശയനഗൃഹത്തിൽ പ്രവേശിച്ചു കുറേനേരം സല്ലപിച്ചുകൊണ്ടിരിക്കവേ അവൾ നിദ്രയെ പ്രാപിക്കുന്നു. സദാറാം അതിന്റെ ശേഷവും ഉറങ്ങാതെ ജാഗരൂകതയോടെ സൂക്ഷിച്ചുകൊണ്ടിരിക്കുമ്പോൾ ആ കുമാരിയുടെ മൂക്കിൽനിന്നും ഒരു വണ്ടും പിന്നാലെ ഒരു സർപ്പവും വെളിക്കു വന്നതു കണ്ടു് അവയെ നിഗ്രഹി

ക്കുന്നു. ഈ വിവരം അറിഞ്ഞു് മന്ത്രി സദാറാമിനെ രാജാവാക്കി അഭിഷേകം ചെയ്യുന്നു. അനന്തരം അവൾ തൻെറ പ്രതിച്ഛായയിൽ നാലു പടങ്ങൾ എഴുതിച്ചു നാലു കോട്ടവാതിലുകളിലും വയ്പിക്കയും അവയെക്കണ്ടു വ്യസനിക്കുന്നവരെ ബന്ധനത്തിലാക്കി വിവരം അറിയിക്കണമെന്നു് ആജ്ഞാപിക്കയും ചെയ്യുന്നു. ഇങ്ങനെ പുഷ്പാംഗദൻ, മായാപുരരാജാവു്, കള്ളൻ, രാജകുമാരൻ, മന്ത്രികുമാരൻ എന്നീ അഞ്ചുപേരും അവിടെ എത്തുന്നു. സദാറാം അവരെ വരുത്തി മായാപുരരാജാവിനെ ബന്ധനത്തിലാക്കുകയും, കള്ളനു ഭടനായകത്വം കൊടുക്കുകയും, കുമാരന്മാരെ സദുപദേശം ചെയ്തു വിടുകയും ചെയ്യുന്നു. അതിൻെറ ശേഷം സ്ത്രീവേഷത്തെ പ്രത്യക്ഷമാക്കിയ സദാറാമിനേയും, ആ രാജകുമാരിയേയും ഭാര്യമാരായി സ്വീകരിച്ചു് പുഷ്പാംഗദൻ അവിടത്തെ രാജാവായി സുഖമാകും വണ്ണം വസിക്കുന്നു.

ഇനി ഈ കഥയിൽ എനിക്കു തോന്നിയ അസ്വാരസ്യഭാഗങ്ങളിൽ ചിലതിനെക്കുറിച്ചുകൂടി സ്വല്പം ഇവിടെ വിവരിക്കാം.

വേദാന്തശാസ്ത്രപരിശീലനത്താൽ വിവാഹവിമുഖനായിത്തീൎന്ന പുഷ്പാംഗദർ നിഷ്കാരണം ഒരു സ്ത്രീയെ സ്വപ്നത്തിൽ കാണുകയും പെട്ടെന്നു കാമപരതന്ത്രനാകയും ചെയ്തു; രാജാവു് ഒരു സ്ത്രീയെ കണ്ടുപിടിക്കുന്നതിനായി രാജ്യവാസികൾക്കെല്ലാം സദ്യനടത്തുക; നായികാനായകന്മാർ ബഹുജനസമക്ഷം അനുരാഗപ്രകടനം ചെയ്തു; തൻെറ പില്ക്കാലം പുഷ്പാംഗദനും തദനന്തരം തൽപുത്രനും രാജ്യംഭരിക്കുന്നതിനിടയാകണം എന്നുള്ള ആഗ്രഹം സാധിക്കുന്നതിനായി പുഷ്പാംഗദനെക്കൊണ്ടു വിവാഹം ചെയ്യിക്കണമെന്നു് ഇച്ഛിച്ചിരുന്ന ശാർങ്ഗഹസ്തൻ

രാജ്യത്തെ അപ്രശസ്തനായ അന്യനു കൊടുത്തിട്ട് പുഷ്പാംഗദനെക്കൊണ്ടു വിവാഹം ചെയ്യിക്കുക; കഥാനായകനായ പുഷ്പാംഗദൻ സ്ത്രീലോലനായി സ്വപ്രജകളെ ദുന്നയനായ ഒരുവൻെറ പക്കൽ ഏല്പിക്കുക; അവർ, രാജ്യം പോലും വെടിഞ്ഞു വേളികഴിച്ച തൻെറ പ്രാണപ്രിയയെ ഏകാകിനിയായി ഭയാനകമായ വനത്തിൽ വിട്ടേച്ചു പോക; ദുർമ്മതിയായ ഒരു രാജാവിൻെറ അധീനതയിൽ സൂക്ഷിക്കപ്പെട്ടിരുന്ന തൻെറ പ്രിയയെ പാതിരാത്രി ഗൂഢമായിക്കൊണ്ടുപോകാൻ ചെന്ന നായകൻ അവിടെ കിടന്നുറങ്ങുക; ഒരു രാജകുമാരിയുടെ വിവാഹം നടത്തുകയും മരിക്കയും ചെയ്‌വാനായി മന്ത്രി സ്വപ്രജകളെ നിർബന്ധിക്കുക; രാജകുമാരിയുടെ മൂക്കിൽ വണ്ടും സർപ്പവും ഉണ്ടായിരിക്കുക; അവയുടെ ഉപദ്രവത്തെ അവളെ വിവാഹം ചെയ്ത ആളുകളോ മററു വല്ലവരുമോ കണ്ടു പിടിക്കായ്ക മുതലായ അംശങ്ങൾ സചേതസ്സുകൾക്കു ഹൃദയംഗമങ്ങളായിരിക്കുമോ എന്നു വളരെ സംശയമുണ്ട്. രാജകുമാരൻെറയും, മന്ത്രികുമാരൻെറയും കഥ ഇവിടെ യാതൊരു പ്രയോജനത്തേയും ചമല്ക്കാരത്തേയും അർഹിക്കുന്നില്ല; വിശേഷിച്ചും ഒരു മന്ത്രിയും മററനേകജനങ്ങളും പല ദിവസം കണ്ടിട്ടും അറിയാത്ത സദാറാമിൻെറ സ്ത്രീത്വത്തെ ഇവരിൽ ഒരാൾ പ്രഥമദൃഷ്ടിയിൽ ഗ്രഹിച്ചു എന്നു വരുന്നതു് തീരെ അസംബന്ധവുമാണ്. പുരുഷവേഷധാരിണിയായ സദാറാം തൻെറ പ്രതിച്ഛായ എഴുതിച്ചു എന്നു പറയുന്നു. ഈ പ്രതിച്ഛായ പുരുഷരൂപമോ സ്ത്രീരൂപമോ? പുരുഷരൂപമാണെങ്കിൽ മായാപുരരാജാവു കണ്ടറിവാൻ മാർഗ്ഗമില്ല. സ്ത്രീരൂപമായാൽ ഇവൾ സ്ത്രീയാണെന്നുള്ള വാസ്തവം വെളിപ്പെട്ടുപോകയും ചെയ്യും. ഇവളെ അന്വേഷിച്ചു നടന്ന മായാപുരരാജാവു മുതലായ

അഞ്ചുപേരും ഒരേ രാജ്യത്തിൽ ഒരേ കാലത്തെത്തി നാലു കോട്ടവാതിൽക്കലും തന്നെ ചെന്നു പടം കാണുന്നതും കുറെ അത്ഭുതമാണെന്നു് പറയേണ്ടിയിരിക്കുന്നു. ഉപനായികയായ രാജകുമാരിയുടെ ബഹുഭത്തൃസമാഗമവും ആലോചനാർഹമാണു്. ഇങ്ങനെ എനിക്കു തോന്നിയ ഓരോ ദോഷഭാവങ്ങളെ മൂലകഥയുടെ പ്രധാന ഗതിക്കു വൈകല്യം വരാത്ത സ്ഥിതിയിൽ പരിഹരിക്കാൻ ശ്രമിച്ചിട്ടുണ്ടു്.

ശാർങ്ഗഹസ്തൻ, പുഷ്പാംഗദൻ, സദാറാം ഇത്രയും ഒഴിച്ചു ശേഷമുള്ള പാത്രനാമങ്ങളും മായാപുരം എന്നതൊഴിച്ചുള്ള സ്ഥലനാമങ്ങളും എന്റെ സൃഷ്ടിയാകുന്നു. ഇക്കാലത്തു ജനങ്ങൾ പ്രായേണ ഗാനനാടകങ്ങളിൽ അധികം ആസക്തന്മാരായിത്തീന്നിരിക്കുന്നതിനാലും ഇതിലേക്കായി എന്നെ പ്രോത്സാഹിപ്പിച്ച ചില നടന്മാരുടെ നിർബ്ബന്ധത്താലും ഇതിൽ ശ്ലോകങ്ങളേക്കാൾ ഗാനങ്ങളേയാണു ഞാൻ അധികമായി ചേത്തിട്ടുള്ളതു്.

അഭിനയത്തിൽ ശ്ലോകങ്ങളെയോ ഗാനങ്ങളെയോ സംഗീതരീത്യാ പ്രയോഗിക്കുമ്പോൾ രംഗസ്ഥിതന്മാർ സംഗീതരസത്തിൽ മുഴുകിപ്പോകുന്നതിനാൽ അവക്കു കഥാബന്ധത്തെക്കുറിച്ചുള്ള പശ്ചാലോചനയും തജ്ജന്യമായ സാക്ഷാൽ നാടകീയരസത്തിൻെറ അനുഭവവും ഉണ്ടാകുന്നില്ലെന്നു് ഒരഭിപ്രായമുണ്ടു്. വാസ്തവത്തിൽ സ്വരവൈചിത്ര്യങ്ങളെ പ്രകാശിപ്പിക്കാനായി ഗാനാംശങ്ങളെ ക്രമത്തിലധികം ആവത്തിക്കുന്ന മട്ടു്, നാടകാഭിനയത്തിൽ കഥയുടെ രസധാരയ്ക്കു വിച്ഛേദം വരുത്തുന്നതാകയാൽ ത്യാജ്യം തന്നെയാകുന്നു. എന്നാൽ സാഹിത്യത്തിലും സംഗീതത്തിലും വൈദുഷ്യവും ഔചിത്യബോധവുമുള്ള സമത്ഥനായ ഒരു നടനു സംഗീതസാഹിത്യരസ

ങ്ങളെ ക്ഷീരനീരന്യായേന യോജിപ്പിച്ച് തദുഭയരസിക ന്മാരായ ശ്രോതാക്കളെ ഏകകാലത്തിൽത്തന്നെ ആസ്വാദിപ്പിക്കാൻ കഴിയും എന്നാണ് എൻെറ അഭിപ്രായം. കേവലം ഗാനസമാജങ്ങളിൽ പ്രയോഗിക്കുമ്പോൾ ഓരോ അംശങ്ങളേയും അധികം ആവൎത്തിക്കേണ്ടവയായ ഗാനങ്ങളെ നാടകാഭിനയത്തിൽ സാഹിത്യരസധാരക്കു് ഒട്ടും ഭംഗം വരാത്ത വിധത്തിൽ ചുരുക്കിയും സംഗീതഭംഗി വിടാതെയും ചൊല്ലാവുന്നതാകുന്നു. ഇങ്ങനെ ചെയ്‌വാൻ സാധിക്കാത്ത ഗാനരീതികളെ ഈ കൃതിയിൽ സ്വീകരിച്ചിട്ടില്ല. തമിഴ് നാടകക്കാർ അഭിനയിച്ചുവരുന്ന പുരാണപ്രസിദ്ധങ്ങളല്ലാത്ത പ്രബന്ധങ്ങളിൽ ഒന്നും ഇതേവരെ ഈമാതിരിയിൽ മലയാളത്തിൽ അവതരിച്ചിട്ടില്ലെന്നാണ് അറിയുന്നതു്. ഈ പുസ്തകം മലയാളഭാഷാപോഷകങ്ങളായ ഗ്രന്ഥങ്ങളുടെ കൂട്ടത്തിൽ 'ഒന്നായ്ഗ്രാഹ്യ'മാണെന്നു് 'വിജ്ഞന്മാർ അഭിനന്ദിക്കുന്ന' പക്ഷം ഞാൻ ഇതിലേക്കായി ഉപയോഗിച്ചിട്ടുള്ള 'വിജ്ഞാനം സാധുവായിത്തീരുന്നതാണ്.'

തിരുവനന്തപുരം
1079 തുലാം 27

കേ. സി. കേശവപിള്ള

രണ്ടാം പതിപ്പിൻെറ

# മുഖവുര

ഈ പുസ്തകത്തിന് ഇത്ര അടുത്ത അവസരത്തിൽ വീണ്ടും ഒരു മുഖവുര എഴുതേണ്ടിവരുമെന്ന് ആദ്യകാലത്തു ഞാൻ ഒട്ടും തന്നെ വിചാരിച്ചിട്ടില്ലായിരുന്നു. ഈയിടെ കുറേ നാളായിട്ട് ഇതിൻെറ പ്രചാരം എൻെറ പ്രതീക്ഷയിൽനിന്നും ശതഗുണം വദ്ധിച്ചിട്ടുണ്ടെന്നു വളരെ ചാരിതാത്ഥ്യത്തോടുകൂടി പ്രസ്താവിച്ചുകൊള്ളുന്നു. പുസ്തകത്തിനാവശ്യപ്പെട്ട ദിവസംപ്രതി കിട്ടിക്കൊണ്ടിരിക്കുന്ന എഴുത്തുകളുടെ ബാഹുല്യമാണ് ഇപ്പോൾ ഈ രണ്ടാം പതിപ്പിനു കാരണമായിത്തീന്നതു്.

ഇടയ്ക്കുവെച്ചു ചിലർ ഈ നാടകത്തെ ദൂഷിക്കുന്നതിനായി ചെയ്തുകൊണ്ടിരുന്ന നിരന്തരമായ പരിശ്രമവും ഇതിൻെറ പ്രചാരത്തിനു വളരെ സഹായിച്ചിട്ടുണ്ട്. അവർ ഈ വിഷയത്തിൽ ചെയ്തിട്ടുള്ള സാഹസങ്ങൾ രസകരങ്ങളാണ്. വഞ്ചിയൂർ 'ശ്രീവിലാസ' നാടകസംഘക്കാർ ആദ്യമായി ഈ നാടകം അഭ്യസിച്ചുകൊണ്ടിരിക്കവേ അവർ മറെറാരു നാടകസംഘക്കാരെക്കൊണ്ട് ഈ കഥയെ തമിഴരീതിയിൽ ഒരു നാടകവേഷമാക്കി അഭിനയിപ്പിച്ചു. അനന്തരം ഈ നാടകം അഭിനയിക്കപ്പെടുകയും, ഇതിൻെറ കൈയെഴുത്തുപ്രതികൾ പ്രചാരത്തിൽ വരികയും ചെയ്തതിൻെറ ശേഷം അച്ചടിയിൽ ഇരിക്കുമ്പോൾ അവർ തങ്ങളുടെ നാടകത്തെ അതിശീഘ്രമായി പൂരിപ്പിച്ചു വേറെ ഒരച്ചുകൂടത്തിൽ അച്ചടിപ്പിച്ചു മുൻകൂട്ടി പ്രസിദ്ധപ്പെടുത്തുകയും, ഇങ്ങനെ അഭിനയ

ത്തിലും പ്രചാരത്തിലും ആ നാടകത്തിന്നു പ്രാഥമ്യം വരുത്തി കൃതാൎത്ഥരാകയും ചെയ്തു. എന്നിട്ടും ഈ നാടകം പ്രചരിച്ചു തുടങ്ങിയപ്പോൾ അവർ വീണ്ടും ഇളകി ഇതിനെ മനഃപൂൎവ്വം ദുഷിച്ചുകൊണ്ടു ദീർഘമായ ഒരു നിരൂപണം കള്ളപ്പേരുവെച്ച് ഒരു പത്രത്തിൽ പ്രസിദ്ധീകരിച്ചു തുടങ്ങി. എട്ടോ പത്തോ ലക്കങ്ങളുടെ വിലയേറിയ പങ്ക്തികളെ ഗ്രസിച്ചതായ ആ നിരൂപണം പൂൎണ്ണമാകുന്നതിന്നു മുമ്പേതന്നെ എന്തുകൊണ്ടോ അവർ അതിൽനിന്നും സ്വയമേവ പിന്മാറുകയാണു ചെയ്തതു്. അവർ നിരൂപിച്ചതിൽ നിന്നു് ഈ രണ്ടാം പതിപ്പിൽ തിരുത്തുന്നതിനു് വല്ലതും കിട്ടുമോ എന്നുള്ള എന്റെ അന്വേഷണം ഒരക്ഷരം പോലും കിട്ടാതെ ഒടുവിൽ ഇച്ഛാഭംഗത്തിലാണു കലാശിച്ചതു്. പുസ്തകം അച്ചടിപ്പിക്കുവാൻ സഹായിച്ചവരുടെ പേരുകൾ മുഴുവൻ മുഖവുരയിൽ ഞാൻ പ്രസ്താവിച്ചിട്ടില്ലെന്നും മററുമുള്ള ചില മിഥ്യാപവാദങ്ങളായിരുന്നു, അവരുടെ അന്വേഷണത്തിൽ കിട്ടിയ പ്രധാന കാവ്യദോഷങ്ങൾ. ഈ നിരൂപണം നടന്നുകൊണ്ടിരിക്കുമ്പോൾ ഈ നാടകത്തെപ്പററി സഹൃദയസാർവഭൗമനായ കേരളവൎമ്മ വലിയകോയിത്തമ്പുരാൻ സി. എസ്സ്. ഐ. തിരുമനസ്സുകൊണ്ടു കല്പിച്ചെഴുതിയതും മലയാളമനോരമയിൽ പ്രസിദ്ധം ചെയ്തതുമായ ഒരഭിപ്രായം താഴെ ചേൎക്കുന്നു.

"കേ. സി. കേശവപിള്ള ഉണ്ടാക്കിയ 'സദാരാമ' എന്ന സംഗീത നാടകം മുഴുവൻ ഞാൻ സാവധാനമായി വായിച്ചുനോക്കി. കേവലം സംസ്കൃതനാടകരീതിയെ അനുസരിച്ചു പ്രസ്താവന മുതലായവയെ ചർവിതചർവണന്യായേന ചേൎക്കാതെ സ്വതന്ത്രമായി ഇതിൽ ചെയ്തിരിക്കുന്ന രംഗവിഭാഗം മുതലായവയുടെ രീതി നിർദ്ദോഷമാ

യിരിക്കുന്നു. ഈമാതിരി സ്വതന്ത്രകൃതികളിൽ നിന്നാണ് മലയാളഭാഷയിൽ നവ്യകാവ്യലക്ഷണങ്ങൾ ഏർപ്പെടേണ്ടതു്.

ഈ കഥ തമിഴ് നാടകക്കാർ അഭിനയിച്ചു പലപ്പോഴും ഞാൻ കണ്ടിട്ടുണ്ടു്. ഇതിന്റെ മുഖവുരയിൽ പറയുന്നതുപോലെ 'രംഗവിധാനത്തി'ൻെറ മോടിയും സംഗീതത്തിൻെറ ധാടിയുംകൊണ്ടു് അവരുടെ അഭിനയം സരസമായിരുന്നു എങ്കിലും കഥാസന്ദർഭത്തിൽ പല സ്ഥലങ്ങളിലും എനിക്കു് അസ്വരസം തോന്നീട്ടുണ്ടായിരുന്നു. ആവക അസ്വരസഹേതുക്കളായ ഭാഗങ്ങളെ ഉപേക്ഷിച്ചു് ഇതിവൃത്തത്തെ സഹൃദയന്മാക്കു ഹൃദയംഗമമാക്കുന്നതിനു വേണ്ടി ഇതിൽ ചെയ്തിട്ടുള്ള ഭേദഗതികൾ, എല്ലാം വളരെ യുക്തിയോടുകൂടിയിരിക്കുന്നു. ഈ ഭേദഗതികൾനിമിത്തം കഥാബന്ധത്തിനു് പൂർവ്വാധികമായ ചമൽക്കാരവും സംഭാവ്യതയും സിദ്ധിച്ചിട്ടുണ്ടു്. മൂലകഥയുടെ പ്രധാനഗതിക്കു വൈകല്യം വരാത്ത സ്ഥിതിയിൽ, ഇതിലധികം ഇതിനെ പരിഷ്കരിക്കുന്നതു് ദുശ്ശകമാകുന്നു.

കേശവപിള്ളയുടെ കവിതയ്ക്കുള്ള പദസംസ്കൃതി, സന്ദർഭശുദ്ധി മുതലായ ഗുണങ്ങൾ സുപ്രസിദ്ധങ്ങളാകയാൽ അവയെ ഇവിടെ പിഷ്ടപേഷണന്യായേന പ്രസ്താവിക്കുന്നതു് അനാവശ്യമാണു്. ഇതിലെ ഗാനങ്ങളെല്ലാം അഭിനയത്തിനു് അനുഗുണങ്ങളും ശ്രവണസുഖപ്രദങ്ങളും ആയിരിക്കുന്നതു കേശവപിള്ളയുടെ ഗായകകവിതാത്തെ സുതരാം സ്പഷ്ടീകരിക്കുന്നു.

"...എന്ന പത്രത്തിൽ ഈ നാടകത്തെക്കുറിച്ചു് ഒരു നിരൂപണം ആരോ എഴുതുന്നതു ഞാൻ കാണുകയുണ്ടായി. കുറെ വായിച്ചുനോക്കിയപ്പോൾത്തന്നെ അതു കേവലം ഒരു സ്പർദ്ധാസംരംഭവിജൃംഭിതമാണെന്നു് എനിക്കു മനസ്സി

ലായി. ഒരാളോടുള്ള മത്സരം നിമിത്തം അയാളുടെ കവിതയിൽ ഇല്ലാത്ത ദോഷങ്ങളെ കൃത്രിമമായി ആരോപിച്ചു ദൂഷിക്കുന്നതു സൽപുരുഷോചിതമായ കൃത്യമല്ല. ഏതാദൃശങ്ങളായ നിസ്സാരദുർവ്വാദങ്ങൾകൊണ്ടു സദാരാമയെപ്പോലെയുള്ള ഒരു ശ്രേഷ്ഠകൃതിയുടെ ഗുണപൗഷ്കല്യത്തിന്ന് യാതൊരു ഹാനിയും സംഭവിക്കുന്നതല്ല."

"അദോഷതാമേവ സതാം വിവൃണ്വതേ
ദ്വിഷാം മൃഷാ ദോഷകണാധിരോപണഃ
ന ജാതു സത്യേ സതി ദൂഷണേ ഭവേ-
ദലീകമാധാതുമവദ്യമുദ്യമഃ"

ഈ നാടകം ഇദംപ്രഥമമായി 1079 മേടം 25-ാംനു മുൻവിവരിച്ച ശ്രീവിലാസസംഘക്കാർ ഇവിടത്തെ വിക്ടോറിയാ ജൂബിലി ടൗൺഹാളിൽവെച്ച് അഭിനയിച്ച അവസരത്തിൽ അതിനെപ്പററി ഒരു 'ദ്രഷ്ടാവ്' 'മലയാളി' പത്രത്തിൽ ഒരു ലേഖനം പ്രസിദ്ധപ്പെടുത്തിയിരുന്നു. സഹൃദയനായ ആ ലേഖകൻ തനിക്കു തോന്നിയ ദോഷഭാഗങ്ങളെ എന്നപോലെ ഗുണഭാഗങ്ങളേയും പ്രസ്താവിക്കാതിരുന്നിട്ടില്ല.

"...കെ. സി. കേശവപിള്ള അവർകളുടെ കവിത അവിതർക്കിതമായ മാധുര്യത്തോടുകൂടിയതാണെന്ന് എല്ലാവരും ധരിച്ചിട്ടുണ്ടെങ്കിലും ഇദ്ദേഹത്തിന്റെ ഗായകകവിത്വം എത്രമാത്രം സാർത്ഥകമാണെന്ന് ഈ സദാരാമ നാടകം കൊണ്ടു മാത്രമേ സിദ്ധമാകുന്നുള്ളു...കാമപാലരംഗം ചെറുതാക്കണമെന്ന് അഭിപ്രായപ്പെടുന്ന എനിക്ക് അതിൽ ഇന്ന ശ്ലോകമോ ഇന്ന ഗാനമോ എടുത്തുകളയാമെന്നു പറവാനുള്ള ധൈര്യം ഉണ്ടാകുന്നില്ല. അവ അത്രയ്ക്കു മധുരങ്ങളായിരിക്കുന്നു. എങ്കിലും കാണികളെ കണക്കിലധികം

രസിപ്പിക്കുന്നതു് ആരോഗ്യരക്ഷയ്ക്കു പ്രതികൂലമാണെന്നു ള്ള വാദം സ്വീകരിക്കാതിരിക്കാൻ നിവൃത്തിയില്ല,... ശ്ലോകങ്ങളും ഗാനങ്ങളും വളരെ സന്ദർഭോചിതങ്ങളായി ട്ടുണ്ടു്. ഹിന്ദുസ്ഥാനി, തമിഴ്, തെലുങ്കു് ഈ ഭാഷകളി ലുള്ള അതിമധുരങ്ങളായ ഗാനങ്ങളെ മാതൃകയാക്കി ഉണ്ടാക്കീട്ടുള്ള അനേകം മനോഹരങ്ങളായ പാട്ടുകൾ ഇ തിൽ ഉണ്ടു്. മിസ്റ്റർ കേശവപിള്ള ഒരു സരസഗായകനാ യതുകൊണ്ടു പാട്ടുകളെ സ്വരനിർണ്ണയം ചെയ്യുന്നതിനും കാലാനുരൂപമായ പദസംഘടനം ചെയ്യുന്നതിനും ഒരു ക്ലേശവും വന്നിട്ടില്ല...”

ഇത്യാദിയായി വളരെ മഹാമനസ്കതയോടുകൂടി ചെയ്ത പ്രശംസകൾകൊണ്ടു് ആ ലേഖകൻ ഒരു നിർമ്മ ത്സരനാണെന്നു കാണുകയാൽ അദ്ദേഹം ചൂണ്ടിക്കാണി ച്ച അഭിപ്രായഭേദങ്ങൾക്കു ഞാൻ ഒരു മറുപടി എഴുതി ആയാണ്ടു് ഇടവം 15-ാംനു-യിലെ ‘മലയാളി’യിൽ പ്രസിദ്ധപ്പെടുത്തീട്ടുണ്ടു്. ആ ലേഖനത്തിൽനിന്നു് അഭി നയവിഷയത്തെ ഒഴിച്ചു കഥാവിഷയം മാത്രം ചുരുക്കി ഇവിടെ ചേർത്തുകൊള്ളുന്നു.

രാജകുമാരിയുടെ മൂക്കിൽ സർപ്പം ഉണ്ടായിരുന്നു എന്നുള്ള പൂർവ്വകഥയെ ഭേദപ്പെടുത്തി ആ സന്ദർഭത്തിൽ ഒരു ഗന്ധർവ്വനെ പ്രവേശിപ്പിക്കണമെന്നില്ലായിരുന്നു എന്നും സർപ്പകഥയെക്കാൾ ഗന്ധർവ്വകഥ കുറേക്കൂടി സംഗ തം എന്നു പറയാമെങ്കിലും രണ്ടിനും പൗരാണികരീതി യെ ആശ്രയിക്കേണ്ടിയിരിക്കുന്ന സ്ഥിതിക്കു് അധികം രസാവഹവും വിസ്മയജനകവും ആയിരിക്കുന്നതല്ലേ നാട കത്തിനു യോഗ്യമായിട്ടുള്ളതു് എന്നുമാണു ലേഖകൻെറ അഭിപ്രായം. എന്നാൽ പൗരാണികരീത്യാ തന്നെയും ഈ

സപ്പ്കഥയ്ക്കു് അസാധ്യുതപം ഉണ്ടെന്നാണ്് എൻെറ പക്ഷം. അതിൻെറ കാരണങ്ങളെ വിവരിക്കാം.

തമിഴ് നാടകക്കാർ അഭിനയിക്കുമ്പോൾ മൂന്നോ നാലോ കോൽ നീളവും അതിനു തക്കതായ വണ്ണവും ഉള്ള ഒരു ഘോരമായ സപ്പ്പ്രതിമയെയാണ്് രംഗത്തിൽ കാണിക്കുന്നതു്. ഇതു് അത്യന്തം അസംബന്ധമാകുന്നു. സുകുമാരിയായ ആ കൃശാംഗിയുടെ മൂക്കിൽനിന്നും ഇത്ര വലിയ ഒരു സപ്പം വന്നു എന്നുള്ളതിൽ സചേതസ്സുകൾക്കു സ്വാരസ്യം തോന്നുന്നതല്ല. അഥവാ ലേഖകൻ പറയുന്നതു പ്രകാരം "ഒരു ചെറിയ സപ്പം" തന്നെയാണ്് വരുന്നതെന്നിരിക്കട്ടെ. എന്നാലും ഇവിടെ രസഭംഗം അനിവാര്യമാകുന്നു. "അദൃഷ്ടം ഗുണസമ്പന്നം നേതാരം മുഗയേൽ കവിഃ, ദുഷ്ടനേതൃകസന്ദർഭോ നീരസത്വായ കല്പതേ" എന്നുള്ളതിനാൽ കഥാനായകൻ നിർദ്ദോഷനും ഗുണസമ്പന്നനും ആയിരിക്കണമെന്നു സിദ്ധമാണ്്. ഈ അംശം നായികയ്ക്കും സംബന്ധിക്കാതിരിക്കയില്ല. പ്രകൃതത്തിൽ രാജകുമാരി ഉപനായികയാണ്്. പ്രകൃത്യാ ഭയങ്കരനായ ഒരു വിഷധരനെ അവൾ ഏറെക്കാലം തൻെറ നാസികാന്തഭാഗത്തിൽ വെച്ചുകൊണ്ടിരുന്നു എന്നും അതു് അവളുടെ ഭർത്താക്കന്മാരായി വന്നവരെയെല്ലാം കൊന്നുവെന്നും, അറിയുമ്പോൾ ആ സാധ്വിയെക്കുറിച്ച്് ഒരു ബീഭത്സരസം തോന്നാതിരിക്കാൻ നിവൃത്തിയില്ല. ഇതു നിമിത്തം അവളിൽ തോന്നേണ്ടതായ പരിശുദ്ധിക്കും ബഹുമാനത്തിനും ഹാനി സംഭവിക്കുന്നു. തന്മൂലം കഥാബന്ധവും നീരസമായിത്തീരുന്നു.

ഇങ്ങനെ അനേകഭർത്താക്കന്മാരുടെ മരണത്തെക്കുറിച്ചറിഞ്ഞിട്ടും ഇതിൻെറ കാരണം അറിവാനായി ആ രാജാവു രാത്രിയിൽ അവിടെ ആളുകളെ നിറുത്തി

അന്വേഷിപ്പിക്കാതെ ഉദാസീനനായിരുന്നു എന്നുള്ളതു് ഒരിക്കലും സംഭവിക്കുന്നതല്ല. അപ്രകാരം ചെയ്തിരുന്നു എങ്കിൽ സപ്പ്ത്തെ കണ്ടുപിടിക്കുന്നതിനും വധിക്കുന്നതിനും ഇടയാകുമായിരുന്നു എന്നും നിശ്ചയമാണു്.

ഒട്ടവിലൊട്ടവിൽ വന്ന ഭത്താക്കന്മാക്കു് അവർ മരിച്ചുപോകുമെന്നുള്ള തീവ്രവേദന ഉണ്ടായിരുന്നിരിക്കും എന്നു തീർച്ചതന്നെ. ആ സ്ഥിതിക്കു് അവർ ആ രാത്രിയിൽ ഉറങ്ങാതിരിക്കുന്നതിനും സപ്പ്ത്തെ കണ്ടുപിടിക്കുന്നതിനും ഇടയുണ്ടു്. അവരാരും അങ്ങനെ പ്രവത്തിച്ചിട്ടില്ല എന്നു വരുത്തുന്നതിനു് വീണ്ടും വല്ല ശാപങ്ങളെയോ മറേറാ സൃഷ്ടിക്കയും സദാരാമയെ അതിൽനിന്നും ഒഴിക്കയും ചെയ്യേണ്ടിവരുന്നതു നിഷ്ഫലമായ പ്രയത്നമാകുന്നു. മരണഭയം നിമിത്തം നിദ്രയെ ഉപേക്ഷിച്ചു കാത്തുനില്ക്കയും കുമാരിയുടെ മൂക്കിൽനിന്നും വന്ന സപ്പ്ത്തെ വധിക്കയും ചെയ്തു എന്നുള്ളതു് നായികസ്സു യാതൊരു ഉല്ക്കർഷത്തേയും ഉളവാക്കുന്നില്ല.

ഇനി ഇതിനു പകരം ഗന്ധവ്വനെ പ്രവേശിപ്പിച്ചതിൻെറ ഔചിത്യത്തെപ്പററി ആലോചിക്കാം. പത്മാവതി എന്ന രാജകുമാരി സ്വപ്നപല്യങ്കസ്ഥിതയായി ഒന്നാമത്തുരംഗത്തിൽ പ്രത്യക്ഷീഭവിക്കുന്നു. അവൾ തന്റെ ദുവ്വിധിപരിപാകത്തെക്കുറിച്ചു് ഗാനരൂപേണ വിലപിക്കുന്നു. അനന്തരം പുരുഷവേഷധാരിണിയായ സദാരാമ ഖഡ്ഗം ധരിച്ചുകൊണ്ടു രംഗത്തിൽ പ്രവേശിക്കുന്നു. ആ മാത്രയിൽത്തന്നെ പത്മാവതി മൂർച്ഛിതയായി ശയ്യയിൽ വീഴുന്നു. ഇതിനു കാരണം ഗന്ധവ്വൻെറ മായാപ്രയോഗമാണു്. സദാരാമ ഇതുകണ്ടു് ആശ്ചയ്യപ്പെട്ടുകയും തനിക്കുണ്ടായ മനോവികാരത്തെ ഗാനരൂപമായി പ്രദ

ശിപ്പിക്കയും ചെയ്തിട്ട് ഈ ജാലവിദ്യ എന്താണെന്നറി വാനായി നിനിമേഷം സ്ഥിതിചെയ്യുന്നു. അപ്പോൾ അതാ! ഒരു സ്വൎണ്ണവിമാനം ഊൎദ്ധ്വഭാഗത്തിൽനിന്നും അവതരിക്കുന്നു. അതിൻെറ ഉള്ളിൽ സ്ഥിതിചെയ്യുന്ന ഗന്ധൎവ്വൻ തൻെറ ഹൃദയമോഹിനിയുടെ സാന്നിദ്ധ്യത്തെ അറിഞ്ഞു സന്തുഷ്ടനായിട്ട് അവിടെയുള്ള ഉപവനസൌധാദികളുടെ കാമനീയകത്തെക്കുറിച്ചു മനോഹരമായി ഗാനം ചെയ്യുന്നു. ഇതിനാൽ ഒരു ഗന്ധൎവ്വൻെറ മനസ്സിനെക്കൂടി ആകർഷിക്കത്തക്ക ദിവ്യസൗന്ദൎയ്യം പത്മാവതിക്കുണ്ടെന്നു സിദ്ധിക്കുന്നു. വിവാഹാനന്തരം സോമൻ, ഗന്ധൎവ്വൻ, അഗ്നി ഇവൎക്കായി മൂന്നുദിവസം വധുവിനെ സങ്കല്പിക്കുന്ന നമുക്ക് ഈ ഗന്ധൎവ്വപ്രവേശം കുമാരിയുടെ ചാരിത്രത്തിനു ഹാനികരമായേക്കുമോ എന്നുള്ള ശങ്കയ്ക്കു അവകാശമില്ല. അതിൽപ്പിന്നെ ഗന്ധൎവ്വൻ ഭൂമിയിൽ ഇറങ്ങിനോക്കുമ്പോൾ സദാരാമയെക്കണ്ടു് ആശ്ചൎയ്യപ്പെട്ടുകയും, തൻെറ ദിവ്യത്വംകൊണ്ടു അവൾ സ്ത്രീയാണെന്നറിഞ്ഞു് അവളുടെ മഹിമയാൽ അപഹൃതനായിട്ടു പ്രത്യക്ഷനായി അവളോട്ട് സംഭാഷണം ചെയ്കയും ഒടുവിൽ അവളുടെ അപ്രതിഹതങ്ങളായ വചോയുക്തികളാൽ പരാജിതനായിട്ട് "ഇനിമേൽ ഇവിടെ വരികയില്ല" എന്നു ഗാനരൂപേണ സത്യംചെയ്തുകൊണ്ടു വിമാനമാൎഗ്ഗേണ മറകയും ചെയ്യുന്നു. അതിൻെറശേഷം സദാരാമ തൻെറ കൃതാൎത്ഥതയെ ഗാനം ചെയ്യുന്നു. ഉടൻ പത്മാവതി നിർവൃതയായിട്ട് ഉണൎന്നു തൻെറ സന്തോഷത്തേയും, അതിൻെറ കാരണത്തെക്കുറിച്ചുള്ള ജിജ്ഞാസയേയും പ്രദൎശിപ്പിക്കുന്നതായി ഗാനം ചെയ്യുന്നു. അതിനു സദാരാമ ഗാനരൂപേണ മറുപടി പറയുന്നു. ഒടുവിൽ വിവരം രാജാവിനെ ധരിപ്പിക്കാനുള്ള ത്വരയോടുകൂടി അവർ

അന്തർദ്ധാനം ചെയ്യുന്നു. ഇങ്ങനെയാണ് ഈ രംഗത്തിന്റെ പരിണാമം. (സദാരാമാഗന്ധർവ്വന്മാരുടെ വാദഭാഗം അഭിനയത്തിൽ വളരെ ശോഭിച്ചു എന്നു് ലേഖകനും സമ്മതിക്കുന്നു.) ഇതിനാൽ മുൻവിവരിച്ച ദോഷങ്ങൾ നിശ്ശേഷം നിരസ്തങ്ങളായി എന്നുമാത്രമല്ല, ഗന്ധർവ്വവിജയത്താൽ നായികയ്ക്കും, ഗന്ധർവ്വാനുരാഗത്താൽ ഉപനായികയ്ക്കും സർവ്വഥാ ഉൽക്കർഷവും തൻമൂലം കഥാവസ്തുവിനു രസപോഷണവും സിദ്ധമായിരിക്കുന്നു. പത്മാവതിയുടെ വരന്മാരായി വരുന്നവരുടെ സംഖ്യ തമിഴ്കഥയിൽനിന്നു തോന്നാവുന്നതിൽ തുലോം ചുരുക്കമായിട്ടേ ഇതിൽ നിബന്ധിച്ചിട്ടും ഉള്ളു.

ഇനി നമ്മുടെ നാടകാഭിനയത്തെക്കുറിച്ചുകൂടി സ്വല്പം പ്രസ്താവിക്കേണ്ടിയിരിക്കുന്നു. കുറെക്കാലമായി നമ്മുടെ ഇടയിൽ നാടകസംഘങ്ങൾ ധാരാളം ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ടു്. ഈ സദാരാമ അഭിനയിച്ചുവരുന്ന സംഘങ്ങൾതന്നെ ഇപ്പോൾ ഒരൻപതെണ്ണത്തിൽ കുറയാതെ ഉള്ളതായി എനിക്കറിയാം. എന്നാൽ പ്രായേണ നമ്മുടെ പുതിയ നടന്മാർക്കുള്ള ഒരു ദോഷം തമിഴ് നാടകക്കാരുടെ രീതിയെ കഴിയുന്നിടത്തോളം അനുകരിക്കണമെന്നുള്ള വിചാരമാകുന്നു. പുഷ്പാംഗദൻ അച്ഛനെക്കാണ്മാൻ വരുന്നതു് ഒരു ഹിന്ദുസ്ഥാനിപ്പാട്ടും പാടിക്കൊണ്ടാണു്. അതോടുകൂടി രംഗത്തിൽ പ്രവേശിച്ചു് അങ്ങോട്ടും ഇങ്ങോട്ടും ലാത്തുകയായി. ഈ 'തിരപ്പുറപ്പാടെ'ല്ലാം കഴിച്ചിട്ടാണു് അച്ഛനെക്കാണുക! ഗ്രന്ഥകർത്താവു് എഴുതീട്ടുള്ളതിനു പുറമേ, 'ചപ്പുചിപ്പുചവറു'കളായി മററു പാട്ടുകൾ അധികം പാടുന്ന നടനാണു് അതിസമർത്ഥൻ! അസഭ്യമായ ശൃംഗാരവും, അനർത്ഥങ്ങളായ പ്രാസാഭാ

സങ്ങളും ഉള്ള ഗാനങ്ങൾ മനോഹരങ്ങൾ; അവ കിട്ടിയടത്തോളം തട്ടിമൂളിക്കണം. രസവിച്ഛേദത്തേയോ സന്ദർഭദോഷത്തേയോ അന്വേഷിക്കയേ വേണ്ട. ഇങ്ങനെയൊക്കെയാണു് ഇവരുടെ പോക്കു്. ഇത്രയും പറഞ്ഞതിനാൽ നമ്മുടെ ഇടയിൽ സഹൃദയന്മാരെ രസിപ്പിക്കുന്ന സമർത്ഥന്മാരായ ചില നടന്മാർ ഉള്ളവരെ ഞാൻ വിസ്മരിച്ചുപോയി എന്നു വായനക്കാർ വിചാരിക്കയില്ലല്ലോ. ഒരു നാടകത്തിൽ വേണ്ട ഗാനങ്ങളെ തൽകർത്താവു് എഴുതീട്ടുണ്ടായിരിക്കും. അഭിനയത്തിൻെറ സ്വാഭാവികത്വത്തിനു ഹാനി വരാത്ത സ്ഥിതിയിൽ ആ ഗാനങ്ങളെ ശ്രവണസുഖപ്രദമായി പാടി ഫലിപ്പിക്കുന്നതിനുള്ള സമ്പ്രദായവിശേഷങ്ങളെ മനോധർമ്മംകൊണ്ടു നൂതനമായി കണ്ടുപിടിക്കുന്നതിനാണു് നടന്മാർ യത്നിക്കേണ്ടതു്. ചുരുക്കിപ്പറകയാണെങ്കിൽ, ഒരു നടൻ മനോധർമ്മം, വൈദുഷ്യം, ലോകപരിചയം ഇവയിൽ മിക്കവാറും കവിയോടു തുല്യനായിരിക്കേണ്ടതാണു്. രംഗവിധാനത്തിനും മററുമുള്ള ഉപകരണങ്ങളുടെ ന്യൂനതയും നമ്മുടെ നാടകസംഘങ്ങൾക്കുള്ള വലുതായ ഒരു ദോഷമാകുന്നു. പരിഷ്കൃതരാജ്യങ്ങളിലെ നാടകസംഘങ്ങളുടെ സ്ഥിതി അറിഞ്ഞാൽ നമ്മുടെ ആളുകൾ വളരെ വിസ്മയിക്കാതിരിക്കയില്ല. അവിടെ ഒരു സംഘക്കാർ വളരെ നാളത്തേക്കു് ഒരു നാടകം മാത്രമേ അഭിനയിക്കയുള്ളു. അതിൻെറ തന്മയത്വം വരുത്തുന്നതിനായി എത്ര ലക്ഷം രൂപാ വാരിച്ചെലവുചെയ്യുന്നതിനും അവക്കു കൂസലില്ല. പ്രസിദ്ധന്മാരായ നടന്മാർപോലും തങ്ങൾക്കു സിദ്ധമായിരിക്കുന്ന സാമർത്ഥ്യത്തിൽ തൃപ്തിപ്പെടാതെ വീണ്ടും അതിനെ വർദ്ധിപ്പിക്കാനായി സദാ അഭ്യസിച്ചുകൊണ്ടേയിരിക്കുന്നു. വിജനങ്ങളായ മുറികളിൽ വച്ചിട്ടുള്ള നിലക്കണ്ണാടി

കളുടെ മുമ്പിൽ നിന്നു വീണ്ടും വീണ്ടും ശോധന ചെയ്താണ് അവർ തങ്ങളുടെ മുഖത്തിലുള്ള രസസ്ഫൂർത്തികൾക്കു സൗഷ്ഠവം വരുത്തുന്നതു്. ഒരു കോടി രൂപായിൽ കുറയാതെ മുടക്കീട്ടുള്ള അനേകനാടകസംഘങ്ങൾ പാരീസിൽ ഉണ്ടു്. നമ്മുടെ നാട്ടുരാജ്യങ്ങളിൽ ചിലതിൻെറ ഒരാണ്ടത്തെ മുതലെടുപ്പു് അവരുടെ ഒരുദിവസത്തെ പിരിവിൽ കവിയുന്നതല്ല. ഇതെല്ലാം ബുദ്ധിപൂർവ്വകമായ പരിശ്രമത്തിൻേറയും ഐകമത്യത്തിൻേറയും ഫലമാണെന്നു പറയേണ്ടതില്ലല്ലൊ. നമ്മുടെ നാടകസംഘങ്ങളേയും ഇപ്പോഴത്തെ നിലയിൽനിന്നും ഉയർത്തുന്നതിനു കാലക്രമേണ യോഗ്യന്മാരായ മഹാജനങ്ങളുടെ സഹകരണവും പ്രോത്സാഹനവും ഉണ്ടാകാതിരിക്കയില്ലെന്നു് ആശംസിച്ചുകൊള്ളുന്നു.

ഈ നാടകത്തിൽ ഉപയോഗിക്കാനായി പുതിയ പാട്ടുകൾ വേണമെന്നാവശ്യപ്പെട്ടവരിൽ ഒഴിച്ചുകൂടാത്ത ചിലരുടെ ആഗ്രഹം അനുസരിച്ചു് ഉണ്ടാക്കി അയച്ചുകൊടുത്തിട്ടുള്ള ഏതാനും പാട്ടുകളെ ഒരവശിഷ്ടമായി ഒടുവിൽ ചേർത്തിരിക്കുന്നു.

ഇത്രവേഗത്തിൽ ഈ രണ്ടാംപതിപ്പിനിടയാകത്തക്കവണ്ണം ഈ നാടകത്തെ അഭിനന്ദിച്ചു് എന്നെ പ്രോത്സാഹനം ചെയ്ത മഹാജനങ്ങൾക്കു വന്ദനം പറഞ്ഞുകൊണ്ടു് ഈ മുഖവുരയെ അവസാനിപ്പിച്ചുകൊള്ളുന്നു.

തിരുവനന്തപുരം
1083 ഇടവം 13

കെ. സി. കേശവപിള്ള

## നാടകപാത്രങ്ങൾ

| | |
|---|---|
| ശാർങ്ഗഹസ്തൻ | —അവന്തിരാജാവു്. |
| പുഷ്പാംഗദൻ | —ശാർങ്ഗഹസ്തന്റെ പുത്രൻ; നായകൻ. |
| പേശലാനനൻ | —നായകന്റെ നർമ്മസഖൻ. |
| സാർത്ഥവാഹൻ | —സിന്ധുദേശത്തിലെ ഒരു വൈശ്യപ്രഭു. |
| വജ്രാശയൻ | —സാർത്ഥവാഹന്റെ പുത്രൻ. |
| കാമപാലൻ | —മായാപുരിരാജാവു്. |
| പ്രതാപവർമ്മ | —കുന്തളചക്രവർത്തി. |
| സദാരാമ | —സാർത്ഥവാഹന്റെ പുത്രി; നായിക. |
| പ്രേമവല്ലി | —നായികയുടെ സഖി. |
| സാനുമതി | —സാർത്ഥവാഹന്റെ ഭാര്യ. |
| തിലോത്തമ | —മായാപുരത്തിലെ ഒരു ദാസി. |
| പത്മാവതി | —പ്രതാപവർമ്മാവിന്റെ പുത്രി. |

മന്ത്രി, ഭൃത്യൻ, കള്ളൻ, കള്ളി, ബ്രാഹ്മണവിധവ, ബ്രാഹ്മണകുമാരൻ, ഗന്ധർവ്വൻ, മുതൽപ്പേർ, ശിപായിമാർ.

# സദാരാമ

## സങ്ഗീതനാടകം

### നാന്ദി

ശ്രീപാദശ്രിതചിത്തദർപ്പണമതി-
ന്നാപൽപരാഗച്ഛടാ-
ലേപത്താൽ മലിനത്വമേകിയൊടുവിൽ
ഭൂരിപ്രസാദത്തെയും
പാപന്മാർക്കു പരാജയത്തെയുമഹോ!
നല്കിസ്സദാരാമയാം
ശ്രീപത്മസ്ഥധിവാസമായി വിലസും
ദേവൻ തുണച്ചീടണം.

# ഒന്നാം അങ്കം

## ഒന്നാം രംഗം

[അവന്തിരാജധാനിയുടെ ഒരു മുറി.

ശാർങ്ഗഹസ്തരാജാവും മന്ത്രിയും പ്രത്യക്ഷീഭവിക്കുന്നു.]

രാജാ: അമാത്യാ! എനിക്കു രാജ്യഭാരമായിട്ടു കാലം വളരെ ആയിരിക്കുന്നു. പുത്രൻ പുഷ്പാംഗദനു് ഇപ്പോൾ വിദ്യാഭ്യാസവും പ്രായവും പൂർണ്ണമായിട്ടുണ്ടു്. പ്രജകൾ എല്ലാവരും പുഷ്പാംഗദനെ സബഹുമാനം സ്നേഹിക്കയും ചെയ്യുന്നു. കുമാരനെ രാജ്യഭാരം ഏല്പിച്ചിട്ടു് തപസ്സിനായി വനത്തിലേക്കു പോകണമെന്നു പല നാളായി ഞാൻ വിചാരിക്കുന്നുണ്ടു്. എന്നാൽ രാജ്യാഭിഷേകം നടത്തുന്നതിനു മുമ്പായി കുമാരൻെറ വിവാഹം കൂടി നടത്തണമെന്നാണു് എന്റെ അഭിലാഷം. വിവാഹത്തെക്കുറിച്ചു പറഞ്ഞാൽ കുമാരനു തീരെ സന്തോഷം ഇല്ല. അമാത്യൻ ഈ കാര്യത്തെപ്പററി കുമാരനോടു് നിർബന്ധമായി ഒന്നു സംസാരിച്ചുനോക്കണമെന്നു് അന്നു പറഞ്ഞിട്ടുണ്ടായിരുന്നല്ലോ. അതിനേക്കുറിച്ചു വല്ലതും സംഭാഷണം ഉണ്ടായോ?

മന്ത്രി: രണ്ടുമൂന്നു തവണ ഞാൻ ഇതിനെപ്പററി കുമാരനോടു വളരെ നിർബന്ധമായി സംസാരിച്ചുനോക്കി. എന്നിട്ടു് അദ്ദേഹത്തെ ഈ വിഷയത്തിൽ സ്വല്പമെങ്കിലും അനുസരിപ്പിക്കാൻ കഴിഞ്ഞില്ലെന്നു് അറിയിക്കേണ്ടിവന്നതിൽ വളരെ ലജ്ജയും വ്യസനവും ഉണ്ടു്.

രാജാ: അങ്ങനെയാണോ? അത്ര നിർബ്ബന്ധമോ? കഷ്ടം! കുമാരന് ഇങ്ങനെ ഒരു ദുർബ്ബുദ്ധി ഉണ്ടായിപ്പോയല്ലോ എന്നോർക്കുമ്പോൾ എനിക്ക് അളവില്ലാത്ത വ്യസനം ഉണ്ടാകുന്നു. ഇരിക്കട്ടെ. വിവാഹകാൎയ്യത്തിൽ എന്തു ദോഷത്തെയാണ് കുമാരൻ ഉപന്യസിക്കുന്നതു്?

മന്ത്രി: വിവാഹബന്ധം സൎവ്വഥാ അസ്വാസ്ഥ്യഹേതുവായ ഒരു കണ്ഠപാശമാണെന്നത്രേ കുമാരൻ പ്രതിപാദിക്കുന്നതു്. ശാസ്ത്രവചനങ്ങളെക്കൊണ്ടു് അദ്ദേഹത്തെ സമ്മതിപ്പിക്കുന്നതു ദുഷ്കരമായിരിക്കുന്നു. ഏതെങ്കിലും ഒരു പ്രമാണം നാം പറഞ്ഞാൽ അതിവിപരീതമായി മറെറാരു പ്രമാണം പറവാൻ അവിടേ തയ്യാറാണ്. പിന്നെ എന്തു ചെയ്യും? എന്നാൽ ശ്രുതിസ്മൃതീതിഹാസാദികളിൽ കുമാരനുള്ള പാണ്ഡിത്യത്തെക്കുറിച്ചു് ഞാൻ പലപ്പോഴും വളരെ വിസ്മയിക്കാറുണ്ടു്. ശാഠ്യമായിട്ടോ വിനയം കൂടാതെയോ അദ്ദേഹം ഒന്നും സംസാരിക്കയില്ല. സയുക്തികമായി ഓരോ കാരണങ്ങളെ ആസ്പദമാക്കിയാണ് എല്ലായ്പോഴും അദ്ദേഹം എതിർവാദം ചെയ്യുന്നതു്. ആകപ്പാടെ കുമാരൻെറ വാങ്മാധുൎയ്യവും ധീരോദാത്തതയും വിശിഷ്യ അതിമനോഹരമായി സ്ഫുരിക്കുന്ന ക്ഷാത്രതേജോവിലാസവും നിമിത്തം അദ്ദേഹത്തിൻെറ അഭിപ്രായത്തെ എതിൎത്തു പറവാൻ പ്രായേണ ഞാൻ അശക്തനായിത്തീൎന്നുപോക പതിവാണ്.

രാജാ: അമാത്യൻെറ ഈ വചനം എനിക്ക് ഒരേ സമയത്തിൽ സന്തോഷത്തിനും സന്താപത്തിനും ഹേതുവായിരിക്കുന്നു, എങ്കിലും നാം ഈ ഉദ്യമത്തിൽനിന്ന് ഇനിയും വിരമിക്കാറായിട്ടില്ല. ഇനി നാലാമത്തെ

ഉപായംകൂടി ഒന്നു പ്രയോഗിച്ചു പരീക്ഷിക്കുകയോ? എന്താണു വേണ്ടതു്?

മന്ത്രി: അതിനു വിരോധമില്ല. എന്നാൽ അതു് ഒരു പരീക്ഷകൂടി കഴിച്ചിട്ടു മതിയെന്നാണെനിക്കു തോന്നുന്നതു്.

രാജാ: അതെങ്ങനെയാണു്?

മന്ത്രി: കുമാരനെ കുറേനാളത്തേക്കു നമ്മുടെ മദനോദ്യാനത്തിനു സമീപമുള്ള വസന്തവിലാസത്തിൽ മാററി ത്താമസിപ്പിച്ചാൽ പക്ഷേ ഈ നിർബ്ബന്ധം ക്രമേണ മാറാൻ എളുപ്പമുണ്ടു്.

രാജാ: ശരിതന്നെ. വസന്തോത്സവം കൊണ്ടാടുന്നതിനായി നാഗരികാംഗനമാരെല്ലാം മദനോദ്യാനത്തിൽ വരിക പതിവാണല്ലോ. കുമാരനെ ഇപ്പോൾത്തന്നെ വരുത്തി ഈ കാര്യം പറയണം. ആരവിടെ?

(പ്രവേശിച്ച ഭൃത്യനോടു്)

പോയി പുഷ്പാംഗദനെ ഇവിടെ കൊണ്ടുവരൂ.

ഭൃത്യൻ: അടിയൻ. (പോയി.)

മന്ത്രി: മദനോദ്യാനത്തിലുള്ള ഭവാനീക്ഷേത്രത്തിൽ സോമവാരവ്രതത്തിനായിട്ടും അനേകം സ്ത്രീകൾ വരിക പതിവാണു്. അതും നമ്മുടെ ഉദ്ദേശ്യത്തിനു് അനുകൂലംതന്നെ. ആയവസരത്തിൽ കുമാരന്റെ മനസ്സിനെ ശൃംഗാരവിഷയത്തിലേക്കു് ആവർജ്ജിപ്പിക്കുന്നതിനായി സമർത്ഥനായ നമ്മുടെ പേശലാനനനെക്കൂടി നിയോഗിക്കയും ചെയ്യാം.

രാജാ: അതെ. പേശലാനനൻ ബുദ്ധിമാനും കുമാരന്റെ സമവയസ്കനും ആകയാൽ അതു യുക്തംതന്നെ.

(പുഷ്പാംഗദൻ പ്രവേശിച്ചു് പിതാവിനെ വന്ദിക്കുന്നു.)

രാജാ: എന്താണു പുഷ്പാംഗദ! നീ അച്ഛൻെറ നിയോ

ഗത്തെ സ്വീകരിക്കയില്ലെന്നുതന്നെയാണോ നിശ്ചയി ച്ചിരിക്കുന്നതു്?

പുഷ്പാംഗദൻ: അച്ഛന്റെ ഈ ചോദ്യം എനിക്കു വളരെ വ്യസനകരമായിരിക്കുന്നു. പിതാവിന്റെ ആജ്ഞയെ അനുസരിക്കുകയത്രേ ഒരു പുത്രന്റെ ഉത്തമകൃത്യങ്ങളിൽ അതിശ്രേഷ്ഠമായിട്ടുള്ളതെന്നു് എനിക്കറിയാം. ഭാർഗ്ഗവരാമൻ മാതൃവധം പോലും ചെയ്തതു് ജനകാജ്ഞയിലുള്ള ബഹുമാനാതിശയം കൊണ്ടാണല്ലോ. എന്നാൽ വിവാഹം എന്ന കാര്യം ഒഴിച്ചു് മറേറതു കാര്യത്തിലും അച്ഛന്റെ ആജ്ഞയെ നിറവേററുന്നതിനു് ഞാൻ സദാ സന്നദ്ധനാണു്. എനിക്കു് എന്തു കൊണ്ടോ ഈ വിവാഹസംഗതി കേൾക്കുന്നതുതന്നെ വളരെ ദുസ്സഹമായിരിക്കുന്നു. അച്ഛൻ എന്നെക്കൊണ്ടു് നിർബ്ബന്ധിച്ചു വിവാഹം ചെയ്യിക്കുന്നതായാലും അതു കൊണ്ടു യാതൊരു ഫലവും ഉണ്ടാകുന്നതല്ല. അതിനാൽ ഈ കാര്യത്തിൽ അച്ഛൻ എന്നെ വീണ്ടും വ്യസനിപ്പിക്കാതെയിരിക്കണമെന്നു് വിനയപൂർവ്വം അറിയിച്ചു കൊള്ളുന്നു.

രാജാ: ആകപ്പാടെ ഇതൊരു ധർമ്മസങ്കടമായിട്ടാണു തീർന്നിരിക്കുന്നതു്. ആട്ടെ, കുമാരാ! നിന്നെ ഇന്നു മുതൽ നമ്മുടെ വസന്തവിലാസത്തിൽ മാററിപ്പാർപ്പിക്കുന്നതിനു് ഞാൻ നിശ്ചയിച്ചിരിക്കുന്നു. നിനക്കു് അതിൽ വൈമനസ്യം ഒന്നും ഇല്ലല്ലൊ?

പുഷ്പാംഗദൻ: പ്രിയനായ പിതാവേ! എനിക്കു് അതിൽ വൈമനസ്യം ഒന്നുമില്ല. ഞാൻ അവിടെ പോയി പാർത്തുകൊള്ളാം.

രാജാ: ശരി. അമാത്യാ! ഇന്നു മുതൽ കുമാരനെ ആ

സ്ഥലത്തിൽ മാററിത്താമസിപ്പിക്കുന്നതിനു വേണ്ട തെല്ലാം ചെയ്തുകൊള്ളണം.

മന്ത്രി: കല്പനപോലെ. (മറയുന്നു.)

## രണ്ടാം രംഗം

[വസന്തവിലാസം കൊട്ടാരത്തിൻെറ ഒരു മുറി. പുഷ്പാംഗദൻ ഇരിക്കുന്നു.]

പുഷ്പാംഗദൻ:

(ഗീതം 1. തോടി—ആദിതാളം)

ദേവാ ദേവാ! വരമരുളുക മമ
ദേവാ ദേവ!

ദേവ! തവാംഘ്രികൾ മേവണമെൻ ഹൃദി
ദാശരഥേ സുമതേ വരദേശ്വര! –ദേവാ

രാമാ രാമാ! രവികുലജലനിധി–സോമാസീമാ!
നീ മമ ദൈവതമായ് മരുവീടുകിൽ
ആമയമേ നഹി മേ ശുഭമേദുര! –ദേവാ

*(അണിയറയിൽ)*

ദേവീ ദേവീ! സുഖമരുളുക മമ
ദേവീ! ദേവീ!
ശ്രീവിലസും നിജമാധുരിയാൽ ശിവ–
ഭാവന കാമവികാരമതാക്കിയ –ദേവീ

പുഷ്പാംഗദൻ: ഓ! നമ്മുടെ നർമ്മസഖനായ പേശലാനനൻ വരുന്നുണ്ട്. ഇനി അയാളോട്ട മല്ലിടാൻ തയ്യാറാവുക തന്നെ.

(പേശലാനനൻ പ്രവേശിക്കയും രണ്ടുപേരും ആചാരം ചെയ്ത് ഇരിക്കയും ചെയ്യുന്നു.)

പുഷ്പാംഗദൻ:

(ശ്ലോകം 2)

നാരീരൂപവിലാസമായ വലയിൽ സാ-
    ധുക്കളായ് മേവീട്ടു-
ന്നോരീ മാനുഷരെപ്പിണച്ചു ദുരിതം
    നല്കും മഹാദുഷ്ടനാം
മാരൻ തന്നുടെ മേനി നേത്രശിഖിയാൽ ഭ-
    സ്മീകരിച്ചുള്ള നൽ-
ക്കാരുണ്യാബ്ധി മഹാശിവൻ മഹിതമാം
    കൈവല്യമേകീടണം.

പേശലാനനൻ:

(ശ്ലോകം 3)

പ്രേമശ്രീമിളിതാനുരാഗലഹരീ-
    ലാവണ്യമേറുന്ന ന-
ല്ലോമല്ക്കണ്ണിണയാൽ ഭവാനി സരസം
    തെല്ലൊന്നു തല്ലീടവേ
കാമൻ തന്നുടെ ദാസനായ് പ്രിയതമസ്ത്സുദ്ധ്വാം-
    ഗമൻപിൽ കൊട്ടു-
ത്താമോദത്തോടു മേവീടുന്ന ഗിരിശൻ
    കല്യാണമേകീടണം.

പുഷ്പാംഗദൻ: (മന്ദഹാസത്തോടുകൂടി) സഖേ! പിന്നെയും നിങ്ങൾ ഈ രീതിയെത്തന്നെ അനുസരിക്കുന്നതെന്താണ്?

പേശലാനനൻ: എന്റെ ചോദ്യവും അതുതന്നെ.

പുഷ്പാംഗദൻ: നിങ്ങൾ പറഞ്ഞ ഈ മംഗളാശംസയുടെ ബാഹ്യാർത്ഥത്തെ ഞാൻ അത്ര ബഹുമാനിക്കുന്നില്ല.

പേശലാനനൻ; പിന്നെയോ?

പുഷ്പാംഗദൻ: സാക്ഷാൽ പരമശിവൻ സദാ ശക്തിയോടു ചേൎന്നിരിക്കുന്നു എന്നുമാത്രമാണു് അതിൻെറ സാരം. അതു വാസ്തവവുമാകുന്നു.

പേശലാനനൻ: ശരി, അത്രയെങ്കിലും സമ്മതിക്കുന്നുണ്ടല്ലോ?

പുഷ്പാംഗദൻ: അതേ. അതുകൊണ്ടെന്താണു്? ആ ഭാഗം നില്ക്കട്ടെ. എനിക്കു് ഒന്നു ചോദിക്കാനുണ്ടു്. ദേഹങ്ങൾ എല്ലാം അവിശേഷേണ പഞ്ചഭൂതസഞ്ചിതങ്ങൾ ആണെന്നു നിങ്ങൾ സമ്മതിക്കുന്നുണ്ടോ?

പേശലാനനൻ: ഉണ്ടു്.

പുഷ്പാംഗദൻ: അപ്പോൾ എല്ലാദ്ദേഹങ്ങളിലും സമബുദ്ധിയല്ലേ നമുക്കു വേണ്ടതു്? അല്ലാതെ സ്ത്രീരൂപം കുറേ അഴകുള്ളതാണെന്നു ഭ്രമിക്കുന്നതു മൂഢത്വമല്ലയോ?

പേശലാനനൻ: അവിടുന്നു് അരുളിച്ചെയ്യുന്നതു വാസ്തവം തന്നെ. എന്നാൽ കുലാചാരത്തെയോ ഗൃഹസ്ഥാശ്രമത്തെയോ നിഷേധിക്കുന്നതു യുക്തമല്ലെന്നാണു് എന്റെ പക്ഷം.

പുഷ്പാംഗദൻ: നിങ്ങൾ പിന്നെയും പഴയ വാദംതന്നെ കൊണ്ടുവരുന്നല്ലോ.

പേശലാനനൻ: പുരുഷാൎത്ഥം ഏതെല്ലാമാണെന്നു് അവിടുന്നു് ഓൎക്കുന്നുണ്ടോ?

പുഷ്പാംഗദൻ: പുരുഷാൎത്ഥം എന്നതു് ധൎമ്മം അൎത്ഥം കാമം മോക്ഷം ഇവതന്നെ.

പേശലാനനൻ: ഇവയെ നാം സ്വീകരിക്കേണ്ടയോ?

പുഷ്പാംഗദൻ: സ്വീകരിക്കുന്നതിനു വിരോധമില്ല. പക്ഷേ, നാലാമത്തേ പുരുഷാൎത്ഥമായ മോക്ഷമാണു് അവയിൽ പ്രധാനമായിട്ടുള്ളതു്. അതിനെ സാധിക്കുന്നതിനുള്ള

ഉപായം സ്വാധീനമായാൽ മററവയെ തള്ളുന്നതിൽ എന്താണു ദോഷം?

പേശലാനനൻ: ശരിതന്നെ; എങ്കിലും ധമ്മം അത്ഥം കാമം ഇവയും വിധിക്കപ്പെട്ടിരിക്കുന്ന സ്ഥിതിക്ക് അവ സ്വീകാരയോഗ്യങ്ങളല്ലെന്നു വരുന്നതല്ലല്ലോ? ഇതിൽ തൃതീയപുരുഷാത്ഥം എന്താണെന്നു അവിടുന്ന് അറിയുന്നുണ്ടോ?

പുഷ്പാംഗദൻ: ഓഹോ അറിയുന്നുണ്ട്.

പേശലാനനൻ: അങ്ങനെയാണെങ്കിൽ അവിടുന്ന് പിതാവിൻേറയും മററുള്ള ബന്ധുക്കളുടേയും അഭിലാഷപൂത്തിവരുത്താതെ ഇപ്രകാരം മക്കടമുഷ്ടി പിടിക്കുന്നതു നീതിയോ?

പുഷ്പാംഗദൻ: പ്രിയമിത്രമേ! നിങ്ങൾ വീണ്ടും യുക്തിപഥത്തി ൽനിന്നു തെററുന്നുവല്ലോ. പ്രധാനപുരുഷാത്ഥത്തിനുള്ള മാഗ്ഗം ലഭിച്ചാൽ വീണ്ടും കാമപാശത്തെ കണ്ഠത്തിൽ ധരിക്കുന്നതു് കഷ്ടമല്ലയോ?

പേശലാനനൻ: അവിടുത്തെ ഈ മോക്ഷമാഗ്ഗം ശരിയായ മാഗ്ഗമാണെന്നു ഞാൻ വിചാരിക്കുന്നില്ല. 'പുന്നാമമാകും നരകത്തിൽനിന്നുടൻ തന്നുടെ താതനെ ത്രാണിക്ക കാരണം പുത്രനെന്നുള്ള നാമം വിധിച്ചു' എന്ന് അവിടുന്നു കേട്ടിട്ടുണ്ടോ? വിശിഷ്യ മനുഷ്യൻ ഭൂമിയിൽ ജനിക്കുന്നതു് ഋഷികൾ, ദേവന്മാർ, പിതൃക്കൾ എന്നീ മൂന്നു കൂട്ടരുടേയും ഋണത്തോടുകൂടിയാണെന്നും, അതിനെ ക്രമേണ അധ്യയനം, യാഗം, പുത്രോൽപാദനം ഇവയെക്കൊണ്ടു തീക്കേണ്ടതാണെന്നും അവിടുന്നു വായിച്ചിട്ടില്ലയോ?

പുഷ്പാംഗദൻ: ഇതു ഞാൻ നല്ലവണ്ണം വായിച്ചിട്ടുള്ളതാണ്. എന്നാൽ സർവകമ്മങ്ങളേയും സന്ത്യജിച്ച്

സർവാത്മനാ ഈശ്വരനെ ശരണം പ്രാപിച്ചവൻ യാതൊരു പുരുഷനോ അവനെ പിന്നെ ഈ ഋണങ്ങൾ ബാധിക്കുന്നതല്ലെന്നുകൂടി ഞാൻ വായിച്ചിട്ടുണ്ട്. "ദേവർഷീണാം പിതൃണാമപി ന പുനരൃണീ കിങ്കരോ വാ സ ഭ്രമൻ! യോസൌ സർവാത്മനാ ത്വാം ശരണമുപഗതസ്സർവകൃത്യാനി ഹിത്വാ" എന്നില്ലയോ!

പേശലാനനൻ: ശരി! എൻെറ പ്രിയസഖൻ ഇപ്പോൾ സർവസംഗപരിത്യാഗത്തിനായി ഒരുമ്പെട്ടിരിക്കയാണെന്നു തോന്നുന്നല്ലോ. കൊള്ളാം. അവിട്ടന്ന് ഏതു വംശത്തിലാണ് ജനിച്ചിരിക്കുന്നതെന്നു് വിചാരിക്കുന്നുണ്ടോ?

പുഷ്പാംഗദൻ: ഉണ്ട്. രാജവംശത്തിൽ തന്നെ. അതുകൊണ്ടെന്തു്?

പേശലാനനൻ: രാജാവിൻെറ കൃത്യം പ്രജാപരിപാലനമാണ്. ആയവസ്ഥയ്ക്കു് അച്ഛൻ തിരുമേനിയുടെ ഭരണാനന്തരം ഏകപുത്രനായ അവിട്ടന്നുതന്നെയല്ലേ ഈ പ്രജകളെയെല്ലാം പരിപാലിക്കേണ്ടതു്? അതിൻെറ ശേഷം രാജ്യാവകാശിയാകേണ്ടതു് അവിടത്തെ പുത്രനല്ലേ?

പുഷ്പാംഗദൻ: അവകാശക്രമം അപ്രകാരം തന്നെ.

പേശലാനനൻ: ആ സ്ഥിതിക്ക് അവിട്ടന്ന് ഇങ്ങനെ ശുദ്ധവേദാന്തിയായിരിക്കുന്നതു ശരിയാണോ? ഒരു രാജ്യം അരാജകമായാൽ അവിടെ ഉണ്ടാകാവുന്ന ക്ഷോഭങ്ങൾ എത്ര ഭയങ്കരങ്ങളാണ്! ആലോചിച്ചു നോക്കണം. അപ്പോൾ പ്രജകൾ എല്ലാവരും നിരാശ്രയന്മാരായി സങ്കടം അനുഭവിച്ചുകൊള്ളട്ടെ. അവിട്ടത്തേക്ക് സ്വാതന്ത്ര്യം മാത്രം നോക്കിയാൽ മതിയാകും. അല്ലേ?

പുഷ്പാംഗദൻ: വിഷയവിരക്തിയോടുകൂടി പ്രജാപരിപാലനം ചെയ്യുന്നതു് അശക്യമാണോ?

പേശലാനനൻ: രാജാവിനു് ഇന്ദ്രിയനിഗ്രഹം അവശ്യം വേണ്ടതുതന്നെ. പക്ഷേ, സർവസംഗവിമുക്തന്മാരായ പരമഹംസന്മാരുടെ പന്ഥാവിനും ഇതിനും തമ്മിൽ മഹത്തായ അന്തരം ഉണ്ടു്.

പുഷ്പാംഗദൻ: അതിനാൽ വീണ്ടും ഞാൻ സംസാരസാഗരത്തിൽ കിടന്നു വലയേണം എന്നാണോ നിങ്ങൾ ഉപദേശിക്കുന്നതു്?

പേശലാനനൻ: അങ്ങനേയല്ലാ; അവിടുന്നു് ഈ അഭിനവമായിരിക്കുന്ന യൗവനകാലത്തിൽ രമണീയയായ ഒരു തരുണിയെ വിവാഹം ചെയ്തു് ആ സാധ്വിയോടുകൂടി ചിരകാലം മനോഹരങ്ങളായ രാജഭോഗങ്ങളെ അനുഭവിക്കയും, പ്രജകളെ പരിപാലിക്കയും ചെയ്തുകൊണ്ടിരിക്കണം. പിന്നെ വാർദ്ധക്യാവസ്ഥയിൽ മുനിവൃത്തിയെ അവലംബിച്ചു് അനായാസേന മോക്ഷപദത്തെ പ്രാപിക്കയും ചെയ്യാം. "ശൈശവേഽഭ്യസ്തു വിദ്യാനാം യൗവനേ വിഷയൈഷിണാം വാർദ്ധകേ മുനിവൃത്തീനാം യോഗേനാന്തേ തനുത്യജാം" എന്നു കവിസാർവഭൗമനായ കാളിദാസൻ തന്നെ പറയുന്നുണ്ടല്ലോ.

പുഷ്പാംഗദൻ: ആട്ടേ, ആയുസ്സിന്റെ ദൈർഘ്യത്തിനു വല്ലതും പ്രമാണം ഉണ്ടോ?

പേശലാനനൻ: അപ്രകാരം വിചാരിക്കുന്നതു ശരിയല്ല. സ്വാത്മത്തിനും വിശിഷ്യ പരാത്മത്തിനും ഹാനി വരാത്ത സ്ഥിതിയിൽ കുലപാരമ്പര്യത്തെ അനുസരിക്കയത്രേ ശ്രേയസ്കരമായിട്ടുള്ളതു്. എന്നു മാത്രവുമല്ല:

(ഗീതം 2. ബ്യാഗ്—ആദിതാളം 'കാമിനിവിനാവേ' മട്ട്)

പുഷ്പശരതുല്യാകൃതേ മത്സഖ
പുഷ്പാംഗദാ! കേളിദം–
ഇപ്പാരനല്പാഭമൊപ്പം ഭരിക്കുന്ന
ചിൽപൂരുഷപ്രാഭവപ്രൌഢിയോൎത്തിടുക
–പുഷ്പ

പൂരുഷന്മാരെയും നാരിമാരേയുമി–
പ്പാരിങ്കൽ നിൎമ്മിച്ചതാരാണയേ സുമുഖ! –പുഷ്പ

പ്രാണിവൎഗ്ഗങ്ങളശേഷമിതുപോലെ
കാണുന്നതിനെന്തു കാരണമതോൎക്ക ഹൃദി –പുഷ്പ

എന്താണിവണ്ണം രചിച്ചുള്ളൊരീശൻെറ
ചിന്താവിശേഷം നിനക്കു മഹാഭാഗ! –പുഷ്പ

ഈശൻെറ സങ്കല്പമീയുള്ളവരെല്ലാം
മോശംവരാതെയനുവൎത്തിച്ചീടണം. –പുഷ്പ

പുഷ്പാംഗദൻ:

ലോകാധിനാഥൻെറയാകാംക്ഷ ലംഘിക്ക
പാകാരിമുഖ്യൎക്കുമാകാ സദാകാര
പേശലമതേ! ഞാനിദം വേണ്ടപോൽ
പേൎത്തും നിനച്ചീടുവെൻ.
എന്നാലിദാനീം ഗമിക്ക ഭവാൻ സാധു–
വൃന്ദാവനാലോലനീശൻ തുണയിന്നു. –പേശ

(മറയുന്നു)

## മൂന്നാം രംഗം

[വസന്തവിലാസത്തിൽ ഒരു ശയനഗൃഹം.

പുഷ്പാംഗദൻ ശയ്യയിൽ കിടന്നുറങ്ങുന്ന സ്ഥിതിയിൽ കാണപ്പെടുന്നു.]

പുഷ്പാംഗദൻ: (സ്വപ്നം നടിച്ച് ഉണൎന്ന് എഴുന്നേററിരുന്നിട്ട്)

(ഗീതം 3. ഝംഝൂടി—ആദിതാളം 'മൃദുമൃഗമേനിയിൽ' എന്ന മട്ട്)

എന്തൊരു കാരണമീവിധമിന്നു മേ
ഹന്ത! ഭവിപ്പതിനന്തകനാശനാ!

ചന്തമിയന്നൊരു ബന്ധുരഗാത്രിയെ-
ന്നന്തികസീമനി വന്നിതു നിദ്രയിൽ. —എന്തൊ

കളമൃദുഭാഷിണിയാമവൾ തന്നുടെ
ലളിതകളേബരമെത്ര മനോഹരം —എന്തൊ

ആരിവളയ്യോ! മാമകമാനസ-
ഹാരിണി രൂപിണിമാരണിയും മണി? —എന്തൊ

പുഞ്ചിരിപൂണ്ടവൾ മെല്ലവേയെന്മണി-
മഞ്ചതലേ വഴിപോലെയണഞ്ഞഹോ! —എന്തൊ

ആഹാ! പിന്നെയുണ്ടായ ഒരാനന്ദം എന്താണു പറയേണ്ടതു്! ഈ സംഭവം വളരെ ആശ്ചൎയ്യകരമായിരിക്കുന്നു.

(ഗീതം 4. എരിക്കില—ചായ്പു്)

കമനീമണിയവൾ കനിവോടിങ്ങരുളിയ
കൗതുകമെന്തു ചൊൽവൂ?
നവനീതവും തോററു വിമനീഭവിച്ചീടും
കമനീയമാം പൂമെ-യ്യിവനിലണച്ചയ്യോ! —കമനീ

ഇളതളിർ മൃദുവായി-ട്ടിളകുമംഗുലികൾ മേ
പുളകിതമായ മെയ്യിൽ

കളഭാഷിണി ചേർത്തു തെളിവോടെ തലോടിയോ-
രളവു സരസമുണർന്നു ഞാനുട-
നവളുമങ്ങു മറഞ്ഞു സുന്ദരി. —കമനീ

ഈ യുവതിയുടെ ആകർഷണത്തിൽനിന്നു ഹൃദയത്തെ വേർപെടുത്തുന്നതിന് ഞാൻ ഒട്ടും ശക്തനാകുന്നില്ല. അച്ഛൻെറ ആഗ്രഹത്തിന്നോ പേശലാനനൻെറ പ്രസംഗത്തിന്നോ പ്രജകളുടെ പ്രതീക്ഷണത്തിന്നോ സാഫല്യം സിദ്ധിച്ചു എന്നതിൽ സംശയമില്ല. അവളുടെ ദിവ്യമായ രൂപമാധുര്യത്തിൽത്തന്നെ എൻെറ മനസ്സ് അത്യൽക്കണ്ഠയോടുകൂടി കളിയാടിക്കൊണ്ടിരിക്കുന്നു.

(ശ്ലോകം 4.)

നാനാവിധം വിഷയസൗഖ്യരസം വെടിഞ്ഞീ-
ഞാനാത്മചിന്തനമതിങ്കൽ നയിച്ച ചിത്തം
മാനാധികപ്രഭയെഴും ഹരിചന്ദനപ്പൂ-
ന്തേനായ തന്വി തരമാന്നു ഹരിച്ചുവല്ലോ!

ഏതായാലും ഇനി കാലവിളംബംകൂടാതെ അച്ഛനോടറിയിക്കാനായി ഈ വിവരം മന്ത്രിയെ വരുത്തി പറകതന്നെ.

(മറയുന്നു.)

## നാലാം രംഗം

[അവന്തിരാജധാനിയുടെ ഒരു മുറി.
ശാർങ്ഗഹസ്തൻ പ്രവേശിക്കുന്നു.]

രാജാ:

(ഗീതം 5. കാപി ചാപ്പ് 'ഗറമേ' മട്ട്)

കമലാവരദേവ കൈവല്യമൂർത്തേ!
കരുണാലവമേകാനെന്തേ വിളംബം?

ശമലാപഹപാദ–കമലാമിതഭക്ത്യാ
വിമലാശയേ മേവും മമ ലാലസസ്സ്വായ് –കമലാ

സുതനീവിധംതന്നെ മരുവീടണമെന്നോ
ബത! നീ കരുതുന്നു? ദീനൈകബന്ധോ! –കമലാ

ഇനിയെങ്കിലുമെന്നിൽ കനിയുന്നതിനായി
തുനിയേണമേ നീ താൻ തുണയേ കൃപാലോ!
–കമലാ

എന്നിൽ ഈശ്വരൻ ഇത്ര നിർദ്ദയനായിരിക്കുന്നതിന്റെ കാരണം എനിക്കു മനസ്സിലാകുന്നില്ല. ഞാൻ അനുദിവസം ധർമ്മകൃത്യങ്ങൾ എല്ലാം വിധിപോലെ ആചരിച്ചുവരുന്നു. എന്റെ കാലം കഴിഞ്ഞാൽ ഈ പ്രജകളെ എല്ലാവരെയും ഭരിക്കേണ്ടതായ പുഷ്പാംഗദൻ ഇപ്പോൾത്തന്നെ വെറും അദ്വൈതമാർഗ്ഗത്തിൽ പ്രവേശിച്ചിരിക്കുന്നതു വിചാരിക്കുമ്പോൾ എനിക്കു വളരെ മനസ്താപം ഉണ്ടു്. കുമാരൻ ഈ സ്ഥിതിയിൽ രാജ്യഭാരം വഹിക്കുന്നതായാലും അവന്റെ പിൽക്കാലത്തിൽ––

(ഭൃത്യൻ പ്രവേശിക്കുന്നു)

ഭൃത്യൻ: ആര്യനായ അമാത്യപാദൻ വന്നിരിക്കുന്നു.

രാജാ: (ആത്മഗതം) ഇപ്പോൾ മന്ത്രി വരാൻ കാരണമെന്തു്? വല്ലതും വിശേഷം ഉണ്ടായിരിക്കണം. (പ്രകാശം) ആട്ടെ പോയി കൂട്ടിച്ചുകൊണ്ടു വരു.

ഭൃത്യൻ: അടിയൻ—(പോയി.)

(മന്ത്രി പ്രവേശിക്കുന്നു.)

മന്ത്രി: തിരുമനസ്സുകൊണ്ടു സന്തുഷ്ടനായിട്ടു വിജയീഭവിച്ചാലും.

രാജാ: എന്താണിപ്പോൾ വന്നതു്? വിശേഷം വല്ലതും ഉണ്ടോ?

മന്ത്രി: ഉണ്ടു്. നമ്മുടെ കുമാരൻെറ ബുദ്ധി ശരിയായ മാൎഗ്ഗത്തിലേക്കു തിരിഞ്ഞിരിക്കുന്നു.

രാജാ: (ആശ്ചൎയ്യത്തോടുകൂടി) എന്തു്? നമ്മുടെ പുഷ്പാംഗദൻെറ ബുദ്ധിയോ?

മന്ത്രി: അതെ. അക്കാൎയ്യം അറിയിക്കാൻ തന്നെയാണു് ഞാൻ ഇപ്പോൾ ഇങ്ങോട്ടു വന്നതു്.

രാജാ: എന്തെല്ലാമാണു വിശേഷങ്ങൾ? വിസ്തരിച്ചു പറകതന്നെ. അതു കേൾക്കാൻ എനിക്കു വളരെ ഉൽക്കണ്ഠയുണ്ടു്. ഈശ്വരൻ എന്നിൽ ദയചെയ്തു എന്നു ഞാൻ വിശ്വസിക്കട്ടെയോ?

മന്ത്രി: ധാരാളം വിശ്വസിക്കാം. കുമാരനെ വസന്തവിലാസത്തിൽ താമസിപ്പിച്ചിട്ടു് ഇപ്പോൾ നാൾ കുറെ ആയല്ലോ. ഇതിനിടയ്ക്കു് പലപ്പോഴും പേശലാനനൻ അവിടെപ്പോയി കുമാരനോടു ഗൃഹസ്ഥാശ്രമത്തെക്കുറിച്ചും മററും പ്രസംഗിക്ക പതിവായിരുന്നു. വിശേഷിച്ചും ശാകുന്തളം, ഗീതഗോവിന്ദം മുതലായ ചില പുസ്തകങ്ങൾ കുമാരനു വായിക്കാനായി പേശലാനനൻ കൊണ്ടുചെന്നു കൊടുക്കയും അവയുടെ രസവിശേഷത്തെക്കുറിച്ചു സവിശേഷം പ്രസ്താവിക്കയും ചെയ്തിട്ടുണ്ടു്. സ്വഭാവരമണീയമായ മദനോദ്യാനത്തിന്റെയും, വസന്തോത്സവത്തിനും സോമവാരവ്രതത്തിനും മററുമായി അവിടെ എത്തുന്ന യുവതികളുടേയും സാന്നിദ്ധ്യവിലാസവും നമ്മുടെ ഉദ്ദേശ്യത്തിനു് അനുകൂലമായി തീൎന്നിരിക്കണം.

രാജാ: ആട്ടെ എന്താണുണ്ടായതു്?

മന്ത്രി: ഇന്നലെ രാത്രി സ്വപ്നത്തിൽ കുമാരനു് അതിസുന്ദ

രിയായ ഒരു യുവതിയുടെ സമാഗമം ഉണ്ടായി. അതിൽ പ്പിന്നെ അവിടുന്ന് അവളിൽ വളരെ അനുരക്തനായിത്തീരുകയും, ഇന്നു രാവിലെ എന്നെ ആളയച്ചുവരുത്തി സ്വപ്നസമാഗതയായ ആ സ്ത്രീയെത്തന്നെ വിവാഹം ചെയ്‌വാൻ താൻ ആഗ്രഹിക്കുന്നതായി തിരുമനസ്സുണർത്തിക്കണമെന്നു പറകയും ചെയ്തിരിക്കുന്നു.

രാജാ: ആശ്ചര്യം! ഞാൻ ചെയ്തുവരുന്ന സുകൃതങ്ങൾ സഫലങ്ങളായല്ലോ എന്ന് എനിക്കു വളരെ സന്തോഷം ഉണ്ട്. ഇനി താമസിയാതെ വിവാഹത്തിനു വട്ടം കൂട്ടുകയാണു വേണ്ടതു്. എന്നാൽ കുമാരന്റെ അഭിനിവേശത്തിനു വിഷയമായിത്തീർന്നിരിക്കുന്ന കന്യക ഏതാണെന്നു കണ്ടുപിടിക്കാൻ മാർഗ്ഗം എന്തു്?

മന്ത്രി: പല സ്ത്രീകളും ഒരിടത്തു കൂടുന്നതിനു തക്കതായ ഒരു വിശേഷസംഭവം ഉണ്ടാകണം. എന്നാൽ നമ്മുടെ ഉദ്ദേശ്യം നിഷ്പ്രയാസം സാധിക്കുന്നതാണ്.

രാജാ: സ്ത്രീകൾ സാധാരണയായി ഉത്സവങ്ങളിൽ വളരെ ഉത്സാഹമുള്ള കൂട്ടമാണ്. അതിനാൽ ഈ അവസരത്തിൽ ഒരു ഉത്സവം വിശേഷാൽ നടത്തുന്നതു കൊള്ളാമെന്നു തോന്നുന്നു.

മന്ത്രി: അതേ, അതു നല്ല ഉപായംതന്നെ. മദനോദ്യാനത്തിലുള്ള ഭവാനീക്ഷേത്രത്തിൽവെച്ചുതന്നെ പത്തുദിവസത്തേക്കു വളരെ കേമമായ ഒരുത്സവം നടത്തിക്കാം.

രാജാ: അങ്ങനെതന്നെ. ആ സന്ദർഭത്തിൽ വന്നുകൂടുന്ന സ്ത്രീകളിൽനിന്ന് കുമാരൻ തന്റെ വധുവിനെ കണ്ടു നിശ്ചയിക്കട്ടെ.

മന്ത്രി: അപ്പോൾ കുമാരൻ സാധാരണന്മാരെപ്പോലെ ജനസംഘത്തിൽ സഞ്ചരിക്കുന്നതു യുക്തമായിരിക്കുമോ?

രാജാ: അങ്ങനെ വേണമെന്നില്ല. വേഷച്ഛന്നനായിട്ടു സഞ്ചരിക്കട്ടെ.

മന്ത്രി: അതിനു വിരോധമില്ല. പേശലാനനനും കുമാരനെ അനുഗമിക്കണം.

രാജാ: അതു കൊള്ളാം. എന്നാൽ അതിലേക്കു വേണ്ടതെല്ലാം ഉടൻ ചെയ്തുകൊള്ളണം.

മന്ത്രി: കല്പനപോലെ. (പോയി.)

രാജാ: ആവൂ! മനസ്സിനു വളരെ സമാധാനമായി.

(ഗീതം 6. ചക്രവാകം—ചായ്പ്—'അന്നപൂർണ്ണെ' മട്ട്.)

ഇന്നഹോ! താൻ വന്നു സൗഖ്യം
എന്നുടയ മാനസത്തിൽ
പന്നഗാരിവാഹനൻെറ
ഉന്നതകാരുണ്യം മൂലം. —ഇന്നഹോ

മന്നവനായ് മേവിടേണ്ടോ-
രെന്നുടയ നന്ദനനിൽ
വന്നുചേന്ന ഭാവഭേദം
തീൎന്നുവെന്നു കേൾക്കയാലെ. —ഇന്നഹോ

(മറയുന്നു)

## രണ്ടാം അങ്കം

### ഒന്നാം രംഗം

[ഭവാനീക്ഷേത്രത്തിന്റെ ഒരു ഗോപുരം.
സദാരാമയും സഖി പ്രേമവല്ലിയും പ്രവേശിക്കുന്നു.]

രണ്ടുപേരും: (ഭവാനിയെ വന്ദിച്ചുകൊണ്ടു്)

(ഗീതം 7. ശങ്കരാഭരണം—ആദിതാളം 'മയ്യാദനാ' മട്ടു്)

പരിപാവനീ—ദേവി
പരിപാവനീ!
കരുണാവതി പാഹി മഹേശ്വരി -പരി

തരുണാംഭോജായതാക്ഷി!
ആമയനാശിനി സാമജഗാമിനി
ശ്രീമതി തവപാദ—മാകലയാമി
കാമിതദായിനി കുരു കരുണാമയി
കാമവിനാശന—മാനസമോഹിനി! -പരി

സദാരാമ: അതാ, നാഗസ്വരം കേൾക്കുന്നു, എഴുന്നള്ളി ക്കാറായെന്നു തോന്നുന്നു.

പ്രേമവല്ലി: അതേ. എഴുന്നള്ളിക്കാറായിട്ടുണ്ടു്; ഇപ്പോൾ ത്തന്നെ തമ്പുരാനും എഴുന്നള്ളും.

സദാരാമ: ഇതെന്തൊരു ജനസംഘമാണു്! ഈ ക്ഷേത്ര ത്തിൽ ഇതിനുമുൻപിൽ ഒരിക്കലും ഇത്ര വലുതായ ജന ബാഹുല്യം ഉണ്ടായിട്ടില്ല.

പ്രേമവല്ലി: ഈ ഉത്സവം തിരുമനസ്സിലെ പ്രത്യേക കല്പന അനുസരിച്ചു വിശേഷാൽ നടത്തുന്നതാണല്ലോ. ആ

സ്ഥിതിക്കു് ഇത്രയധികം ജനബാഹുല്യം ഉണ്ടായതിൽ ഒട്ടും ആശ്ചര്യപ്പെടാനില്ല.

സദാരാമ: അഭ്രുതപൂർവ്വമായ ആഡംബരത്തോടുകൂടി അവിടുന്നു് ഇപ്പോൾ ഈ ഉത്സവം നടത്തിക്കുന്നതിൻെറ ഉദ്ദേശ്യം എന്തായിരിക്കും?

പ്രേമവല്ലി: ഞാൻ ഒരു വർത്തമാനം കേട്ടു. അതിൽ എത്രത്തോളം വാസ്തവമുണ്ടെന്നറിയുന്നില്ല.

സദാരാമ: എന്താണതു്? കേൾക്കട്ടെ.

പ്രേമവല്ലി: തിരുമനസ്സിലെ ഏകപുത്രനായ യുവരാജാവു തിരുമനസ്സുകൊണ്ടു ലോകവ്യാപാരങ്ങളെ വിട്ടു സന്യാസവൃത്തിയെ അവലംബിച്ചിരിക്കുന്നുപോലും.

സദാരാമ: അങ്ങനെയാണെങ്കിൽ അത്ഭുതമാണല്ലോ. ബുദ്ധമഹർഷിയെപ്പോലെ ചെറുപ്പത്തിൽത്തന്നെ അവിടുന്നു രാജഭോഗങ്ങളെ ഉപേക്ഷിച്ചു് സന്യാസിക്കൊത്തവണ്ണം ജ്ഞാനിയായിത്തീർന്നുവെങ്കിൽ അതിനെപ്പററി വളരെ ശ്ലാഘിപ്പാനുണ്ടു്.

പ്രേമവല്ലി: എന്നാൽ അതു് അച്ഛൻതിരുമേനിക്കു തീരെ രസിച്ചിട്ടില്ല. അതിനാൽ അവിടുന്നു വളരെ വ്യസനിച്ചിരിക്കയാണെന്നും, യുവരാജാവിൻെറ ബുദ്ധി ശരിയായി വരുന്നതിലേക്കു് ഇങ്ങനെ ഒരുത്സവം നടത്തിക്കണമെന്നു് അവിടുത്തേക്കു സ്വപ്നം ഉണ്ടായി എന്നും, അതിൻപ്രകാരം വളരെ ആഡംബരങ്ങളോടുകൂടി ഈ ഉത്സവം നടത്തിക്കുന്നു എന്നുമാണു് ജനശ്രുതി.

സദാരാമ: ജനശ്രുതിയെല്ലാം ഒരുപോലെ വിശ്വസിക്കത്തക്കതല്ല. ഇതിൽ പക്ഷേ, വല്ലതും വാസ്തവം ഉണ്ടായിരുന്നേക്കാം. ഇതാ! എഴുന്നള്ളത്തായിക്കഴിഞ്ഞു. നമുക്കു് ഉത്സവം കാണാം. (ചുററിനടന്നു നോക്കീട്ടു്) ഈ ഘോഷയാത്രയുടെ വിശേഷം വർണ്ണനീയംതന്നെ.

(ഗീതം 8. ഝംഝൂടി—രൂപകം 'സ്മരഹരശിവ' മട്ട്)

മമസഖിയിതു പാർത്തു കാൺകിൽ
മഞ്ജുളതരമല്ലോ.
വിമലാഭകൾ വിലസീടിന
വിവിധോത്സവജാലം
സമലാളിതമരുളുന്നിതു
സമ്മദമതിവേലം —മമ

പ്രേമവല്ലി: ശരിതന്നെ. ഇതാ!

കുടയും പല കൊടിയും ബഹു
പടയും ശ്രുതിയടയും
വെടിയും മിഴിപൊടിയുംവിധ-
മിടയുന്നൊരു പൊടിയും —മമ

പരമസുഷമപൊഴിയുന്നൊരു
പാർവ്വതിയുടെ ബിംബം
പരിതോഷാവഹമുജ്ജ്വല
വരമണിനികുരുംബം —മമ

സദാരാമ: ഇതാ! മഹാരാജാവു തിരുമനസ്സുകൊണ്ട് എഴുന്നള്ളുന്നു.

നരപാലകമണിതന്നുടെ
പരിപാവനരൂപം
പുരുപാപവിനാശത്തിനു
പരമൗഷധരൂപം —മമ

ഈ തിരുമനസ്സിലെ ആകാരം കണ്ണിന് അമൃതായമാനമായിരിക്കുന്നു. ഇവിടുന്ന് പ്രജകളായ നമ്മൾ ചെയ്തിട്ടുള്ള സുകൃതങ്ങളുടെ ഫലം തന്നെ എന്നു നിസ്സംശയം വിശ്വസിക്കാവുന്നതാണ്.

പ്രേമവല്ലി: ഭവതിയുടെ അഭിപ്രായം ശരിതന്നെ. ഇവിട്ടത്തെ ആകൃതിപോലെതന്നെ പ്രകൃതിയും സൽഗ്ഗുണസമ്പൂൎണ്ണമാണെന്നു ജനങ്ങൾ ഒരുപോലെ പ്രശംസിക്കുന്നുണ്ട്.

സദാരാമ: ഇങ്ങനെയുള്ള ഉത്സവങ്ങളിൽ ദേവന്മാരുടെ എഴുന്നള്ളത്തോടുകൂടി രാജാക്കന്മാരും എഴുന്നള്ളുന്നതു് പ്രജകൾക്കു ദൈവഭക്തിയും രാജഭക്തിയും ഏകകാലത്തിൽ വൎദ്ധിക്കുന്നതിനു ഹേതുവാകയാൽ ശ്ലാഘനീയം തന്നെ. എനിക്കു മാൎഗ്ഗശ്രമത്താൽ ദേഹത്തിനുണ്ടായ വാട്ടവും തളർച്ചയും എല്ലാം ഈ എഴുന്നള്ളത്തു കണ്ടപ്പോൾ തീൎന്നിരിക്കുന്നു.

പ്രേമവല്ലി: നമുക്കു് ഈ യാത്ര കണ്ടിട്ടു കുറെ വിശ്രമിക്കണം.

*(അണിയറയിൽ)*

(ആനയമറുന്ന ശബ്ദവും, "ഇതാ! ആനവിരണ്ടേ! ആനവിരണ്ടേ! അയ്യോ! ഓടിക്കൊൾവിൻ" എന്നു പലരുടേയും നിലവിളിയും കേൾക്കുന്നു. കളകളശബ്ദത്തോടുകൂടി തിക്കിത്തിരക്കി ഒരു ജനസംഘം ഓടിക്കൊണ്ടു് ഒരുവഴിവന്നു മറെറാരു വഴി മറയുന്നു. അതിൽ പെട്ടു സദാരാമ വീഴുന്നു.)

പ്രേമവല്ലി: അയ്യോ, അയ്യോ സദാറാം! (ഓടിച്ചുറ്റി സദാരാമയുടെ അടുക്കൽ ചെന്നു ശിരസ്സു താങ്ങി മടിയിൽ വച്ചിട്ടു്) സഖി, സദാറാം! അയ്യോ!
പ്രിയസഖി, സദാറാം! അയ്യോ! ഭവതി വിളികേൾക്കുന്നില്ലയോ? അയ്യയ്യോ!

(ഗീതം 9. ബ്യാഗ്—ആദിതാളം. ഇന്തവിധി നമുക്കെന്റ് എന്ന മട്ടു്)

എന്തിഹ ഞാൻ ചെയ്‌വതയ്യോ ഹന്ത!
വിധിയീവിധമോ!

വെന്തുരുകീടുന്നതിയാ–
യന്തരംഗമാൎത്തിയാലെ.
എന്തിനിനി ഞാനിരിപ്പൂ?
എന്തിനിനി ഞാൻ സുഖിപ്പൂ!
ചന്തമേറിടും സഖിയേ!
ചാരുമതനേർമുഖിയേ!

സദാറാം! തോഴി സദാറാം! കണ്ണു തുറക്കില്ലയോ?

അഴകിതുപോൽ കാണ്മതുണ്ടോ!
അറിവിതുപോൽ കാണ്മതുണ്ടോ!
അഴലിതു സഹിപ്പനോ ഞാൻ!
ആരിവിടെ രക്ഷചെയ്‌വാൻ!

*(അണിയറയിൽ)*

കരയരുതേ–കരയരുതേ, ഇതാ ഞങ്ങൾ വരുന്നു രക്ഷിപ്പാൻ.

(വേഷച്ഛന്നന്മാരായ പുഷ്പാംഗദനും പേശലാനനനും പ്രവേശിക്കുന്നു.)

പുഷ്പാംഗദൻ:

(ഗീതം 10. ഇംഗ്ലീഷ് നോട്ടിൻെറ മട്ട്. ഏകതാളം)

ആരിതാരഹോ ഇതാരിതാരഹോ!
പാരമാൎത്തിയിവിടെ ഹന്ത പൂണ്ടതാരഹോ!
നാരിതൻെറ നിനദമെന്നു തോന്നിടുന്നിതാ!
ഭൂരിഖേദഭാരമോടു മുറയിടുന്നിവൾ.

(അടുത്തു ചെന്നിട്ട്) എന്തു്? എന്തു്? നിങ്ങൾക്കെന്തു സംഭവിച്ചു?

പ്രേമവല്ലി: അയ്യയ്യോ! എൻെറ പ്രിയസഖി ഇതാ! ഈ ലഹളയിൽ ഇവിടെ വീണു ബോധമില്ലാതെ കിടക്കുന്നു.

പേശലാനനൻ: ദേഹത്തിൽ വല്ല ദണ്ഡവും തട്ടീട്ടുണ്ടോ?

പ്രേമവല്ലി: അയ്യോ അതൊന്നും എനിക്കറിഞ്ഞുകൂടാ. ഞങ്ങൾ ഉത്സവം കണ്ടുകൊണ്ടു നില്ക്കുമ്പോൾ 'ആന വിരണ്ടു' എന്നൊരു ശബ്ദവും പെട്ടെന്നു വലുതായ ഒരു ജനപ്രവാഹവും ഉണ്ടായി. പിന്നത്തെ കഥയൊന്നും എനിക്കറിഞ്ഞുകൂടാ. ഒടുവിൽ ഞാൻ ചുററിത്തിരിഞ്ഞു വന്നു നോക്കിയപ്പോൾ ഇവൾ മൂർച്ഛിതയായി ഇങ്ങനെ വീണുകിടക്കുന്നതു കണ്ടു.

പുഷ്പാംഗദൻ: കഷ്ടം! ജനങ്ങൾക്ക് ഏതെല്ലാം വിധത്തിൽ ആപത്തുകൾ സംഭവിക്കുന്നു! സഖേ പേശലാനനാ! പോയി വേഗം കുറെ വെള്ളം കൊണ്ടുവരൂ.

(പേശലാനനൻ പോയി.)

പ്രേമവല്ലി: അയ്യോ മഹാത്മാവേ! ഇവൾ ഇനിയും കണ്ണു തുറക്കുന്നില്ലല്ലോ.

പുഷ്പാംഗദൻ: ആകട്ടെ, പരിഭ്രമിക്കാതിരിക്കൂ.

പ്രേമവല്ലി: ഞാൻ എങ്ങനെ പരിഭ്രമിക്കാതിരിക്കും, ഈ സ്ഥിതിയിൽ ഇവൾ ഇവിടെ കിടക്കുമ്പോൾ.

പുഷ്പാംഗദൻ: ഏതായാലും കഴിയുന്ന രക്ഷകൾ എല്ലാം ചെയ്യാം. വ്യസനിക്കേണ്ട. ഇവിടെ ഈ മങ്ങിയ നക്ഷത്രത്തിൻെറ വെളിച്ചമല്ലാതെ വേറെ വെളിച്ചം ഒന്നുമില്ലായ്കയാൽ ദേഹത്തിൽ വല്ല ദണ്ഡവും തട്ടീട്ടുണ്ടോ എന്നു നോക്കിയറിവാനും നിവൃത്തിയില്ലാതെ വന്നിരിക്കുന്നുവല്ലോ. (സ്വല്പം ആലോചിച്ചിട്ട്) ആട്ടെ, ആ സ്ത്രീയെ ദേഹത്തോടു ചേർത്തു ചാരിയിരുത്താൻ ശ്രമിക്കൂ.

(പ്രേമവല്ലി അപ്രകാരം ചെയ്യുന്നു.)

ഇനി വിളിച്ചുനോക്കൂ.

പ്രേമവല്ലി: പ്രിയ സഖി, സദാറാം! അയ്യയ്യോ! ഇവൾക്കു

ശ്വാസംകൂടി ഇല്ലെന്നു തോന്നുന്നുവല്ലോ. മഹാപ്രഭോ! ഇതാ! പിടിച്ചുകൊള്ളണേ. എൻെറ ദേഹമെല്ലാം വല്ലാതെ തളരുന്നു. (പിറകോട്ടു വീഴാൻ ഭാവിക്കുന്നു.)

(പുഷ്പാംഗദൻ സസംഭ്രമം സദാരാമയെ മാറിൽ താങ്ങുന്നു. പ്രേമവല്ലി പരവശയായി സ്ഥിതിചെയ്യുന്നു.)

(പേശലാനനൻ ഒരു പാത്രത്തിൽ വെള്ളവുംകൊണ്ടു പ്രവേശിക്കുന്നു )

പേശലാനനൻ: ഇതാ വെള്ളം.

പുഷ്പാംഗദൻ: ആ വെള്ളം കുറെ ഇവളുടെ മുഖത്തേക്കു തളിക്കൂ.

(പേശലാനനൻ വെള്ളം തളിക്കുന്നു.)

ഇപ്പോൾ മുഖം എങ്ങനെയിരിക്കുന്നു എന്നു സൂക്ഷിച്ചു നോക്കൂ.

പേശലാനനൻ: ഈ ഇരുട്ടത്തു നോക്കിയാൽ എന്തറിയാം? ആട്ടെ, വിളിച്ചുനോക്കാം. ഹേ! സ്ത്രീയേ!

സദാരാമ: ഉം...

പ്രേമവല്ലി: (സസന്തോഷം എഴുന്നേററിട്ട്) സഖി, സദാറാം!

സദാരാമ: എന്തു്?

പ്രേമവല്ലി: ഭവതിക്കു് ഇപ്പോൾ എന്തു തോന്നുന്നു?

സദാരാമ: എനിക്കു കുറെ വെള്ളം കുടിക്കണം.

(പ്രേമവല്ലി വെള്ളം വായിലൊഴിച്ചുകൊടുക്കുന്നു.)

സദാരാമ: (കണ്ണു തുറന്നിട്ടു്) ആവൂ! സഖി, പ്രേമവല്ലി! എന്നെ താങ്ങിയിരിക്കുന്നതാരാണു്?

പ്രേമവല്ലി: ദയാലുവായ ഒരു മഹാനാണു്.

സദാരാമ: അദ്ദേഹത്തെ ശ്രമപ്പെടുത്തേണ്ട. സഖിതന്നെ എന്നെ താങ്ങിക്കൊണ്ടാൽ മതി. എനിക്കു തല ചുററുന്നതുപോലെ തോന്നുന്നു.

(പ്രേമവല്ലി സദാരാമയെ താങ്ങുന്നു.)

പുഷ്പാംഗദൻ: സഖേ! നിങ്ങൾ പോയി ഒരു വിളക്കു കൊണ്ടുവന്നാൽ കൊള്ളാം.

പേശലാനനൻ: അങ്ങനെതന്നെ. (പോയി.)

പുഷ്പാംഗദൻ: നിങ്ങളുടെ ഗൃഹം എവിടെയാണ്?

പ്രേമവല്ലി: ഇവിടെനിന്നു മൂന്നുനാലു നാഴിക വടക്കുള്ള സിന്ധുദേശത്തിലാണ് ഞങ്ങളുടെ ഗൃഹം.

പുഷ്പാംഗദൻ: നിങ്ങൾ പുരുഷന്മാരുടെ സഹായം കൂടാതെ തനിച്ചാണോ ഈ ഉത്സവം കാണ്മാൻ പുറപ്പെട്ടതു്?

പ്രേമവല്ലി: ഞാനും എൻെറ പ്രിയസഖിയായ ഇവളും ഇവളുടെ അച്ഛനോടുകൂടിയാണ് ഉത്സവം കാണ്മാൻ വന്നതു്. ഞങ്ങളെ ഈ ഗോപുരത്തിൽ കൊണ്ടുവന്നിരുത്തീട്ടു് അദ്ദേഹം ക്ഷേത്രത്തിൻെറ പുരോഭാഗത്തിലേക്കു പോയിരിക്കുന്നു.

പുഷ്പാംഗദൻ: നേരം ഇത്രയായിട്ടും തിരിച്ചുവരാത്തതു നോക്കുമ്പോൾ അദ്ദേഹം പക്ഷേ, വിചാരശൂന്യനോ അഥവാ പുത്രിയെക്കുറിച്ചു വാത്സല്യമില്ലാത്ത ആളോ ആണെന്നു വിചാരിക്കേണ്ടിയിരിക്കുന്നുവല്ലോ.

പ്രേമവല്ലി: അയ്യോ! അങ്ങനെ വിചാരിക്കരുതേ. ഇവൾ അദ്ദേഹത്തിൻെറ പ്രാണനാണ്. വിവാഹം ചെയ്‌വാൻ എത്ര ആളുകൾ ഒരുമ്പെട്ടു! അവരെ ആരെയും അദ്ദേഹത്തിനു ബോധിച്ചില്ല.

പുഷ്പാംഗദൻ: നിങ്ങളെ കൂട്ടിക്കൊണ്ടു പോകാനായി ആ മനുഷ്യൻ താമസിയാതെ വരുമല്ലോ?

പ്രേമവല്ലി: അതേ, താമസിയാതെ വരുമെന്നു പറഞ്ഞിട്ടാണ് പോയതു്.

(പേശലാനനൻ ഒരു വിളക്കുംകൊണ്ടു പ്രവേശിക്കുന്നു. സദാരാമയും സഖിയും എഴുന്നേല്ക്കുന്നു. സഖി അവളുടെ ദേഹത്തിലെ പൊടി തുടയ്ക്കുക മുതലായ ജോലികൾ ചെയ്യുന്നു.)

പുഷ്പാംഗദൻ: (സദാരാമയെ നല്ലവണ്ണം കണ്ടിട്ട് അത്യാശ്ചര്യത്തോടുകൂടി പേശലാനനനോട്ട് അപവാര്യ) സഖേ! തേടിയ വള്ളിയാണല്ലോ കാലിൽ ചുററിയതു്.

പേശലാനനൻ: (സസന്തോഷം) അങ്ങനെയാണോ?

പുഷ്പാംഗദൻ: അതെ.

(ഗീതം 11 വേകട—ചാപ്പു്.)

ഇവൾതാനിവൾതാ–നിവൾതാനെൻ
[മനതാരിൽ–
മരുവും മധുവാണിയിവൾ താൻ
അതികോമളകാന്തിനിധിയായെന്നുടെ നിദ്രാ–
വിധിയിലണഞ്ഞവളിവൾ താൻ –ഇവൾ

സദനേ മണിമയശയനേയെൻ സമീപത്തിൽ
വിജനേയണഞ്ഞവളിവൾതാൻ –ഇവൾ

നവമായനുരാഗം മമ മാനസം തന്നിൽ
നലമോടഹോ! ചേർത്തതിവൾ താൻ –ഇവൾ

പേശലാനനൻ: എന്നാൽ ഇനി ഇവരുടെ കഥയെല്ലാം ചോദിച്ചറിയണമല്ലോ.

പുഷ്പാംഗദൻ: ഇവൾ വിവാഹം ചെയ്യപ്പെട്ടിട്ടില്ലെന്നും അച്ഛനോടുകൂടി വന്നതാണെന്നും സഖി പറഞ്ഞിട്ടുണ്ടു്. ശേഷം സംഗതികളും ക്രമേണ മനസ്സിലാക്കേണ്ടിയിരിക്കുന്നു.

(പ്രകാശം) ഭദ്രേ! അത്രഭവതിയുടെ ക്ഷീണതയെല്ലാം തീർന്നുവോ?

പ്രേമവല്ലി: സഖി! ഇതാ ചോദിക്കുന്നതു കേട്ടില്ലയോ? ഇവരാണു നമ്മെ രക്ഷിച്ചതു്.

സദാരാമ: എനിക്കിപ്പോൾ ക്ഷീണതയെല്ലാം തീൎന്നിരിക്കുന്നു. ഇവൎക്കു നമ്മിൽ ഇത്ര കരുണയുണ്ടാവാൻ കാരണം ഈശ്വരവിലാസംതന്നെ.

പുഷ്പാംഗദൻ: (ആത്മഗതം) ഈ സംഭവം എല്ലാംതന്നെ ഈശ്വരവിലാസം എന്നതിനു സംശയമില്ല. (പ്രകാശം) അത്രഭവതിയുടെ ക്ഷീണതയെല്ലാം തീൎന്നു എന്നു കേട്ടതിൽ വളരെ സന്തോഷം ഉണ്ടു്. എങ്കിലും ദേഹമിനിയും പൂൎവ്വസ്ഥിതിയെ പ്രാപിച്ചിട്ടില്ല. എന്തുകൊണ്ടെന്നാൽ,

(ഗീതം 12. കാമോദരി—രൂപകം 'മന്ദമാരുതോപി മമ' എന്ന മട്ടു്)

കാമനീയകം വിളങ്ങും കാമിനിയാളിവളുടെ
പൂമൃദുമേനിയിനിയും പൂൎണ്ണസൗഖ്യമായില്ലല്ലൊ
സ്വേദകണനിര വദനമതിലയേ
വിലസീടുവതുമധുനാ
സാദമധികമാൎന്ന മിഴിയു—മാദരമരുളുന്ന മൊഴിയു-
മതികോമളതനുതാന്തിയു-
മഹോ! ശുഭേ! കരുതുക ഹൃദി. -കാമ

അതിനാൽ നിങ്ങൾ ഈ മണ്ഡപത്തിൽ ഇരുന്നു കുറേ നേരം വിശ്രമിക്കണം. വല്യതായ ലഹളയിൽ ഉൾപ്പെട്ടു വീണുപോയതിനാൽ ഭവതിയുടെ സഖിക്കുണ്ടായ അസ്വാസ്ഥ്യം ഇത്ര വേഗത്തിൽ തീൎന്നതു ഭാഗ്യംതന്നെ. എങ്കിലും സുഖക്കേടെല്ലാം തീൎന്നു എന്നു പറഞ്ഞതിനെ അത്ര വിശ്വസിക്കാൻ പാടില്ല. ഇപ്പോൾ ശരീരസ്ഥിതി എങ്ങനെ ഇരിക്കുന്നു എന്നു ഭവതി തന്നെ സഖിയോടു ചോദിച്ചറിയൂ. ഞങ്ങൾ സ്വല്പം മാറി ഇവിടെ ഇരിക്കാം. (അങ്ങനെ ചെയ്യുന്നു.)

പ്രേമവല്ലി: (സഖിയോടു കൂടിയിരുന്നിട്ട്) സഖി! ദേഹത്തിൽ വേദന ഒന്നും ഇല്ലല്ലോ?

സദാരാമ: എനിക്കു ദേഹത്തിൽ വേദന ഒന്നുമില്ല. എന്നാൽ—

പ്രേമവല്ലി: 'എന്നാൽ'? എന്താണു പറയരുതോ? അവർ കേൾക്കയില്ലല്ലോ.

സദാരാമ: എന്നാൽ പറയാം.

(ഗീതം 13. ആരഭി—ആദിതാളം)

മനമതിലൊരു മോഹം—മാനിനി!
മമ ബത! വളരുന്നു.
മനസിജസമരുചിയായ് വിലസീടുമീ-
യനുപമഗുണനിധി—യാരെന്നറിവാൻ. -മന

ചതുരഗഭീരതരം രൂപം
മധുരസമാലാപം
വിധുരമണീയം മുഖമിവയെഴുമീ
വിശ്രുതനാം പ്രഭു—വാരെന്നറിവാൻ. -മന

മങ്ങിമയങ്ങിയഹം ഖേദമൊ-
ടിങ്ങു ശയിച്ചിടവേ
തിങ്ങിന കരുണയൊ—ടെന്നുടലുടനേ
താങ്ങിയ ശുഭമതി—യാരെന്നറിവാൻ. -മന

പ്രേമവല്ലി: അത്രേ ഉള്ളോ? ആയാഗ്രഹം എനിക്കും ഉണ്ടായതാണ്. അതിപ്പോൾ ചോദിക്കാമല്ലോ. (പ്രകാശം) ഇവൾക്കു മനസ്സിൽ ഒരാഗ്രഹമുണ്ടെന്നു പറയുന്നു.

പൃഷ്ഠാംഗദൻ: എന്താണതു്? കേൾക്കട്ടെ.

പ്രേമവല്ലി: മറ്റൊന്നുമല്ല; ഇവിടുത്തെ അറിയണമെന്നാണ് ഇവളുടെ ആഗ്രഹം.

0525
2-3-4-9-11
O32:2M71:11
K3
UNIVERSITY LIBRARY
3 MAR 1969

പുഷ്പാംഗദൻ: (ആത്മഗതം) ഈ വാക്കിനാൽ ഞാൻ കൃതാൎത്ഥനായിരിക്കുന്നു.

പേശലാനനൻ: ഇവിടുന്ന് ഈ ഉത്സവം സംബന്ധിച്ച് അന്വേഷണത്തിനായി മഹാരാജാവിനാൽ നിയുക്തനായ ഒരു രാജപുരുഷനാണ്.

(സദാരാമയും സഖിയും സബഹുമാനം എഴുനേൽക്കുന്നു.)

(ഗീതം 14. പരസ്—ആദിതാളം—'നിന്നീഡുസഖിദ്ദനി' എന്ന മട്ട്)

വേണ്ടാ സല്ക്കാരമെടോ ഏവം
വണ്ടാർകുഴലിമണേ!
ഇണ്ടൽ കലൎന്നീവിധം രുജ-
പൂണ്ടു തളൎന്നതാകും ഉടൽ-
കൊണ്ടു ബഹുമതിയാൽ ചെയ്യു. -വേണ്ടാ

പേശലാനനൻ: (നാലുപുറവും നോക്കീട്ട്) ഓ! നേരം കുറേ അധികമായിരിക്കുന്നു. അത്രഭവതിയുടെ അച്ഛനെ ഇനിയും കാണുന്നില്ലല്ലോ. ഒന്നന്വേഷിച്ചാലോ? അദ്ദേഹം ആരാണ്?

പ്രേമവല്ലി: സാൎത്ഥവാഹൻ എന്ന നാമധേയം അവിടെ കേട്ടിരിക്കാൻ ഇടയുണ്ട്.

പേശലാനനൻ: അതെ. ആ പേരു കേട്ടിട്ടുള്ളതുതന്നെ. വിശ്രുതനായ വൈശ്യപ്രഭു അല്ലയോ?

പ്രേമവല്ലി: അദ്ദേഹംതന്നെ.

പുഷ്പാംഗദൻ: ഒരു ഉൽകൃഷ്ടമായ വംശത്തിൽ ജനിച്ച കന്യകയാണ് അത്രഭവതിയെന്നു ദർശനമാത്രത്താൽ ആൎക്കും തോന്നാതിരിക്കയില്ല.

(*അണിയറയിൽ*)

സദാറാം! പ്രേമവല്ലി! സദാറാം!

പ്രേമവല്ലി: അതാ! അച്ഛൻ വന്നു വിളിക്കുന്നു.

(സാൎത്ഥവാഹൻ സംഭ്രമത്തോടുകൂടി പ്രവേശിക്കുന്നു.)

സാൎത്ഥവാഹൻ: നിങ്ങൾക്ക് ആപത്തൊന്നും ഉണ്ടായില്ലയോ?

പ്രേമവല്ലി: ഇവിടെയുണ്ടായ ആൾത്തിരക്കിൽ സദാരാമ അകപ്പെട്ടു വീണു കുറേനേരം ബോധം ഇല്ലാതെ കിടന്നു. ഉടൻതന്നെ എൻെറ നിലവിളി കേട്ട് ഇവർ വന്ന് ഞങ്ങൾക്കു വേണ്ട സഹായങ്ങൾ ചെയ്തു. ഇപ്പോൾ ഇവൾക്കു സുഖക്കേടൊന്നുമില്ല.

സാൎത്ഥവാഹൻ: കുഞ്ഞേ! നിനക്കു സുഖക്കേടൊന്നും ഇല്ലയോ?

സദാരാമ: ഇല്ല.

സാൎത്ഥവാഹൻ: ആവൂ! ഭവാനീദേവിതന്നെ രക്ഷിക്കട്ടെ. ദയാലുക്കളായ ആയ്യന്മാരേ! നിങ്ങൾ ചെയ്ത വലുതായ ഈ ഉപകാരത്തിന് ഞാൻ ആജീവനാന്തം കൃതജ്ഞതയുള്ളവനായിരിക്കും.

പുഷ്പാംഗദൻ: അങ്ങനെ പറവാനില്ല. ആപത്തിൽപ്പെട്ടവൎക്കു കഴിയുന്ന സഹായം ചെയ്യുന്നതു മനുഷ്യസ്വഭാവമാണല്ലൊ.

സാൎത്ഥവാഹൻ: അവിടുത്തെ ഈ വാക്ക് എൻെറ കൃതജ്ഞതയെ ഒന്നുകൂടി ദൃഢീകരിക്കുന്നതേയുള്ളു. (ചുററും നോക്കീട്ട്) നേരം വളരെ അതിക്രമിച്ചിരിക്കുന്നു. എന്നാൽ ഇനി നമുക്കു പിരിയുകയല്ലേ?

പേശലാനനൻ: അതേ. അങ്ങനെതന്നെ.

(സാൎത്ഥവാഹനും സദാരാമയും സഖിയും പോകുന്നു.)

സദാരാമ: (തിരിഞ്ഞു നോക്കീട്ട് ആത്മഗതം.)

(ശ്ലോകം)

എരിഞ്ഞീടും തേജസ്സിനു നിലയ-
മായ് പ്രേമവിഭവം

ചൊരിഞ്ഞീട്ടും നേത്രാഞ്ചലമിട-
വിടാതിങ്ങു സരസം
തിരിഞ്ഞെന്നിൽ ചേക്കും സുഭഗ-
മണിയാമിസ്സുകൃതിയെ-
പ്പിരിഞ്ഞയ്യോ! പോകുന്നതിനിഹ
മടിക്കുന്നു ഹൃദയം.

(പോയി.)

പേശലാനനൻ: അവിടത്തെ അഭിനിവേശം ഒട്ടും അസ്ഥാനത്തിങ്കൽ ആയില്ലല്ലോ എന്നെനിക്കു വളരെ കൃതാൎത്ഥതയുണ്ടു്. എന്തെന്നാൽ,

(ഗീതം 15 ഖമാജ്—രൂപകം 'എന്തു ക്രൂവാ' മട്ടു്)

രത്നമല്ലോ നാരിമാരിൽ കന്യകയിവൾ
യത്നമഖിലമസ്മദീയം സഫലമേ സഖേ! —രത്ന

ഏവമഹോ! ദിവ്യകാന്തി താവുമാകൃതി
ഭുവിൽ മുന്നം കണ്ടതില്ല ഭൂവരാത്മജാ! —രത്ന

പുഷ്പാംഗദൻ: സഖേ! നിങ്ങൾ പറയുന്നതു ശരിതന്നെ.

കണ്ണിനമൃതമായിട്ടുന്ന കമ്രരൂപവും
കളകോമളവചനങ്ങളുമെന്തു ചൊല്ലിടാം?
രത്നമത്രേ നാരിമാരിൽ കന്യകയിവൾ.

പേശലാനനൻ: എന്നാൽ ഇനി നമുക്കു പോകയല്ലേ?

പുഷ്പാംഗദൻ: അങ്ങനെതന്നെ. ഈ വിവരം ഉടനെ തിരുമനസ്സറിയിക്കുന്നതിനു വേണ്ട ശ്രമം നിങ്ങൾ ചെയ്യുമല്ലൊ.

പേശലാനനൻ: അതേ.

(മറയുന്നു.)

## രണ്ടാം രംഗം

[സിന്ധുദേശത്തിൽ ഒരു ഗൃഹം.
സാൎത്ഥവാഹനും സാനുമതിയും ഇരിക്കുന്നു. വജ്രാശയൻ നില്ക്കുന്നു.]

സാനുമതി: ഭൎത്താവേ, അവൾക്കു വിവാഹത്തിനുള്ള കാലം അടുത്തുവല്ലോ. അതിനെക്കുറിച്ച് അവിടുന്ന് ഒന്നും ആലോചിക്കാതിരിക്കുന്നതു് എന്തുകൊണ്ടാണു്?

സാൎത്ഥവാഹൻ: എനിക്കും കുറേനാളായി ഈ വിചാരം തുടങ്ങീട്ടുണ്ടു്. എന്നാൽ അവൾക്കു് അനുരൂപനായ ഒരു പുരുഷൻ ഇതേവരെ എന്റെ ദൃഷ്ടിയിൽ എത്തീട്ടില്ല.

സാനുമതി: ഇങ്ങനെ വിചാരിച്ചുതന്നെ സമയം കഴിഞ്ഞാലോ?

വജ്രാശയൻ: സമയം കുറെ കഴിഞ്ഞാലും തരക്കേടില്ല. നല്ലവണ്ണം ആലോചിച്ചു വേണം വിവാഹം നടത്തിക്കേണ്ടതു്.

സാനുമതി: എത്ര ആളുകൾ ഇവിടെ വന്നു വിവാഹം ആലോചിച്ചു? അവരെ ആരെയും നിങ്ങൾക്കു പിടിച്ചില്ലല്ലോ.

വജ്രാശയൻ: അമ്മയ്ക്കു് ഇത്ര ബദ്ധപ്പാടെന്താണു്? ഈ കാൎയ്യം ഞാൻ ആലോചിച്ചു നടത്തിക്കൊള്ളാം.

സാൎത്ഥവാഹൻ: വിവാഹകാൎയ്യത്തിൽ നമ്മുടെ അഭിപ്രായംമാത്രം നോക്കിയാൽ പോരാ, അവളുടെ മനസ്സുകൂടി അറിയേണ്ടതു് അത്യാവശ്യമാണു്.

വജ്രാശയൻ: നാം നിശ്ചയിക്കുന്ന പുരുഷൻതന്നെ അവളുടെ ഭൎത്താവു്.

(ഒരു ഭൃത്യൻ പ്രവേശിക്കുന്നു.)

ഭൃത്യൻ: ഇവിടുത്തെ കാണ്മാനായി ഒരാൾ വന്നിരിക്കുന്നു.

സാൎത്ഥവാഹൻ: കൂട്ടിച്ചുകൊണ്ടു വരൂ.

(ഭൃത്യൻ പോയി.)

(പേശലാനനൻ പ്രവേശിക്കുന്നു. സാർത്ഥവാഹൻ ആചാരംചെയ്തിരുത്തുന്നു.)

സാർത്ഥവാഹൻ: മുഖപരിചയം ഉള്ളതുപോലെ തോന്നുന്നു. നിങ്ങൾ ആരാണ്? എവിടെനിന്നു വരുന്നു?

പേശലാനനൻ: ഞാൻ മഹാരാജാവുതിരുമനസ്സിലെ ഒരാശ്രിതനാണ്. കൊട്ടാരത്തിൽനിന്നു തന്നെയാണിപ്പോൾ വരുന്നത്.

സാർത്ഥവാഹൻ: (സാദരം) വല്ലതും കല്പിച്ചയച്ചിട്ടുണ്ടോ?

പേശലാനനൻ: ഉണ്ട്. തിരുമനസ്സിലെ പുത്രനായ പുഷ്പാംഗദനെക്കൊണ്ടു നിങ്ങളുടെ പുത്രിയായ സദാരാമയെ വിവാഹം ചെയ്യിച്ചാൽ കൊള്ളാമെന്ന് അവിടെ ഒരാലോചന ഉണ്ടായിട്ടുണ്ട്. അക്കാര്യത്തിൽ നിങ്ങളുടെ സൗകര്യവും സമ്മതിയും അറിവാനായിട്ടാണ് എന്നെ ഇങ്ങോട്ടു കല്പിച്ചയച്ചത്.

സാർത്ഥവാഹൻ: (സസന്തോഷം) ഞങ്ങൾക്ക് അത്ര ഭാഗ്യമുണ്ടോ എന്നു ഞാൻ സംശയിക്കുന്നു.

സാനുമതി: അവിടെ ഇങ്ങനെ തോന്നാൻ കാരണമെന്തായിരിക്കാം?

പേശലാനനൻ: അന്നു ഭവാനീക്ഷേത്രത്തിൽവച്ചു നിങ്ങളുടെ പുത്രിയെ ആപത്തിൽനിന്നും രക്ഷിച്ചവരായി രണ്ടുപേരേക്കണ്ടത് ഓർക്കുന്നുണ്ടല്ലോ.

സാർത്ഥവാഹൻ: ഉണ്ട്.

പേശലാനനൻ: അതു രാജകുമാരനും ഞാനുമായിരുന്നു. അന്നത്തെ ആ സന്ദർശനമാണ് ഈ ആലോചനയ്ക്കു കാരണമായിത്തീർന്നത്.

സാർത്ഥവാഹൻ: (ആശ്ചര്യത്തോടുകൂടി) അങ്ങനെയാണോ! അന്ന് ആളറിയാഞ്ഞതിനാലും പോരുന്നതിനുള്ള ബദ്ധപ്പാടുകൊണ്ടും എനിക്കു രാജകുമാരനെ വേ

ണ്ടപോലെ അറിഞ്ഞു് ആദരിക്കുന്നതിനു് കഴിഞ്ഞി
ല്ലല്ലോ എന്നിപ്പോൾ വളരെ വ്യസനം തോന്നുന്നു.
പേശലാനനൻ: അങ്ങനെ വ്യസനിക്കാനില്ല. നിങ്ങളുടെ
അന്നത്തെ സംഭാഷണത്തിൽ ഒട്ടും അവിനയമോ
അനാദരമോ ഉണ്ടായിരുന്നില്ലല്ലോ.
സാൎത്ഥവാഹൻ: തിരുമനസ്സിലെ ഇഷ്ടംപോലെ എല്ലാം
നടത്തുന്നതു് ഞങ്ങൾക്കു് അനുഗ്രഹമാകുന്നു.
പേശലാനനൻ: എന്നാൽ താമസിയാതെതന്നെ വിവാ
ഹം നടക്കുന്നതിനു് വേണ്ട ഏൎപ്പാടുകൾ ചെയ്യുന്ന
താണു്.
വഞ്ചാശയൻ: സഹോദരിക്കുണ്ടാകാൻപോകുന്ന ഈ
മഹാഭാഗ്യത്തിന്റെ അംശം എനിക്കുകൂടി അനുഭവി
ക്കാൻ ഇടയാകുമോ എന്നു ഞാൻ വളരെ ശങ്കിക്കുന്നു.
സാൎത്ഥവാഹൻ: എന്താണു് വഞ്ചാശയാ! നീ ഇങ്ങനെ
പറയുന്നതു്?
വഞ്ചാശയൻ: നിങ്ങൾക്കു ശങ്കിക്കാൻ ഒന്നുമില്ല. ഞാനോ
സാധു! എന്നെ ആരാണു വകവയ്ക്കാൻ പോകുന്നതു്?
പേശലാനനൻ: നിങ്ങളുടെ ഈ ശങ്ക വളരെ അനുചിത
മായിരിക്കുന്നു. ഈ വിവാഹം നിമിത്തം മഹാരാജാവു
തിരുമനസ്സിലേക്കു നിങ്ങളുടെ മേൽ പുത്രനിൎവ്വിശേഷ
മായ വാത്സല്യം ഉണ്ടായിരിക്കുന്നതാണു്.
വഞ്ചാശയൻ: നിശ്ചയംതന്നെയാണോ?
പേശലാനനൻ: സംശയമുണ്ടോ?
വഞ്ചാശയൻ: എന്നാൽ നിങ്ങൾ ഒരു കാൎയ്യം ചെയ്യണം.
ഈ വിവാഹം കഴിഞ്ഞാൽ അവിടുന്നു് എന്നെ പുത്ര
നിൎവ്വിശേഷം വിചാരിക്കയും ആ വിചാരത്തിനു്
അനുകൂലമായിത്തന്നെ വൎത്തിക്കണമെന്നു കുമാരനോ
ടാജ്ഞാപിക്കയും ചെയ്യണമെന്നു ഞാൻ അപേക്ഷി

ക്കുന്നതായി അറിയിച്ചിട്ട് അപ്രകാരം അവിടുന്ന് അനുവദിക്കുന്നവിവരം എന്നെ മുൻകൂട്ടി തെരിയപ്പെടുത്തണം.

പേശലാനനൻ: നിങ്ങളുടെ ഈ ശുദ്ധഗതിയിൽ ഞാൻ വളരെ ആശ്ചയ്യപ്പെടുന്നു.

വഞ്ചാശയൻ: വലിയ ആളുകളുടെ പ്രകൃതി ഭേദിക്കുന്നതിനു തക്കതായ കാരണമോ ദീർഘമായ കാലമോ വേണമെന്നില്ല. അതിനാൽ പറയാനുള്ളതു് മുൻകൂട്ടി പറയുന്നതു നന്നാണല്ലോ.

പേശലാനനൻ: മഹാരാജാവു തിരുമനസ്സിലെ സ്വഭാവഗുണം അറിയായ്കയാലാണു് നിങ്ങൾ ഇങ്ങനെ ശങ്കിക്കുന്നതു്. ആകട്ടെ അതിനു വിരോധമില്ല. നിങ്ങളുടെ അപേക്ഷയെ ഞാൻ പ്രത്യേകം തിരുമനസ്സറിയിക്കയും അപ്രകാരം ചെയ്യാമെന്നു് അവിടുത്തേക്കൊണ്ടു നിങ്ങൾക്കു വാഗ്ദാനം ചെയ്യിക്കയും ചെയ്യാം; അതു മതിയല്ലോ?

വഞ്ചാശയൻ: മതിയാകും.

സാത്ഥവാഹൻ: ഇവൻെറ ഈ ബുദ്ധിചാപല്യം ഓത്തു് ഞാൻ വളരെ വ്യസനിക്കുന്നു. സ്വാഭാവികമായി ഉണ്ടാകുന്നതും ഉണ്ടാകേണ്ടതുമായ കായ്യത്തിനു മുൻകൂട്ടി വാഗ്ദാനം ചെയ്യിക്കാറുണ്ടോ?

പേശലാനനൻ: എല്ലാവരുടേയും ബുദ്ധി ഒരുപോലെ അല്ലല്ലോ. അതിനാൽ നിങ്ങൾ ഇതിനെപ്പററി വ്യസനിക്കാനില്ല. ഞാൻ ഇപ്പോൾ പോകുന്നു. വിവാഹദിവസം നിശ്ചയിക്കുന്ന വിവരവും മററും ഉടനേ അറിയിച്ചുകൊള്ളാം. (മറയുന്നു)

## മൂന്നാം രംഗം

[അവന്തിരാജധാനിയുടെ ഒരു മുറി.
ശാർങ്ഗഹസ്തൻ, മന്ത്രി, വജ്രാശയൻ ഇവർ പ്രത്യക്ഷീഭവിക്കുന്നു.]

രാജാ: അമാത്യാ! നാം വിചാരിച്ചിരുന്നതുപോലെ വിവാഹകർമ്മങ്ങളെല്ലാം നിർവ്വിഘ്നമായും മംഗളമായും നിർവ്വഹിപ്പാൻ ഇടയായതിനാൽ എനിക്കു വളരെ കൃതാർത്ഥതയുണ്ട്. ഇനി താമസിയാതെ പുത്രനിൽ രാജ്യഭാരം സമർപ്പിച്ചിട്ട് തപസ്സിനായി വനത്തിലേക്കു പോകേണ്ടിയിരിക്കുന്നതിനാൽ അഭിഷേകത്തിന്ന് ഒരു സുമുഹൂർത്തം നിശ്ചയിക്കയും അതിലേക്ക് വേണ്ടുന്ന സംഭാരങ്ങൾ തയാറാക്കുകയും ചെയ്യുന്നതിന്ന് ഇപ്പോൾതന്നെ ആരംഭിക്കയല്ലേ?

മന്ത്രി: അങ്ങനെതന്നെ.

രാജാ: എന്നാൽ കുമാരനേക്കൂടി വരുത്തി ഈ വിവരം ധരിപ്പിക്കണം. ആരവിടെ?

(പ്രവേശിച്ച ഭൃത്യനോട്)

പുഷ്പാംഗദനെ ഇവിടെ വിളിച്ചുകൊണ്ടുവരു.

ഭൃത്യൻ: അടിയൻ. (പോയി)

വജ്രാശയൻ: എനിക്ക് അന്നു തിരുമനസ്സുകൊണ്ട് ഒരു വാഗ്ദാനം ചെയ്തിട്ടുള്ളതു് ഓർക്കുന്നുണ്ടല്ലോ?

രാജാ: ഞാൻ ഓർക്കുന്നുണ്ട്. നിങ്ങളെ എൻെറ പുത്രനെപ്പോലെ വിചാരിച്ചുകൊള്ളാം എന്നുള്ളതല്ലയോ?

വജ്രാശയൻ: അതേ. അപ്രകാരം വിചാരിക്കയും ആ വിചാരത്തിന്ന് അനുകൂലമായി വർത്തിക്കണമെന്ന് കുമാരനോടാജ്ഞാപിക്കയും ചെയ്യണമെന്നുള്ള എൻെറ അപേക്ഷയ്ക്കു് അങ്ങനെതന്നെ ചെയ്യാമെന്നു് അന്നു കല്പിച്ചിട്ടുണ്ട്.

മന്ത്രി: നിങ്ങൾ തിരുമനസ്സിലെ പുത്രഭാര്യയുടെ സഹോദരനായിരിക്കുന്ന സ്ഥിതിക്ക് ഇങ്ങനെ ഒരു അപേക്ഷ മുൻകൂട്ടി ചെയ്യേണ്ട ആവശ്യകത ഉണ്ടായിരുന്നുവോ?

(പുഷ്പാംഗദൻ പ്രവേശിച്ച് ആചാരംചെയ്തു നിൽക്കുന്നു.)

വജ്രാശയൻ: ഉണ്ടായിരുന്നു എന്നാണെനിക്കു തോന്നുന്നതു്.

മന്ത്രി: അതെന്തുകൊണ്ടാണു്?

വജ്രാശയൻ: എന്നെ പുത്രനിർവ്വിശേഷം വിചാരിക്കുന്ന പക്ഷം ഞാനും പുഷ്പാംഗദനും തിരുമനസ്സിലെ പുത്രന്മാരാണല്ലോ?

മന്ത്രി: അതെ, നിങ്ങൾക്കിവിടെ എന്താണൊരു കുറവുള്ളതു്.

രാജാ: നിങ്ങളെ ഇവിടെ വേണ്ടപോലെ ഉപചരിക്കുന്നതിനു ഞാൻ എന്റെ കാര്യസ്ഥന്മാരോടു പ്രത്യേകം ആജ്ഞാപിച്ചിട്ടുണ്ടല്ലോ.

വജ്രാശയൻ: അതേ. അതിനു യാതൊരു കുറവും ഉണ്ടായിട്ടില്ല.

രാജാ: പിന്നെ നിങ്ങൾ ആ വാഗ്ദാനത്തെ ഇപ്പോൾ ഇവിടെ ഉപന്യസിച്ചതിന്റെ ഉദ്ദേശ്യമെന്തു്?

വജ്രാശയൻ: പുഷ്പാംഗദനിർവ്വിശേഷം അവിടുന്ന് എന്നെ വിചാരിക്കുന്നുണ്ടോ?

രാജാ: ഉണ്ടു്.

വജ്രാശയൻ: ഞങ്ങളിൽ പ്രായംകൂടിയ ആൾ ആരെന്നറിയാമല്ലോ.

രാജാ: ദർശനമാത്രത്താൽത്തന്നെ നിങ്ങൾ പുഷ്പാംഗദനേക്കാൾ വയസ്സുമൂപ്പുള്ള ആളാണെന്നു സ്പഷ്ടമല്ലയോ?

വജ്രാശയൻ: അപ്പോൾ ഞാൻ മൂത്തപുത്രൻ എന്നനിലയിൽ ആയിരിക്കുന്നു.

രാജാ: അതുകൊണ്ടെന്തു്?

വജ്രാശയൻ: രാജ്യാവകാശം മൂത്ത പുത്രനു് ഉണ്ടായിരിക്കേണ്ടതല്ലയോ?

മന്ത്രി: (സാശ്ചര്യം) അതിനാൽ?

വജ്രാശയൻ: ഇത്രയും പറഞ്ഞാൽ പോരയോ?

മന്ത്രി: പോരാ. സ്പഷ്ടമായിത്തന്നെ പറയണം.

വജ്രാശയൻ: എന്നാൽ സ്പഷ്ടമായിത്തന്നെ പറയാം. തിരുമനസ്സുകൊണ്ടു് എനിക്കായി അന്നു ചെയ്തിട്ടുള്ള പ്രതിജ്ഞ ശരിയാകണമെങ്കിൽ എന്നെ രാജാവാക്കി അഭിഷേകം ചെയ്കയും, അതിനു പ്രതികൂലമായി യാതൊന്നും ചെയ്യരുതെന്നു പുഷ്പാംഗദനോടു് ആജ്ഞാപിക്കയും ചെയ്യേണ്ടതാകുന്നു.

മന്ത്രി: നിങ്ങൾ ഈ പറയുന്നതു് വിനോദമോ വാസ്തവമോ എന്നറിയുവാൻ എനിക്കാഗ്രഹമുണ്ടു്.

വജ്രാശയൻ: എനിക്കു വിനോദം പറയുന്ന സ്വഭാവംതന്നെ ഇല്ല. ഞാൻ പറയുന്നതു വാസ്തവമാകുന്നു. ഒന്നുകിൽ സത്യലംഘനം; അല്ലെങ്കിൽ എനിക്കു രാജ്യാഭിഷേകം; രണ്ടിലൊന്നു തീർച്ചയാണു്.

മന്ത്രി: അഹോ! കഷ്ടം! കഷ്ടം! നിങ്ങളുടെ 'വജ്രാശയൻ' എന്ന നാമധേയം അന്വർത്ഥംതന്നെയാണെന്നു് ഈയുള്ളവർ മുൻകൂട്ടി ഓർക്കാഞ്ഞതു വിധിവൈഭവംതന്നെ.

വജ്രാശയൻ: ആയിരിക്കാം!

രാജാ: (സവിഷാദം) ഈ അവസരത്തിൽ എന്താണു ചെയ്യേണ്ടതെന്നു തീരുമാനിപ്പാൻ ഞാൻ ഒട്ടും ശക്തനാകുന്നില്ല.

പുഷ്പാംഗദൻ: അച്ഛൻ ഇതിനെപ്പററി ആലോചിപ്പാൻ ഒന്നും ഇല്ല. വാഗ്ദാനത്തെ നിറവേറ്റുകതന്നെ വേണം. ദശരഥൻ, ഹരിശ്ചന്ദ്രൻ മുതലായ പുണ്യശ്ലോകന്മാർ

കേവലം സത്യപരിപാലനാൎത്ഥം കരുതി ചെയ്തിട്ടുള്ള പ്രവൃത്തികൾ പ്രസിദ്ധങ്ങളാണല്ലോ. അതിനാൽ അച്ഛൻ എനിക്കു പകരം വഞ്ചാശയനെ രാജാവാക്കി അഭിഷേകം ചെയ്യിക്കയും, അനന്തരം ഞാൻ തന്നെയാണു് രാജാവായിരിക്കുന്നതെന്നുള്ള വിചാരത്തോടും കൃതാൎത്ഥതയോടും കൂടി കുലമൎയ്യാദയനുസരിച്ചു തപസ്സിനായി വനത്തിലേക്കു പുറപ്പെട്ടുകയും ചെയ്യേണ്ടതാണു്. ഇതുനിമിത്തം യാതൊരു ദോഷവും സംഭവിക്കയില്ലെന്നും, എനിക്കു് ഇതിൽ ഒട്ടുംതന്നെ ഇച്ഛാഭംഗം ഉണ്ടാകയില്ലെന്നും അച്ഛൻ പൂൎണ്ണമായി വിശ്വസിച്ചു കൊള്ളണം.

രാജാ: കുമാരാ! നിൻെറ ധീരോദാരവും സന്ദൎഭോചിതവുമായ ഈ അഭിപ്രായം എനിക്കു് ഈ ക്ഷണത്തിൽ ഉണ്ടായ സന്താപത്തെ അശേഷം നശിപ്പിക്കയും, നിൻെറ പൗരുഷത്തെക്കുറിച്ചു് എനിക്കുള്ള വിശ്വാസത്തെ ഒന്നുകൂടി ദൃഢീകരിക്കയും ചെയ്തിരിക്കുന്നു. അതിനാൽ എല്ലാം നിൻെറ ഇച്ഛപോലെതന്നെ ആകട്ടെ.

(മറയുന്നു.)

## നാലാം രംഗം

[അവന്തിരാജധാനിയുടെ ഒരു മുറി.
പുഷ്പാംഗദനും സദാരാമയുമിരിക്കുന്നു.]

സദാരാമ: പ്രിയതമാ! അവിടുത്തെ സഹധൎമ്മിണിയാകാൻ ഭാഗ്യമുണ്ടായതിൽ എനിക്കുള്ള സന്തോഷം അപരിമിതമാണു്. എന്നാൽ എൻെറ പരിണയം നിമിത്തം അവിടുത്തെ രാജപദവിയെ മഹാഘ്ലാതക

നായ വഞ്ചാശയൻ അപഹരിച്ചതോർക്കുമ്പോൾ എനിക്കു് അളവില്ലാത്ത വ്യസനവും ഉണ്ടു്.

പുഷ്പാംഗദൻ: പ്രിയേ! അതിനെക്കുറിച്ചു് ഒട്ടും വ്യസനിക്കരുതു്. ലോകയാത്രയിൽ മനുഷ്യക്കു് അചിന്തിതങ്ങളായ പല ആപത്തുകളും നേരിടുന്നതു സഹജമാകുന്നു. "അന്യഥാ ചിന്തിതം കാര്യം ദൈവമന്യത്ര ചിന്തയേൽ" എന്നില്ലയോ. അതിനാൽ,

(ഗീതം 16. ബ്യാഗ്—രൂപകം—'ലേഡി അലോ' എന്ന മട്ടു്.)

കാന്തേ! ഇതിലാമയമരുതേ—
വിധിപോലിഹവരുമെല്ലാം—ഇതിലാമയമരുതേ.
ചെന്താർമകൾകണവൻതുണ കരുതീടുക കാമധേനു
ചിന്താലവമയി തേ ദൃഢ-
മരുതേ ഇതിലാമയമരുതേ— —കാന്തേ

ഈശ്വരേച്ഛയാ വരുന്നവയെല്ലാം സന്തോഷപൂർവ്വം അനുഭവിക്കയാണു വേണ്ടതു്. വിശിഷ്യ നമ്മുടെ സമാഗമത്തിൽ ഈശ്വരവിലാസം പ്രത്യക്ഷവുമാണല്ലോ.

(ഗീതം 17. ഭൈരവി—രൂപകം—'ചിന്തയമാ' മട്ടു്.)

സുന്ദരി! നീ നിദ്രയിങ്കൽ മുന്നം
വന്നിതെൻ ചാരേ ബാലേ!
അന്നഹോ! വിരാഗനായി വാണ ഞാൻ
നിന്നോമൽപ്രഭയിലാഗ്രഹമാന്നേൻ.
—സുന്ദരി

നിന്നുടെ പൂമേനിയൊന്നുതന്നെ
നിർവ്യാജരുചിയാന്നു പിന്നെ
ഖിന്നഭാവമേകി മമ നിത്യം
കിളിമൊഴി നീയോൎത്തുകാൺക സത്യം.

ഇന്നീവിധമിഹ യോഗം
വന്നു യഥാമതിരാഗം
ഉന്നതസുകൃതവിപാകം
തന്നെയിതരുതിഹ ശോകം. —സുന്ദരി

സദാരാമ:

(ശ്ലോകം 6)

നല്ലാഭകൊണ്ടരിയ മുല്ലായുധന്നുമഴ-
കില്ലാതെയാക്കി മരുവും
ഫുല്ലാരവിന്ദമുഖ! സല്ലാളനീയ! തവ
സല്ലാപമോത്താരളവിൽ
നല്ലാരിൽമൗലിയുഷ നില്ലാതെരാഗമൊട്ട
മല്ലാരിപൗത്രനൊട്ട ചേ-
ന്നുല്ലാസമാന്നൊട്ടവിൽ വല്ലാതെയായ കഥ-
യെല്ലാമണഞ്ഞു ഹൃദി മേ.

പുഷ്പാംഗദൻ: ഉഷാനിരുദ്ധന്മാരുടെ എന്നപോലെ നമ്മുടെ ഈ സമാഗമത്തിനു കാരണം സ്വപ്നംതന്നെ എന്നുള്ളതിൽ സംശയമില്ല. എന്നാൽ, അവിടെ സ്വപ്നം ഉണ്ടായതു വധുവിനും ഇവിടെ വരനും എന്നു മാത്രമേ ഇതിൽ വ്യത്യാസമുള്ളു.

സദാരാമ: അതിൻെറ ശേഷം,

(ഗീതം 18. തോടി—രൂപകം—'സരസമാക' എന്ന മട്ട്.)

ഭീതിപൂണ്ടു ഞാനുത്സവം തന്നിൽ
ബോധഹീനയായ് വീഴവേ
നീതിസാഗര! നീ തിരഞ്ഞുവ-
ന്നാധിയാകവേ തീർത്തും
എന്നുടെ സഖി ഖിന്നയാകവേ
മന്നവാ! ഭവാനെന്നുടൽ

ഇന്ന നാരിയാളെന്നറിയാതെ
താങ്ങുവാൻ കനിവാൻന്നും
ചിത്തതാരതിലോർത്തു കാൺകിലീ
വൃത്തമാകവേയെത്രയും
ചിത്രമെന്നതിനില്ല സംശയം
നിസ്തുലഗുണവാരിധേ!

പുഷ്പാംഗദൻ: ഭവതിയുടെ സഹോദരൻ എനിക്കു നിശ്ചയിച്ച ഉദ്യോഗം എന്താണെന്നു ഭവതി അറിഞ്ഞുവോ?

സദാരാമ: ഇല്ലല്ലോ. എന്താണതു്?

പുഷ്പാംഗദൻ: സ്വല്പവേതനമായ അശ്വപാലകാധികാരമാണു്.

സദാരാമ: (ചെവി പൊത്തീട്ടു്) കഷ്ടം! കഷ്ടം! ആ മഹാപാപിയുടെ കാൎയ്യമേ എനിക്കു കേൾക്കണമെന്നില്ല. ആ ധൂൎത്തനോടു് എനിക്കതിനേക്കുറിച്ചു കുറേ സംസാരിച്ചാൽ കൊള്ളാമെന്നുണ്ടു്.

പുഷ്പാംഗദൻ: വേണ്ടാ—അതുകൊണ്ടു പ്രയോജനം ഒന്നും ഉണ്ടാകയില്ല; എന്നുതന്നെയല്ല, ഇതിനേക്കാളും അനിഷ്ടതരമായ ഫലം വല്ലതും സംഭവിച്ചു എന്നും വരാം.

സദാരാമ: (വ്യസനത്തോടുകൂടി) പിന്നെ അവിടുന്നു്— മഹാരാജാവായി വാഴേണ്ട സകലസൽഗുണസമ്പന്നനായ അവിടുന്നു്—ഈ മൂർഖൻെറ കീഴിൽ അശ്വപാലകാധികാരം വഹിച്ചുകൊണ്ടു പാൎക്കുകയെന്നോ?

പുഷ്പാംഗദൻ: പ്രാണനാഥേ! സമാശ്വസിക്കു. ഇതിലേക്കു ഞാൻ ഒരുപായം കണ്ടിട്ടുണ്ടു്.

സദാരാമ: കേൾക്കട്ടെ.

പുഷ്പാംഗദൻ: വഞ്ചാശയൻെറ ബുദ്ധി കാലക്രമേണ നല്ല സ്ഥിതിയിൽ പരിണമിക്കാൻ ഇടയായേക്കാം. അതി

നാൽ കുറേക്കാലം ഞാൻ ഒരു തീൎത്ഥയാത്ര നടത്തി മടങ്ങിവരാം. അതുവരെ ഭവതി മാതാപിതാക്കന്മാരെ ശുശ്രൂഷിച്ചുകൊണ്ടു് ഇവിടെ സുഖമായി വസിക്കണം.

സദാരാമ: (ആകാശത്തിൽ ലക്ഷ്യംവച്ചിട്ടു്) ദുഷ്ടാശയനായ വജ്രാശയ! നീ നിമിത്തം എന്തെല്ലാം ആപത്തുകൾ ഉണ്ടാകുന്നു.

ഗീതം 19. (തെമ്മാങ്ക് ചായ്പ്പ് 'അപ്പനെ ഉന്നൈ' എന്ന മട്ട്)

ദുഷ്മതേ! മഹാദുഷ്മതേ! നിന്റെ
കൎമ്മമീവിധമോ? ഇതു
ചിതമോ? മതിമദമോ?
ഏവമോ? വിധിയേവമോ?
ഭാഗ്യമേവമോ ഹന്ത ദൈവമേ!
ഘാതകനായ നിന്നെയെന്നുടെ
സോദരനാക്കുവാൻ—വിധി ബലവാൻ
തുനിഞ്ഞതുതാൻ
ഘോരമേ, കീൎത്തി ചേരുമേ—
നിനക്കാരുമേ ഗതി ദൈവമേ!
ദുരിതമകതാരിൽ കരുതി നൃപനോടു
ശപഥം നീ വാങ്ങി പുരാ
കവൎന്നു ധരാ— ഭരം നിതരാം
പോരയോ അതു പോരയോ?
അസിധാരയോ?
ഭവാനാരയ്യോ?

പുഷ്പാംഗദൻ: ഇതെന്തു വിലാപമാണു്, പ്രിയേ! സമാശ്വസിക്കു. ഇങ്ങനെ വിലപിക്കുന്നതുകൊണ്ടു വല്ലതും പ്രയോജനമുണ്ടോ?

സദാരാമ: പ്രാണേശ!

(ശ്ലോകം 9)

പ്രേമാവേശം വളൎന്നും പ്രമദരസവിലാ-
സോദയശ്രീപുലൎന്നും
സാമാന്യാതീതമായീടിന സഹജകൃതം
സാഹസം ഹാ മറന്നും
നാമാനന്ദം കലൎന്നിങ്ങനെ മരുവിടവേ-
യെന്നെ വേർപെട്ടുപോവാൻ
ഹേ മാന്യോത്തംസമേ! നീ കരുതുമിതി
നിനച്ചില്ല ഞാൻ തെല്ലുപോലും.

പുഷ്പാംഗദൻ: ഭവതിയുടെ അഭിപ്രായം ഇങ്ങനെയാണെങ്കിൽ ഞാൻ ഒരിടത്തും പോകുന്നില്ല. എന്നാൽ പോരയോ?

സദാരാമ: പോരാ! ഈ അവമാനം സഹിച്ചുകൊണ്ടു് ഇവിടെ താമസിച്ചുകൂടാതന്നെ.

പുഷ്പാംഗദൻ: എന്നാലിനി എന്താണിവിടെ ചെയ്യേണ്ടതു്? ഭവതിതന്നെ പറയൂ.

സദാരാമ: മററൊന്നുമല്ല; തീൎത്ഥയാത്ര നടത്തുകതന്നെ വേണം. എന്നാൽ യാത്രയിൽ അവിടുത്തേക്കു വഴി കാണിക്കുന്നതു് അവിടുത്തെ പ്രിയതമയായിരിക്കണം. ഇത്രേ ഉള്ളു എൻെറ ആഗ്രഹം.

പുഷ്പാംഗദൻ:

(ഗീതം 20. മുഖാരി—ആദിതാളം 'മാതരമൈ ഉന്നൈ' എന്ന മട്ടു്)

ചൊല്ലരുതീവിധം നല്ലാർമുടിമണേ!
ശോഭനശീലേ നീ ചിന്ത ചെയ്തീടുക
അംഗനയാകിയ നിന്നെ വനങ്ങളിൽ
എങ്ങനെ കൊണ്ടുപോമേകനഹം പ്രിയേ!

പല്ലവകോമളമായ നിൻ ചേവടി
കല്ലിലും മുള്ളിലുമെങ്ങനെ ചേർത്തിടും?
അന്നപാനാദിയും ദുർല്ലഭമല്ലയോ?
സന്നതഗാത്രി! നീയെങ്ങനെ വാണിടും?

എന്നു മാത്രവുമല്ല, ഈ തീർത്ഥയാത്രയിൽ ആവശ്യത്തിനു വേണ്ടതായ സുഖസാധനങ്ങൾ മാർഗ്ഗങ്ങളിൽ ലഭിക്കാൻ പ്രയാസമാണ്. അവയെല്ലാം യഥാലാഭം സ്വീകരിക്കയെന്നല്ലാതെ മറെറാന്നിനും നിവൃത്തിയില്ല. ഞാനോ പുരുഷൻ. എനിക്കു് എവിടേയും പോകാം— എങ്ങനെയും കാലക്ഷേപം ചെയ്യാം. അതിനാൽ ഭവതി ഇപ്രകാരം ശാഠ്യം തുടങ്ങാതെ ഇവിടെ സുഖമായി താമസിക്കണം. ഞാൻ ആറുമാസത്തിനകം തിരിയെ വന്നു് ഭവതിയെ കണ്ടുകൊള്ളാം.

സദാരാമ: പ്രിയതമനെ വേർപെട്ടു ഹംസതൂലശയനത്തിൽ ശയിക്കുന്നതിനേക്കാൾ പ്രിയതമനോടുകൂടി പരുഷമായ വെറും നിലത്തു കിടക്കുന്നതത്രെ എനിക്കു സുഖമായിട്ടുള്ളതു്. പ്രിയതമനോടു കൂടാതെ ഇവിടെ ചതുർവ്വിധവിഭവങ്ങളോടുകൂടി ഭക്ഷണം കഴിക്കുന്നതിലും സുഖം പ്രിയതമൻെറ ഉച്ഛിഷ്ടമായ വല്ല കായോ കിഴങ്ങോ ഭക്ഷിക്കുന്നതാണു്. എൻെറ അനുഗമനം നിമിത്തം അവിടത്തേക്കു യാതൊരുപദ്രവവും ഉണ്ടാകയില്ല. അതിനാൽ എന്നേക്കൂടി കൊണ്ടുപോകുന്നതിന് അവിടെ കൃപ തോന്നണം.

പുഷ്പാംഗദൻ: ഭവതി എന്താണു് അനഭിജ്ഞകളായ സ്ത്രീകളെപ്പോലെ ഇത്ര ചാപല്യം തുടങ്ങുന്നതു്? ആറുമാസത്തെ വിരഹം എത്ര നിസ്സാരമാണു്! അതിനെ സഹിക്കാൻ വേണ്ട ധൈര്യം ഭവതിക്കില്ലയോ?

സദാരാമ: പ്രിയനായ ഭർത്താവേ! ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ എനിക്കു ധൈര്യം അധികമായി—പക്ഷേ, അവിടുന്നു വിചാരിക്കുന്നതിലും അധികമായി—ഉണ്ടെന്നു വിശ്വസിച്ചുകൊള്ളണം. അതുകൊണ്ടുതന്നെയാണു് ഞാൻ ഇങ്ങനെ നിർബ്ബന്ധിച്ചു പറയുന്നതു്. അവിടുത്തെ വിരഹം എനിക്കെന്നപോലെ എൻെറ വിരഹം അവിടുത്തേക്കും വളരെ ദുസ്സഹമായിരിക്കുമെന്നു് എനിക്കു നല്ല വിശ്വാസമുണ്ടു്. എങ്കിലും അവിടുന്നു് ഇപ്രകാരം പറവാൻ കാരണം ഈ യാത്രയിൽ അശനശയനാദികളുടെ ദൗർല്ലഭ്യം നിമിത്തം എനിക്കുണ്ടാകാവുന്ന ദുഃഖത്തെക്കുറിച്ചുള്ള വിചാരമാണെന്നു് ഞാൻ നല്ലവണ്ണം അറിയുന്നു. എൻെറ വിവാഹം നിമിത്തമാണു് അവിടുന്നു് രാജ്യത്തെ ഉപേക്ഷിച്ചതു്. ഇപ്പോൾ അവിടുന്നു് തീർത്ഥയാത്രയ്ക്കാരംഭിക്കുന്നതിനും കാരണം, ഞാൻതന്നെയാകുന്നു. ഈ സ്ഥിതിയിൽ അവിടുത്തേക്കുണ്ടാകുന്ന സുഖദുഃഖങ്ങളെ തുല്യമായി അനുഭവിക്കേണ്ടവളും അവസരോചിതം ആവശ്യപ്പെടുന്ന സകലശുശ്രൂഷകളും ചെയ്യേണ്ടവളും ആയ ഞാൻ അവിടുത്തെ വിട്ടു് ഇവിടെ സുഖമായി പാർക്കുകയെന്നോ? അതൊരിക്കലും ഉണ്ടാകുന്നതല്ല. ദമയന്തിയെ നളൻ വനത്തിൽ കൊണ്ടുപോയില്ലയോ? സീതയെ ഉപേക്ഷിച്ചിട്ടാണോ ശ്രീരാമൻ വനത്തിലേക്കു പോയതു്? കഴിയുന്നിടത്തോളം ഞാനും ഒരു ദമയന്തിയോ സീതയോ ആയിരിപ്പാൻ ശ്രമിക്കും. എന്തിനധികം പറയുന്നു? അവിടുന്നു് എന്നെ പിരിഞ്ഞു പോകുന്നതായാലും എൻെറ പ്രാണങ്ങൾ അവിടുത്തെ പിരിയുന്നതല്ലെന്നു ദൃഢമായി വിശ്വസിച്ചുകൊള്ളണം.

പുഷ്പാംഗദൻ:

(ശ്ലോകം 8)

എന്നാലെന്നോമലാളേ! മതി മതി കദനം
ഹന്ത! തീൎത്ഥാടനത്തി–
ന്നെന്നോടൊന്നിച്ചു പോന്നീടുക സുമുഖി!
എനിക്കായതാനന്ദമത്രേ!
മുന്നം സീതാസമേതം വിപിനമധിവസി–
ച്ചുള്ള വിദേഹകനാഥൻ
തന്നംഭോജാരുണശ്രീചരണമിഹ നമു–
ക്കാൎത്തിയെത്തീൎത്തിടട്ടേ.

(മറയുന്നു)

# മൂന്നാം അങ്കം

## ഒന്നാം രംഗം

[മായാപുരി രാജധാനിയുടെ ഒരു മുറി.
കാമപാലൻ എന്ന രാജാവും മന്ത്രിയും പ്രത്യക്ഷീഭവിക്കുന്നു.]

കാമപാലൻ: അമാത്യാ! ഇന്നു തിലോത്തമയുടെ ഒരു നൃത്തം വേണമെന്നു നാം നിശ്ചയിച്ചിട്ടുണ്ട്.

മന്ത്രി: തിലോത്തമയുടെ നടനവിഷയമായ നൈപുണ്യം അപാരമാണ്. അവളെപ്പോലെ സാമർത്ഥ്യമുള്ള നടികളെ ഞാൻ കണ്ടിട്ടില്ല.

കാമപാലൻ: സംശയമുണ്ടോ? അതുകൊണ്ടുതന്നെയാണ് നാം അവളെ നമ്മുടെ സദസ്സിലെ നടിയായി നിയമിച്ചിരിക്കുന്നത്. നൃത്തഗീതവാദ്യങ്ങളിൽ ഏവൻെറ മനസ്സു ലയിക്കുന്നില്ലയോ അവൻ വെറും മൂഢനാണെന്നത്രെ നമ്മുടെ അഭിപ്രായം.

മന്ത്രി: "പശുവും ശിശുവും പാമ്പും പാട്ടിൻ ഗുണമറിഞ്ഞിടും; അതിൻെറ ഗന്ധമില്ലാതുള്ളവൻ മനുജഗർദ്ദഭം" എന്നാണല്ലോ അഭിജ്ഞവചനം.

കാമപാലൻ: പാടുന്നതിനോ പാട്ടു കേൾക്കുന്നതിനോ രസമില്ലാത്ത പുരുഷൻ ദുഷ്ടനാണെന്നുകൂടി പറയാവുന്നതാണ്. എന്നാൽ ഇനി താമസിക്കണമെന്നില്ല. ആരവിടെ?

(പ്രവേശിച്ച ഭൃത്യനോട്)

തിലോത്തമയേയും പരിവാരങ്ങളേയും കൂട്ടിച്ചുകൊണ്ടുവരു.

(ഭൃത്യൻ പോയി.)

ഇന്നു് ഒരു വിശിഷ്ടമായ സദിരും നൃത്തവും വേണമെന്നാണു വെച്ചിട്ടുള്ളതു്.

മന്ത്രി: എനിക്കുകൂടി അതു കാണ്മാൻ ഇടയായതിൽ സന്തോഷമുണ്ടു്.

(തിലോത്തമയും കൂട്ടരും പ്രവേശിച്ചു രാജാവിനെ വന്ദിക്കുന്നു.)

കാമപാലൻ: തിലോത്തമേ! ഇന്നത്തെ സദസ്സിൽ നമ്മുടെ മന്ത്രികൂടി ഉള്ള കാൎയ്യം ഓൎമ്മയുണ്ടായിരിക്കുമല്ലോ. മനോഹരമായ ഗാനം! സരസമായ നൃത്തം! ഇത്രേ ഞാൻ പറയുന്നുള്ളു.

തിലോത്തമ: കല്പനപോലെ.

(ഗീതം 21. തോടി—രൂപകം 'രാജരാജത്യാഗരാജാ' എന്ന മട്ടു്.)

കാമപാലഭൂമിപാല സോമഫാലക!
സീമവിഹീനമാം ശ്രീമുതിരും തവ
പാദമേ ഗതി —കാമ

കാമനു മനമതിലാമയമനുപമ—
കളിരുചിയാലരുളും
കോമളവിഗ്രഹ! ധൎമ്മപരായണ!
നിൎമ്മലഗുണവസതേ!
താമരസേക്ഷണ പദയുഗചിന്തന—
സമുദിതമംഗലമഹിതമതേ!
സകരുണ പുരുധനവിതരണവിശ്രുത!
ജീവ ചിരം നൃപതേ! ജീവ ചിരം നൃപതേ!
ജീവ ചിരം നൃപതേ! ഭുവി. —കാമ

കാമപാലൻ: അമാത്യാ! ഈ പാട്ടിനേപ്പററി എന്തു തോന്നുന്നു?

മന്ത്രി: ഇങ്ങനെ കല്പിച്ചു ചോദിക്കുന്നതു സങ്കടമാണു്.

പഞ്ചസാരയുടെ രസം എന്താണെന്നു പ്രത്യേകം പറ വാനുണ്ടോ?

കാമപാലൻ: ഈയിടെ നാം ഒരന്യാപദേശത്തെ ഗാനമാക്കി എഴുതിച്ചിട്ടുണ്ട്. അതു് അമാത്യൻ കേട്ടിട്ടുണ്ടോ?

മന്ത്രി: ഇല്ലാ, കേട്ടിട്ടില്ലാ.

കാമപാലൻ: എന്നാൽ അവശ്യം കേൾക്കണ്ടതാണ്. അതു് ദൃശ്യമാനസംഭോഗചിഹ്നയായ ഒരു നായികയോടു മർമ്മജ്ഞയായ സഖി ഒരു താമരപ്പൊയ്കയെ ഉദ്ദേശിച്ചു ചോദിക്കുന്നതായിട്ടാകുന്നു. തിലോത്തമേ! ഇനി ആ പത്മിനിയെക്കുറിച്ചുള്ള ഗാനമാകട്ടെ.

തിലോത്തമ:

(ഗീതം 22. ഝംഝൂടി—രൂപകം 'വല്ലഭ മൽ പൂവ്വപുണ്യ' എന്ന മട്ടു്)

എന്തിതിനു ഹേതുവെന്നു ചൊല്ലു സുന്ദരീ!
ചന്തമേറിടുന്ന കരിംപായലാകവേ
ഹന്ത! പാരം ചിതറിയല്ലോ നാലുദിക്കിലും
—എന്തി

വണ്ടണിയും പൂംകുഴലാൾ മൗലിമാലികേ!
വണ്ടണിയും ചിതറിയിങ്ങു കണ്ടിടുന്നെടോ!
—എന്തി

കളരുചിയോടിളകിടുന്ന ചാരുമത്സ്യങ്ങൾ
കളിവെടിഞ്ഞു ഹാ! മയങ്ങി മേവിടുന്നല്ലോ.
—എന്തി

വികസിതമായുള്ള നല്ലോരംബുജം തന്നിൽ
വിലസിടുന്നു ജലകണങ്ങൾ വിദ്രുമാധരേ!
—എന്തി

കോമളാഭകോലുമോമൽ കോരകങ്ങളിൽ
കാമിനി! കേൾ ചലനമിന്നും തീന്നതില്ലല്ലോ.
—എന്തി

അനുതാപം തീർത്തിട്ടമീ പത്മിനിയിങ്കൽ
സുതനുമണേ! വന്നണഞ്ഞതാരെടോ? ശുഭേ!
-എന്തി

കാമപാലൻ: അഹാ! ഈ പാട്ടിൻെറ ചമല്ക്കാരം എത്ര മനോഹരം!

മന്ത്രി: സംശയമില്ല, ശബ്ദത്തിനും അർത്ഥത്തിനും ഒരുപോലെ ചമല്ക്കാരമുണ്ട്.

കാമപാലൻ: എന്നാൽ ഇനി ഒരു നൃത്തമാകട്ടെ.

തിലോത്തമ:

(ഗീതം 23. ഝംഝൂടി—ഏകതാളം)

കാ—മ—പാ—ലാ
കാ—മപാ—ല ഭൂ—മി—പാ—ലാ
കാ—മ—പാ—ല—ഭൂ—മി—പാ—ലാ
കാമ—പാല—ജയഭൂമി—പാല!
സോമസ—മാനന—കാമിത—ദായക! -കാമ

കരുണാ—ശരണാ—തരുണാ—ഭരണാ -കാമ

പാവനശീല—പാലനലോല
പരഗണകാല—പുരുഗുണജാല! -കാമ

കൈവരുമാദര—ഭാവരസത്തൊട്ട
ഭൂവരരേവരുമേ പണിയുന്നൊരു -കാമ

അസമാ—നസമാ—ഹിതമാ—നസമാ—
നിനിമാ—മതിമാ—നദമാ ധവ സമ! -കാമ

രണമതിലെതിരിട്ടമരികളെ യമപുര-
മണവതിനതിബലസഹിതമയപ്പൊരു -കാമ

കാമപാലൻ: അഹോ! ആശ്ചര്യംതന്നെ. എന്തെന്നാൽ ഇവളുടെ

(ശ്ലോകം 9.)

മേളമഞ്ജുളവിലാസഗീതവും
താളകോമളതയാൎന്ന നൃത്തവും
ലാളനീയലളിതാഭയും നിന-
ച്ചോളമുള്ളിലുയരുന്നു കൗതുകം.

തിലോത്തമേ! ഇന്നത്തെ നൃത്തം നമുക്കു വളരെ സന്തോഷകരമായിരിക്കുന്നു. എന്നാൽ നിനക്കിപ്പോൾ പോകാം.

(തിലോത്തമയും കൂട്ടരും പോയി.)

(ഭൃത്യൻ പ്രവേശിക്കുന്നു.)

ഭൃത്യൻ: തിരുമനസ്സുകൊണ്ടു വിജയീഭവിച്ചാലും. ഒരാൾ ഒരു വിശേഷമായ വസ്തും വില്ക്കാനായി കൊണ്ടുവന്നിരിക്കുന്നു.

കാമപാലൻ: എന്തു്! വിശേഷവസ്തുമോ?

ഭൃത്യൻ: അതെ. അടിയൻ അതുപോലെ ഒരു വസ്തും ഇതിനു മുൻപിൽ കണ്ടിട്ടില്ല!

കാമപാലൻ: എന്നാൽ അയാളെ കൂട്ടിച്ചുകൊണ്ടുവരു.

ഭൃത്യൻ: അടിയൻ.

(പോയി പുഷ്പാംഗദനോടുകൂടി പ്രവേശിച്ചിട്ടു്)

ഇതാ! എഴുന്നള്ളിയിരിക്കുന്നു, അങ്ങോട്ടു ചെല്ലാം.

(പുഷ്പാംഗദൻ രാജാവിനെ വന്ദിക്കുന്നു.)

കാമപാലൻ: നിങ്ങൾ ആരാണു്?

പുഷ്പാംഗദൻ: ഞാൻ ഒരു വ്യാപാരിയാണു്. ഇതാ ഈ കൈലേസ് ഇവിടെ ആവശ്യമുണ്ടെങ്കിൽ എടുക്കാം.

(കൈലേസു കൊടുക്കുന്നു.)

കാമപാലൻ: (വാങ്ങി നോക്കീട്ടു്) ഈ ലേസിന്റെ മാതിരി വളരെ മനോഹരമായിരിക്കുന്നു. അമാത്യൻ നോക്കുക തന്നെ.

മന്ത്രി: (വാങ്ങി നോക്കീട്ട്) വളരെ നല്ല മാതിരിയാണ്. ഇഴയുടെ മാർദ്ദവവും നിറത്തിൻെറ ദീപ്തിയും വിസ്മയനീയംതന്നെ.

കാമപാലൻ: കാണട്ടേ. (വീണ്ടും വാങ്ങി നോക്കീട്ട്) ഇതു് എത്ര സുഖസ്പർശമായിരിക്കുന്നു! (സൂക്ഷിച്ചുനോക്കീട്ട്) ഇതിൽ ചില അക്ഷരങ്ങൾ വിചിത്രമായി ഘടിപ്പിച്ചിരിക്കുന്നുവല്ലോ. 'സദാരാമ' എന്നാണ് ഈ അക്ഷരങ്ങൾ. ഇത്ര വിശേഷമായ കൈലേസു നിങ്ങൾ എവിടെനിന്നു വരുത്തി? ഇതിൽക്കാണുന്ന ഈ അക്ഷരങ്ങളുടെ അൎത്ഥം എന്തു്?

പുഷ്പാംഗദൻ: അതു് എൻെറ ഭാൎയ്യയുടെ സൃഷ്ടിയാണ്. അവളുടെ പേരാകുന്നു അതിൽ കാണപ്പെടുന്നതു്.

കാമപാലൻ: ആ സ്ത്രീ ഇപ്പോൾ എവിടെയിരിക്കുന്നു?

പുഷ്പാംഗദൻ: ഇവിടെനിന്നു കുറെ വടക്ക് ഒരു സത്രത്തിൽ താമസിക്കുന്നു. ഈ വസ്ത്രം ഇവിടെ ആവശ്യമുണ്ടെങ്കിൽ എടുത്തുകൊണ്ടു വില തരുവിച്ചാൽ കൊള്ളാം.

കാമപാലൻ: അങ്ങനെതന്നെ. ഇതു നാം എടുത്തിരിക്കുന്നു. ഇതിൻെറ ശരിയായ വില ഖജനാവിൽ പോയി വാങ്ങിക്കൊള്ളണം. കൂടെ ആളയയ്ക്കുന്നുണ്ടു്. എന്നാൽ പൊയ്ക്കൊള്ളാം.

(മറയുന്നു)

## രണ്ടാം രംഗം

[ഒരു സത്രം.
സദാരാമ ആസനസ്ഥയായിരിക്കുന്നു.]

സദാരാമ:

(ഗീതം 24. കാപി—ആദിതാളം 'ഏല്യറനാപൈ' മട്ട്)

കാന്തനിനിയുമയ്യോ ഹന്ത വരാസ്സയാൽ
സ്വാന്തമുരുകുന്നുതേ സാരസലോചന! –കാന്ത

മാന്തളിർമേനി ക്ലപ്തം കാന്തികലന്നൊരു
പൂന്തുകിൽ വില്പതിന്നാ–യേന്തിയഹോ! പോയ
–കാന്ത

വരുവതിനുള്ള നേരം വൈകിയിതല്ലോ പാരം
സരസിജസായകനും പരിഭവമേകുമെൻ –കാന്ത

ഏകനായ് പെരുവഴി പോകുമവനു വല്ല
ശോകവുമരിജന–മേകിയിതോ? മമ –കാന്ത

നലമെഴും വസനത്തിൻ വിലപറഞ്ഞതിൽ വല്ല
ഖലജനവുമണഞ്ഞു കലഹമുണ്ടാക്കിയോ! –കാന്ത

അദ്ദേഹം ഇവിടെനിന്നു പോയതു് ഇന്നുരാവിലെയാണു്. ഏതായാലും അധികം താമസിക്കാതെ തിരിച്ചു വരുമെന്നു് എന്നോടു പറഞ്ഞിട്ടുണ്ടായിരുന്നു. ഇപ്പോൾ മദ്ധ്യാഹ്നം കഴിഞ്ഞു നേരം വളരെ ആയിരിക്കുന്നു. ഇതേവരേയും വരാതിരിക്കുന്നതു് ഏതോ മതിയായ കാരണം ഉള്ളതുകൊണ്ടുതന്നെ ആയിരിക്കണം. എന്തെങ്കിലും തെരുവിൽ ഇറങ്ങി നോക്കുകതന്നെ. (നടന്നു നോക്കീട്ടു്) ഇതാ ഒരു മേനാവു് ഇങ്ങോട്ടുതന്നെ വരുന്നുണ്ടു്. ഇതിനകത്തു് ആരായിരിക്കാം? ആരോ വഴിയാത്രക്കാർ ഈ സത്രത്തിലേക്കു വരികയായിരിക്കണം.

ഏതായാലും കുറേക്കൂടി ക്ഷമിക്കതന്നെ. ജഗദീശ്വരൻ എൻെറ പ്രിയതമനെ ആപത്തുകൾ ഒന്നും വരാതെ രക്ഷിക്കട്ടെ. (വീണ്ടും വ്യസനത്തോടുകൂടി ഇരിക്കുന്നു.)

(തിലോത്തമ പ്രവേശിക്കുന്നു.)

തിലോത്തമ:

(ഗീതം 25. കാപി—ആദിതാളം 'ശങ്കരജീമൈ' മട്ട്)

മംഗലശീലേ മംഗലമേ ശ്രീ-
രംഗതനോ! സദാരാമേ! മത്സഖി! —മംഗല

ബാലേ! ലോലേക്ഷണമാർമൗലേ!
നീലകോമള-ചികുരാഭേ! ഗുണ-
ജാലവിലസിതേ! സുഖമോടെ ബഹു-
കാലമയേ ഭുവി വാണാലും തവ- —മംഗല

സദാരാമ: ഭവതി ആരാണ്? എവിടെനിന്നു വരുന്നു?

തിലോത്തമ: ഞാൻ മായാപുരി മഹാരാജസദസ്സിലുള്ള തിലോത്തമ എന്നു പേരായ ഒരു നടിയാണ്, അവിടെ നിന്നുതന്നെയാണ് വരുന്നത്.

സദാരാമ: ഭവതിയുടെ ആഗമനവും ഈ മംഗളാശംസയും എനിക്കു വളരെ സന്തോഷത്തെ ജനിപ്പിച്ചിരിക്കുന്നു. ഇങ്ങോട്ടു പുറപ്പെടാൻ കാരണം?

തിലോത്തമ: നിങ്ങളുടെ പ്രിയതമനായ പുഷ്പാംഗദൻ ഒരു വിശേഷമായ കൈലേസു വില്ക്കുന്നതിനായി മായാപുരത്തിൽ വരികയും, അവിടത്തെ മഹാരാജാവു തിരുമനസ്സുകൊണ്ട് അദ്ദേഹത്തെ വളരെ സന്തോഷത്തോടുകൂടെ സല്ക്കരിച്ച് അവിടെ പ്രത്യേകം ഒരു ഭവനത്തിൽ താമസിപ്പിക്കയും ചെയ്തിരിക്കുന്നു.

സദാരാമ: മഹാരാജാവിൻെറ കരുണ പ്രശംസിക്കത്തക്കതുതന്നെ. കൈലേസ് അവിടുന്നു വാങ്ങിയോ?

തിലോത്തമ: അതേ. അവിടുന്നു് അതിൻെറ വില കൊടു
പ്പിച്ചു. എന്നുമാത്രമല്ലാ, നിങ്ങളുടെ പ്രിയതമനിൽ അ
വിടുത്തേക്കു് വളരെ വാത്സല്യം തോന്നുകയും ചെയ്തി
രിക്കുന്നു. നിങ്ങളെ ഭർത്തൃസമീപത്തിൽ കൊണ്ടുചെല്ലു
ന്നതിലേക്കായി മഹാരാജാവു തിരുമനസ്സിലെ ആജ്ഞ
യാൽ ഞാൻ വന്നതാണു്. അടയാളത്തിനായി ഇതാ!
ആ കൈലേസുതന്നെ തന്നയച്ചിരിക്കുന്നു. പോകുന്നതി
നു മേനാവും ഉണ്ടു്.

സദാരാമ: (ലേസു വാങ്ങി നോക്കീട്ടു്) അവിടത്തേക്കു ഞ
ങ്ങളുടെമേൽ ഇത്ര ദയ തോന്നാൻ കാരണം ഞങ്ങളുടെ
ഭാഗ്യവിശേഷംതന്നെ. ഇങ്ങോട്ടു പോന്ന സമയം ഭവ
തിയോടു പ്രിയതമൻ വല്ലതും പറഞ്ഞിട്ടുണ്ടോ?

തിലോത്തമ: ഉണ്ടു്. "കുറേനാൾ ഈ രാജധാനിയിൽ
വസിക്കണമെന്നു് ഞാൻ തീർച്ചയാക്കിയിരിക്കുന്നു.
ഞാൻതന്നെ പോയി എൻെറ ദയിതയെ കൂട്ടി
ക്കൊണ്ടുപോരാമെന്നു് അറിയിച്ചതിൽ 'നിങ്ങൾ
ആയാസപ്പെടണമെന്നില്ല. തിലോത്തമ പോയി കൂട്ടി
ക്കൊണ്ടുവരുമല്ലോ' എന്നു് മഹാരാജാവു് എന്നോടു
കല്പിച്ചിരിക്കുന്നു. അതിനാൽ ഈ വിവരം ധരിപ്പിച്ചു
സദാരാമയെ കൂട്ടിക്കൊണ്ടുവരണം" എന്നാണു ഞാൻ
പോന്ന സമയം അദ്ദേഹം എന്നോടു പറഞ്ഞതു്.

സദാരാമ: തീർത്ഥാടനം ചെയ്‌വാനായി പുറപ്പെട്ട അദ്ദേ
ഹത്തിനു് ഇങ്ങനെ ഇടയിൽ താമസിക്കണമെന്നു
തോന്നാൻ കാരണമെന്തു്? അഥവാ അങ്ങനെ സംശ
യിക്കാനില്ല. ലോകത്തിൽ സജ്ജനസംസർഗ്ഗത്തേക്കാൾ
കാമ്യമായിട്ടുള്ളതു മറെറാന്നുമില്ലല്ലോ. എൻെറ പ്രിയ
തമൻ മഹാരാജാവിൻെറ ഗുണധോരണിയാൽ ആകൃ
ഷ്ടനായിരിക്കണം.

തിലോത്തമ: സംശയമുണ്ടോ? ഏതാനും ചില സംഭാഷണങ്ങൾക്കുള്ളിൽത്തന്നെ അവർ പരസ്പരം പ്രേമാകുലന്മാരായിത്തീൻ. എന്നാൽ ഇനി സമയം വൃഥാ കളയാതെ നാം പുറപ്പെട്ടുകയല്ലയോ?

സദാരാമ: അതെ; ഈശ്വരൻ രക്ഷിക്കട്ടെ.

(രണ്ടുപേരും മേനാവിൽ കയറി പോകുന്നു.)

## മൂന്നാം രംഗം

[മായാപുരി രാജധാനി.
കാമപാലൻ ലാത്തികൊണ്ടു നില്ക്കുന്നു.]

കാമപാലൻ: ആ കൈലേസിൻെറ സൗഷ്ഠവം ആലോചിച്ചതിൽ അതിനെ സൃഷ്ടിച്ച യുവതി അതിസമത്ഥയായിരിക്കണം എന്നുള്ളതിൽ തക്കമില്ല. അത്രമാത്രം സാമത്ഥ്യമുള്ള അവൾക്ക് അസാധാരണമായ അംഗലാവണ്യവും അവശ്യം ഉണ്ടായിരിക്കണം. "യത്രാകൃതിസ്തത്ര ഗുണാഃ" എന്നുണ്ടല്ലോ. എൻെറ മനസ്സ് അവളെ കാണ്മാനുള്ള അത്യൽക്കണ്ഠനിമിത്തം ചപലമായിരിക്കുന്നു. തിലോത്തമ വരാൻ ഇനിയും സമയമായില്ലയോ?

(ഭൃത്യൻ പ്രവേശിക്കുന്നു.)

ഭൃത്യൻ: ഒരു മേനാവിൽ കയറി തിലോത്തമയും വേറെ ഒരു സ്ത്രീയും വെളിക്കു വന്നിരിക്കുന്നു.

കാമപാലൻ: വേഗം അവരെ കൂട്ടിക്കൊണ്ടുവരു.

(ഭൃത്യൻ പോയി.)

(തിലോത്തമയും സദാരാമയും പ്രവേശിക്കുന്നു.)

തിലോത്തമ: (സദാരാമയോട്ട് അപവായ്യ) ഈ രാജധാനിയിൽ വന്ന സ്ഥിതിക്ക് ഒന്നാമതായി മഹാരാജാവു

തിരുമനസ്സിലെ കണ്ടു വന്ദിക്കേണ്ടതു് അത്യാവശ്യമാണല്ലോ. ഇതാ! എഴുന്നള്ളിയിരിക്കുന്നു. ചെന്നു കണ്ടു് വിവരങ്ങൾ ഉണർത്തിച്ചതിന്റെ ശേഷം ഭർത്തൃസമീപത്തിലേക്കു പോകാം. എന്നാൽ വന്ദനം. (പോയി.)

(സദാരാമ സവിനയം വന്ദിച്ചു നില്ക്കുന്നു.)

കാമപാലൻ: (സദാരാമയെ കണ്ടിട്ടു് ആത്മഗതം)

(ഗീതം 26. മോഹനം—ആദിതാളം)

അതിമധുരാകൃതിയാളാമിവളെപ്പോൽ
ആരെയും കണ്ടീല ഞാൻ.
വിധിമതമോർത്തു പാരം വിസ്മയം വളരുന്നു,
വിനയപ്രഭാവരമ്യവിശദപ്രഭ വിളങ്ങും —അതി

ആരിവൾ മഞ്ജിമസാരമോ!
നാരികൾക്കൊരു നവഹാരമോ!
ശ്രീരതിയുടെയവതാരമോ!
ഭൂരിസുകൃതഫലപൂരമോ!
പൊൻകുടമങ്കമതിങ്കൽ വിശങ്കമ-
ഹംകൃതിതൻ കഥയും കളയും ഘന-
കുംകുമപങ്കസുസങ്കലിതം കുളുർ-
കൊങ്കകൾ കാൺകിൽ മദം കലരും കില
ചാരു മത്തമതംഗജയാനമൊ-
ടാരുമത്തലിയന്നിട്ടമതിരുചി
ചേരുമുത്തമമായ് വിലസുന്നൊരു
നാരിയിത്തരമില്ല ദൃഢം ഭുവി. —അതി

(പ്രകാശം) ഭദ്രേ! ഭവതിക്കു സ്വാഗതം. വഴിയിൽ സുഖക്കേടൊന്നും ഉണ്ടായിരുന്നില്ലല്ലോ?

സദാരാമ: അവിടുത്തെ കൃപയാൽ സുഖമായിത്തന്നെ വന്നെത്തി.

കാമപാലൻ: ആ സത്രത്തിൽ ഭവതി തനിച്ചാണോ താമസിച്ചിരുന്നതു്?

സദാരാമ: തനിച്ചുതന്നെ. വഴിയാത്രക്കാരായ സ്ത്രീകളും പുരുഷന്മാരും അടുത്തുള്ള മുറികളിൽ ധാരാളം ഉണ്ടായിരുന്നു.

കാമപാലൻ: എങ്കിലും ഭവതിയെ തനിച്ചു് അവിടെ വിട്ടുംവച്ചു പോരാൻ പ്രിയതമനു ധൈര്യം ഉണ്ടായതിനെക്കുറിച്ചു ഞാൻ ആശ്ചര്യപ്പെടുന്നു.

സദാരാമ: ആപത്തിൽ അപ്രകാരമുള്ള ധൈര്യമുണ്ടാകാതിരിക്കാൻ നിവൃത്തിയില്ലല്ലോ.

കാമപാലൻ: ഈ മനോഹരമായ നവയൗവനകാലത്തിൽ ഭവതിക്കു് ഇപ്രകാരം ദേശഭ്രമണം ചെയ്‌വാൻ ഇടയായതിൽ എനിക്കു വളരെ അനുകമ്പ തോന്നുന്നു.

സദാരാമ: ദീനന്മാരിൽ ദയതോന്നുന്നതു് മഹാത്മാക്കളുടെ സ്വഭാവമാണല്ലോ.

കാമപാലൻ: നിങ്ങൾ ഇങ്ങനെ തനിച്ചു പുറപ്പെടാൻ കാരണമെന്തു്?

സദാരാമ: ഞങ്ങൾ ഇങ്ങനെ പുറപ്പെടാൻ കാരണം തിരുമനസ്സിലെ ശ്രദ്ധയ്ക്കു് അർഹമല്ലാത്ത ഒരു ഗൃഹച്ഛിദ്രമാണെന്നുമാത്രം അറിയിക്കുന്നതിനെ ക്ഷമിക്കണം.

കാമപാലൻ: നിങ്ങളുടെ സ്വദേശം ഏതാണു്?

സദാരാമ: അവന്തിരാജ്യമാണു്.

കാമപാലൻ: നിങ്ങൾ എത്ര കാലത്തേക്കാണു് ഈ യാത്ര നിശ്ചയിച്ചിരിക്കുന്നതു്?

സദാരാമ: അതു തീർച്ചയാക്കീട്ടില്ല.

കാമപാലൻ: അല്ലയോ സുശീലേ!

(ഗീതം 27. പരസു—ആദിതാളം 'പാൎത്ഥസുനായാവേ' മട്ട്.)

സീമയകന്നൊരു കോമളിമാവെഴുമീ-
യുടലിങ്ങനെ നീ
ആമയഭാജനമാക്കുവതെന്തിനു? സോമസമാനമുഖീ!
മാനസേ പാക്ക—നീ—മാനിനീമൗലേ!

സദാരാമ:

ദുർല്ലഭഗുണനിധി വല്ലഭനരികേ വാണീടും
പൊഴുതിൽ
നല്ലാർജനമതിനല്ലലിനുണ്ടോ സംഗതി സാരമതേ!
മാനസേ പാക്ക—നീ മാന്യരിൽ മൗലേ!

കാമപാലൻ:

ഒന്നിനുമൊരു കുറവിന്നിഹ നഹി കേളുന്നതസുഖ-
മൊട്ട തേ
മന്നവനായിട്ടമെന്നുടെ പുരിയിതിൽ മേവീടാമല്ലോ
-മാന

സദാരാമ:

എങ്ങനെയെന്നുടെ വല്ലഭനുടെ മതമെന്നറിയാ-
തിഹ ഞാൻ
ഇന്നിതിനുത്തരമുരചെയ്യുന്നതു സംഗതമായ്
വരുമോ? -മാന

കാമപാലൻ: പ്രിയതമൻ അതെല്ലാം മുൻപേതന്നെ സമ്മതിച്ചു കഴിഞ്ഞിരിക്കുന്നു. ഭവതിക്കു പ്രിയതമനെ കാണ്മാൻ ബദ്ധപ്പാടുണ്ടായിരിക്കാം. ഞാൻ ഭവതിയെ ശ്രമപ്പെടുത്തുന്നില്ല.

സദാരാമ: ഇവിടെ വിവരം എല്ലാം ഉണൎത്തിച്ചതിൻെറ ശേഷം പ്രിയതമനെ കണ്ടാൽ മതിയാകും.

കാമപാലൻ; എന്നാൽ എനിക്കു ഭവതിയോടു കുറേക്കൂടി

പറവാനുണ്ട്. ഭവതിയുടെ വിവാഹം കഴിഞ്ഞിട്ട് എത്രകാലമായി?

സദാരാമ: മൂന്നുനാലുമാസം കഴിഞ്ഞു.

കാമപാലൻ: എന്നാൽ ഭവതി ഇപ്പോഴും നവോഢയാണല്ലൊ. ഇരിക്കട്ടെ. ഭവതി സംസ്കൃതം വായിച്ചിട്ടുണ്ടോ?

സദാരാമ: കുറേ വായിച്ചിട്ടുണ്ട്.

കാമപാലൻ: 'ശ്ലോകാദ്ധേന പ്രവക്ഷ്യാമി' എന്ന ശ്ലോകം കേട്ടിട്ടുണ്ടോ?

സദാരാമ: ''ശ്ലോകാദ്ധേന പ്രവക്ഷ്യാമി യദുക്തം ഗ്രന്ഥകോടിഭിഃ പരോപകാരഃ പുണ്യായ പാപായ പരപീഡനം'' എന്നുള്ളതല്ലയോ?

കാമപാലൻ: (സാശ്ചൎയ്യം) അതേ. അതിന്റെ അത്ഥംകൂടി കേട്ടാൽ കൊള്ളാം.

സദാരാമ: പരോപകാരം ചെയ്യുന്നതു പുണ്യവും പരോപദ്രവം ചെയ്യുന്നതു പാപവും ആകുന്നു എന്നുള്ളതത്രേ ലോകത്തിൽ മഹാന്മാർ നിൎമ്മിച്ചിട്ടുള്ള സകല ഗ്രന്ഥങ്ങളുടേയും സാരസവ്വസ്വം. ഇങ്ങനെയാണ് അതിന്റെ സാരം ഞാൻ ധരിച്ചിട്ടുള്ളതു്.

കാമപാലൻ: സ്വണ്ണം സ്വയമേവ കമനീയമാകുന്നു. അതിന്നു പിന്നെ പരിമളംകൂടി ഉണ്ടായാൽ ആ കമനീയതയെപ്പററി എന്താണു പറവാനുള്ളതു്! അതുപോലെ അതിസുന്ദരിയായ ഭവതിയിൽ ഈ വൈദുഷ്യംകൂടി ഉണ്ടായിരിക്കുന്നതിൽ എനിക്കുള്ള ആഹ്ലാദം അപരിമിതമായിരിക്കുന്നു. ഞാൻ വളരെ സ്ത്രീകളെ കണ്ടിട്ടുണ്ട്. എന്നാൽ ഭവതിയെപ്പോലെ ഇത്ര ഗംഭീര മനോഹരമായ ലാവണ്യവിലാസം ഇതേവരെ മററാരിലും കണ്ടിട്ടില്ല. ഭവതി കേവലം പുഷ്പാംഗദനെപ്പോലെ

യുള്ള ഒരു ഭർത്താവോട്ടുകൂടി ഇങ്ങനെ അലഞ്ഞു നടക്കാതെ ഒരു മഹാരാജാവിന്റെ പട്ടമഹിഷിയായിരിക്കുന്നതിനു തക്കതായ സകല യോഗ്യതകളും ഉള്ള ഒരു വനിതാരത്നമാകുന്നു; സംശയമില്ല. "രത്നഹാരീതു പാർത്ഥിവഃ" എന്ന വാക്യം ഈ സന്ദർഭത്തിൽ എന്റെ മനസ്സിൽ—

സദാരാമ: അയ്യോ മഹാരാജാവേ! അവിടുത്തെ മുഖത്തിൽ നിന്നും പുറപ്പെടാൻ തുടങ്ങുന്ന വാക്കുകളെ അവിടുന്ന് ഉപസംഹരിക്കണമേ! എനിക്ക് അവ കേൾക്കാൻ പാടില്ല.

കാമപാലൻ: എന്ത്? 'രത്നഹാരീതു പാർത്ഥിവഃ' എന്ന നീതിവാക്യം ഭവതിക്കു കേൾക്കാൻ പാടില്ലയോ? ലോകത്തിലുള്ള വസ്തുക്കളിൽ വച്ച് അത്യുൽകൃഷ്ടങ്ങളായവയ്ക്കെല്ലാററിനും അവകാശി രാജാവാണെന്ന് അഭിജ്ഞന്മാർ പറഞ്ഞിട്ടുള്ളത് ഭവതിക്കു സമ്മതമല്ലയോ?

സദാരാമ: ആ നീതിവാക്യങ്ങളുടെ കൂട്ടത്തിൽ "പരദാരാംശ്ച മാതൃവൽ" എന്ന് ഒന്നുള്ളതുകൂടി അവിടെ ഓർക്കുന്നുണ്ടല്ലോ?

കാമപാലൻ: ആകട്ടെ. സകല ഗ്രന്ഥസാരസർവ്വസ്വമായ ആ ശ്ലോകത്തിലെ "പാപായ പരപീഡനം" എന്നുള്ള അംശം ശരിയാണെന്നു ഭവതി സമ്മതിക്കുന്നുണ്ടോ?

സദാരാമ: സംശയമില്ല. പരപീഡനം പാപംതന്നെയാണ്.

കാമപാലൻ: എന്നാൽ ഭവതി ഇപ്പോൾ ആ പാപകർമ്മം ചെയ്യുന്നുവല്ലോ.

സദാരാമ: അയ്യോ! സ്വാമിൻ! സാദ്ധ്വിയായ ഞാൻ

ഇപ്പോൾ എന്തു പരപീഡനമാണു ചെയ്യുന്നതെന്നറിയുന്നില്ല.

കാമപാലൻ: എന്നാൽ ഞാൻ പറയാം കേട്ടാലും.

(ഗീതം 28. ആനന്ദഭൈരവി—ചായ്പ്)

ബാലികമാർമാലികയാം നീലവേണി! തവ കാന്തി
മാലധികമേകിടുമ്പോളിങ്ങനെ—എന്നോ-
ടാലപിക്ക യോഗ്യമാവതെങ്ങനെ?

സദാരാമ:

ഭൂമിപാലമണിയാകും കാമപാല! ഭവാനേവം
കാമലോലാശയനാക നീതിയോ? അന്യ-
കാമിനീസംഗമം തവ രീതിയോ?

കാമപാലൻ:

നാമിവണ്ണമിതിന്നുമുമ്പാരൊടും ചൊല്ലിയില്ലന്യ-
കാമിനിയിലാശയേതുമില്ല മേ നീതി-
സീമ ലംഘിച്ചതുമില്ല തെല്ലുമേ.

സദാരാമ:

പിന്നെയെന്താണെന്നോടേവമിന്നരുൾചെയ്‌വതു
ചൊല്ല
മന്നവാ! തേ ധർമ്മനിഷ്ഠയില്ലയോ? ലോക-
രൊന്നുപോലെ തവ പുത്രരല്ലയോ?

കാമപാലൻ:

ഉർവ്വശി മുൻപായിട്ടുന്ന സർവ്വഭൂസഞ്ചയത്തിന്നും
ഗർവ്വഹാനിയുളവാക്കും മാധുരി—മുന്ന-
മുർവ്വിയിൽ ഞാൻ കണ്ടതില്ലീ മാതിരി!
ഇങ്ങനെയുള്ളൊരു കാന്തി തിങ്ങിന പൂമേനി
കണ്ടാൽ
എങ്ങനെ ഞാനിളകാതെ മേവിടും? ചൊല്ല-
യെങ്ങനെയിന്നിതിനെ ഞാൻ കൈവിടും?

സദാരാമ:

(ഗീതം 29. തെമ്മാങ്കു്—രൂപകം 'പാക്കെ പയമാകുതയ്യോ'
എന്ന മട്ടു്)

ചൊല്ലാനൊന്നൊരു ഭൂപാലകമൗലേ ഇതുമാത്രം
ചൊല്ലായ്‌വതിനിവിടേ കൃപയുളവാകണമുള്ളിൽ
ഒരു കാന്തനൊടൊരു കാമിനി മരുവീടവെയവളിൽ
പരപൂരുഷനകമേ കൊതി പെരുകുന്നതു ശരിയോ?
അതിലും നരപതിയായിട്ടമവിടേക്കിതു തെല്ലും
ഹിതമല്ലിഹ കരുതീടുക ദുരിതം ബഹുദുരിതം.
ജനപാലകനാകും തവ മനമീവിധമായാൽ
ജനസംഹതിയുടെ സംഗതി പുനരെന്തു? മഹാത്മൻ!

കാമപാലൻ:

(ഗീതം 30. ബ്യാഗ്—ഏകതാളം 'വന്തനം തന്തേൻ'
എന്ന മട്ടു്)

ഹന്ത സുന്ദരി! ഏവമെന്തു ചൊല്ലുവാൻ?
ബന്ധുരാംഗി ഭവതി എന്റെ കാന്തയായിഹാന്തികേ
മേ—വു—ന്നാ—കിൽ
എന്തഹോ എന്തഹോ എന്തഹോ ദുരിതം? ശുഭേ!
—ഹന്ത
അന്യപീഡനം പാപ—മെന്നു നിർണ്ണയം
ഇന്നിതിങ്കലാർക്കു പീഡ വന്നിടുന്നിതെന്നു നീ-
യോ—ർത്താൽ—മാ—ത്രം—
പോരുമേ—പോരുമേ—പോരുമേ ധരണീരമേ!
—ഹന്ത

സദാരാമ: മഹാരാജാവേ! അവിടുത്തെ അടുക്കൽനിന്നും ഇപ്രകാരമുള്ള സംഭാഷണത്തെ ഞാൻ ഒട്ടുംതന്നെ പ്രതീക്ഷിച്ചിരുന്നില്ല. സാദ്ധ്വിയായ ഒരു സ്ത്രീയോടു് ഇങ്ങനെ പറയുന്നതു് അവിടുത്തേക്കു് ഉചിതമോ?

കാമപാലൻ:

(ഗീതം 31. കാവടിച്ചിന്തു്—രൂപകം. 'എന്നടീ നാൻ
പെററ മങ്കൈ' എന്ന മട്ടു്)

നല്ലാർജനമണിമാലേ! ശുഭശീലേ!സുകപോലേ!
ഏവം
ചൊല്ലരുതേ! ഗുണലോലേ!

സദാരാമ:

അല്ലയോ ഭൂപതിഹീര! രിപുഘോര! ഗുണസാര!!
യില്ലയോ തേ ഹൃദി? വീര! [ദയ-

കാമപാലൻ:

മതി മതി ഭംഗിയുരപ്പതു മതിമുഖി! മന്മഥനത്രേ
മതിയിൽ കൃപാലേശമില്ലാ—തിഹവല്ലാ—തെ-
ന്നെക്കൊല്ലാ-
നണയുന്നതിതു പൊളിയല്ലാ—

സദാരാമ:

ദുരിതത്തിനു വഴിയരുളും സ്മരനെത്തരസാ വെൽ-
വാൻ
കരളിൽ തവ ധൈര്യമില്ലേ? കുറവല്ലേയിതു?
ചൊല്ലേറിന-
വീര! ഭവാൻ നൃപനല്ലേ?

കാമപാലൻ:

വജ്രായുധം നിജ പാണി—തന്നിൽ വാണീ—ട്ടു-
മിന്ദ്രാണീ-
വരൻ—വാർമുകിൽ മഞ്ജുളവേണി!
പങ്കജബാണനൻ തന്നുടെ പൂങ്കണയേററു മയങ്ങി-
പ്പാരാതഹല്യതൻ ചാരേ—ചെന്നുദാരേ! മനതാ-
സങ്കടം തീർത്തീലേ നേരേ? [രേ—റിയ

സദാരാമ:

ഭ്രമണാ! ഭവാൻ ചൊന്ന—മൊഴി നന്നാ—യതി-
ലൊ-
ന്നാ—ണക—താരിൽ നിനയ്ക്കേണ്ടതിന്നാം—
അണ്ടർകുലേശനു പിന്നീട്ടുണ്ടായുള്ളൊരു വല്യതാ-
മിണ്ടലശേഷവുമിന്നു—ചൊൽവതിന്നു— പണി-
യെന്നു—
ഭവാ—നുണ്ടോ ബത! കരുതുന്നു?

കാമപാലൻ: അല്ല! ഭവതി ഇത്ര വിചാരഹീനയാണോ? കേവലം ഒരു സാധാരണപുരുഷൻെറ ഭർത്തൃത്വത്തിൽ ഉള്ള പ്രതിപത്തിയാൽ ഭവതി എത്രയോ ശ്രേഷ്ഠമായ ഐശ്വര്യത്തെയാണ തിരസ്കരിക്കുന്നതെന്നറിയുന്നുണ്ടോ?

സദാരാമ: ഇല്ല—മഹാപ്രഭോ! ഇല്ല. എനിക്കതിനെക്കുറിച്ചറിവില്ല. അറിവാൻ ആഗ്രഹവും ഇല്ല. ഇത്ര വിചാരഹീനയായ സ്ത്രീയെ അവിടുന്നു് എന്തിനാണു് കാമിക്കുന്നതു്?

കാമപാലൻ: ഈ മായാപുരിരാജ്യത്തിൻെറ ചക്രവർത്തിയായ ഞാൻ എൻെറ രാജകീയമായ കിരീടത്തെ ഭവതിയുടെ പാദാരവിന്ദങ്ങളിൽ സമർപ്പണം ചെയ്യുന്നു. ഭവതി എൻെറ പട്ടമഹിഷിയായിരിക്കും. ഭവതിയുടെ പുത്രനാണു് ഈ രാജ്യത്തിൻെറ ഭാവിയായ ചക്രവർത്തി. ഭവതിയുടെ ആജ്ഞ ഈ രാജ്യത്തിലെ നിയമമായിരിക്കും. ഭവതിയെ ശുശ്രൂഷിക്കുന്നതിനു് ഇവിടെ അനവധി ജനങ്ങൾ സന്നദ്ധരായിരിക്കും. ഭവതിയെ എൻെറ പ്രജകളും ഉദ്യോഗസ്ഥന്മാരും ചക്രവർത്തിനിയായി വിചാരിക്കയും ബഹുമാനിക്കയും ചെയ്യും. ഭവതിക്കുതന്നെ എൻെറ സകല സമ്പത്തുകളും

സ്വന്തമായിരിക്കും. ഒരു സ്ത്രീക്ക് ഇതിനേക്കാൾ സ്പൃഹണീയതരമായ ഐശ്വര്യം മറെറന്താണ്? ഇതിനെ ഭവതി കേവലം ഒരാളിലുള്ള അന്ധപ്രതിപത്തിയാൽ നിരസിക്കയാണെങ്കിൽ അതിൽപ്പരം അത്ഭുതം മറ്റൊന്നും ഇല്ല.

(ഗീതം 32. കാമോദരി—രൂപകം 'അന്നമേ നാൻ' എന്ന മട്ട്)

ഇല്ലയോ മതി തെല്ലുമേ തവ?
ചൊല്ലുയേ ഹേ കല്യാണി! കളവാണി!
മതിയില്ലയോ?
അതിസാഹസമിതു ചൊൽവാൻ
ചിന്തനമതിലെന്തയി തവ
ഹന്ത ഹന്ത ബന്ധുരമുഖി! –ഇല്ലയോ

സദാരാമ:

അതിസാഹസമത്രേയിതിൽ
നല്ലതു മമ ചൊല്ലരുതിതു
നല്ലതല്ല ചൊല്ലിനു ദൃഢ-
മില്ല മേ മതി തെല്ലുമേ, നഹി
കില്ലു മേദിനീപാലാമലശീലാ! മതിയില്ല മേ

കാമപാലൻ:

ധനമേ ഭുവി നിയതം സൽ-
ഫലവും വരകുലവും നിജ-
ബലവുമരിയ നലവുമറിക. –ഇല്ലയോ

സദാരാമ:

മമ വല്ലഭനത്രേ മമ
മനവും വരധനവും നില-
യനവുമുററ ജനവുമനിശ –മില്ലമേ

ആയതിനാൽ അവിടുത്തെ മഹിഷീപദത്തെ ഞാൻ ലേശംപോലും ആഗ്രഹിക്കുന്നില്ല. എന്നുമാത്രവുമല്ലാ—

കാമപാലൻ: വരട്ടെ. അത്രവേഗം കാര്യം തീർച്ചയാക്കി കളയരുതു്. നല്ലവണ്ണം ആലോചിച്ചു സംസാരിച്ചാൽ മതിയാകും. പുരാതനാചാരങ്ങളിലുള്ള മൂഢവിശ്വാസം, കഷ്ടം! ജനങ്ങളെ എത്രമാത്രം അധോഗതിയെ പ്രാപിപ്പിക്കുന്നു!

സദാരാമ: മഹാരാജാവേ! ഞാൻ നല്ലവണ്ണം ആലോചിച്ചുതന്നെയാണു് സംസാരിക്കുന്നതു്. എനിക്കു ചാപല്യം ഒട്ടുംതന്നെ ഇല്ല. എന്തിനധികം പറയുന്നു? ഞാൻ ഒരിക്കലും അവിടുത്തെ മഹിഷിയായിരിക്കയില്ല നിശ്ചയം. അവിടുന്നു കാമചാപല്യം നിമിത്തം ഇത്രയൊക്കെ പറഞ്ഞതിനെ ഞാൻ ക്ഷമിച്ചിരിക്കുന്നു. ഇനിയെങ്കിലും ഈ നീചമായ ആഗ്രഹത്തെ മനസ്സിൽ നിന്നും തള്ളിക്കളയണം.

കാമപാലൻ:

(ഗീതം 33. ബ്യാഗ്—ആദിതാളം. 'ഹാ ഹാ ഇവളാരോ'മട്ടു്)

ഹാ! ഹാ! തവ വാക്യം അതിഘോരം ഗതസാരം ബത.

സദാരാമ:

ഹീഹീ! ദുരിതാശാഭരമിനിയും മുതിരുന്നോ ഹൃദി?

കാമപാലൻ:

ധന്യേ! ദീനരിൽ കൃപയൊന്നേ പുണ്യമേ.

സദാരാമ:

എന്നാലെന്നിലീവിധം തോന്നാമോ തവ?

കാമപാലൻ:

എന്താണങ്ങനെ?

സദാരാമ:

ദീന—ഞാൻതാനല്ലയോ?

കാമപാലൻ:

മീനകേതനബാണമേററതിദീനനായതു ഞാനല്ലോ

സദാരാമ:

ദീനതയിതു ഹീനതാനഭിമാനവൈഭവഹാനിദാ

കാമപാലൻ:

പ്രാണഭീതിയിൽ മാനമെന്തയി?

സദാരാമ:

മാനമേ ധനം പ്രാണികൾക്കിഹ

കാമപാലൻ:

വന്ദനം തവ–

സദാരാമ:

നിന്ദനം തവ–

കാമപാലൻ:

നന്ദനം മമ–

സദാരാമ:

ചൊന്നതു മതി.

കാമപാലൻ: ഭവതിയുടെ ഈ വാക്കു് അത്ര സ്ഥിരമാണെന്നു ഞാൻ വിചാരിക്കുന്നില്ല.

സദാരാമ: എന്തിനു സംശയിക്കുന്നു? സ്ഥിരംതന്നെ. പാതിവ്രത്യഭംഗത്തേക്കാൾ എനിക്കു് അധികം ഇഷ്ടമായിരിക്കുന്നതു് പ്രാണഹാനിയാണെന്നു് അവിടുന്നു സംശയംകൂടാതെ വിചാരിച്ചുകൊള്ളണം.

കാമപാലൻ: ശരി, സമ്മതിച്ചു. എന്നാൽ ഭവതി ഇത്ര ദൃഢമായി സ്നേഹിക്കുന്ന ആ പുരുഷനു് എന്നിൽനിന്നും ഹാനിയുണ്ടാകയില്ലെന്നു ഭവതിക്കു വിശ്വാസമുണ്ടോ?

സദാരാമ: ഇല്ല. എനിക്കു വിശ്വാസമില്ല. വിധിമതം അലംഘനീയമാണല്ലൊ. എന്നാലും ആ ഭീഷണി എന്റെ കൃത്യനിഷ്ഠയെ ഒട്ടും ചലിപ്പിക്കുന്നതല്ല.

കാമപാലൻ: (ക്രോധത്തോട്ടുകൂടി) എന്നാൽ അതിപ്പോൾ ത്തന്നെ ഒന്നു പരീക്ഷിച്ചുകളയാം. ആരവിടെ?

(ഉടൻ പ്രവേശിച്ച ഭൃത്യനോട്ട്)

കാരാഗൃഹത്തിൽ ഇട്ടിരിക്കുന്ന ആ വ്യാപാരിയെ ഈ മാത്രയിൽ ഇവിടെ കൊണ്ടുവരണം. പൊയ്ക്കോ.

(ഭൃത്യൻ പോയി.)

സദാരാമ: (ആശ്ചര്യവ്യസനങ്ങളോട്ടുകൂടി) എന്ത്? എൻെറ പ്രിയതമനെ കാരാഗൃഹത്തിൽ ഇട്ടിരിക്കുന്നുവോ? കൊള്ളാം. ഇവിടുത്തെ രാജനീതി ശ്ലാഘ്യം തന്നെ!

കാമപാലൻ: നീതിയുടെ ശ്ലാഘ്യത ഇപ്പോൾ കാണിച്ചു തരാം.

സദാരാമ: ഈശ്വരൻ സർവ്വസാക്ഷിയാണല്ലൊ.

(ഭൃത്യനും പുഷ്പാംഗദനും പ്രവേശിക്കുന്നു. കാമപാലൻ ഖഡ്ഗത്തെ ഇളക്കുന്നു. സദാരാമ ഭയപ്പെട്ടു വിറയ്ക്കുന്നു.)

കാമപാലൻ: (പുഷ്പാംഗദൻെറ കണ്ഠത്തെ ലക്ഷ്യമാക്കി ഖഡ്ഗം ഓങ്ങിക്കൊണ്ട്) ഇതാ! നീ കാണുന്നുവോ? നിൻെറ പ്രിയതമൻെറ കഥ ഇപ്പോൾ കഴിയും. നിനക്കിപ്പോൾ എന്തു തോന്നുന്നു?

സദാരാമ: (പുഞ്ചിരിയോട്ടുകൂടി) മതി. ഇത്രയും മതി, രാജതേജസ്സു കണ്ടു—ആ സാധു പൊയ്ക്കൊള്ളട്ടെ—അവിടുത്തെ അനുരാഗശക്തിയിൽ എനിക്കിപ്പോഴേ വിശ്വാസം ഉണ്ടായുള്ളു. (വാൾ പിടിച്ചുവാങ്ങി താഴെ ഇട്ടിട്ട്) നമ്മുടെ സമാഗമം എന്തിനാണ് ഒരു സാധുവിൻെറ വധത്തോട്ടുകൂടി സമാരംഭിക്കുന്നത്?

(ഗീതം 34. കാമോദരി—ആദിതാളം. 'എനതുമനതുക്കേറ്റവൾ'മട്ട്.)

അവനിപാലകുലമണേ! അരുതു സാഹസം
അരുതു സാഹസം—ഘോര—ദുരിതകാരണം

കാമചാരു തനുവേ ഭവാൻ—ഏവം
പ്രേമവാരിനിധിയാരുവാൻ?
ശൃംഗാരി—ശ്രീധാരീ
ശമിതാരീ—ശുഭകാരീ
എന്തിനിവനെ നീ—ഹന്ത! കൊന്നീടുന്നു?
ചിന്തിതം സാധിക്കുവേൻ—
ഇവനോ തേ സമനോത്താൽ?
ഇവനോ മേ ധവനാവാൻ?
വിഭവമില്ല വിനയമില്ല
വിരുതുമില്ല—യിവനു തെല്ലു -മവനി

അവിട്ടത്തെ വാക്കുകൾ കേട്ടമാത്രയിൽത്തന്നെ എനിക്കു വാസ്തവമായി വല്ലതായ ഭ്രമം ജനിച്ചിരിക്കുന്നു. എങ്കിലും സ്വഭാവത്തെ സൂക്ഷ്മമായി പരീക്ഷിക്കാനായിട്ടാണ് ഇത്രമേൽ കഠിനമായ ഓരോ വിരോധങ്ങൾ പറഞ്ഞതു്. ഈ സാധുവിന്റേയും അവിട്ടത്തേയും വ്യത്യാസം അറിയാത്തപക്ഷം ഞാൻ എത്ര മൂഢയാണ്! ഒരിക്കലും അവിട്ടത്തേ ഞാൻ വെറുതെ ഉപേക്ഷിക്കയില്ല. ഇത്ര അനുരാഗദാർഢ്യവും പരമയോഗ്യതയും അവിട്ടത്തേപ്പോലെ ആർക്കും ഉണ്ടാകുന്നതല്ല.

കാമപാലൻ: (ആത്മഗതം) ഇവൾ പറയുന്നതു വാസ്തവം തന്നെ ആയിരിക്കണം. അഥവാ അങ്ങനെ അല്ലെങ്കിൽ ത്തന്നെയും ഇവൾ ഇനി എന്തുചെയ്‌വാൻ പോകുന്നു? ഏതായാലും ഈ അനുസരണത്തെ നന്നെ വേണ്ടവണ്ണം സ്വീകരിച്ച് ആഗ്രഹം സാധിക്കയാണ് ഇവിടെ വേണ്ടതു്. (പ്രകാശം) ഭവതിയുടെ ഈ വാക്കുകളാൽ ഞാൻ കൃതകൃത്യനായിരിക്കുന്നു. (പുഷ്പാംഗദനോടു്) എടോ! പൊയ്ക്കോൾക. എവിടെയെങ്കിലും പൊ

സ്ലോൾക. ഇനിമേൽ ഈ രാജ്യത്തിൽ തന്നെ കാണരുതു്.

പുഷ്പാംഗദൻ: (ആത്മഗതം)

(ഗീതം 35. തോടി—രൂപകം)

ദയിതേ! ഗതിയീ—വിധമോ തവ ജാതാ
അയി തേ—കുശലം—നൽകിട്ടമീശൻ
എന്നാലും നിന്നെ വെടി-
ഞ്ഞെങ്ങനെ ഞാൻ പോയിട്ടും? —ദയിതേ!

ഖലനാ—മിവനോ—ടെന്തുരചെയ്‌വൂ
വേകം മനമോടിഹ ഞാൻ
പോകേണ്ടവനായിതോ? —ദയിതേ!

(പോയി.)

കാമപാലൻ:

(ഗീതം 36. കാപി. ആദിതാളം—'മായാഗാനി' മട്ടു്)

ജന്മസാഫല്യമധുനാ ജാതമായി മേ
നന്മണിയോടിണചേൎന്ന പൊന്നിനെന്നപോൽ.
—ജന്മ

മന്നവനായീട്ടമെന്നിലേവം
സന്നതാംഗി! തവ മനതാരതിൽ
ഉന്നതമാമനുരാഗവിലാസം
വന്നതോക്കിലോ— —ജന്മ

സദാരാമ: മഹാത്മാവേ! അവിടുന്നു് ഇങ്ങനെ അരുളിച്ചെയ്യുന്നതു യുക്തമല്ല. മഹാരാജാവായ അവിടുത്തേക്കു് എന്താണു് അസാദ്ധ്യമായിട്ടുള്ളതു്? ആയതിനാൽ,

ചൊല്ലിയലും നൃപതല്ലജാ നിൻ
വല്ലഭയായ് വാഴ്‌വതിനിങ്ങനെ

നല്ലൊരു സംഗതി വന്നതിനാൽ ഞാ–
നല്ലോ ധന്യയാൾ.

കാമപാലൻ: എന്നാൽ ഇനി എന്നോടുകൂടി ഈ സിംഹാസനത്തിൽ ഉപവേശിക്കരുതോ?

സദാരാമ: ഈ വാക്കുകൾ എനിക്കു കർണ്ണപീയൂഷമായിരിക്കുന്നു. എന്നാൽ ഇനി എനിക്കു് സ്വല്പംകൂടി ഉണർത്തിക്കാനുണ്ടു്.

കാമപാലൻ: ഭവതിയുടെ ഏതു നിയോഗത്തേയും ശിരസാവഹിപ്പാൻ ഞാൻ സന്നദ്ധനായിരിക്കുന്നു.

സദാരാമ: മഹാരാജാവേ, ഞാൻ വാസ്തവം ഉണർത്തിച്ചേക്കാം. ഈ പുഷ്പാംഗദൻ വിവാഹം ചെയ്തതിൽ പിന്നെ എനിക്കു യാതൊരു സുഖവും ഇന്നേവരെ ഉണ്ടായിട്ടില്ല. അതിനാൽ യോഗ്യനായ ഒരാൾ ഭർത്താവായിത്തീരണമെന്നുള്ള ആഗ്രഹത്തോടുകൂടി ഞാൻ ലക്ഷ്മീവ്രതം, അനുഷ്ഠിച്ചു തുടങ്ങീട്ടു് ഇന്നു പത്തു ദിവസംവരെ ആയിരിക്കുന്നു. ഇതു രഹസ്യമാണു്. ഇങ്ങനെ വ്രതം അനുഷ്ഠിച്ചുകൊണ്ടിരിക്കുമ്പോൾ അവിടുത്തെ യശോവിശേഷം എന്റെ കർണ്ണത്തിൽ പതിക്കുന്നതിനിടയായി. എന്റെ നാമത്താൽ അങ്കിതമായ കൈലേസു കൊടുത്തയച്ചതു്, ഒരു കാമലേഖനമാക്കീട്ടാണെന്നു് അവിടെ അറിഞ്ഞിട്ടില്ലെന്നു തോന്നുന്നു.

കാമപാലൻ: ഞാൻ അത്ര വിചാരിച്ചില്ല. ഭവതിയുടെ വ്രതാനുഷ്ഠാനമഹിമ വിസ്മയനീയംതന്നെ. പത്തു ദിവസംകൊണ്ടു ദേവിയുടെ പ്രസാദം ഭവതിക്കു പ്രത്യക്ഷീഭവിച്ചുവല്ലോ!

സദാരാമ: നാല്പത്തൊന്നുദിവസം വ്രതം അനുഷ്ഠിച്ചുകൊള്ളാമെന്നാണു് ഞാൻ പ്രാർത്ഥിച്ചിട്ടുള്ളതു്. അതിനാൽ

ഇനിയും മുപ്പതുദിവസംകൂടി വ്രതമായി കഴിക്കേണ്ടി യിരിക്കുന്നു.

കാമപാലൻ: ഭവതിയെ വേർപെട്ട് ഒരു മാത്രപോലും നയിപ്പാൻ എനിക്കു വല്ലതായ വേദനയുണ്ട്. അഥവാ, ഭവതിയുടെ ആഗ്രഹം സഫലമായ സ്ഥിതിക്കു് ഇനി വ്രതം അവസാനിപ്പിക്കരുതോ?

സദാരാമ: അയ്യോ അതൊരിക്കലും പാടില്ല. അവിടുന്നു തന്നെ ആലോചിച്ചു നോക്കണം. എൻെറ ആഗ്രഹം ഞാൻ പ്രതീക്ഷിച്ചിരുന്നതിലും ഉൽകൃഷ്ടതരമായിട്ടാണ് ദേവി ഇത്ര വേഗത്തിൽ സാധിപ്പിച്ചു തന്നിരിക്കുന്നതു്. ആയവസ്ഥയ്ക്കു് ആദ്യനിശ്ചയത്തെ ലംഘിച്ചാൽ അവരുടെ ശാപശക്തിയും പെട്ടെന്നു പ്രത്യക്ഷമാകുമെന്നുള്ളതിൽ ഒട്ടും സംശയിക്കാനില്ല. ആയതു നമുക്കു രണ്ടാൾക്കും ദോഷകരമായി പരിണമിക്കയും ചെയ്യും. അതിനാൽ സ്വല്പകാലമായ ഈ ഒരുമാസം അവിടുന്നു ക്ഷമിക്കണമെന്നപേക്ഷിക്കുന്നു. തല്ക്കാല സുഖത്തെ ഇച്ഛിച്ചു ദീർഘകാലസുഖത്തിനു ഹാനി വരുത്തുന്നതു ബുദ്ധിഹീനതയാണല്ലോ. ദേവി പ്രസാദിച്ചാൽ കല്പവല്ലിയും, പ്രകോപിച്ചാൽ കല്പാന്തവഹ്നിയും ആണെന്നു് അഭിജ്ഞനായ അവിടുത്തേ അടുക്കൽ ഞാൻ പ്രത്യേകം ഉണർത്തിക്കണമെന്നുണ്ടോ?

കാമപാലൻ: ഹാ ഹാ! ഞാൻ ഇവിടെ എന്താണു ചെയ്യേണ്ടതു്?

(ശ്ലോകം 10)

മുന്നാക്കം മാന്യശീലേ! മധുരിമഗരിമാ-
വാണ്ടൊരീ നിൻവപുസ്സും
പിന്നാക്കം ദേവിയാൾതൻ മഹിമയുമല-
മാകർഷണം ചെയ്കയാലേ

മുന്നും പിന്നും സമാനാന്തരമമരുമയ-
സ്കാന്തഖണ്ഡദ്വയത്തിൽ
ചിന്നും ശക്തികൾ ലാക്കായിടയിലെഴമയോ-
ഗോളകംപോലെയായ് ഞാൻ.

ഏതായാലും ഭവതിയുടെ അപേക്ഷയെ നിരസിപ്പാൻ ഞാൻ ശക്തനല്ല.

സദാരാമ: വിരഹവേദന എന്നോളം അവിടുത്തേക്കുണ്ടായിരിക്കുമോ എന്നു സംശയമാണു്. എങ്കിലും ഗത്യന്തരമില്ലായ്കനിമിത്തം ഭാവിയായ പരമസുഖത്തെക്കുറിച്ചുള്ള ആശാബന്ധത്താൽ ഞാൻ ഒരുമാസം കഴിച്ചുകൂട്ടാം. അത്രകാലം എനിക്കു് ഏകാന്തമായി പാക്കുന്നതിനു് ഒരു സ്ഥലം നിശ്ചയിച്ചുതരികയും, ഇതിൻെറ മുപ്പത്തൊന്നാം ദിവസം എൻെറ പാണിഗ്രഹണം ചെയ്യുന്നതിനു വേണ്ട സന്നാഹങ്ങൾ ഇപ്പോൾത്തന്നെ ആരംഭിക്കണമെന്നു സദയം ആജ്ഞാപിക്കയും ചെയ്വാറാകണം.

കാമപാലൻ: അങ്ങനെതന്നെ. ആരവിടെ?
(പ്രവേശിച്ച ഭൃത്യനോടു്)
ഈ സ്ത്രീക്കു് ഒരുമാസം ഏകാന്തമായി താമസിക്കുന്നതിനു വേണ്ട ഉപകരണങ്ങളോടും ആവശ്യമുള്ള ദാസിമാരോടുംകൂടി നമ്മുടെ ഭാരതീസൗധം തയാറാക്കിക്കൊടുപ്പിക്കണമെന്നു മന്ത്രിയോടു പറയണം. (സദാരാമയോടു്) എങ്ങനെയാണു് ഞാൻ ഭവതിക്കു യാത്ര പറയുന്നതു്? ആട്ടെ—ഏതായാലും ഇപ്പോൾ ഭാരതീസൗധത്തിലേക്കു പോകാൻ അനുവദിച്ചിരിക്കുന്നു.

സദാരാമ: അവിടുത്തേ കൃപയ്ക്കായി വളരെ നമസ്കാരം.
(പോകുന്നു.)

കാമപാലൻ:

(ഗീതം 37. സാവേരി—ആദിതാളം. 'ആനന്ദതുന്ദിലൻ' മട്ട്)

ഈവണ്ണവും പ്രൗഢി കൈവന്ന നാരിയാ-
ളീമന്നിലുണ്ടായിതോ!
താവുന്ന വൈദുഷ്യവു—മേവം നലമെഴമതി-
മേവും നയവിനയ വിലാസവു- [നിപുണത
മിഹ ഭുവി ബഹുരുചി നഹി പരമഹിളയിൽ
-ഈവ

ഏതാനുംദിവസങ്ങളേതായാലുമിവിടെ
വീതാമയം നയിക്കിൽ ധാതാവിൻകൃപയാലേ
സീതാസമാനയാമീ ശ്രീതാമരസാക്ഷിയാൾ
മമ ദയിതാ—പദമുദിതാ-
നന്ദമമന്ദമിയന്നിട്ടമെന്നതി—നാലേ—ചാലേ-
കുതുകാതിശയാകുലമേ ബത! മേ
മനതളിരിനിഹ പനിമതിമുഖിയുടെ-
യാരാധനവിധിമതി മമ ഗതി. -ഈവ

(മറയുന്നു.)

## നാലാം രംഗം

[മായാപുരത്തിൽ ഒരു ഗൃഹത്തിൻെറ മുൻഭാഗം.
കള്ളൻ പ്രവേശിക്കുന്നു.]

കള്ളൻ:

(ഗീതം 38. ഝംഝൂടി—ആദിതാളം. 'തെന്തിനൈതെതനനാനോ' മട്ട്)

ഇന്നലെ രാത്രിയിലേ പോക്കിൽ ഒന്നുമെനിക്കോ
കിട്ടീലാ
കിട്ടാതെങ്ങനെ ഞാ—നെന്നുടെ കെട്ടിയപെണ്ണിനെ
കണ്ടീടും?

കണ്ടീടാൻ കൊതിയോടായവൾ—കാത്തു വസി-
ച്ചിട്ടമിതുനേരം.
നേരംപോകുന്നു നമ്മുടെ വയറുവിശന്നും വേകുന്നു.
വേകുംവയറോടെ—കൈയും—വീശിനടപ്പാ-
നിടയായി
ആയതുപോകട്ടേ—അവളോ—ടെന്തോന്നിപ്പോൾ
ചൊല്ലീട്ടും?
ചൊല്ലുകൾകേട്ടാലും—ആയവൾ—മല്ലിനൊ-
രുങ്ങിട്ടമരിശമൊടേ
അരിശംതിന്നീടിൽ നല്ലോ—രമൃതെന്നുണ്ടൊരു
പഴമൊഴിയും.
പഴമൊഴിചൊല്ലീടിൽ ആയവൾ—പിഴമൊ-
ഴിയുടനേ തന്നീട്ടും.

(കള്ളി പ്രവേശിച്ച് കോപത്തോടുകൂടി കള്ളനെത്തല്ലുന്നു. അവൻ ഓടുന്നു.)

കള്ളൻ: അയ്യോ! അയ്യോ! എന്നെ തല്ലരുതേ!

(ഗീതം 39. ഝംഝൂടി—ആദിതാളം)

തല്ലരുതെന്നെയിപ്പോൾ—തങ്കക്കൊടീ!
തല്ലരുതെന്നെയിപ്പോൾ
കൊല്ലരുതെന്നെയിപ്പോൾ—കോപിച്ചു നീ
കൊല്ലരുതെന്നെയിപ്പോൾ.

കള്ളി: ഹാ! തങ്കക്കൊടി! ഇന്നലെ രാത്രിയേ പട്ടിണി കിടക്കുന്ന ഇനിക്കു വല്ലതും കൊണ്ടുവന്നുതരാതെ രാവിലെ വെറുങ്കൈയായി വന്ന് തങ്കക്കൊടി! മണ്ണാങ്കട്ടി! ഫോവൃ ദൂരത്ത്.

കള്ളൻ:

ഓമനപ്പെണ്ണല്ലയോ നീയെന്നുടെ
ഓമനപ്പെണ്ണല്ലയോ?

ഓമനപ്പെണ്ണേ! നിന്നെ—പ്പോലെയിത്ര
ഓമനയാരുണ്ടെടീ!

കള്ളി: അല്ലാ! തനിക്കു കൊണ്ടതൊന്നും പോരെന്നു തോന്നും. എന്നാൽ ഇതുകൂടി ആകട്ടെ. (അടിക്കുന്നു.)

കള്ളൻ: അയ്യ! ഈ ഓമനക്കൈകൊണ്ടുള്ള അടി ഇനിക്കല്ലാതെ വേറെ വല്ലോൎക്കും കിട്ടുമോ?

കള്ളി: കാലത്തെ മെരട്ടും തമ്പ്രതായവും കൊണ്ടു വന്നിരിക്കുന്നു. ഇനിക്കു് വെശപ്പു് സഹിക്കാൻ പാടില്ല.

കള്ളൻ:

കണ്ണിന്നു പഞ്ചാരയാം നിൻെറയുടൽ
കണ്ടോരുമാത്രയിങ്കൽ
ഉണ്ണാതെതന്നെയിപ്പോൾ നിറഞ്ഞെൻെറ
പെണ്ണേ! വയറു കാൺക.

കള്ളി: നേരമ്പോക്കു പറയുന്നതിപ്പോഴല്ലാ. കേട്ടോ?

കള്ളൻ: ആട്ടെ. നീ അട്ടക്കളയിലേക്കു് ഒന്നു കേറുമോ?

കള്ളി: അട്ടക്കളയിലൊന്നുമില്ലാ അങ്ങോട്ടു കേറാൻ!

കള്ളൻ: അതൊക്കെ നീ ചെല്ലുമ്പോൾ ഉണ്ടാകുമേ! ഇന്നു രാത്രീയാകട്ടെ, നല്ല ഒരു തരം കണ്ടുവെച്ചിട്ടുണ്ടു്. നാളെ നമുക്കോണംതന്നെ.

കള്ളി: ഇതു താൻ കാൎയ്യംകാണാൻ പറയുന്നതല്ലേ്യാ?

കള്ളൻ: ചരീ നിന്നാണെയല്ലോ. നാളെ നീ നോക്ക്യോ!

കള്ളി: എന്നാൽ വരു.

കള്ളൻ: ഓഹോ നമ്മുടെ കെട്ടീയവൾ നമ്മോടു പ്രസാദിച്ചിരിക്കുന്നു. എടീ! നമുക്കു കൈകോൎത്തുപിടിക്കാം.

(അങ്ങനെ ചെയ്തിട്ടു്)

UNIVERSITY LIBRARY
3 MAR 1969

(ഗീതം 40. പരസു—ചാപ്പു്. 'വന്ദേ സദാ പത്മനാഭം' എന്ന മട്ടു്)

നാളെത്തിരുവോണമാടാം—മങ്ക-
യാളേയതിനാൽ നമുക്കൊന്നു പാടാം
കോളേയൊരുമിച്ചുകൂടാം ഇനി
നീളേയിതുപോൽ മുതലുകൾ നേടാം. –നാളേ

കള്ളി:

ഇന്നത്തെപ്പോലെ താൻ കൈയും—വീശി
നാളെയും വന്നാൽ ഞാനെന്തൊന്നു ചെയ്യും?
എന്നാകിലപ്പോളെൻ കൈയും—തൻെറ
മെയ്യുമൊരു കൂടിക്കാഴ്ചയെ ചെയ്യും
തന്നാണെയിന്നിതു സത്യം.

കള്ളൻ:

ശീലമിനിക്കപ്പോൾ മാറും എൻെറ
കാലങ്ങു നിൻെറ മുതുകിൽ കരേറും.

കള്ളി: (കോപത്തോടുകൂടി കൈവിട്ടു മാറിനിന്നിട്ടു്) താൻ എന്തു പറഞ്ഞു?

കള്ളൻ: ഞാനെന്തു പറഞ്ഞു?

ഓലനും സാമ്പാറും ചോറും—പാരം
ചേലോടു നിൻെറ വയററിൽ കരേറും

എന്നല്ല്യോ ഞാൻ പറഞ്ഞതു്.

കള്ളി: മിടുക്കൻതന്നെ! എന്തെങ്കിലും വരൂ പോകാം.

(മറയുന്നു.)

## അഞ്ചാം രംഗം

[ഭാരതീസൗധത്തിൽ സദാരാമ ഇരിക്കുന്നു.]

സദാരാമ:

(ഗീതം 41. ഝംഝുടി—ചായ്പ്. 'പവനനാലിളകുന്ന' മട്ട്)

പങ്കജലോചനാ! സങ്കടനാശനാ!
പാലയ ദീനബന്ധോ!
നിൻകനിവെൻകലിന്നങ്കുരിച്ചീടായ്കിൽ
നാഥാ! ഞാനെന്തു ചെയ്‌വൂ,
ഈവിധമാപത്തു കൈവന്ന നാരിമാർ
ഭുവിലാരുള്ളു പാർത്താൽ?
ദൈവമേ! നീയെന്നോടിങ്ങനെ സാഹസം
ചെയ്‌വതിനെന്തുബന്ധം?
കഷ്ടമൊരു മഹാദുഷ്ടനാം ഭൂപൻെറ
മുഷ്ടിയിലേവമയ്യോ!
പെട്ടു പതിയെ വേർപെട്ടു വാഴ്‌വാനെന്നെ
വിട്ടുവോ നീ? ദൈവമേ!

ഹാഹാ കഷ്ടം! ദൈവം എന്നോട്ടു മത്സരിക്കാൻതന്നെയാണു് തുടങ്ങിയിരിക്കുന്നതെന്നു തോന്നുന്നു. ഈ മഹാകശ്മലനായ രാജാവു് എൻെറ ദേഹത്തെ ഒന്നു സ്പർശിക്കുന്നതിനു് എന്തെല്ലാം കൗശലം പ്രയോഗിച്ചു. ഈശ്വരകൃപയാൽ ഇന്നുവരെ അയാളുടെ വലയിൽ കുടുങ്ങാൻ ഇടയായില്ല. ഇതിനിടയിൽ അയാൾ എൻെറ പ്രതിച്ഛായ എഴുതിച്ചു തൻെറ മുറിയിൽ വയ്പിക്കയും; എനിക്കു് അനുരാഗം വർദ്ധിക്കുന്നതിനായി അതിൻെറ ഒന്നുരണ്ടു പ്രതികൾ ഇവിടെ അയയ്ക്കുയും ചെയ്തിരിക്കുന്നു. ഇതെല്ലാം എന്തു ഭ്രാന്താണു്! അഥവാ "എന്നാൾവരെയലർശരനാകുന്നൊരു തീകത്തുകില്ല ചിത്തത്തിൽ,

അന്നാൾവരെ നിലനില്ക്കും വിദ്യ വിവേകം വിശുദ്ധി മഹിമാവും'' എന്നാണല്ലോ ആപ്തവാക്യം. ഒരു മാസത്തെ അവധിയാണ് ഞാൻ ഈ ഏകാന്തവാസത്തിനായി വാങ്ങീട്ടുള്ളതു്. ഇന്നു് 29-ാം ദിവസം തികയുന്നു. ഇനി നാളെ ഒരു ദിവസമേയുള്ളു. മറ്റേന്നാൾ എന്നെ വിവാഹം ചെയ്യുന്നതിന്നു വേണ്ട സന്നാഹങ്ങളെല്ലാം രാജാവു് ഏൎപ്പെടുത്തികഴിഞ്ഞിരിക്കുന്നു. പലവിധത്തിൽ ആലോചിച്ചിട്ടും ഇതേവരെ മോചനത്തിനുള്ള മാൎഗ്ഗം യാതൊന്നും ലഭിച്ചും ഇല്ല. അല്ലയോ ലക്ഷ്മീപതേ! ശ്രീമൻനാരായണ! ഞാൻ ഇത്രനാളും നിർവ്യാജമായ ഭക്തിയോടുകൂടി അങ്ങേ ഭജിച്ചിട്ടും എന്നിൽ അങ്ങേക്കു ലേശമെങ്കിലും കരുണ ഉണ്ടായില്ലല്ലോ!

(ഗീതം 42. എരിക്കില—രൂപകം. 'മാധവമെ എപ്പരുവായ്' മട്ടു്)

മാധവാ! നീയെന്നിലേവം മമതവിടാൻ
ഹേതുവെന്തേ?
മാധുരിചേൎന്ന നിൻ ചേവടിയിണ
സേവിച്ചതിൻഫലമീവിധമോ? ഹന്ത! -മാധവ

ദ്രൗപദിയാൾ നിന്നെ മുന്നം താപമോടെ വാഴ്ത്തീടവേ
അനവധി വസ്ത്രമവൾക്കു നല്കിയ
കനിവു സമ്പ്രതി നിനവിലില്ലയോ? -മാധവ

തവസഖിയായില്ലയല്ലോ! മമകണവൻ
പാൎത്ഥനെപ്പോൽ
ദീനപാലകനെന്ന നാമവും
ഭംഗിയോ ഭവാനിങ്ങനെയായാൽ? -മാധവ

കേണിവണ്ണം സേവചെയ്യും പ്രാണികളെ-
ല്ലോററിടാതെ
വാണിടാൻ നിനക്കുള്ളിലല്പവും
നാണമില്ലയോ നളിനലോചന!

ഇത്രമാത്രം വല്യതായ ആപത്തിൽപ്പെട്ടു വലയുന്ന എന്നെ രക്ഷിക്കാൻ കനിവു തോന്നാത്ത അങ്ങേടെ ഹൃദയം ശിലകൊണ്ടാണോ നിർമ്മിക്കപ്പെട്ടതു്. "പരിത്രാണായ സാധൂനാം വിനാശായ ച ദുഷ്കൃതാം ധർമ്മസംസ്ഥാപനാർത്ഥായ സംഭവാമി യുഗേ യുഗേ" എന്നു് അർജ്ജുനനോടു പറഞ്ഞതു് അങ്ങുതന്നെയല്ലയോ? (കുറെ ആലോചിച്ചിട്ടു്) അയ്യോ ദൈവമേ! എൻെറ പ്രിയതമൻ ആ ദുഷ്ടൻെറ വാളിനു ലക്ഷ്യമായിട്ടു നിന്ന ആ നിലയോക്കുമ്പോൾ എൻെറ ഹൃദയം തകൎന്നുപോകുന്നു. ഇനിമേൽ ഈ രാജ്യത്തിൽ തന്നെ കാണരുതു് എന്നാണല്ലൊ ഒടുവിൽ അയാൾ അദ്ദേഹത്തോടു പറഞ്ഞതു്: ആയതിനാൽ ഉടൻതന്നെ അദ്ദേഹം ഈ രാജ്യംവിട്ടു പോയിരിക്കണം; നിശ്ചയം. ഇനിയും ഞാൻ ഈ ഹതമായ ജീവിതത്തെ വച്ചുകൊണ്ടിരുന്നിട്ടു് സാധ്യമെന്തു്?

(സന്യാസിവേഷധാരിയായ പുഷ്പാംഗദൻ പ്രവേശിക്കുന്നു.)

പുഷ്പാംഗദൻ:

(ഗീതം 43. തോടി--ആദി)

കണ്ണീരൊഴിഞ്ഞിടാതെ കണ്ണുകളും കണ്ടിടാതെ
തണ്ണീരും ചെന്നിടാതെ തങ്കമേ! ഞാൻ വലഞ്ഞു.
നിന്നെപ്പിരിഞ്ഞിവണ്ണം ധന്യേ! നടപ്പതിന്നായ്
എന്നെയയച്ച വിധി മന്യേ മഹാകഠിനൻ!
തത്താദൃശാൎത്തി വള—ൎന്ന്ൾത്താർ ദഹിച്ചിടുന്നു
എത്താവതോയിനിയെൻ മുത്തായ നിന്നെയയ്യോ!

(ആത്മഗതം) അല്ലാ! വ്യസനാധിക്യം ഉള്ളിലൊതു ങ്ങാതെ വാഗ്രൂപേണ വെളിയിൽ പുറപ്പെട്ടു തുട ങ്ങിയോ? ഇതെന്തു കഷ്ടം! എനിക്കു വളരെ ക്ഷീണ തയുണ്ട്. അതിനാൽ കുറേ വിശ്രമിക്കതന്നെ. (കിട ക്കുന്നു.)

സദാരാമ: (ചെവികൊടുത്തിട്ട്)

(ശ്ലോകം 11)

എന്താണെൻ ശ്രുതിയിൽപതിച്ചതുമഹ–
ത്തായുള്ള സന്തോഷമോ?
സന്താപാഗ്നി കെടുത്തുവാനുദിതമാ–
യുള്ളോരു പീയൂഷമോ?
ചെന്താർമാനിനിതൻെറ വല്ലഭനെഴും
ചേണാൎന്ന കാരുണ്യമോ?
ചിന്താവേശമിയന്നു മൽപ്രിയതമൻതാൻ
ചൊന്ന വാക്യങ്ങളോ?

അദ്ദേഹം ഈ രാത്രിയിൽ തെരുവിൽക്കൂടി അലഞ്ഞു നടക്കുക എന്നുള്ളതു് സംഭാവ്യമാണോ? ഒരിക്കലും അല്ല. ഈ തോന്നൽ എല്ലാം എൻെറ മോഹചാപല്യ ത്തിൻെറ ഫലംതന്നെയാണു്. ഏതായാലും ദീപം കത്തിച്ചുനോക്കുന്നതിൽ വൈഷമ്യം ഒന്നുമില്ലല്ലോ. (അങ്ങനെ ചെയ്തിട്ട്) ഇതാ! അവിടെ ഒരാൾ നിശ്ചേ ഷ്ടനായി കിടക്കുന്നു. കേട്ടതു് എൻെറ പ്രിയതമൻെറ ശബ്ദംതന്നെ എന്നാണു് എനിക്കു തോന്നിയതു്. ആരാ ണെന്നറിയണമല്ലോ. (നാലുചുററും നോക്കി ഒരു പാശം കൈയിലെടുത്തിട്ട്) ഈ പാശം ഇവിടെ കെട്ടി ഇതിൽക്കൂടി പിടിച്ചു താഴെ ഇറങ്ങിച്ചെന്നു നോക്കുകതന്നെ. (അപ്രകാരം ചെയ്തിട്ട്) അയ്യോ! ഈ

കിടക്കുന്നതു് ഒരു ഭിക്ഷുവോ? അതോ എൻെറ ജീവിതസവ്വസ്വംതന്നെയോ?

പുഷ്പാംഗദൻ: (കാല്പെരുമാററംകേട്ട് കണ്ണുതുറന്നുനോക്കി ആശ്ചയ്യവ്യസനസന്തോഷസംഭ്രമങ്ങളോട്ടകൂടി എഴുന്നേററു സദാരാമയെ ഗ്രഹിച്ചുകൊണ്ടു്)

(ഗീതം 44. നാഥനാമക്രിയ—ആദിതാളം,
"നടക്കക്കാൽനോകുതയ്യോ" മട്ടു്)

രമണീജനങ്ങൾ ചൂട്ടം രമണീയമണിമാലേ!
കമനീ! സംപ്രതി നൽകി മമ നീ ജീവിതം ബാലേ!

സദാരാമ:

മലടിക്കു മകൻപോലെ കുരുടിക്കു മിഴിപോലെ
അഗതിക്കു നിധിപോലെ അണഞ്ഞു നീ മമ ചാലേ.

പുഷ്പാംഗദൻ:

വരുവതെല്ലാം സഹിച്ചു മരുവേണമെന്ന ധൈയ്യം
കരുതി വാഴ്കെടോ! ഖേദമരുതീ വിപത്തിലായ്യേ!

സദാരാമ:

മണിസിംഹാസനംതന്നിൽ മരുവേണ്ടതാമീയുടൽ
മണലിൽ കിടന്നീവണ്ണം മാഴ്കുമാറായിതല്ലോ!

പുഷ്പാംഗദൻ: അയേ ജീവനായികേ! ഇങ്ങനെ വ്യസനിക്കാതെ അതിൽപ്പിന്നെയുള്ള വത്തമാനങ്ങൾ പറക തന്നെ.

സദാരാമ: എനിക്കു് ഒരു വ്രതമുണ്ടെന്നും അതിൻെറ അവസാനത്തിൽ എന്നെ പരിഗ്രഹിച്ചുകൊള്ളണമെന്നും പറഞ്ഞു് ഞാൻ ആ ദുഷ്ടനെ ഒരുവിധം സമ്മതിപ്പിച്ചിരിക്കയാണു്. അന്നുമുതൽ എനിക്കു് ഈ മന്ദിരം പാക്കാനായി തന്നു. നാളെയാണു് വ്രതത്തിൻെറ അവധി. അക്കാര്യം ഓത്തു് ഞാൻ ഇന്നു നിരാശയായി അത്യന്തം ദുഃഖിച്ചുകൊണ്ടിരുന്നപ്പോഴാണു് ഈശ്വര

കാരുണ്യത്താൽ പ്രിയതമൻെറ ശബ്ദം കേട്ടതും ഇവിടെ വന്നതും. എന്നാൽ നമുക്കിനി ഇവിടെനിന്നു തെററുന്നതിനുള്ള കൗശലം എന്തെന്ന് ഉടൻതന്നെ ആലോചിച്ചു തീർച്ചയാക്കേണ്ടിയിരിക്കുന്നു.

പുഷ്പാംഗദൻ: എനിക്ക് ആകപ്പാടെ വളരെ പാരവശ്യം ഉള്ളതിനാൽ മനസ്സിന് ഒട്ടും ഉന്മേഷമില്ല. ഇവിടത്തെ സ്ഥിതിയേക്കുറിച്ചു നിശ്ചയവും ഇല്ല. അതിനാൽ ഭവതിതന്നെ ഉപായം ആലോചിച്ചു പറഞ്ഞാൽ മതി.

സദാരാമ: (സ്വല്പം ആലോചിച്ചിട്ട്) നാം ഇപ്പോൾ ഇവിടെനിന്ന് കാൽനടയായിപ്പോകുന്നത് ആപത്താണ്. അതിനാൽ അവിടുന്നു നാളെ രാത്രി തൃതീയയാമത്തിൽ ഇവിടെ ഗൂഢമായി വരണം. നമുക്കു വേഷച്ഛന്നന്മാരായിട്ടല്ലാതെ ഇനി സഞ്ചാരം പാടില്ല. അവിടുത്തേക്ക് ഈ സന്യാസിവേഷംതന്നെ ധാരാളം മതിയാകും. എനിക്ക് ഒരു പുരുഷവേഷം ധരിക്കുന്നതിനു വേണ്ട ഉടുപ്പുകൾ, നമുക്കു സവാരിചെയ്യുന്നതിനു രണ്ടു കുതിരകൾ ഇത്രയുംകൂടി വേണം. വന്നാൽ ഉടൻതന്നെ നമുക്ക് ഇവിടെനിന്നു പൊയ്ക്കളയാം.

പുഷ്പാംഗദൻ: അതേ, ആ ഉപായം കൊള്ളാം. എന്നാൽ കുതിരകളെയും ഉടുപ്പുകളും എങ്ങനെ വാങ്ങുന്നു?

സദാരാമ: അതിലേക്കു മാർഗ്ഗം ഉണ്ട്. (കഴുത്തിൽനിന്നും ഒരു പൊന്മാല എടുത്തിട്ട്) ഇതാ! ഈ മാല വിററു പണം വാങ്ങണം. (മാല കൊടുക്കുന്നു.)

പുഷ്പാംഗദൻ: (മാല വാങ്ങി നോക്കി ദുഃഖത്തോടുകൂടി)

(ശ്ലോകം 12)

നീലേന്ദീവരനേത്രതൻ ഗളതല-
ത്താലേ വിരാജിച്ച പൊ-
ന്മാലേ! നീയതിനെപ്പിരിഞ്ഞു പുനരി-
ക്കാലേ നിരാലംബയായ്
മാലേറുംവിധമെൻെറ പാണിയിലണ-
ഞ്ഞാലേവളാണോമലേ!
മേലേവം തവ നന്മ ചേപ്പ്തമലേ!
ചാലേ പ്രഭാലേപനാൽ?

സദാരാമ: അല്ലയോ പ്രിയനായ ജീവനാഥാ! ഇങ്ങനെ വിലപിച്ചുകൊണ്ടിരിക്കുന്നതിനു സമയവും സ്ഥലവും ഇതാണോ? ആരെങ്കിലും വന്നു നമ്മുടെ ഈ സമാഗമത്തെ കണ്ടുപിടിക്കുന്നതായാൽ അതു വലിയ ആപത്തായിത്തീരുകയില്ലയോ?

പുഷ്പാംഗദൻ: ഭവതി പറയുന്നതു ശരിതന്നെ. എന്നാൽ ഞാനിപ്പോൾ പോകട്ടെ. പറഞ്ഞതുപോലെ നാളെ രാത്രി തൃതീയയാമത്തിൽ നിശ്ചയമായി വരാം. വന്ന ഉടൻ ഈ കയററിൽ പിടിച്ചു കുലുക്കും. അപ്പോൾ ഭവതി വന്നേക്കണം. (ആത്മഗതം)

(ഗീതം 45. കാപി—ആദിതാളം. 'ദേവദേവാശയ'മട്ട്.)

എങ്ങനെയെൻ സദാരാമയെ
ഇങ്ങേവം ഞാൻ സന്ത്യജിപ്പൂ? —എങ്ങ

സദാരാമ:

ഇങ്ങനെയെൻ മനോവല്ലഭ!
മങ്ങിടൊല്ലാ സാമ്പ്രതം നീ.

പുഷ്പാംഗദൻ:

പോയിടുന്നേനിതാ! ജീവിത-
മായിടുന്ന നിന്നെ വിട്ടു —പോയി

സദാരാമ:

മാഴ്കിടൊല്ലാ വിഭോ! മംഗല-
മേകീട്ടും ശ്രീവാസുദേവൻ -മാഴ്കി

അയ്യോ! സമയം അതിക്രമിക്കുന്നു. ഞാൻ പോകട്ടയോ?

പുഷ്പാംഗദൻ: ആകട്ടെ.

(സദാരാമ കയറിൽ പിടിച്ചു കയറി മാളികയിൽ മറയുന്നു.)

ഹാ ഹാ!

(ശ്ലോകം 13)

നേത്രത്തിന്നമൃതായമാന്നമമലം സൗന്ദൎയ്യസാരം പ്രിയാ-
ഗാത്രം മാനസവും തളൎന്നിഹ മറഞ്ഞീടുന്നു വാടുന്നു
ഞാൻ,
(ധൈൎയ്യസമേതം)
ക്ഷാത്രം ധൈൎയ്യമിയന്നു ഞാനിനി വധൂരത്നം
വചിച്ചുള്ള നൽ-
സൂത്രംപോലെ നടത്തുവാൻ മടിവെടിഞ്ഞുദ്യോഗ-
മാൎന്നീടുവൻ.

(മറയുന്നു.)

## ആറാം രംഗം

[ഭാരതീസൗധത്തിനടുത്തുള്ള തെരുവ്. കള്ളൻ പ്രവേശിക്കുന്നു.]

കള്ളൻ: നമുക്കു ദൈവം തുണയുണ്ടെന്നു തീർച്ചതന്നെ. ഇത്ര അഴകുള്ള ഒരു പെണ്ണിനെ കൈക്കലാക്കുന്നതിനു് ഇടയായല്ലോ. വല്ലതും മോഷ്ടിക്കണമെന്നു വിചാരിച്ചു ഞാൻ വന്നൊളിച്ചുനിന്നു തരംനോക്കിയനേരത്തു തന്നെ ഇവർ രണ്ടുപേരുംകൂടി മിനുമിനുക്കുന്നതും വ്യസനിക്കുന്നതും ഇവിടെനിന്നും കടക്കുന്നതിനുള്ള വഴി

ആലോചിക്കുന്നതും മററും കേൾക്കാനിടയായതു നമ്മുടെ നല്ലകാലംതന്നെ. ഇനി ഇങ്ങനെ നിന്നാലൊക്കുല്ല. നേരം പാതിരായാവാറായിപ്പോയി. മറേറയാൾ വന്നേക്കും. (മേല്പോട്ടു നോക്കീട്ട്) ഈ മാളികയിൽ വെളക്കിന്റെ വെട്ടം ഒക്കെ മങ്ങിയിരിക്കുന്നു. നല്ല ഇരുട്ട്—കൊള്ളാം. (കൈയിലുള്ള ഉടുപ്പുകൾ നോക്കീട്ട്) അവൾക്കു് ഈ ഉടുപ്പു ധാരാളം മതിയാകും; കുതിരകൾ ഇവിടെ നില്ക്കുന്നുണ്ടു്. കക്കാൻ പഠിച്ചിട്ടുള്ള നമുക്കാണോ ഇതിനൊക്കെ പ്രയാസം? (മാളികക്കുടുത്തുചെന്നു നോക്കീട്ട്) ഇതാ തൂക്കുയറിട്ടിരിക്കുന്നു. ഇവൾ നല്ല ഒന്നാന്തരം കള്ളിയാണു്. തക്കമില്ല. എന്നോടു ചേരേണ്ടവൾതന്നെ. ഇനി താമസിക്കാൻ പാടില്ല. ഇപ്പോൾത്തന്നെ ഇവളേയുംകൊണ്ടു കടക്കണം. (പതുക്കെ നാലുവശവും നോക്കീട്ടു കയററിൽ പിടിച്ചു കുലുക്കുന്നു.)

(സദാരാമ പെട്ടെന്നിറങ്ങിവന്നു് ഉടുപ്പുകൾ വാങ്ങിധരിച്ചു രണ്ടുപേരും ഓരോ കുതിരപ്പുറത്തു കയറി പോകുന്നു.)

## ഏഴാം രംഗം

[ഭാരതീസൗധത്തിനടുത്തുള്ള തെരുവ്.]

പുഷ്പാംഗദൻ:

(ശ്ലോകം 14)

എന്താണെൻ പ്രിയനെത്തിടുന്നതിനമാന്തിക്കുന്ന-
തെന്നീവിധം
ചിന്താഭാരമിയന്നമന്ദമിഹ മൽപ്രാണാധിക-
പ്രേയസി

സന്താപഭ്രമതഷ്ഹഷ്ഭയരാഗാദ്യങ്ങളോട്ടം കളി–
പ്പന്തായുള്ളമനസ്സോടൊത്തുമരുവും സൗധം
സമീപസ്ഥമായ്.

(നാലുപുറവും നോക്കിനടന്ന് കയററിൽ പിടിച്ചു കുലുക്കി സ്വല്പനേരം നോക്കിനിന്നിട്ട്) എന്താണ് എൻെറ പ്രിയതമയെ കാണാത്തതു്; അവൾ ഉറങ്ങുകയോ! അതിബുദ്ധിശാലിനിയായ അവൾ എൻെറ ആഗമനത്തെ പ്രതീക്ഷിക്കാതെ ഉറങ്ങുകയോ? അതുണ്ടാകുന്നതല്ല. ഏതായാലും ഈ പാശത്തെ ഒന്നുകൂടി ചലിപ്പിക്കുകതന്നെ. (അങ്ങനെ ചെയ്തിട്ട്) ഹാ ഹാ! അവളെ കാണുന്നില്ലല്ലോ! ഇതിനു കാരണമെന്തു്! ഇതെന്തു മായം? സദാരാമ ഇവിടെ ഉണ്ടായിരുന്നെങ്കിൽ നിശ്ചയമായിട്ട് ഇപ്പോൾ ഇറങ്ങി വരുമായിരുന്നു. സമയം ഇത്രയായിട്ടും അവൾ വരാതിരിക്കുന്നതു് നോക്കുമ്പോൾ അവൾക്ക് എന്തോ ആപത്തു സംഭവിച്ചിരിക്കും എന്നൂഹിക്കേണ്ടിയിരിക്കുന്നു. ഇന്നലെ ഞങ്ങൾ തമ്മിലുണ്ടായ സമാഗമത്തെപ്പററി വല്ലവക്കും അറിവു കിട്ടിയോ? അഥവാ ആ കാമപാലൻ തന്നെ അവളുടെ വ്രതാവസാനകാലം വന്നതിനാൽ അവളെ മാററിപ്പാപ്പിച്ചുവോ? അങ്ങനെയാണെങ്കിൽ ഇവിടെ ഈ പാശം കാണ്മാൻ ഇടയില്ലല്ലോ. ഏതായാലും വിധി സമത്ഥൻതന്നെ. സംശയമില്ല. അല്ലയോ വിശ്വംഭരാ!

(ഗീതം 46. ആനന്ദഭൈരവി—ചാപ്പു്.)

അയ്യോ ഇനി ഞാനെവിടേക്കു പോകേണ്ടു?
മെയ്യോ തളന്നീടുന്നു
വയ്യോതുവാനാത്തി പൊയ്യോ നീയഹോ! കൃപ

ചെയ്‌വോനെന്നുള്ള മൊഴി?—വിഭോ! കൃപ
ചെയ്‌വോനെന്നുള്ള മൊഴി. -അയ്യോ

ഉണ്ടായൊരാൎത്തിയെ വീണ്ടും വളൎത്തുവാ-
നുണ്ടായോ യോഗമേവം
വണ്ടാർകുഴലിയെ കണ്ടാശ്വസിപ്പാനായ്
തിണ്ടാട്ടമാറായിതോ?—ഇനിയും ഞാൻ
തിണ്ടാട്ടമാറായിതോ? -അയ്യോ

(കയററിനെ നോക്കീട്ട്) അല്ലയോ പാശമേ!
കരസംഗമംകൊണ്ടു പുരുസൗഖ്യമേകിയ
സരസീരുഹാക്ഷിയവൾ
കരുണാലവംപോലും കരുതാതെ നിന്നെയും
തരസാ വെടിഞ്ഞുപോയോ?--എന്നെയെന്നപോൽ
തരസാ വെടിഞ്ഞുപോയോ? -അയ്യോ

എൻെറ പ്രിയതമയെ കൂടാതെ ശൂന്യമായ ഈ സ്ഥലത്തു് ഞാൻ എങ്ങനെ നിൽക്കുന്നു? അഥവാ എൻെറ പ്രിയതമയെ കണ്ടാശ്വസിക്കുന്നതിനു് ഇടയായ ഈ സ്ഥലത്തെ എങ്ങനെയാണു് ഞാൻ വിട്ടുപോകുന്നതു്? കഷ്ടം! ഇപ്രകാരം ഇതികൎത്തവ്യതാമൂഢനായി ഈ രാത്രിയിൽ തനിയെ ഈ തെരുവിൽ അലയുന്നതിനു് എനിക്കു സംഗതിയായല്ലോ ഈശ്വരാ! (കുറെ ആലോചിച്ചിട്ടു ഗൗരവത്തോടുകൂടി) ഇല്ല. എനിക്കു വ്യസനം ഇല്ല. എൻെറ പതിവ്രതാരത്നത്തെ തൊടുന്നതിനു അന്യൻ ശക്തനാകയില്ലെന്നു് എനിക്കു് നല്ല നിശ്ചയമുണ്ടു്. പിന്നെ ഞാൻ എന്തിനിങ്ങനെ വ്യസനിക്കുന്നു? വിധിമതം ആൎക്കറിയാം. ഏതായാലും ഞാൻ ഇനിയും നിരാശനാകുന്നില്ല. എൻെറ പ്രിയതമയെ അന്വേഷിച്ചു വീണ്ടും സഞ്ചരിക്കുകതന്നെ.

(മറയുന്നു.)

## നാലാം അങ്കം

### ഒന്നാം രംഗം

[കുന്തളരാജ്യത്തിലെ ഒരു വനപ്രദേശം.
കള്ളനും സദാരാമയും കുതിരപ്പുറത്തു യാത്രയായി പ്രവേശിക്കുന്നു.]

സദാരാമ: പ്രാണേശാ! നാം മായാപുരിരാജ്യംവിട്ട് വളരെദൂരം പോന്നുകഴിഞ്ഞല്ലോ. ഇതാ കിഴക്ക് അരുണോദയമാകാറായിരിക്കുന്നു. ഇനി നമുക്ക് ഇവിടെ ഇരുന്നു കുറേ വിശ്രമിക്കയല്ലേ?

കള്ളൻ: ഉം.

സദാരാമ: എന്നാൽ നമുക്ക് ഇറങ്ങാം.

കള്ളൻ: ഉം.

(രണ്ടുപേരും കുതിരകളിൽനിന്നിറങ്ങി ഇരിക്കുന്നു.)

സദാരാമ: ആവൂ! ഈശ്വരകൃപനിമിത്തം ആ മഹാദുഷ്ടന്റെ കൈയിൽനിന്നും തെററി രക്ഷപ്പെടുന്നതിനിടയായല്ലോ. ഇനി എന്തായാലും തരക്കേടില്ല.

കള്ളൻ: ഉം.

സദാരാമ: എന്താണ് പ്രിയതമൻ ഒന്നും മിണ്ടാത്തതു്? ക്ഷീണതയാലോ, വ്യസനത്താലോ?

കള്ളൻ: (ആത്മഗതം) ഇവിടെ ക്ഷീണവും ഇല്ലാ, വ്യസനവും ഇല്ല. തന്തോഴമേ ഉള്ളു. ഞാൻ തുശിമേൽ തപസ്സുനിന്നാൽ ഇങ്ങനെ ഒരുത്തിയെ കിട്ടുമോ? ഇങ്ങനെ മൂളിയാൽ എത്രനേരം മൂളും? നേരം വെട്ടംവീണുതുടങ്ങിയല്ലൊ. ഇനി പറഞ്ഞുതുടങ്ങാം. അല്ലാതെ എന്തു

ചെയ്യും? (പ്രകാശം) എൻെറ ഓമനപ്പെണ്ണേ! എനിക്കു വളരെ ക്ഷീണവും വെസനവും ഒണ്ടു്.

സദാരാമ: (ഞെട്ടീട്ടു് ആത്മഗതം) അയ്യോ! ഞാൻ ഈ കേൾക്കുന്നതു് ആരുടെ ശബ്ദം? ഞാൻ സ്വപ്നംകാണുന്നുവോ? ഇതെന്തു്? (മുഖത്തിൽ സൂക്ഷിച്ചുനോക്കീട്ടു്) ചതിക്കാൻ ഭാവിച്ച എനിക്കുതന്നെ ചതിപററിയോ? ഓ! ഇതങ്ങനെതന്നെ. കഷ്ടം കഷ്ടം!

കള്ളൻ: (നേരെ നോക്കീട്ടു്) എന്തിനു വെറുതേ സൂക്ഷിക്കുന്നു? ഇതു പുള്ളി വേറെ!

സദാരാമ: (ആത്മഗതം) അയ്യയ്യോ! ഈ കരിങ്കള്ളനാണോ എൻെറ പ്രിയതമൻ?

(ഗീതം 47 അഠാണകാനട—ആദിതാളം.)

അയ്യോ! എനിക്കേവം ആത്തിവരുവാനെന്തേ?<br>
മെയ്യോ കുഴഞ്ഞീടുന്നു മാധവ ദൈവമേ!<br>
ഒരു കൗശലംതേടി വരനോടുചേൻകൂടി<br>
മരുവിടാൻ കൊതിയോടിപ്പെരുവഴിതന്നിലോടി,<br>
—അയ്യോ

കള്ളൻ: കരയീം വിളിക്കീം ഒന്നും വേണ്ട. ഞാനുണ്ടല്ലോ പാപ്പിച്ചുകൊള്ളാൻ.

സദാരാമ:

വകതിരിവേയില്ലാ—ത്തിവനോടെന്തോന്നു ചൊല്ലാം?<br>
വരുവതു പാക്കിലെല്ലാം വൻപിണ'യല്ലാതില്ലാ.<br>
—അയ്യോ

കള്ളൻ: ഏു ഓമനെ! എന്തിനു കരയുന്നു?

(ഗീതം 48. കാപി—ആദിതാളം 'തില്ലേലക്കടി' മട്ടു്.)

വേണ്ടാ സങ്കടം വേണ്ടാ നീ കര-<br>
യേണ്ടാ തെല്ലുമെൻ പെൺമണിയേ!

വേണ്ടാ സങ്കടം വേണ്ടാ നീ കര-
യേണ്ടാ തെല്ലുമെൻ കൺമണിയേ!
നല്ലൊരു ദേശം തിരക്കിയിവിടെ ഞാൻ
നല്ല ഗൃഹമൊന്നു വാങ്ങീട്ടവൻ
നല്ലസുഖമായ് നമുക്കതിൽ പാർത്തിടാ-
മല്ലോ നിനക്കു നീ മങ്കയാളേ!
പട്ടിണിയിലകപ്പെട്ടുപോമെന്നു നീ-
യൊട്ടും നിനച്ചുഴൽപ്പെട്ടിടേണ്ടാ
മുട്ടാതെ വേണ്ടവ കട്ടുകൊണ്ടന്നു ഞാ-
നൂട്ടീട്ടവൻ നിന്നെ വാട്ടമെന്യേ.

സദാരാമ: (മന്ദഹാസത്തോടുകൂടി) എന്നും കക്കാൻ തരം കിട്ടിയില്ലെങ്കിലോ?

കള്ളൻ: അതൊന്നും നീ കൂട്ടാക്കണ്ടാ, ഉണ്ടു കൗശലം.

സദാരാമ: കുറേനാൾ കഴിയുമ്പോൾ കെട്ടിയവളെ ത്തിരക്കിപ്പോകുമോ എന്തോ?

കള്ളൻ: ഞാനോ! കൊള്ളാം! അതൊരുനാളുമില്ല.

സദാരാമ: എന്നാൽ മതി. ഇപ്പോൾ ഒരു കാര്യം വേണ്ടിയിരിക്കുന്നു. എനിക്കു ദാഹം സഹിച്ചുകൂട. കുറേ വെള്ളം പോയിക്കൊണ്ടുവരണം. എനിക്കൊരടി നടക്കാൻ പാടില്ല.

കള്ളൻ: ഇവിടെ അടുക്കലെങ്ങും വെള്ളം കിട്ടുമെന്നു തോന്നുന്നില്ലല്ലോ.

സദാരാമ: അയ്യോ! അതൊന്നും പറഞ്ഞാൽ പോരാ. വെള്ളം കുടിച്ചില്ലെങ്കിൽ ഇപ്പോൾ എന്റെ പ്രാണൻ പോകും. എവിടെയെങ്കിലും പോയി വെള്ളം കൊണ്ടു വന്നേകഴിയൂ.

കള്ളൻ: ഞാൻ വരുമ്പോഴേക്കുനീകടന്നുകളഞ്ഞെങ്കിലോ?

സദാരാമ: കൊള്ളാം. നല്ലകാര്യം! അല്ലെങ്കിൽ, തീരെ

നടക്കാൻപാടില്ലെങ്കിലും, ഞാൻകൂടെ വന്നുകളയാം. പിന്നെ സംശയമില്ലല്ലോ.

കള്ളൻ: അത്ര ബുദ്ധിമുട്ടണമെന്നില്ല.

സദാരാമ: ഞാൻ താങ്കളെ വിട്ട് ഈ കാട്ടിൽ എവിടെ പോകുന്നു? എന്നെ വല്ല രാക്ഷസന്മാരും പിടിച്ചു ഭക്ഷിച്ചുകളഞ്ഞെങ്കിലോ? അത്ര ബുദ്ധിയില്ലാത്തവളാണോ ഞാൻ? ഭർത്താവു പോയി, സ്വദേശവും പോയി, ഇനി ഈ ഒരാളെ ദൈവം തന്നിട്ടുണ്ട്, ഈയാളെയും വിട്ടു ഞാൻ തനിച്ചു പോകയോ?

കള്ളൻ: എന്നാൽ ഇതാ! ഞാൻ വെള്ളവുംകൊണ്ടു വന്നു കഴിഞ്ഞു. (ഓടിപ്പോയി)

സദാരാമ: ഹാ ഹാ! ഹതവിധേ! നീ ഇനിയും എന്നെ പരീക്ഷിക്കയാണോ? ആകട്ടെ, ഞാൻ നിന്നെയും ഒന്നു പരീക്ഷിക്കാതെ വിടുകയില്ല. കള്ളൻ വരുന്നതിനുമുൻപേ ഇവിടെനിന്നു കടക്കണം. ഇവൻ വന്നാലും അതിവേഗത്തിൽ എന്നെ അനുഗമിക്കാതിരിപ്പാനായി ഒരു കുതിരയുടെ കടിഞ്ഞാൺ മുതലായവ എടുത്ത് ഈ കാട്ടിൽ കളയുന്നതു നന്നായിരിക്കും.

(അപ്രകാരം ചെയ്തിട്ട് കുതിരപ്പുറത്തു കയറി പായുന്നു.)

## രണ്ടാം രംഗം

[കുന്തളരാജധാനിയുടെ ഒരു മുറി.
പ്രതാപവർമ്മചക്രവർത്തി ഇരിക്കുന്നു.]

പ്രതാപവർമ്മ:

ഞാൻ പുത്രലാഭം ഉണ്ടാകുന്നതിനായി പരമശിവനെ സേവിച്ചതിൽ എനിക്കു ലഭിച്ചതു് ഒരു പുത്രിയാണ്. പുത്രഭാഗ്യം എനിക്കില്ലെന്നും, എന്നാൽ പുത്രിക്കു സക

ലഗുണസമ്പന്നനായ ഒരു ഭത്താവുണ്ടാകുമെന്നും, അയാൾ എന്റെ പില്ക്കാലം നാട്ടവാഴുമെന്നും പരമശിവൻ അരുളിച്ചെയ്തിട്ടുണ്ട്. പുത്രിയെ ഒന്നിലധികം രാജകുമാരന്മാരെക്കൊണ്ടു വിവാഹം ചെയ്യിച്ചു. ഹാ! കഷ്ടം! വിവാഹം ചെയ്തവരെല്ലാം പത്മാവതിയോടു കൂടി ചേരുന്ന രാത്രിയിൽതന്നെ മൃതന്മാരായിത്തീരുകയാണു ചെയ്തിട്ടുള്ളതു്. വേണ്ട അന്വേഷണങ്ങൾ എല്ലാം ചെയ്തിട്ടും ഈ മരണത്തിന്റെ കാരണം എന്താണെന്നു് ഇതേവരെ അറിവാൻ ഇടയായിട്ടില്ല. ഇനി എന്താണിവിടെ കത്തവ്യമായിട്ടുള്ളതു്? ഏതായാലും മന്ത്രിയുടെ അഭിപ്രായംകൂടി അറിയുകതന്നെ. ആരവിടെ?

(പ്രവേശിച്ച ഭൃത്യനോടു്)

മന്ത്രിയെ വേഗം കൂട്ടിക്കൊണ്ടു വരൂ.

(ഭൃത്യൻ പോയി.)

(ഗീതം 49. സുരുട്ടി—രൂപകം. 'പരദേവി' എന്ന മട്ടു്)

പരമേശ! നിൻപാദയുഗം ശരണം മമ—പരമേശാ!
വരമേകിയീവിധമഴൽ ഹന്ത! ചേപ്പ്തെന്തു? ദേവ!
-പര

ദുരിതമിതൊഴിവാ—നിഹ—കരുണചെയ്ക നീ
ദൂരിതനിജഭക്തഖേദ! ദീനലോകപാരിജാത!
-പര

(മന്ത്രി പ്രവേശിക്കുന്നു.)

പ്രതാപവമ്മ: പത്മാവതിയുടെ വിവാഹത്തെപ്പറ്റി ഇനി മന്ത്രിയുടെ അഭിപ്രായം എന്താണെന്നറിയേണ്ടിയിരിക്കുന്നു.

മന്ത്രി: പത്മാവതിയുടെ ഭത്താവാണു് അനന്തരചക്രവത്തിയെന്നു സാക്ഷാൽ പരമശിവൻ അരുളിച്ചെയ്തിട്ടു

ള്ളതു മറിച്ചുവരാൻ ഇടയില്ല. അതിനാൽ വീണ്ടും വിവാഹം നടത്തണമെന്നാണ് എൻെറ പക്ഷം.

പ്രതാപവമ്മ: വിവാഹം ചെയ്യുന്നവരെല്ലാം അന്നന്നു മരിക്കുന്ന സ്ഥിതിക്ക് ഇനി അതിലേക്കായി ആരാണ് ധൈയ്യപ്പെടുന്നതു്?

മന്ത്രി: അതു വാസ്തവംതന്നെ. എങ്കിലും നമുക്കിതിൽ ഒട്ടും അധൈയ്യം ഉണ്ടാവാൻ പാടില്ല. പത്മാവതിയുടെ ഭത്താവും അനന്തരചക്രവത്തിയുമായി ഈശ്വരനാൽ നിർദ്ദേശിക്കപ്പെട്ട ഒരു പുണ്യപുരുഷൻ നിശ്ചയമായി ഉണ്ടായിരിക്കണം. അയാൾ വരുന്നതുവരെ ഈ വിവാഹത്തെ നാം തുടച്ച്യായി നടത്തിക്കൊണ്ടിരിക്കതന്നെ വേണ്ടിയിരിക്കുന്നു.

പ്രതാപവമ്മ: അതിനെന്താ മാഗ്ഗം?

മന്ത്രി: നമ്മുടെ ഈ ഗ്രാമങ്ങളിൽ യോഗ്യന്മാരായ ദ്വിജന്മാർ ധാരാളം ഉണ്ട്. അവരുടെ പേരുകൾ തുണ്ടുകളിൽ എഴുതിയിട്ട് എടുത്താൽ ആരുടെ പേരു വരുന്നുവോ അയാളെ പത്മാവതിയുടെ വരനായി നിശ്ചയിക്കണം. ആഡംബരങ്ങളോടുകൂടി പ്രകടമായി വിവാഹം നടത്തുന്നതു് ആ ഒരു രാത്രി കഴിഞ്ഞിട്ടു മതിയാകും!

പ്രതാപവമ്മ: അപ്രകാരം ചെയ്യുന്നതു സാഹസമല്ലയോ? ഇനിയും ആളുകളെ ഇങ്ങനെ വധിക്കുന്നതു് എത്രയോ മഹാകഷ്ടമാണ്.

(ശ്ലോകം 15)

എല്ലാലോകരെയും വിപത്തുകളൊഴി–
ച്ചൻപോടുപാലിച്ചുകൊ–
ണ്ടുല്ലാസത്തൊടു മേവിടേണ്ട നൃവരൻ
കാരുണ്യലേശോദയം

ഇല്ലാത്താത്മജനങ്ങളെ പ്രതിദിനം
കൊല്ലാനിരിക്കുന്നുവെ-
ന്നല്ലാതീ നിയമം നടപ്പിൽ വരികിൽ
ചൊല്ലീടുകില്ലാരുമേ.

ആ ദുഷ്കീർത്തിയെ നാം എങ്ങനെ സഹിക്കും?

മന്ത്രി: തിരുമേനി! അങ്ങനെ വിചാരിക്കാനില്ല. രണ്ടോ മൂന്നോ പുരുഷന്മാർ വിവാഹം ചെയ്തു എന്നും മരിച്ചു എന്നും ഉള്ളതുകൊണ്ട് ഇനി വിവാഹം ചെയ്യുന്നവരെല്ലാം അപ്രകാരംതന്നെ മരിക്കണമെന്നുണ്ടോ? മരിച്ചവർ അവരുടെ വിധിയെ കഷ്ടത കൂടാതെ അനുഭവിച്ചു എന്നേ വിചാരിക്കാനുള്ളു. ഈശ്വരവിലാസം ആർക്കറിയാം. അതിനാൽ,

(ശ്ലോകം 16)

രാജ്യത്തിന്നൊരരാജകത്വമുളവാ-
യാലുള്ള ദോഷത്തെയും
പൂജ്യശ്രീപുരവൈരി മുന്നമരുളി-
ച്ചെയ്തുള്ള വാക്യത്തെയും
ആജ്യന്തോജ്ജ്വലവീര്യകീർത്തിവസതേ!
നന്നായ് നിനച്ചിന്നു നാം
പ്രാജ്യസ്ഥൈര്യവിലാസമോടിഹ മുദാ
കൃത്യം നടത്തീടണം.

പ്രതാപവർമ്മ: എന്നാൽ മന്ത്രിയുടെ അഭിപ്രായംപോലെ നടക്കട്ടെ. എനിക്ക് എല്ലാംകൊണ്ടും മനസ്സിനു തീരെ സ്വാസ്ഥ്യം ഇല്ല. ഈ ഭൂഭരണമാകുന്ന മഹാഭാരം എത്രയും വേഗത്തിൽ ഒരാളുടെ ശിരസ്സിൽ സമർപ്പിക്കാൻ സംഗതിയായാൽ കൊള്ളാമെന്നേ എനിക്കാഗ്രഹമുള്ളു.

മന്ത്രി: തിരുമനസ്സിലെ അഭിലാഷം അചിരേണ സഫല

മാകാൻ ഈശ്വരൻ കടാക്ഷിക്കട്ടെ. വിവാഹകാര്യ മെല്ലാം ഞാൻ വേണ്ടപോലെ അന്വേഷിച്ചുകൊള്ളാം.

(മറയുന്നു)

## മൂന്നാം രംഗം

[കുന്തളത്തിലെ ഒരു ബ്രാഹ്മണാഗാരം.
മാറത്തടിച്ചു നിലവിളിച്ചുകൊണ്ട് ഒരു ബ്രാഹ്മണവിധവ പുത്ര സമേതം പ്രത്യക്ഷീഭവിക്കുന്നു.]

വിധവ: അയ്യയ്യോ! എന്റെ പൊന്നുമകനേ! നിന്നോടു കൂടാതെ ഞാൻ എങ്ങനെ ജീവിച്ചിരിക്കും? നിന്നെ കണ്ടുംകൊണ്ടു മരിക്കണമെന്നല്ലയോ ഞാൻ വിചാരിച്ചിരുന്നതു്?

പുത്രൻ: അമ്മേ! ഇതെന്തൊരു വ്യസനമാണു്? അടങ്ങിയിരിക്കിൻ.

വിധവ: ഞാൻ എങ്ങനെ അടങ്ങിയിരിക്കും? അവിടെ പോയവർ വല്ലവരും ജീവനോടെ തിരിച്ചുവന്നിട്ടുണ്ടോ? അയ്യോ! ഞാനിപ്പോൾത്തന്നെ പ്രാണൻ കളയുന്നുണ്ടു്. (താഴെ വീണുരുണ്ടു മൂർച്ഛിക്കുന്നു.)

പുത്രൻ: കഷ്ടം! ഇതു വലിയ ആപത്തായല്ലോ. അമ്മേ! അമ്മേ! എണീക്കണേ. എണീക്കണേ.

വിധവ: (ബോധത്തോടുകൂടി) എനിക്കു് രണ്ടുമൂന്നു കുട്ടികളെങ്കിലും ഉണ്ടായിരുന്നെങ്കിൽ കുറേ സമാധാനപ്പെടാമായിരുന്നു. ഇതെന്റെ ഏകപുത്രനാണല്ലോ ദൈവമേ! മഹാരാജാവു് വളരെ ദയാലുവാണെന്നത്രേ എല്ലാവരും വിചാരിച്ചിരുന്നതു്. ഇപ്പോൾ അവിടുന്നു് ഇങ്ങനെ നിശ്ചയിച്ചതു പ്രജകളുടെ ഭാഗ്യദോഷംതന്നെ ആയിരിക്കാം.

പുത്രൻ: അമ്മേ! വ്യസനിക്കാതിരിപ്പിൻ. ജനിച്ചാൽ ഒരിക്കൽ മരിക്കുമെന്നു തീർച്ചയാണല്ലോ. ആയവസ്ഥയ്ക്കു മുൻകൂട്ടി മരിക്കുന്നതു നല്ലതാണ്. ഇതു വിശേഷിച്ചും സുഖമായ മരണമാകുന്നു. ഒരു രാത്രികൊണ്ടു കഥയെല്ലാം കഴിയും. രോഗം വല്ലതും പിടിപെട്ടു ബുദ്ധിമുട്ടുകയും ഔഷധങ്ങൾ സേവിച്ചു കഷ്ടപ്പെടുകയും ഒന്നും വേണ്ടല്ലോ.

വിധവ: അയ്യോ! നിന്നെ കൊല്ലാൻ ഞാൻ സമ്മതിക്കയില്ല. മഹാരാജാവിന്റെ അടുക്കൽ ഞാൻകൂടി വരാം; എന്നെ കൊന്നുംവച്ച് അവിടുന്നു നിന്നെ എടുത്തുകൊള്ളട്ടെ. (പിന്നെയും മാറത്തടിച്ചു നിലവിളിക്കുന്നു.)

(പുരുഷവേഷധാരിണിയായ സദാരാമ പ്രവേശിക്കുന്നു.)

സദാരാമ: ഹേ അമ്മേ! എന്തിനു നിലവിളിക്കുന്നു? പറയണം. എന്താപത്തുണ്ടായി? കരയാതെ പറയണം.

വിധവ: അയ്യോ! എൻെറ പൊന്നപ്പനേ! എൻെറ മകൻ മരിക്കാൻ പോകുന്നു.

സദാരാമ: വിസ്തരിച്ചു പറയണം; ഞാൻ രക്ഷിക്കാം.

വിധവ: ഇവിടത്തെ രാജാവിൻെറ മകളെ വിവാഹം ചെയ്‌വാൻ ഇന്നു പോകേണ്ടവൻ എന്റെ മകനാണ്. വിവാഹം ചെയ്യുന്ന ആൾ അന്നേദിവസം രാത്രി തന്നെ മരിക്കുന്നതു് ഇവിടത്തെ പതിവാകുന്നു.

സദാരാമ: അതിനു കാരണം എന്തു്?

വിധവ: കാരണം ആക്കും അറിഞ്ഞുകൂടാ. എൻെറ ഈ മകനെ ഇന്നേദിവസം അയയ്ക്കണമെന്നു് ഇപ്പോൾ കല്പന വന്നിരിക്കുന്നു. കല്പനയെ ലംഘിക്കാൻ നിവൃത്തിയില്ല. അയച്ചാൽ ഇവൻ മരിച്ചുപോകുന്നതു നിശ്ചയമാണ്. എനിക്കു പിന്നെ പുത്രനും ഇല്ല; ആരും

ഇല്ല. അതിനാൽ ഞാനുംകൂടി ഇപ്പോൾത്തന്നെ ഏതു വിധവും പ്രാണഹാനി വരുത്തുവാൻ തീർച്ചയാക്കിയിരിക്കയാണ്. എന്റെ പൊന്നപ്പനേ! നീ ഇവിടെ വിചാരിച്ചാൽ ഒന്നും ചെയ്വാൻ കഴികയില്ല.

സദാരാമ: ഞാൻ നിങ്ങളെ രക്ഷിക്കാം. നിങ്ങൾ കരയാതിരിക്കിൻ.

വിധവ: അതെങ്ങനെയാണ്?

സദാരാമ: നിങ്ങളുടെ പുത്രനു പകരം ഞാൻ പോയേക്കാം. അതു പോരയോ?

വിധവ: അയ്യോ! എൻറപ്പൻ മരിക്കാൻപോകുന്നതിനു ഞാൻ എങ്ങനെ സമ്മതിക്കും.

സദാരാമ: ഞാൻ പോയാൽ മരിക്കയില്ല. നിങ്ങൾ ആശ്വസിപ്പിൻ.

വിധവ: എന്റെ പൊന്നപ്പനെ! പോയവരൊക്കെ മരിച്ച സ്ഥിതിക്കു നീ മാത്രം രക്ഷപ്പെട്ടുന്നതെങ്ങനെ?

സദാരാമ: അക്കാര്യം അമ്മ എന്തിനറിയുന്നു? അമ്മയും മകനും ഇവിടെ വ്യസനിക്കാതെ സന്തോഷമായി പാക്കുമോ? എങ്കിൽ ഞാൻ അക്കാര്യം സാധിച്ചുകൊള്ളാം സംശയമില്ല.

വിധവ: (ആത്മഗതം) ഈ വന്നിരിക്കുന്നതു ദൈവംതന്നെ ആയിരിക്കുമോ? എന്റെ ഈ ദുഃഖം തീർപ്പാൻ ദൈവം ഇങ്ങനെ വേഷം മാറി വന്നതായിരിക്കാം. ഈ അപ്പനെ കണ്ടതിൽ എത്ര കോമളനായിരിക്കുന്നു! എന്തു തേജസ്സാണ്! (പ്രകാശം) അപ്പനേ! നീ എന്തു പറയുന്നു?

സദാരാമ: ഞാൻ നിങ്ങളുടെ പുത്രനായിട്ട് ഇപ്പോൾത്തന്നെ രാജധാനിയിലേക്കു പൊയ്ക്കൊള്ളാം.

പുത്രൻ: എനിക്കുവേണ്ടി മററൊരാളെ മരിക്കാൻ അയയ്ക്കു ന്നതു നീതിയാണോ?

സദാരാമ: എടോ, ഞാൻ അമ്മയെ ഒരുവിധം സമാധാന പ്പെടുത്തിയിരിക്കുന്നു. താൻ ഇനി ശാഠ്യം ഒന്നും പറ ഞ്ഞേക്കരുതു്. ഈശ്വരകൃപയാൽ ഞാൻ ആപത്തൊ ന്നും വരാതെ നോക്കിക്കൊള്ളാം. നിങ്ങൾ ഒട്ടും വ്യസ നിക്കാതിരുന്നാൽ മതി. മരിക്കാതിരിക്കാൻ വേണ്ട കൗശലങ്ങൾ ഞാൻ ചെയ്തുകൊള്ളാം. അമ്മേ! നിങ്ങൾ ഇക്കാര്യത്തിൽ ഇനി എന്നോടൊന്നും മറുത്തു പറ ഞ്ഞേക്കരുതു്.

വിധവ: അയ്യയ്യോ! എന്നെപ്പോലെ ഒരു സ്ത്രീയാണല്ലോ അപ്പനേയും പ്രസവിച്ചതു്! അപ്പൻ എന്തൊക്കെപ്പറ ഞ്ഞിട്ടും പോകാൻ പറയുന്നതിനു് എനിക്കു മനസ്സു വരുന്നില്ല.

സദാരാമ: വ്യസനിക്കേണ്ട; ഈശ്വരൻ രക്ഷിക്കും. ഞാൻ ഇതാ രാജധാനിയിലേക്കു പോകുന്നു. നിങ്ങൾക്കു മംഗ ളം ഭവിക്കട്ടെ.

(വിധവയും പുത്രനും മറയുന്നു.)

(ചുററിനടന്നിട്ടു്) എൻെറ ആഗ്രഹം സഫലമാ യതിൽ എനിക്കു വളരെ സന്തോഷം ഉണ്ടു്. ഞാൻ പാതിവ്രത്യഭംഗം വരാതിരിക്കുന്നതിനായി കാമപാ ലൻ, കള്ളൻ ഇവരെ ചതിച്ചു. ഇതേവരെ എൻെറ പ്രിയതമനെ കാണ്മാൻ ഇടയായതുമില്ല. ഇനി കാണു ന്നതും അത്ര എളുപ്പമാണെന്നു തോന്നുന്നില്ല. കഷ്ടം! ആ മാളികയുടെ ചുവട്ടിൽ ആ രാത്രിയിൽ വന്നു നോ ക്കീട്ടു് എന്നെ കാണാതെയാകുമ്പോൾ അദ്ദേഹത്തി ൻെറ അവസ്ഥ എന്തായിരിക്കും? ഈശ്വര! അതു വിചാരിക്കാൻകൂടി മനസ്സുവരുന്നില്ല. ഏതായാലും

എനിക്കിനി ഭർത്താവോടുകൂടാതെയുള്ള ഈ ജീവിതം നിസ്സാരവും നിന്ദ്യവും ആണ്. അതിനാൽ എങ്ങനെയെങ്കിലും പ്രാണത്യാഗം ചെയ്യണം. ഇപ്പോൾ അതിലേക്ക് നല്ല ഒരു സൗകര്യവും വന്നുചേർന്നു. (സ്വദേഹം നോക്കീട്ട്) എന്നെ കണ്ടാൽ സ്ത്രീയാണെന്നാരും വിചാരിക്കയില്ല. തൽക്കാലത്തേക്ക് എന്റെ പേർ സദാരാമൻ എന്നായിരിക്കട്ടെ. ആത്മസംരക്ഷണത്തേക്കാൾ ശ്രേഷ്ഠമായ ധർമ്മം മറെറാന്നുമില്ലെന്നാണല്ലോ സകല ശാസ്ത്രങ്ങളും ഘോഷിക്കുന്നതു്, അതിനാൽ,

(ശ്ലോകം 17)

കേണീവണ്ണം മൃതിയണവതിന്നായ്-
തുടർന്നോരു സാധ്വ-
ക്ഷോണീസത്രാശനവിധവയും
സൂനുവും സാനുമോദം
വാണീടാനായിഹ സപദി മൽകായമക്കാലദൂത-
ശ്രേണീപാശത്തിനു വിഷയമാകുന്നതാനന്ദമത്രേ.

(മറയുന്നു.)

## നാലാം രംഗം

(കുന്തളരാജധാനിയിൽ അന്തഃപുരത്തിലുള്ള ഒരു ശയനമുറി. ഒരു സ്വർണ്ണപല്യങ്കത്തിൽ പത്മാവതി ഇരിക്കുന്നു)

പത്മാവതി: ഹാ! ഹാ! ദൈവമേ! നീ എന്തിനായിട്ടാണ് എന്നെ ഈ കുന്തളരാജ്യചക്രവർത്തിയുടെ പുത്രിയായി ജനിപ്പിച്ചതു്? എന്റെ ഭർത്താവായി വരുന്ന പുരുഷനോട്ട് അല്പകാലമുള്ള സംഭാഷണസുഖമെങ്കിലും ഞാൻ അനുഭവിക്കുന്നതിനെ നീ സഹിക്കുന്നി

ല്ലല്ലോ. ആ പുരുഷന്റെ ആഗമനക്ഷണത്തിൽതന്നെ നീ എനിക്കു ഗാഢനിദ്രയെ തരുന്നതിന്റെ ഉദ്ദേശ്യം എന്തായിരിക്കും? അഥവാ ഞാൻ ഇങ്ങനെ എന്തിനു ദൈവോപാലംഭം ചെയ്യുന്നു? ഭവിതവ്യം അലംഘനീയമാണല്ലൊ. സാക്ഷാൽ പരമശിവൻതന്നെ എന്നെ രക്ഷിക്കട്ടെ.

(സദാരാമൻ ഖഡ്ഗപാണിയായി പ്രവേശിക്കുന്നു. പത്മാവതി മെത്തയിൽ വീണു ഗാഢനിദ്രയെ പ്രാപിക്കുന്നു.)

സദാരാമൻ: (സാശ്ചര്യം) ഇതെന്തു ജാലമാണ്! ഇതാ! ഞാൻ വന്ന ഉടൻതന്നെ ഈ സാദ്ധ്വിയായ യുവതി മൂർച്ഛിതയായിരിക്കുന്നു. ഒന്നു വിളിച്ചാലോ? അയേ പത്മാവതി! അല്ലയോ സുമുഖി! ഉണർന്നാലും. ഹാ ഹാ! കഷ്ടം! ഇവൾക്കു ലേശംപോലും ബോധമില്ല. എത്ര സൗന്ദര്യശാലിനിയായ പെൺകുട്ടി! ഇവൾക്ക് ഇങ്ങനെ ഒരു ദുർഭാഗ്യം നേരിട്ടുവല്ലൊ.

(ഗീതം 50—അഠാണ ആദിതാളം)

കണ്ടാലാരും കൗതുകമോടെ കൊണ്ടാടേണ്ടവളാം
വണ്ടാർകുഴലിയിവൾക്കീയവശതയുണ്ടായതു പാർത്താൽ
ചിത്രമഹോ! പാരം—ദൈവചേഷ്ടിതമെല്ലാമേ.

എനിക്കു മരണത്തിൽ ഒട്ടുംതന്നെ കൂസൽ ഇല്ല. എന്നാൽ ഇതിൽ എന്തോ ഒരു മായാപ്രയോഗം ഉണ്ടെന്നുള്ളതു നിസ്സംശയമാണ്. അതിനാൽ ഇവളോടു സഹശയനം ചെയ്‌വാൻ പാടില്ല. ഇതിന്റെ കാരണം കണ്ടുപിടിച്ചാൽ പക്ഷേ, ഇനി മേലിലെങ്കിലും ഇവിടെ ഈ ആപത്തുണ്ടാകാതിരുന്നേക്കാം. ആകയാൽ,

ആർത്തിയിവളും വരുവാൻ ബന്ധം
പൂർത്തിയോടേയറിവാൻ

പാൎത്തിട്ടവൻ ഞാനതീശിതമാം മിഴി-
ചേൎത്തിഹ നിശമുഴവൻ. -ചിത്ര

(നാലുവശവും നോക്കീട്ട് സൂക്ഷ്മദൃഷ്ടിയോടെ നില്ക്കുന്നു.)

(ഒരു ഗന്ധൎവ്വൻ വിമാനമാൎഗ്ഗേണ പ്രവേശിക്കുന്നു.)

ഗന്ധൎവ്വൻ:

(ഗീതം 51. ഖമാജ്—ആദിതാളം 'വനജാക്ഷി നീ' എന്ന മട്ട്.)

വിലസുന്നിതാ! മുന്നിലായ്-വിധുമുഖിയുടെ മാളിക
വിലസുന്നിതാ മുന്നിലായ്
വിമലതപെരുകിന വിധുകിരണാവലീ
വിപുലകാന്തിവിഭവേന കലൎന്നിഹ -വില

മേദിനിയാകിയ മധുമൊഴി തന്നുടെ
മേദുരാഭതിലകായിതമായിഹ -വില

കുന്ദമുഖകുസുമവൃന്ദകൃതനാടന-
മന്ദമാരുതനിഷേവിതമായിഹ. -വില

ഇനി വിമാനത്തിൽനിന്നും ഇറങ്ങി എന്റെ ഹൃദയ മോഹിനിയുടെ സമീപത്തിൽ പ്രവേശിക്കതന്നെ. (ഇറങ്ങി നടന്നു നോക്കീട്ട്) ഇന്നത്തെ ഭാവം അസാധാരണമായിരിക്കുന്നല്ലോ. ഇതിനു കാരണമെന്തു്? ഭൎത്താവാകുന്ന ആൾ ഇവിടെ വന്നു് ഇവളോടുകൂടി ശയിക്കയും അനന്തരം എന്റെ ശക്തിവിശേഷത്താൽ മരിക്കയും ചെയ്യുമായിരുന്നു പതിവ്. ഇന്നിവൻ ജാഗരൂകനായിട്ട് സൂക്ഷിച്ചുനില്ക്കുന്നുവല്ലോ. (കുറേക്കൂടി അടുത്തുചെന്നു നോക്കീട്ട്) ഇതു് പുരുഷവേഷധാരിണിയായ ഒരു സ്ത്രീയാണല്ലോ! ഇതെന്താശ്ചൎയ്യം! അല്ലാ ഞാൻ കാണുന്നതു് ആരെയാണു്? ഇതു സ്വാമിനിയായ രംഭതന്നെയല്ലയോ? എനിക്കു് എന്റെ കണ്ണുകളെ വിശ്വസിക്കാൻ പാടില്ലാതെ ആയിരിക്കുന്നു.

(ശ്ലോകം 18)

അവ്യാജമാധുരിയെഴുന്ന മനോജ്ഞമാമി–
ദ്ദിവ്യാഭ മാനുഷിയിലെങ്ങനെ സംഭവിപ്പൂ?
സുവ്യക്തമായരിയ വൈരമതിൽ തിളങ്ങും
നവ്യപ്രഭാപടലിയസ്ഫടികത്തിലുണ്ടോ?

(സൂക്ഷിച്ചുനോക്കീട്ട്) ഇവളുടെ ലോചനങ്ങൾ സനിമേഷങ്ങളായിരിക്കുന്നതിനാൽ ഇവൾ മാനുഷിതന്നെ ആയിരിക്കണം. സംശയമില്ല. ഏതായാലും ഇവളോട് ഒന്നു സംസാരിക്കാതെ പോകുന്നതു ഭംഗിയല്ല.

(പ്രത്യക്ഷനാകുന്നു.)

സദാരാമൻ: (ഗന്ധർവ്വനെക്കണ്ടിട്ട് സഗൗരവം) താങ്കൾ ആരാണ്?

ഗന്ധർവ്വൻ: ചോദിക്കുന്നതാരാണ്?

സദാരാമൻ: അക്കാര്യം പിന്നെപ്പറയാം. ഈ അസമയത്തിൽ ഈ ചക്രവർത്തിയുടെ രാജധാനിയിൽ വന്ന താങ്കൾ ആരെന്നു പറയൂ?

ഗന്ധർവ്വൻ: ഞാൻ ഒരു ഗന്ധർവ്വനാണ്.

സദാരാമൻ: ശരി, മനസ്സിലായി. ഈ സ്ത്രീക്കുവേണ്ടി എത്രാനും പുരുഷന്മാരെ കൊന്ന ഗന്ധർവ്വനാണ്. അല്ലയോ?

ഗന്ധർവ്വൻ: എന്നാലെന്ത്? ഞാൻ ഒരു ഗന്ധർവ്വനാണെന്നും നീ ഒരു മനുഷ്യസ്ത്രീയാണെന്നും കരുതി വേണം സംസാരിക്കേണ്ടതു്.

സദാരാമൻ: ഗന്ധർവ്വനല്ല; ആരായാലെന്ത്? അനീതി ചെയ്യുന്നവൻ ആരായാലും അധമനും അതിഗർഹണീയനുമാണെന്നുള്ളതിൽ സംശയമുണ്ടോ?

ഗന്ധർവ്വൻ: (ആത്മഗതം) ഇവൾ ഒരു സാധാരണസ്ത്രീയല്ല; നിശ്ചയം. ഇവളുടെ മുമ്പിൽ എനിക്കുതന്നെ

എന്നേക്കുറിച്ചു ലജ്ജ തോന്നുന്നു. ആകട്ടെ. (പ്രകാശം) ഭവതി എന്തിനാണിവിടെ വന്നതു്?

സദാരാമൻ: അതിരിക്കട്ടെ. സുകൃതവിശേഷത്താൽ ഗന്ധർവ്വത്വം ലഭിച്ച അങ്ങു് ഈ നീചമായ അഭിലാഷത്താൽ ആകൃഷ്ടനാവാൻ കാരണമെന്തു്?

ഗന്ധർവ്വൻ: ഇതു ഞങ്ങളുടെ പതിവാണു്. ഭൂമിയിലുള്ള ചില യുവതികളിൽ ഞങ്ങളിൽ ചിലർ അനുരക്തന്മാരാകയും അവരെ പ്രാപിക്കയും ചെയ്യാറുണ്ടു്.

സദാരാമൻ: ശരിയായിരിക്കാം. എന്നാൽ ഇതു നീതിയോ അനീതിയോ എന്നു് അങ്ങു വിചാരിച്ചിട്ടുണ്ടോ?

ഗന്ധർവ്വൻ: ഭവതി നീതിയെന്നും അനീതിയെന്നും പറയുന്നതു് എന്താണെന്നു് എനിക്കു മനസ്സിലാകുന്നില്ല. ഒരുവൻ നീതിയെന്നു പ്രശംസിക്കുന്നതിനെത്തന്നെ അന്യൻ അനീതിയെന്നു ദൂഷിക്കുന്നു. ഒരു ദിക്കിൽ സദാചാരമായി സ്വീകരിക്കപ്പെടുന്ന ഒരു കൃത്യം മറെറാരു ദിക്കിൽ ദുരാചാരമായി ത്യജിക്കപ്പെടുന്നു. ഇതെല്ലാം ഓരോ അഭിപ്രായഭേദങ്ങൾ എന്നല്ലാതെ മറെറാന്നും വിചാരിപ്പാനില്ല.

സദാരാമൻ: കൊള്ളാം. അപ്പോൾ കൃത്യങ്ങളുടെ നന്മതിന്മകൾ അവരവരുടെ ഇച്ഛാധീനം ഭേദപ്പെടുത്താമെന്നാണോ അങ്ങേടെ പക്ഷം?

ഗന്ധർവ്വൻ: അതേ, അങ്ങനെതന്നെ.

സദാരാമൻ: ഞാൻ ഇതിനെ സമ്മതിക്കാം. എന്നാൽ ഇങ്ങനെ ഭേദപ്പെടുത്താനുള്ള അധികാരം അതിനു തക്കതായ പരിശുദ്ധിയുള്ള മഹാന്മാർക്കേ ഉള്ളു എന്നുകൂടി അങ്ങു മനസ്സിലാക്കണം.

ഗന്ധർവ്വൻ: നിങ്ങൾ മനുഷ്യർ; ഞങ്ങളോ ദിവ്യന്മാർ; ഞങ്ങളെ അപേക്ഷിച്ചു നിങ്ങൾ തുലോം നിസ്സാരന്മാ

രാണു്. അതിനാൽ ഞങ്ങളുടെ ഗുണദോഷവിവേചന ശക്തി നിങ്ങളുടേതിൽനിന്നു സഹസ്രഗുണം ഉൽകൃഷ്ടമായിരിക്കുമെന്നു് ഭവതി ധരിച്ചുകൊള്ളണം.

സദാരാമൻ: ഹേ മഹാത്മാവേ! അതും ഞാൻ സമ്മതിക്കുന്നു. നിങ്ങളുടെ രാജാവു് ആരാണു്?

ഗന്ധൎവ്വൻ: സാക്ഷാൽ പുലോമജാപതിയായ സഹസ്രാക്ഷൻതന്നെ.

സദാരാമൻ: കൊള്ളാം! എന്തുകൊണ്ടാണു് അദ്ദേഹം സഹസ്രാക്ഷനായതു്?

ഗന്ധൎവ്വൻ: അതിനേക്കുറിച്ചു ചോദിപ്പാൻ ഭവതിക്കു് അവകാശമില്ല.

സദാരാമൻ: ഈ വാക്കിൽത്തന്നെ അങ്ങു് കുററം സമ്മതിച്ചുകഴിഞ്ഞിരിക്കുന്നു. ഞാൻ കേവലം ഭീഷണികൾ കൊണ്ടു ഭയപ്പെടുന്ന ഒരു സ്ത്രീയാണെന്നോ, ഈ നിന്ദ്യമായ കൎമ്മത്തെ മേലും ഇതുപോലെതന്നെ അനുഷ്ഠിച്ചുകൊണ്ടിരിക്കാമെന്നോ അങ്ങു വിചാരിക്കുന്നുണ്ടെങ്കിൽ അതു വലിയ മൗഢ്യമാണു്.

ഗന്ധൎവ്വൻ: ഭവതിയുടെ ധൎമ്മനിഷ്ഠയേയും ധൈൎയ്യത്തേയും കുറിച്ചു് ഞാൻ വളരെ ശ്ലാഘിക്കയും വിസ്മയിക്കയും ചെയ്യുന്നു. എന്നാൽ എൻെറ പ്രവൃത്തിയെ നിരോധിക്കാൻ ഭവതി ശക്തയാകുന്നതു് എങ്ങനെയെന്നു് ഞാൻ അറിയുന്നില്ല.

സദാരാമൻ: മനുഷ്യരായ ഞങ്ങളേക്കാൾ നിങ്ങൾക്കു ചില ശക്തിവിശേഷങ്ങൾ ഉണ്ടെന്നുള്ളതിൽ എനിക്കു വിസംവാദം ഇല്ല; എങ്കിലും നിങ്ങളും ഞങ്ങളെപ്പോലെ അസ്വതന്ത്രന്മാരാണെന്നും, ഞങ്ങൾക്കും നിങ്ങൾക്കും നിൎവ്വിശേഷം നിയന്ത്രിയായും സൎവ്വത്ര പരിപൂൎണ്ണയായും ഒരു മഹാശക്തിയുണ്ടെന്നും ആ ശക്തി ആരു

ടേയും ദുഷ്കൃത്യത്തെ സഹിക്കുന്നതല്ലെന്നുംകൂടി ഞാൻ ധരിച്ചിട്ടുണ്ട്. ആ ശക്തി തന്നെയാണ് അങ്ങേടെ ഈ ദുഷ്പ്രവൃത്തിയെ ധ്വംസിക്കുന്നതിനായി ഇന്നേ ദിവസം എന്നെ പ്രേരിപ്പിച്ചതെന്നു വിചാരിച്ചു കൊള്ളണം.

ഗന്ധർവ്വൻ: (ആത്മഗതം) ഇവളുടെ വചനാസ്ത്രങ്ങൾ എനിക്ക് മർമ്മസ്പൃക്കുകളായിരിക്കുന്നു. ഇനി ഇവളോടു നല്ലവാക്കു പറഞ്ഞു് ഇവിടെനിന്നു പോകുന്നതാണു യുക്തം. (പ്രകാശം) ഭദ്രേ! ഭവതിയുടെ യുക്തിയെ ഞാൻ ബഹുമാനപുരസ്സരം സ്വീകരിച്ചിരിക്കുന്നു. സമയം അതിക്രമിക്കുന്നതിനാൽ ഞാൻ ഇനി അധികം സംസാരിക്കുന്നില്ല. എന്താണ് ഭവതിയുടെ അഭിലാഷം എന്നാൽ അപ്രകാരം ഞാൻ ചെയ്തുകൊള്ളാം.

സദാരാമൻ: മററൊന്നും ഞാൻ പറയുന്നില്ല. അങ്ങ് ഇതേവരെ അനുഷ്ഠിച്ചുവന്ന ഈ ദുഷ്കർമ്മത്തെക്കുറിച്ചു പശ്ചാത്താപത്തോടുകൂടി മേലിൽ ഏതാദൃശങ്ങളായ ദുരാഗ്രഹങ്ങൾക്കു വശംവദനാകാതെ സ്വധർമ്മത്തെ ആചരിക്കണം. അത്രേ ഉള്ളു എൻെറ അപേക്ഷ.

ഗന്ധർവ്വൻ: അങ്ങനെതന്നെ.

(ഗീതം 52. കാപി—ചാപ്പു്. 'നീരജഭവവര' എന്ന മട്ടു്)

വന്നിടുകില്ല ഞാനിന്നു തുടങ്ങിയീ
മന്നിലയേ ബഹുമാന്യതമേ! സതി —വന്നി

മന്നവനന്ദന തന്നൊടുകൂടി നീ
മന്നിലനേകനാൾ മേവുക സൗഖ്യമായ് —വന്നി

ഉന്നതമാകിയ നിന്നുടെ വൈഭവം
ഉന്നതിമോദമേകുന്നിതു മേ ഹൃദി —വന്നി

എന്നുടെ ദുന്നയമെന്നതശേഷവും
നിന്നുടെ വാക്കിനാൽ ഭിന്നതയാൻകേൾ. -വന്നി

ആയതിനാൽ സന്തുഷ്ടനായ ഞാൻ ഇപ്പോൾ ഭവതിയോടു യാത്ര പറഞ്ഞുകൊള്ളുന്നു. (വിമാനമാർഗ്ഗേണ മറയുന്നു.)

സദാരാമൻ: ആവൂ! ആശ്വാസമായി. ഈശ്വരകൃപയാൽ എൻെറ പ്രയത്നം സഫലമായിത്തന്നെ പരിണമിച്ചു.

(ഗീതം 53. ശഹന—ആദിതാളം.)

പലരെയും കൊന്നൊരു പാപിയാം ഗന്ധർവ്വൻ
ചലമിഴിയാളെ വിട്ടു ചാലവേ പോയല്ലോ.
ഗുണവതിയാമിവൾ ഇനി വിധിയാൽ വരും
കണവനുമായ് ബഹുനാൾ കാമം സുഖിക്കട്ടേ.
ഇവളുടെ സൽഗതിയീവിധമിഹ കണ്ടു
നവസുഖമാൻറ പാരം നരപതി മോദിക്കട്ടേ.

പത്മാവതി: (ഉണന്ന് സസന്തോഷം എഴുനേററിരുന്നിട്ട്.)

(ഗീതം 54. തോടി—ആദിതാളം. 'ഈ രഥവാഹങ്ങൾ' എന്ന മട്ട്)

അനുപമമായൊരു സുഖമിന്നു
തനുവതിൽ മേ വിലസീടുന്നു
ഘനതരമായോരിരുൾ തീൻറ
മനമതുമതികൗതുകമാൻറ
വല്ലഭ ഹേ സുമധുരശീല!
ദുർല്ലഭ! ശരണാഗതപാല!
ചൊല്ലുകയിതിനെന്തൊരു മൂലം!
വെല്ലുകയോ നീയരിജാലം?

സദാരാമൻ:

(ഗീതം 55. യമുനാകല്യാണി—ആദിതാളം. 'വേഗമൊടടവിയിൽ' എന്ന മട്ട്)

പത്മാവതി! കേൾ നീയിതെല്ലാം
പത്മവിലോചനകാരുണ്യം താൻ –പത്മാ

ഛത്മം സകലം സമ്പ്രതി വിശദം
സത്മമിതും മേൽ സൗഭാഗ്യദമാം –പത്മാ

അന്ധതയെല്ലാമത്ര വരുത്തിയ
ഗന്ധർവനെ ഞാൻ കണ്ടു മനോജ്ഞേ!
ഇന്നുമുതൽക്കിഹ വന്നീടാ ഞാ–
നെന്നവനെന്നോടു സത്യം ചെയ്താൻ –പത്മാ

പത്മാവതി: അല്ലയോ മഹാനുഭാവ! അവിടുത്തെ മഹിമ സുതരാം വിസ്മയാർഹമായിരിക്കുന്നു. ഞങ്ങളുടെ ഈ ആപത്തിൽ കനിവു തോന്നി സാക്ഷാൽ ഈശ്വരൻ തന്നെ അയച്ച ആളാണ് അവിടുന്നെന്നു ഞാൻ വിചാരിക്കുന്നു.

സദാരാമൻ: ആര്യേ! അങ്ങനെ പറയേണ്ട. സത്തുക്കൾക്കു വരുന്ന ആപത്തുകൾ ദീർഘമായി നിലനില്ക്കയില്ലല്ലോ.

പത്മാവതി: ഈ അതിസന്തോഷകരമായ വൎത്തമാനം അച്ഛനെ അറിയിക്കാൻ എന്റെ മനസ്സു വളരെ ബദ്ധപ്പെടുന്നു.

സദാരാമ: എന്നാൽ ഇപ്പോൾത്തന്നെ ആളയച്ചു പറയിക്കാമല്ലോ. നേരം പ്രഭാതമായിരിക്കുന്നു. ഇതാ!

(ശ്ലോകം 19)

മേലുണ്ടാകും സുഖത്തിന്നനുപമിതമൊരാ–
സ്വാദ്യഭാവം വരുത്താൻ
മാലുണ്ടാമേററമെന്നീ മനുജരെയറിയി–
ക്കുന്നതിന്നെന്നവണ്ണം

കാലം, കണ്ടാലുമായ്യേ! കഠിനതമതമോ-
ജാലമൊട്ടൊട്ടകററി
ശ്രീലംബിക്കുന്ന സൂര്യപ്രഭ സുഷമയൊടേ
ഹന്ത! കാണിച്ചിടുന്നു.

(മറയുന്നു)

# അഞ്ചാം അങ്കം

## ഒന്നാം രംഗം

[കുന്തളരാജധാനി.
പ്രതാപവർമ്മാ, മന്ത്രി, സദാരാമൻ ഇവർ പ്രത്യക്ഷീഭവിക്കുന്നു.]

പ്രതാപവർമ്മ: ഈ സംഭവം വളരെ ആശ്ചര്യകരമായിരിക്കുന്നു. എപ്പോളാണു് ഗന്ധർവൻ വന്നതു്?

സദാരാമൻ: തൃതീയയാമത്തിന്റെ മദ്ധ്യത്തിലാണു്. ഞാൻ അങ്ങനെ ജാഗരൂകനായി സൂക്ഷിച്ചുകൊണ്ടു നില്ക്കുമ്പോൾ അസാധാരണമായ ഒരു ജ്യോതിസ്സു കണ്ടു. ആ മാർഗ്ഗത്തിൽ വീണ്ടും നോക്കിയപ്പോൾ ആ ജ്യോതിസ്സിൻെറ മദ്ധ്യത്തിൽ ഒരു ദിവ്യനായ പുരുഷൻ അതികാന്തിയോടുകൂടി നില്ക്കുന്നു.

മന്ത്രി: ഈ ദിവ്യനായ പുരുഷനെ ദർശിപ്പാൻ ഭാഗ്യമുണ്ടായ അങ്ങും ഒരു ദിവ്യനാണെന്നു തീർച്ചതന്നെ.

സദാരാമൻ: അതെല്ലാം ഈശ്വരവിലാസമാണു്. ഏതായാലും ഇവിടെ നടന്നിരുന്ന ദുരിതങ്ങൾക്കെല്ലാററിനും കാരണഭൂതൻ മററാരുമല്ലെന്നുള്ള ദൃഢവിശ്വാസത്തോടുകൂടി ഞാൻ ആ പുരുഷനോടു് അദ്ദേഹത്തിൻെറ ദുഷ്ടതയെക്കുറിച്ചു സധൈര്യം കുറേ പ്രസ്താവിച്ചു.

പ്രതാപവർമ്മ: എന്നിട്ടു് എന്തായിരുന്നു മറുപടി?

സദാരാമൻ: ആദ്യം കുറെയൊക്കെ ഭീഷണികൾ പ്രയോഗിച്ചു; എങ്കിലും അവയാൽ ഞാൻ ഭയപ്പെട്ടുകയില്ലെന്നു കണ്ടപ്പോൾ അപരാധം ഏററുപറകയും, ഇനി

മേൽ ഇവിടെ വന്നു ബാധിക്കയില്ലെന്നു സത്യം ചെയ്തു് ഉടൻതന്നെ മറയുകയും ചെയ്തു.

പ്രതാപവൎമ്മ: അത്ഭുതം! ശ്രീപരമേശ്വരൻെറ അനുഗ്രഹം അന്യഥാ വരുന്നതാണോ?

(ശ്ലോകം 20)

സന്താപമാം വലയിൽ വീണു വലഞ്ഞുപാരം
ചിന്താലസം മരുവിയോരു നമുക്കിവണ്ണം
ഹന്താതിമോദരസമേകിയതിന്നു നിങ്ങൾ-
ക്കെന്തോണു നൽകുവതു ഞാനതിമാനകീൎത്തേ!

മന്ത്രി: ഈ ആപത്തുകൾക്കു് ഹേതുവെന്തെന്നറിവാൻ നാം എന്തെല്ലാം പ്രയത്നങ്ങൾ ചെയ്തു! എന്നിട്ടു് വല്ലതും ഒരു പ്രയോജനം ഉണ്ടായോ? ആ സ്ഥിതിക്കു് നാം എന്തെല്ലാം സംഭാവനകൾതന്നെ ചെയ്താലും അവയൊന്നും ഇദ്ദേഹത്തിനു മതിയായ ഒരു പ്രത്യഭിനന്ദനമായിത്തീരുകയില്ലെന്നാണു് എൻെറ പക്ഷം.

സദാരാമൻ: ഈ വാക്കുകൾ നിങ്ങളുടെ അന്യാദൃശമായ മഹാമനസ്കതയെ പ്രത്യക്ഷീകരിക്കുന്നു. എന്നാൽ എൻെറ ആഗ്രഹം എന്നെക്കൂടി ഇവിടുത്തെ ആശ്രിതകോടിയിൽ ഒരാളാണെന്നു കരുതുന്നതിനു ദയയുണ്ടാകണമെന്നുമാത്രമേയുള്ളു.

പ്രതാപവൎമ്മ: അധികം പറഞ്ഞിട്ടാവശ്യമില്ല.

(ശ്ലോകം 21)

എനിക്കെഴും നന്ദനയായ പത്മാ-
വതിക്കുമിസ്സാഗരകാഞ്ചിയാകും
മഹിക്കുമിന്നാൾമുതൽ കാന്തനായ് നീ
വസിക്ക ഹേ വത്സ! മഹോത്സവാഭം.

മന്ത്രി: തിരുമനസ്സിലെ ഈ കല്പനയ്ക്കു് അവിടുന്നു് ഒരു വിരോധവും പറയരുതു്. സാക്ഷാൽ പരമശിവൻ

ഇവിടുത്തെ തപസ്സിനാൽ സന്തുഷ്ടനായിട്ട് ഒരു പുത്രിയുണ്ടാകും എന്നനുഗ്രഹിച്ച സമയത്തിൽത്തന്നെ ആ പുത്രിയുടെ ഭർത്താവാണ് ഭാവിയായ ചക്രവർത്തിയെന്നും അരുളിച്ചെയ്തിട്ടുണ്ട്.

സദാരാമൻ: അങ്ങനെയാണെങ്കിൽ അവിടുത്തെ ആജ്ഞയെ ഞാൻ സവിനയം അനുസരിച്ചുകൊള്ളുന്നു. എന്നാൽ എനിക്ക് ഒരപേക്ഷകൂടി ഉള്ളതു് സാധിപ്പിക്കാൻ ദയയുണ്ടാകണം.

പ്രതാപവർമ്മ: നിങ്ങളുടെ ഏതാഗ്രഹത്തേയും സാധിപ്പിക്കാൻ ഞാൻ സന്നദ്ധനായിരിക്കുന്നു.

സദാരാമൻ: എനിക്ക് ഒരിഷ്ടദേവതയുടെ ഉപാസനയുണ്ട്. അതു് ഇനി ഏതാനും ദിവസംകൂടി നടത്തേണ്ടിയിരിക്കുന്നു. വിവാഹമോ രാജ്യസ്വീകാരമോ അതിനു മുമ്പായി ചെയ്‌വാൻ പാടില്ല. അതിനാൽ അത്രയും കാലം ക്ഷമിപ്പാറാകണം. അതേവരെ എനിക്ക് ഏകാന്തമായി പാർക്കുന്നതിനു വേണ്ട സൗകര്യങ്ങളും തരുവിക്കണം. ഇതുകൂടാതെ ഒന്നുകൂടി അറിയിച്ചുകൊള്ളുന്നു. എൻെറ കൈവശം ഒരു സ്ത്രീയുടെ ഛായാപടം ഉണ്ട്. ആ പടംനോക്കി അതിനു തുല്യമായി ഏതാനും പടങ്ങൾ ഉടൻതന്നെ എഴുതിച്ച് ഈ രാജ്യത്തിലും ഇതിൻെറ സമാന്തരരാജ്യങ്ങളിലും പ്രധാനസ്ഥലങ്ങളിൽ വയ്പിക്കുന്നതിനും, ആ പടം കണ്ട് അസാമാന്യമായ പാരവശ്യമോ സംഭ്രമമോ കാണിക്കുന്നവരെയെല്ലാം ഉടൻ ഇവിടെ അയപ്പിക്കുന്നതിനുംകൂടി കല്പനയുണ്ടാകണം. വ്രതാവസാനത്തോടുകൂടി ഇതിൻെറ പ്രയോജനം സ്പഷ്ടമാകും.

പ്രതാപവർമ്മ: ആയതിനു യാതൊരു വിരോധവും ഇല്ല. മന്ത്രി! ഈ പറഞ്ഞ കാര്യങ്ങൾ എല്ലാം താങ്കൾ കേട്ട

വല്ലോ. അപ്രകാരം ചെയ്യുന്നതിനു വേണ്ടതെല്ലാം ഉടൻ ചട്ടംകെട്ടിക്കൊള്ളണം.

മന്ത്രി: കല്പനപോലെ.

(മറയുന്നു.)

## രണ്ടാം രംഗം

[ഒരു പോലീസ് സ്റ്റേഷൻ.
രണ്ടു ശിപായിമാർ നില്ക്കുന്നു.]

ഒന്നാംശിപായി: എടോ ഇതെന്തൊരു ശട്ടമാണ്? പടം കണ്ടു വ്യസനിക്കുന്നവരെയൊക്കെ പിടിക്കണംപോല്യം! ഇങ്ങനെ ഒരു ശട്ടം ഞാൻ ഇതിനു മുമ്പിലെങ്ങും കേട്ടിട്ടില്ല.

രണ്ടാംശിപായി: കല്പനയല്ലേ? "കല്പന കല്ലെപ്പിളക്കും" എന്നു് താൻ കേട്ടിട്ടില്ല്യോ. നമുക്കതു ഞായമല്ലെന്നു വിചാരിക്കാമോ?

ഒന്നാംശിപായി: എന്താണു വിചാരിച്ചാൽ? ഇതെന്തൊരു മര്യ്യാദയാണു്! ഇതുകൊണ്ടെന്തു ഫലം?

രണ്ടാംശിപായി: ഫലം ഒന്നുമില്ലെന്നു് എങ്ങനെ തീർച്ചയാക്കാം?

ഒന്നാംശിപായി: ഓ ഫലം! ഒരുവസ്തു കാണുന്നില്ല. വെറുതെ ആളുകളെ ഉപദ്രവിക്കാനുള്ള വേല!

രണ്ടാംശിപായി: ഛേ! അങ്ങനെ പറയരുതു്! അവർ അതിനേതെങ്കിലും കാര്യം കണ്ടിരിക്കും. അതൊന്നും ഓക്കാതെ ചീത്ത പറയുന്നതു കൊള്ളാമോ?

ഒന്നാംശിപായി: ആട്ടെ, എത്രപേർ വന്നു കൂവ്വാ ഇവിടെ?

രണ്ടാംശിപായി: ഒരാൾ മാത്രമേ വന്നിട്ടൊള്ളു.

ഒന്നാംശിപായി: അയാൾ എവിടെ ഇരിക്കുന്നു?

രണ്ടാംശിപായി: അയാൾ ഒരു സന്ന്യാസിയാണ്. അയ ളെ ഇവിടെ ഒരു മഠത്തിൽ താമസിപ്പിച്ചിരിക്കുന്നു.

ഒന്നാം ശിപായി: ഛെ സന്ന്യാസിയോ? അവന്റെ കൈ യിൽ ഒന്നും കാണുല്ല. വല്ലതും മയമുണ്ടെങ്കിൽ കടത്തി ക്കളയാമായിരുന്നു.

രണ്ടാംശിപായി: ഛീ! അതു ശരിയല്ല. മുതല്ലേരങ്ങുന്ന റിഞ്ഞാൽ നമ്മുടെ വായിൽ മണ്ണടിക്കും.

ഒന്നാംശിപായി: മണ്ണുമില്ലാ പിണ്ണാക്കുമില്ല. കിട്ടുന്നതി നെ പിടുങ്ങണം. അതുതന്നെ ചൊണ. എന്തിനു പറ യുന്നു? ഈ സന്ന്യാസിയുടെ കൈയിൽ ഒരു ക്കുറപ്പേനും കാണുല്ല.

രണ്ടാംശിപായി: ഫേ മിണ്ടാതിരിക്കു; ഇതാ! അങ്ങുന്നു വരുന്നു.

ഒന്നാംശിപായി: സന്ന്യാസിയെ നമുക്കു നന്നായി സൂക്ഷി ക്കണം.

(മുതല്ലേർ പ്രവേശിക്കുന്നു.)

മുതല്ലേർ: ഇന്നു് ആരെങ്കിലും വന്നു് ഈ പടം നോ ക്കിയോ?

ഒന്നാംശിപായി: ഇല്ല, അങ്ങുന്നേ! ആരും വന്നില്ല.

മുതല്ലേർ: ആട്ടെ, ആരാണോ വന്നു് പടം നോക്കി വ്യസ നിക്കുന്നതു് അവനെ വിട്ടുകൂടാ. കേട്ടോ? ഭദ്രം!

രണ്ടുപേരും: ഉത്തരവ്വ്.

(വേറൊരു ശിപായിയും ഒരു വഴിയാത്രക്കാരനും പ്രവേശിക്കുന്നു.)

ശിപായി: നടക്കുവെടോ! അങ്ങോട്ടു്.

വഴിയാത്രക്കാരൻ: എങ്ങോട്ടു നടക്കണം?

ശിപായി: തനിക്കു് കണ്ണുകണ്ടുകൂടെ? ഇതാ! ഈ സ്റ്റേഷ നിലേക്കു നടക്കൂ.

വഴിയാത്രക്കാരൻ: എന്തിനാണെന്നു പറയൂ.

ശിപായി: (കൈക്കപിടിച്ചു വലിച്ചുകൊണ്ടു്) എന്തിനോ? ബോധിച്ചതിന്നു്. നടക്കു വേഗം ഇടികൊള്ളേണ്ടെങ്കിൽ.

വഴിയാത്രക്കാരൻ: ഹേ ഹേ ഉപദ്രവിക്കേണ്ട. ഞാൻ നടക്കാം.

മുതല്പേർ: എടോ! അയാളെ ഉപദ്രവിക്കരുതു്. (യാത്രക്കാരനോട്ടു്) താങ്കൾ എവിടത്തുകാരൻ?

വഴിയാത്രക്കാരൻ: ഞാൻ ഒരു പരദേശിയാണു്. ഈ രാജ്യത്തിൽ ഇങ്ങനെ വഴിയെ പോകുന്നവരെ ഉപദ്രവിക്കാൻ നിയമമുണ്ടോ?

ശിപായിമാർ: ഓ ഇയ്യാൾ ഒരു രസികനാണെന്നു തോന്നുന്നു. ലായും ചട്ടവും ഒക്കെ എടുക്കുന്നല്ലോ. പുള്ളി കേമൻതന്നെ!

മുതല്പേർ: ഞങ്ങൾ നിങ്ങളെ ഉപദ്രവിക്കുന്നില്ല. നിങ്ങൾ മഹാരാജാവു തിരുമനസ്സിലെ ഒന്നു കണ്ടുംവച്ചുവേണം പോകേണ്ടതു്. അത്രേഉള്ളു കാൎയ്യം.

വഴിയാത്രക്കാരൻ: അതിന്നു വിരോധമില്ല.

മുതല്പേർ: അതിലേക്കു കുറേ ഇവിടെ താമസിക്കണം. എടോ! ഇദ്ദേഹത്തെ കൊണ്ടുപോയി ഒരിടത്തു താമസിപ്പിക്കു.

(ശിപായി കൊണ്ടുപോയി)

കള്ളൻ: (പ്രവേശിച്ചു നടന്നുപോകുന്നവഴി പടം കണ്ടിട്ടു്) അയ്യോ! ഇതാ! നില്ക്കുന്നു എന്റെ ഓമനപ്പെണ്ണു്. അബ്ബബ്ബാ! കള്ളി! നീ എന്നെയും ചതിച്ചേച്ചു പോയില്ല്യോടി (നെഞ്ചിലടിച്ചു കരയുന്നു.)

മുതല്പേർ: പിടിച്ചോ അവനെ.

(കള്ളൻ മുൻപേയും ഒന്നാം ശിപായി പിറകേയും ഓടിമറയുന്നു.)

മുതല്പേർ: ആഹാ! അവൻ കടന്നുകളഞ്ഞോ? ഓടെടോ! താൻകൂടി.

(രണ്ടാം ശിപായി ഓടുന്നു.)

കൊണ്ടാ അവനെപ്പിടിച്ച്. വിടല്ലേ അവനെ. നിങ്ങടെ ജോലി തൊലഞ്ഞുപോവുമെ!

(അണിയറയിൽ)

(പിടിക്കയും അടിക്കയും ചെയ്യുന്ന ശബ്ദത്തോടുകൂടി തൊണ്ടയിടറിക്കൊണ്ട്) നിന്നെപ്പിടിച്ചില്ലെങ്കിൽ ഞങ്ങൾ ആണുങ്ങളോടാ? നട മുന്തിയറുക്കുന്നവനേ!

(കള്ളനെ പിൻകഴുത്തിൽപിടിച്ചു തള്ളിക്കൊണ്ടു ശിപായിമാർ പ്രവേശിക്കുന്നു.)

ശിപായിമാർ: പൊന്നങ്ങുന്നേ! ഇവൻ വല്യ ഇന്ദ്രജാലക്കാരനാണെ. കണ്ണുതപ്പിയാൽ ഇവനെ കാണുല്ല.

മുതല്പേർ: അവനു കഴുത്തിലല്ലേ തല. അവൻ ഇനി എവിടെ പോകും? നിങ്ങൾ അവനെ വിട്ടേക്കിൻ. എടാ! പേടിക്കേണ്ട; നിന്നെ ഒന്നും ചെയ്യുകയില്ല.

കള്ളൻ: എന്റെ പൊന്നെജമാനെ! ഞാൻ ഒരു കുറ്റവും ചെയ്തിട്ടില്ലേ; എന്നെ വിട്ടേക്കണേ!

മുതല്പേർ: ഛരീ! നിലവിളിക്കാതിരി.

കള്ളൻ: (വിറച്ചുകൊണ്ട്) ഞാൻ പാവമാണേ യജമാനേ!

മുതല്പേർ: മിണ്ടാതിരിക്കാനല്ലേ പറഞ്ഞത്? കേൾക്കില്ലയോ? എടോ! കൊടുക്കു അവന്റെ ചെകിട്ടത്ത്.

(ശിപായി കൈ ഓങ്ങുന്നു.)

കള്ളൻ: പൊന്നേമാനേ! ഞാൻ ഇനി ഒന്നും മിണ്ടൂല്ലേ.

മുതല്പേർ: എടാ! നീ ആ പടം കണ്ടു നിലവിളിച്ചതെന്തിന്?

കള്ളൻ: ഏതു പടം? ഞാൻ ഒരു പടവും കണ്ടില്ല; നില

വിളിച്ചുമില്ല. അയ്യോ എന്നെ വിട്ടേക്കണേ ഏമാനേ!

മുതല്ലേർ: ഇവൻ വല്യ കള്ളനാണ്. ഇവനെക്കൊണ്ടു പോയി പാറാവിൽ വയ്ക്കിൻ.

(ശിപായിമാർ കള്ളനെ തള്ളിക്കൊണ്ടുപോകുന്നു.)

ഏതെങ്കിലും മൂന്നുപേരായി. ഇക്കാര്യം ഇനി മേലാവിൽ ബോധിപ്പിക്കണമല്ലോ. അതിലേക്കായി പോകതന്നെ.

(മറയുന്നു)

## മൂന്നാം രംഗം

[കുന്തളരാജധാനി.
പ്രതാപവർമ്മാവും, മന്ത്രിയും പ്രത്യക്ഷീഭവിക്കുന്നു.]

പ്രതാപവർമ്മ: നമ്മുടെ സദാരാമൻ സുഖമായിത്തന്നെ പാർക്കുന്നുണ്ടല്ലോ?

മന്ത്രി: അതെ. അദ്ദേഹത്തിനു യാതൊരു സുഖക്കേടും ഇല്ല.

പ്രതാപവർമ്മ: വ്രതാവസാനത്തെപ്പററി വല്ലതും പറഞ്ഞുവോ?

മന്ത്രി: ഇല്ലാ. ചിത്രപടം കണ്ടു വന്നവർ ആരെല്ലാമെന്നറിയണമെന്നും അവരെ ഇന്നേദ്ദിവസം വരുത്തിക്കാണണമെന്നും ഇന്നലെ വൈകുന്നേരം എന്നോടു പറഞ്ഞിരുന്നു.

പ്രതാപവർമ്മ: ഇതുവരെ എത്രപേർ വന്നിട്ടുണ്ട്?

മന്ത്രി: മൂന്നുപേർ വന്നിട്ടുണ്ട്. അവരിൽ ഒരാൾ ഒരു സുഭഗനായ സന്ന്യാസിയും ഒരാൾ ഒരു വഴിയാത്രക്കാരനായ സാധാരണ പുരുഷനും മൂന്നാമത്തെആൾ ഒരു മറവനും ആണ്.

പ്രതാപവമ്മ: ഇവരെ ഇങ്ങനെ വരുത്തിയതിൽ സദാരാമന്റെ ഉദ്ദേശ്യം എന്തായിരിക്കും?

മന്ത്രി: അതെനിക്കും ഇതുവരെ മനസ്സിലായിട്ടില്ല. വ്രതാവസാനത്തോടുകൂടി ഇതിന്റെ പ്രയോജനം സ്പഷ്ടമാകുമെന്ന് അദ്ദേഹം പറഞ്ഞിട്ടുള്ള സ്ഥിതിക്ക് അതിനു മുമ്പിൽ ഇതിനെപ്പററി പ്രസംഗിക്കുന്നത് അവിവേകമാണല്ലോ.

പ്രതാപവമ്മ: അത് അവിവേകംതന്നെ. ആകപ്പാടെ നോക്കിയതിൽ സദാരാമൻ ഒരു അമാനുഷനാണെന്നു ഞാൻ പലപ്പോഴും വിചാരിക്കാറുണ്ട്.

മന്ത്രി: അതെ. തിരുമനസ്സിലെ വിചാരം ഒട്ടും അസ്ഥാനത്തിലല്ല.

പ്രതാപവമ്മ: ഇതേവരെ മൂന്നുപേർ ഇവിടെ വന്നിട്ടുണ്ടെന്നു സദാരാമനെ അറിയിച്ചുവോ?

മന്ത്രി: ഇല്ല. അറിയിച്ചിട്ടില്ല.

പ്രതാപവമ്മ: എന്നാൽ അവരെ മൂന്നുപേരെയും ഇവിടെ വരുത്തുകയും വിവരം സദാരാമനെ അറിയിക്കുകയും ചെയ്കയല്ലേ വേണ്ടതു്?

മന്ത്രി: അതിനു വിരോധമില്ല.

പ്രതാപവമ്മ: ആരവിടെ?

(പ്രവേശിച്ച ഭൃത്യനോട്)

ഇയ്യിടെ ഇവിടെ പ്രത്യേകം താമസിപ്പിച്ചിട്ടുള്ള സന്ന്യാസി മുതലായ മൂന്നുപേരേയും പോയി കൂട്ടിച്ചുകൊണ്ടുവരിക.

(ഭൃത്യൻ പോയി.)

ഈ വിവരം മന്ത്രിതന്നെ പോയി സദാരാമനെ അറിയിക്കണം. "അവരെ അങ്ങോട്ടയയ്ക്കണമെങ്കിൽ അങ്ങനെ ചെയ്യാം; അതല്ല ഇവിടെ വന്നു കാണ്മാൻ വിരോ

ധമില്ലെങ്കിൽ ഉടനേ വരണം. സൗകൎയ്യമുള്ളപക്ഷം പത്മാവതിയെക്കൂടി കൊണ്ടുവന്നാൽ കൊള്ളാം എന്നു പറയണം."

മന്ത്രി: അങ്ങനെതന്നെ. (പോയി.)

(സന്ന്യാസിയും വഴിയാത്രക്കാരനും കള്ളനും പ്രവേശിക്കുന്നു.)

പ്രതാപവൎമ്മ: (സന്ന്യാസിയെ ബഹുമാനിച്ചിരുത്തീട്ട്)

(ഗീതം 56—കല്യാണി—രൂപകം)

പ്രാജ്യവിഭവ ഹേ യതീന്ദ്ര സുമതേ! തവാഗമേന
പൂജ്യനായി ഞാനിഹൈവ രാജ്യവും പവിത്രമിന്നു
—പ്രാജ്യ

സംഗരഹിതരായിടുന്ന നിങ്ങളുടെയ മഹിതമായ
സംഗമം സമസ്തലോകമംഗളം മഹാനുഭാവ!
—പ്രാജ്യ

സുന്ദരയൗവനദശ തന്നിലീ യതീന്ദ്രഭാവം
ഉന്നതഗുണ! ഹന്ത! ചേൎന്നതിന്നു ഹേതുവെന്തു ചൊല്ക
—പ്രാജ്യ

സന്ന്യാസി: അല്ലയോ മഹാമനസ്കനായ മഹാരാജാവേ! അവിടുത്തെ ഈ പ്രശംസയ്ക്കു വിഷയമാകത്തക്ക യോഗ്യത എനിക്കില്ല. ഞാൻ ആദ്യകാലമേതന്നെ ലോകവ്യാപാരങ്ങളിൽ വിരക്തനായിരുന്നു. അനന്തരം ദൈവേച്ഛയാ ഒരു സ്ത്രീയെ പരിഗ്രഹിക്കാൻ ഇടയായി. അതിൻെറ ശേഷവും അധികം താമസം കൂടാതെ ഈ ഭിക്ഷുരൂപം അവലംബിക്കേണ്ടിവന്നു എന്നു പറഞ്ഞാൽ മതിയല്ലൊ.

പ്രതാപവൎമ്മ: എന്നാൽ അവിടുത്തെ മുഖത്തിൽ കേവലം സാത്വികനായിരിക്കുന്ന ഒരു സന്ന്യാസിയുടെ ബ്രഹ്മവർച്ചസമോ വീരരസപ്രധാനനായ ഒരു രാജാവിൻെറ ക്ഷാത്രതേജസ്സോ ഏതാണ് അധികമായി പ്രകാശിക്കു

ന്നതെന്നു് വ്യാവൎത്തിച്ചറിവാൻ ഞാൻ ശക്തനാകു ന്നില്ല.

സന്ന്യാസി:

(ഗീതം 57 ബ്യാഗ്—രൂപകം 'ഈ വിരഹമെട്ടലൊ' എന്ന മട്ടു്)

ദൈവഗതിയോൎത്തുകാണ്മതിനെളുതോ?
കൈവരുമേയമൃതമെന്നു കരുതിടും നരൻ
കാളകൂടപാനമാൻ കേണിടും സഹസാ —ദൈവ

ചാരുമണിസൗധമേറി മേവിടും നരൻ
ഘോരമായീടുന്ന കാട്ടിൽ മേവിടും സഹസാ —ദൈവ

ധൎമ്മസരണി കൈവിടാതെ വാണിടും നരൻ
മൎമ്മഭേദകാൎത്തിപാത്രമായിടും സഹസാ —ദൈവ

പ്രതാപവൎമ്മ: ഇരിക്കട്ടെ; ഇവിടെനിന്നു പ്രസിദ്ധമാക്കിയ ചിത്രപടം അവിടുത്തേ ശ്രദ്ധയ്ക്കു വിഷയീഭവിപ്പാൻ കാരണം എന്തായിരിക്കാം?

സന്ന്യാസി: ആ സംഗതി ഒട്ടുവളരെ പറവാനുണ്ടു്. അതു പിറകേ അറിയിച്ചുകൊള്ളാം. ഇവിടെ ആ പടം എങ്ങനെ കിട്ടി എന്നറിവാൻ ഇച്ഛയുണ്ടു്.

പ്രതാപവൎമ്മ: അതിനെപ്പററി എനിക്കൊന്നും അറിഞ്ഞുകൂടാ. എൻെറ ജാമാതാവായി നിശ്ചയിക്കപ്പെട്ടിരിക്കുന്ന സദാരാമൻ ഇപ്പോൾ പക്ഷേ, ഇവിടെ വരും. അയാളോടു ചോദിച്ചു വിവരങ്ങൾ മനസ്സിലാക്കാം.

സന്ന്യാസി: (സാശ്ചൎയ്യം ആത്മഗതം) എന്തു്? സദാരാമനോ? ജാമാതാവോ? ഇതെന്തത്ഭുതം!

(ശ്ലോകം 22)

സദാ രാമാരാമേത്യമിതജപമോടേഷ മധുരം
സദാരാമാരൂപാമൃതമിഹ തിരഞ്ഞീടുമളവിൽ

സദാരാമൻ പുത്രീവരനിതി മഹാപുണ്യസുമന-
സ്സദാരാമാകാരൻ നൃപനരുളുവാനെന്തയി വിധേ!

(സദാരാമനും പത്മാവതിയും മന്ത്രിയോടുകൂടി പ്രവേശിച്ച് ആചാരംചെയ്തു യഥോചിതം സ്ഥിതിചെയ്യുന്നു.)

പ്രതാപവർമ്മ: അല്ലയോ പ്രിയനായ കുമാര! ആ ചിത്രപടം കണ്ടു വ്യസനിച്ചു വന്നവരാണ് ഇവരെല്ലാം.

സദാരാമൻ: (സന്ന്യാസിയെ നോക്കി ദീർഘശ്വാസത്തോടുകൂടി ആത്മഗതം) ഹൃദയമേ! സമാശ്വസിച്ചാലും. നിനക്ക് ഈ അവസരത്തിൽ ഉണ്ടാകാവുന്ന വികാരങ്ങളെ ഒട്ടും വെളിപ്പെടുത്താതെ നീ ധൈര്യത്തെ അവലംബിച്ചു സ്വസ്ഥമായിരിക്കണേ. (പ്രകാശം) (വഴിയാത്രക്കാരനോട്) താങ്കൾ ആ ചിത്രപടം കണ്ടു വ്യസനിപ്പാൻ കാരണമെന്തു്?

വഴിയാത്രക്കാരൻ: ഞാൻ ഒരു സ്ത്രീയെ വിവാഹംചെയ്തു സുഖമായി പാക്കുമ്പോൾ ഒരു ദിവസം രാത്രിയിൽ ആ സ്ത്രീയെ കണ്ടില്ല. പിറേറദ്ദിവസം മുതൽ അവളെ അന്വേഷിച്ച് നടക്കുകയായിരുന്നു. അങ്ങനെ നടക്കുമ്പോൾ ആ ചിത്രപടംകണ്ടു. അതു് ആ സ്ത്രീയുടെ പ്രതിച്ഛായയാണ്. അതിനാലത്രേ ഞാൻ വ്യസനിച്ചതു്.

സദാരാമൻ: ശരിതന്നെ!

(ഭൃത്യൻ പ്രവേശിക്കുന്നു.)

ഭൃത്യൻ: ചിത്രപടംകണ്ടു വ്യസനിച്ചവരായി രണ്ടുപേർ നടയിൽ വന്നിരിക്കുന്നു.

പ്രതാപവർമ്മ: എന്നാൽ അവരെ വേഗം കൂട്ടിച്ചുകൊണ്ടു വരു.

(ഭൃത്യൻ പോയി.)

(സാർത്ഥവാഹനും സാനുമതിയും പ്രവേശിച്ചു രാജാവിനെ വന്ദിക്കുന്നു.)

നിങ്ങൾ ആരാണു്?

സാത്ഥവാഹൻ: ഞങ്ങൾ അവന്തിരാജ്യത്തിൽ ഇയ്യിടെ നാട്ടവാണിരുന്ന വജ്രാശയരാജാവിൻെറ മാതാപിതാക്കന്മാരാണു്.

പ്രതാപവമ്മ: എന്നാൽ ഇരിക്കാമല്ലൊ. (രണ്ടുപേരും ഇരിക്കുന്നു) നിങ്ങൾ ഇപ്പോൾ എന്തിനായിട്ടിവിടെ വന്നു? വജ്രാശയരാജാവു് ഇയ്യിടെ ചരമഗതിയെ പ്രാപിച്ചു എന്നു കേട്ടുവല്ലോ.

മന്ത്രി: അതെ, മുമ്പിൽ ശാർങ്ഗഹസ്തൻ എന്ന രാജാവു നാട്ടവാണിരുന്നു. അവിടുന്നു രാജ്യത്തെ വജ്രാശയനിൽ സമർപ്പിച്ചിട്ടു തപസ്സിന്നു പോയി. ഇയ്യിടെ ആ രാജാവു് തീപ്പെട്ടുപോയി എന്നും ഇനി ആരെയാണു പട്ടംകെട്ടിക്കേണ്ടതെന്നു് ഇവിടെനിന്നും നിശ്ചയിച്ചു എഴുതി അയയ്ക്കണമെന്നും അവിടുത്തെ മന്ത്രി ഇവിടെ എഴുതി അയച്ചിട്ടുണ്ടു്. അതിന്നു മറുപടി അയച്ചിട്ടില്ല.

സാത്ഥവാഹൻ: ശാർങ്ഗഹസ്തരാജാവിൻെറ മകനും രാജ്യാവകാശിയുമായി പുഷ്പാംഗദൻ എന്നൊരു രാജകുമാരൻ ഉണ്ടായിരുന്നു. ആ കുമാരനെക്കൊണ്ടു ഞങ്ങളുടെ പുത്രിയായ ഒരു സ്ത്രീയെ വിവാഹം ചെയ്യിക്കണമെന്നു അവിടുന്നു നിശ്ചയിച്ചു. ആ സമയം ഞങ്ങളുടെ പുത്രനായ വജ്രാശയൻ സോദരിയുടെ വിവാഹം കഴിഞ്ഞാൽ തന്നെ പുത്രനിവ്വിശേഷം കരുതണമെന്നു് അവിടുത്തെ അടുക്കൽ അപേക്ഷിച്ചു് അനുവദിപ്പിക്കയും, ഒടുവിൽ ആയനുവാദത്തെ ആസ്പദമാക്കി രാജ്യം വേണമെന്നു വാദിക്കയും ചെയ്കയുണ്ടായി. അതിനാൽ സത്യസന്ധനായ അവിടുന്നു ഗത്യന്തരമില്ലായ്കനിമിത്തം വജ്രാശയനിൽ രാജ്യം സമർപ്പിച്ചിട്ടു് തപസ്സിനായി വനത്തിലേക്കു പോയി,

പ്രതാപവൎമ്മ: കൊള്ളാം! ഇതു കേൾപ്പാൻ കൗതുകമുണ്ട്. പിന്നെ?

സാൎത്ഥവാഹൻ: വജ്രാശയൻ ഞങ്ങളുടെ പുത്രനാണെങ്കിലും വലിയ ദുഷ്ടനാണെന്നു ഞങ്ങൾതന്നെ സമ്മതിക്കുന്നു. അവൻെറ ദുൎന്നയത്തിന്നു അനുരൂപമായി ദൈവം തന്നെ അവനെ ശിക്ഷിച്ചു.

പ്രതാപവൎമ്മ: അതെങ്ങനെ?

സാൎത്ഥവാഹൻ: രാജ്യഭാരം കിട്ടിയ നാൾമുതൽ അവൻ പ്രജകളെ പലപ്രകാരം ഉപദ്രവിച്ചുതുടങ്ങി. എന്തിന്നു വിസ്തരിക്കുന്നു? പ്രജകളുടെ സന്താപാഗ്നിയോ എന്നു തോന്നുംവണ്ണം അതികഠിനമായി പിടിപെട്ട രോഗത്താൽ അവൻ അകാലമൃത്യുഗ്രസ്തനായെന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ.

പ്രതാപവൎമ്മ: ഈശ്വരമഹിമ! പിന്നെ?

സാൎത്ഥവാഹൻ: എന്നാൽ ഞങ്ങൾക്കു് ഈ കാൎയ്യത്തിലല്ലാ വല്യതായ സന്താപം ജനിച്ചിരിക്കുന്നതു്.

പ്രതാപവൎമ്മ: പിന്നെയോ?

സാൎത്ഥവാഹൻ: വജ്രാശയൻ രാജാവായ ഉടനെതന്നെ അവൻെറ ദുൎന്നയങ്ങൾ സഹിക്കാൻ പാടില്ലാതെ ആകയാൽ അതികോമളന്മാരായ ആ അഭിനവദമ്പതിമാർ നാടുവിട്ടു പൊയ്ക്കളഞ്ഞു! അതിൽ പിന്നെ അവരുടെ കഥയൊന്നും അറിഞ്ഞിട്ടില്ല. അതിനാൽ ഞങ്ങൾ വ്യസനിച്ചുകൊണ്ടിരിക്കുമ്പോൾ ഇവിടെനിന്നയച്ച ചിത്രപടം അവിടെ വന്നെത്തി. അതു കണ്ടപ്പോൾ ഞങ്ങൾക്കുണ്ടായ വികാരം പറയാവതല്ല. അതു് ഞങ്ങളുടെ പുത്രിയുടെ പ്രതിച്ഛായയാണു്. അതുകൊണ്ടു പുത്രി ഇവിടെ ഉണ്ടോ എന്നറിയാം എന്നു വിചാരിച്ചു ഞങ്ങൾ ഇങ്ങോട്ടേക്കു പുറപ്പെട്ടു.

പ്രതാപവമ്മ: നിങ്ങളുടെ പുത്രി ഇവിടെ വന്നിട്ടില്ല.

സാത്ഥവാഹൻ: അയ്യോ കഷ്ടം! ഞങ്ങളുടെ മോഹം നിഷ്ഫലമായല്ലൊ! പിന്നെ ആ ചിത്രപടം ഇവിടെ അകപ്പെട്ടതെങ്ങനെ?

പ്രതാപവമ്മ: എന്റെ മകൾ പത്മാവതിയുടേയും ഈ കുന്തളഭൂമിയുടേയും ഭാവിയായ ഭത്താവായി നിശ്ചയിക്കപ്പെട്ട ഈ കുമാരന്റെ അപേക്ഷയാലാണ് ആ ചിത്രപടം പ്രസിദ്ധീകരിച്ചതു്. ശേഷം വിവരങ്ങൾ കുമാരൻതന്നെ പറയും.

സദാരാമൻ: (സാത്ഥവാഹനോടും സാനുമതിയോടും) നിങ്ങൾ സ്വല്പനേരത്തേക്ക ക്ഷമിക്കണമെന്നപേക്ഷിക്കുന്നു. (കള്ളനോട്ട്) നീ ആരു്?

കള്ളൻ: ഞാൻ ഒരു പാവപ്പെട്ടവനാണ്.

സദാരാമൻ: ആ പടത്തിലെ സ്ത്രീരൂപം ആരുടേതാണെന്ന് നിനക്കറിയാമോ?

കള്ളൻ: അറിഞ്ഞുകൂടാ.

സദാരാമൻ: ആട്ടെ. ഈ നില്ക്കുന്ന ആളെ നീ അറിയുമോ?

കള്ളൻ: ഞാൻ അറിയുല്ല.

സദാരാമ: സൂക്ഷിച്ചുനോക്കിപ്പറ. നേരു പറഞ്ഞില്ലെങ്കിൽ എന്തുചെയ്യുമെന്നറിയാമോ? നോക്ക്, സൂക്ഷിച്ചു നോക്ക്.

കള്ളൻ: (സൂക്ഷിച്ചുനോക്കി ഞെട്ടി പിറകോട്ടു മാറീട്ട്) അയ്യോ! ഇതെന്റെ തമ്പുരാനാണല്ലൊ.

സദാരാമൻ: ശരി. അങ്ങനെ നേരുപറ. നീ ഏതു രാജ്യത്തുള്ളവൻ? ഇദ്ദേഹം ആരു്?

കള്ളൻ: ഞാൻ മായാപുരിരാജ്യത്തുള്ളവനാണ്. ഇതു ഞങ്ങടെ തമ്പുരാനാകുന്നു.

സദാരാമൻ: (കൈവശം ഇരുന്ന ഒരു ചിത്രപടം എടുത്തു കാണിച്ചിട്ട്) ഈ ചിത്രപടത്തിൽ കാണുന്ന സ്ത്രീയെ പ്പററി നിനക്കറിയാവുന്നതെല്ലാം പറ. മടിക്കേണ്ട— നേരുപറഞ്ഞാൽ മാപ്പുതരാം.

കള്ളൻ: ഈ തമ്പുരാൻ സദാറാം എന്ന സ്ത്രീയെ ഭാര്യയാക്കാനായി മാളികയിൽ പാർപ്പിച്ചിരുന്നു. ഒരുദിവസം രാത്രി അവരുടെ ഭർത്താവു വന്ന് രണ്ടുപേർക്കുംകൂടി അടുത്ത ദിവസം അവിടെനിന്നും ഒളിച്ചുപോകുന്നതിനുള്ള വഴി ആലോചിക്കുന്നതു ഞാൻ പതുങ്ങിനിന്നു കേട്ടു.

പ്രതാപവർമ്മ: ഈ കഥ നല്ല നേരംപോക്കായിരിക്കുന്നു. പിന്നെ?

കള്ളൻ: പിറേറന്നാൾ രാത്രി ഞാൻ അവരുടെ ഭർത്താവായിട്ട് ആയിരുട്ടത്തു് അവിടെ എത്തി അവരേയുംകൊണ്ടു മണ്ടി. വഴിയിൽവച്ച് അവരു് എന്നെയും ചതിച്ചേച്ചു കടന്നുകളഞ്ഞു. ഞാൻ പിന്നെ അങ്ങനെ അവരെ തേടിനടക്കുമ്പോൾ ഇവിടെയും വന്നുചേർന്നു.

സദാരാമൻ: (വഴിയാത്രക്കാരനോട്ട്) തിലോത്തമ എന്ന ദാസിയെ അയച്ച് സദാരാമയെ വരുത്തി അവളുടെ പാതിവ്രത്യഭംഗം ചെയ്‌വാൻ ശ്രമിക്കയും, അവളുടെ പ്രീതിക്കായി ഈ പ്രതിച്ഛായ എഴുതിക്കയും ഒടുവിൽ അവളെ ലഭിക്കാതെ പരിതപിക്കയും ചെയ്ത മായാപുരിരാജാവായ കാമപാലൻ അങ്ങുതന്നെയല്ലേ?

വഴിയാത്രക്കാരൻ: (ലജ്ജാവ്യസനസമേതം) അതെ. എൻെറ ദുഷ്ടവൃത്തികളെ ഓർത്തു് ഞാനിപ്പോൾ വേണ്ടതിലധികം പശ്ചാത്തപിക്കുന്നു.

സദാരാമൻ: ഹേ കാമപാലരാജാവേ! ഈ സദസ്സിൽവച്ചുണ്ടായ ഈ പശ്ചാത്താപവും ലജ്ജയുംതന്നെ അങ്ങേക്കു തക്കതായ ശിക്ഷയായിരിക്കുന്നു. എടോ കള്ളൻ!

നീ ഇനിമേൽ ഇങ്ങനെയുള്ള അക്രമങ്ങൾ ഒന്നും ചെയ്യാതെ ഏതെങ്കിലും ന്യായമായ തൊഴിലിൽ പ്രവേശിച്ചു കാലക്ഷേപം ചെയ്തുകൊള്ളണം. നിങ്ങളെ ഈ അവസരത്തിൽ ശിക്ഷിക്കുന്നതു് ഒട്ടും യുക്തമല്ലായ്കയാൽ നിങ്ങൾക്കു പോകാൻ സ്വാതന്ത്ര്യം തന്നിരിക്കുന്നു. പ്രതാപവർമ്മ ചക്രവർത്തി തിരുമനസ്സിലേക്കു തന്റെ പുത്രിയുടെ ഭർത്താവും അനന്തരാവകാശിയും ആകുന്നതിനു സർവ്വഥാ യോഗ്യനായ ഒരു പുരുഷനെ ലഭിക്കുന്നതിനും ഏകാകിനിയായി പല കഷ്ടതകൾ അനുഭവിച്ചെങ്കിലും തൻെറ പാതിവ്രത്യത്തെ നിർമ്മലമായിത്തന്നെ പരിപാലിച്ച സദാരാമയ്ക്കു തൻെറ പ്രിയതമനോടു് വീണ്ടും ചേരുന്നതിനും, ഇതേവരെ ഭർത്തൃസുഖം എന്നതു ലേശംപോലും അനുഭവിക്കാൻ ഇടയാകാത്ത ഈ മനസ്വിനിയായ പത്മാവതിക്കു് അനുരൂപനായ ഒരു ഭർത്താവുണ്ടാകുന്നതിനും, തൻെറ പ്രേമത്തിനു് ആസ്പദമായ ഒരു സ്ത്രീയെ വിവാഹം ചെയ്കനിമിത്തം രാജ്യത്തെപ്പോലും ഉപേക്ഷിക്കേണ്ടിവന്ന ഒരു മഹാനു് ദൈവഗത്യാ തന്നിൽനിന്നും വേർപെട്ടുപോയ പ്രിയതമയെ വീണ്ടും ലഭിക്കുന്നതിനോടുകൂടി അവൾക്കു് എത്രയും സ്നേഹബഹുമാനങ്ങൾ ഉള്ള ഒരു ചക്രവർത്തിയുടെ പുത്രിയേക്കൂടി പരിഗ്രഹിക്കയും, തൻെറ രാജ്യത്തിൻെറയും അതുപോലുള്ള മററു പല രാജ്യങ്ങളുടേയും ആധിപത്യമുള്ള മഹത്തരമായ ഒരു രാജ്യത്തിൻെറ ചക്രവർത്തിസ്ഥാനം ലഭിക്കയും ചെയ്യുന്നതിനും, ഈ ഇരിക്കുന്ന ദമ്പതിമാർക്കു് വളരെനാളായി പിരിഞ്ഞുപോയ തങ്ങളുടെ പ്രിയപുത്രിയെ സഭർത്തൃകയായി വീണ്ടും ദർശിച്ചാനന്ദിക്കുന്നതിനും ഇപ്പോൾ ഇടയാകത്തക്കവണ്ണം ദൈവപ്രേരണയാൽ ഇവിടെ

വന്നു് ഗന്ധൎവ്വോപദ്രവത്തെ തീൎത്തു് ഇഷ്ടദേവതയെ ധ്യാനിച്ചുകൊണ്ടു് സദാരാമനായി ഇതേവരെ പാൎത്തിരുന്ന ഞാൻതന്നെയാണു് സാക്ഷാൽ സദാരാമയെന്നു് മഹാജനങ്ങൾ അറിവാൻ ഇതാ അപേക്ഷിക്കുന്നു. (തൻെറ ഉഷ്ണീഷത്തെ എടുത്തു് ഭൎത്താവിൻെറ തലയിൽ വച്ചതിൻെറ ശേഷം സ്ത്രീരൂപത്തെ പ്രത്യക്ഷമാക്കി മാതാപിതാക്കന്മാരുടെ അടുക്കൽ ചെന്നിട്ടു്)
അല്ലയോ മഹാത്മാക്കളേ! നിങ്ങളുടെ വാത്സല്യഭാജനമായ പുത്രി ഇതാ! ഭക്തിപൂൎവ്വം നിങ്ങളെ നമസ്കരിക്കുന്നു.

സാൎത്ഥവാഹൻ: (തലയിൽ തലോടീട്ടു്) ഞങ്ങൾക്കു് ഈ സമയത്തിൽ ഉണ്ടായ ആനന്ദം അനിൎവ്വാച്യമായിരിക്കുന്നു. കുഞ്ഞേ! നീ നിത്യകല്യാണിയായി ഭൎത്താവോടുകൂടി ചിരകാലം സുഖിച്ചാലും.

സാനുമതി: (ആലിംഗനംചെയ്തിട്ടു്) ഓമനെ! നിൻെറയും നിൻെറ ഭൎത്താവിൻെറയും കഥകൾ കേട്ടതിൽ എനിക്കുണ്ടായ മനോവികാരങ്ങൾ എന്തെല്ലാമെന്നു പറവാൻ പ്രയാസമായിരിക്കുന്നു. നീ വളരെക്കാലം ഭൎത്താവോടുകൂടി സുഖിക്കുമാറാകട്ടെ.

(കള്ളനും കാമപാലനും പോകുന്നു.)

സദാരാമ: നിങ്ങളുടെ ഈ അനുഗ്രഹത്തെ ഞാൻ ശിരസാവഹിച്ചുകൊള്ളുന്നു.

(പുഷ്പാംഗദൻെറ സന്യാസചിഹ്നങ്ങളെ മാററുന്നു)

പത്മാവതി: (ആത്മഗതം)

(ഗീതം 58 നാഥനാമക്രിയ ആദിതാളം 'നിക്കുമാരി' എന്നമട്ടു്)

പാൎത്തുകണ്ടാൽ—അത്ഭുതം ഹൃദി—പാൎത്തുകണ്ടാൽ
പേൎത്തുമിന്നീ വാൎത്തയെല്ലാം. —പാൎത്തു

നാരിമാരണിഹീരമാമീ സാരവേദിനിയാളഹോ!
പൂരുഷനെന്നീ നേരത്തോളം
ഭൂരിജനങ്ങൾ വിചാരമിയന്നതു -പാത്തു

സന്ന്യാസീശ്വരനായി മേവിയൊരുന്നതാത്മാവീ
കുന്ദസായകസുന്ദരൻ നൃപ- [മഹാൻ
നന്ദനനെന്നായ് വന്നതുമിന്നിഹ -പാത്തു

സദാരാമ:

(ഗീതം 59 കാപി രൂപകം 'കാനനത്തിൽ നാനലൈന്തു' എന്ന മട്ടു്)

എൻകണവാ പുണ്യരാശേ! ഈവിധമോ വിധിമഹിമാ
സങ്കടമായിട്ടുന്ന വൻകടൽ നാം കടന്നു
പങ്കജവിലോചനൻ തൻകൃപാവൈഭവത്താൽ -എൻ
ക്രൂരനാം കാമപാലൻ പാരമയ്യോ വലച്ചു!
ഘോരൻ കടന്നു പിന്നെ ചോരനഹോ! ചതിച്ചു -എൻ
കള്ളൻ മഹാസമത്ഥനാണ്. അന്നു പ്രഭാതമാകുന്നതു വരെയും ഞാൻ അവനെ പ്രിയതമൻ എന്നുതന്നെയാണ് വിശ്വസിച്ചിരുന്നതു്. പ്രഭാതത്തിൽ ഒരിടത്തു വിശ്രമിക്കാനായി കുതിരയിൽ നിന്നിറങ്ങിയ ഉടൻ ഞാൻ ഉത്സാഹത്തോടുകൂടി ഭത്താവേ! പ്രിയതമ! എന്നെല്ലാം അവനെ അഭിസംബോധനം ചെയ്തു. അവന്റെ ഒച്ച കേട്ടമാത്രയിലാണ് എനിക്കു് ആൾ മനസ്സിലായതു്.
പിന്നെയുണ്ടായ ഖേദം ചൊന്നീടാനാവതല്ലേ
ഇന്നേവമാശ്വസിപ്പാൻ വന്നുതേ ദൈവയോഗം-എൻ

പുഷ്പാംഗദൻ:

(ഗീതം 60 കാപി ചാപ്പു് 'നിന്നടബാസി' എന്ന മട്ടു്)

മാനിനിമൗലേ! മാല്യളവായതീമംഗലം വന്നീടാ-
നാണോമലേ മാനിനിമൗലേ

ദീനദയാലുത ദിവ്യതയോടെയ-
നൂനമായേന്തുന്ന ജഗദീശൻെറ
മാനസമെങ്ങനെയെന്നതറിവാനീ
മാനുഷനാളാകയില്ലേതുമേ -മാനിനി

മന്ത്രി: അവിട്ടുന്ന് ഈ അരുളിച്ചെയ്തതു് എത്രയോ ഉൽകൃഷ്ടമായ ഒരു തത്വമാണു്.

(ശ്ലോകം 23)

ചിലകുറി ചിലകൃത്യം കണ്ടീട്ടന്നേരമീശ-
ന്നലിവകമതിലില്ലെന്നോർത്തുപോകും നരന്മാർ.

പ്രതാപവർമ്മ: സംശയമില്ല. അങ്ങനെ തോന്നുന്നതു സഹജമാകുന്നു.

മന്ത്രി: എന്നാൽ വാസ്തവത്തിൽ,

ഉലകമഖിലമാളുന്നീശനുള്ളാശയത്തിൻ
നിലയതികൃശനാകും മർത്ത്യനെന്തോന്നു കാൺമൂ?

പ്രതാപവർമ്മ: മന്ത്രി പറഞ്ഞതു ശരിതന്നെയാണു്. ഇവിടെ ഉണ്ടായ ഈ സംഭവങ്ങൾ എല്ലാം ആലോചിച്ചതിൽ ഇന്നത്തേ ദിവസം നമ്മുടെ സുദിനങ്ങളിൽ വെച്ചു് അതിശ്രേഷ്ഠമാണെന്നു നിർവ്വിവാദംതന്നെ.

സദാരാമ: അല്ലയോ പ്രഭോ! അറിവിട്ടത്തെ അട്ടക്കൽ എനിക്കൊരഭിലാഷം അറിയിപ്പാനുണ്ടു്.

പ്രതാപവർമ്മ: ഈ അഭിലാഷം എന്താണെന്നു ഭവതി സ്വല്പം മുൻപേ പ്രസംഗിച്ചതിൽനിന്നുതന്നെ ഞാൻ ഗ്രഹിച്ചിരിക്കുന്നു. മണ്ണിനു വേണ്ടി ഭൂമി കുഴിച്ചപ്പോൾ സ്വർണ്ണം മാത്രമല്ല, വിലയേറിയ രത്നങ്ങളുംകൂടി അടങ്ങിയിരിക്കുന്നതായ നിധി ലഭിച്ചാൽ ആയതിനെ സന്തോഷപൂർവ്വം സ്വീകരിക്കാത്തവരുണ്ടോ?

മന്ത്രി: സാക്ഷാൽ ശ്രീകൃഷ്ണഭഗവാൻ രുഗ്മിണിയോടും

സത്യഭാമയോട്ടുംകൂടി ദ്വാരകാധീശനായിരിക്കുന്നതിൽ ആരാണ്് അനുമോദിക്കാത്തതു്?

പുഷ്പാംഗദൻ: ഭവതിയുടെ അഭിലാഷം യാതൊന്നും അസ്ഥാനത്തിലായിപ്പോകയില്ലെന്നു ഞാൻ മുൻപേ തന്നെ തീർച്ചയാക്കീട്ടുള്ളതാണ്.

സദാരാമ: ഇപ്പോൾ ഞാൻ കൃതാൎത്ഥയായിരിക്കുന്നു. ദൈവമേ! നീ എന്നെ എങ്ങനെയെല്ലാം പരീക്ഷിച്ചു! എന്നാൽ ഈ പൎയ്യവസാനത്തിൻെറ മംഗളം ആലോചിച്ചാൽ കഴിഞ്ഞതെല്ലാം നിസ്സാരമാണ്.

പ്രതാപവൎമ്മ: പലരുടേയും മനസ്സിൽ ഒരുപോലെ ആനന്ദത്തേയും ആശ്ചൎയ്യത്തേയും ജനിപ്പിച്ചതായ ഈ മുഹൂൎത്തം അത്യന്തം മംഗളകരമാകയാൽ ഈ അവസരത്തിൽത്തന്നെ ശ്രീമാനായ പുഷ്പാംഗദൻ സദാരാമയോട്ടുകൂടി പത്മാവതിയേയും പത്നിയാക്കി സ്വീകരിക്കയും നമ്മുടെ രാജകീയമായ കിരീടത്തെ ശിരസ്സിൽ അണിയുകയും ചെയ്യണമെന്നാണ് എൻെറ അഭിലാഷം.

മന്ത്രി: ഇതു് എല്ലാവൎക്കും സന്തോഷപ്രദംതന്നെ ആയിരിക്കും.

പ്രതാപവൎമ്മ: ആരവിടെ? കല്യാണമാല കൊണ്ടുവരട്ടെ.

(ഭൃത്യൻ മാലയുംകൊണ്ടു പ്രവേശിക്കുന്നു.)

(മാല വാങ്ങീട്ടു സദാരാമയോട്ട്) അല്ലയോ സാധ്വീരത്നമേ! ഈ മാലയെ ഞാൻ ഭവതിയുടെ കൈയിൽ സമൎപ്പിക്കുന്നു.

സദാരാമ: (മാല വാങ്ങീട്ട്) ഇവിടുത്തെ ഔദാൎയ്യം ഞങ്ങൾക്ക് അനുഗ്രഹമാകുന്നു. (പത്മാവതിയോട്ട്)

(ശ്ലോകം 24)

കല്യാണിനീതിലകമേ! കളവാണി നീയി-
ക്കല്യാണമാല കലിതോത്സവമത്രവാഴം
കല്യാഭനായ കമനൻെറ കഴത്തിലിപ്പോ-
ളുല്ലാസപൂൎവ്വമണിയിക്ക മനോജ്ഞശീലേ!

(പത്മാവതി മാല വാങ്ങി പുഷ്പാംഗദൻെറ കഴുത്തിൽ ഇടുന്നു.)

പ്രതാപവൎമ്മ: അല്ലയോ ജാമാതാവേ! ഇതാ! ഈ സാമ്രാജ്യകിരീടത്തെ വഹിച്ചാലും. (കിരീടം ശിരസ്സിൽ സമൎപ്പിച്ചിട്ട്)

(ശ്ലോകം 25)

മത്സാമ്രാജ്യകിരീടമിന്നു മഹിത-
സ്ഥാനത്തിലൎപ്പിക്കയാൽ
സത്സാരജ്ഞ! കൃതാൎത്ഥഭാവമധി-
കാനന്ദം വഹിക്കുന്നു ഞാൻ
ഉത്സാഹത്തൊടുരുപ്രതാപമതിദൂ-
രോത്സാരിതാരാതിയായ്
വത്സാ! നീ സുചിരം വഹിക്കയിവരോ-
ടിസ്സാൎവ്വഭൗമാസ്പദം.

പുഷ്പാംഗദൻ:

(ശ്ലോകം 26)

മുന്നം വൈരാഗ്യമാൎഗ്ഗം തദനു മതിമുഖി-
ത്തയ്യലാൾ തൻ വിവാഹം
മന്നിൻനാശം പ്രയാണം മധുമൊഴിവിരഹം
ഘോരകാരാനിവാസം
പിന്നെസ്സന്ന്യാസിവേഷം പുനരിഹ ദയിതാ-
യുഗ്മയോഗം പ്രതാപം
ചിന്നും സാമ്രാജ്യമെന്നീയനുഭവമഖിലം
ഹന്ത ദൈവപ്രഭാവം.

അതിനാൽ നാം ഈ ശുഭാവസരത്തിൽ സാക്ഷാൽ ഈശ്വരനോട്ട മംഗളം പ്രാർത്ഥിക്കയത്രേ ഉചിതമായിട്ടുള്ളതു്.

## (ഭരതവാക്യം)

(ഗീതം 61. സൌരാഷ്ട്രം—ആദിതാളം. 'നീ നാമരൂപമുലകു' മട്ടു്)

ശ്രീപത്മനാഭ ദേവാ ദേഹി ജയമംഗളം
പാപങ്ങളാല്ലുളവാം താപങ്ങളണയാതെ –ശ്രീപ

ചിത്സാരമേ വിഭോ ശ്രീവത്സാഭിരാമവത്സ!
സത്സാഹിതിയിൽ ജനമുത്സാഹമാർന്നീടേണം
–ശ്രീപ

സാരസ്വതസാരസ്യബോധഹീനന്മാർ കവി–
ഗീരിൻ ഗുണദോഷങ്ങളാരായിയാസ്സുവേണം.
–ശ്രീപ

ശർമ്മം വളർത്തീടുന്ന ധർമ്മമാർഗ്ഗം വിടാതെ
നിർമ്മലമായ് നിഖിലകർമ്മവും വിളങ്ങേണം–ശ്രീപ

കേശിമഥന ശൌരേ! കേശവാ തവകൃപാ–
വേശേന സകലർക്കുമേശീടവേണം സുഖം –ശ്രീപ

(മറയുന്നു)

ശുഭം.

★

## അവശിഷ്ടം

### സഭാവന്ദനം

('ഹന്തസുന്ദരി' എന്ന മട്ട്)

വന്ദനം മുദാ...ചെയ്തി—ട്ടുന്നിതാ! വയം
വന്ദനീയമായ മഹിമയാർന്നിട്ടും സദസ്യരെ!
ന—ന്ദി—യോ—ടേ—
നിങ്ങളിൽ—തിങ്ങിട്ടും—വിനയമോട്ട വേണ്ടപോൽ.
കേരളോകതിയിൽ കെ. സി. കേശവാഹ്വയൻ [-വന്ദ
കേടൊഴിച്ചു തീർത്തതായ നാടകത്തെയിഹ വയം
ആ—ടീ—ട്ടു—ന്നു.
കാണുവിൻ കരുണയാ—ബാലരായ ഞങ്ങളിൽ. -വന്ദ
അറിവില്ലുള്ളതാ—യൊരു—കുറവു മൂലമായ്
അഭിനയാന്തരത്തിലിങ്ങു സംഭവച്ചിട്ടുന്നതാം
ദോ—ഷാ—വേ—ശം.
അകമതിൽ—കനിവൊടെ—സമുചിതം സഹിക്കുവാൻ.
-വന്ദ

### 3-ാമങ്കം 1-ാം രംഗം

തിലോത്തമ—നൃത്തഗാനം കഴികെ

മംഗളഗാനം

(ഝംഝുടി—ഏകതാളം. 'നിസ്സസരിരി' എന്ന മട്ട്)

മംഗലരൂപാ! ഭൂപതേ! തവ
മംഗലം മംഗലം.
ശൃംഗാരമോ ശ്രീവീരമോ
നിൻ മേനിയിൽ
തെളിവൊട്ടു കളിയാട്ടുന്നതു? സുമതേ! തവ മംഗലം.

## 3-ാമങ്കം 3-ാം രംഗം

(ഭൃത്യനാൽ കാരാഗൃഹത്തിൽനിന്നും ആനയിക്കപ്പെട്ടമ്പോൾ
പുഷ്പാംഗദൻെറ ആത്മഗതം.)

(മുഖാരി—ആദിതാളം. 'ബാലാ വനം തന്നിൽ' എന്ന മട്ട്)

കാരാഗൃഹം തന്നിൽ കാലഗതിയാലേ
കാമമുഴന്നീട്ടമാറായ് വന്നിതു കഷ്ടമയ്യോ!
ഘോരാശയനായ ഭൂപനിതു ചെയ്‌വാൻ
ധീരതയുണ്ടായതിന്നു കാരണമെന്തായ്‌വരാം?
നാരീശിരോമണി—യാകുമെൻ പ്രേയസി
ക്രൂരനിവൻ തന്റെ കൈയിൽ ചേരുമാറായി-
ലോകാധിനായക! ഹേ കമലേക്ഷണ! [വന്നോ?
ശോകമിതു നീങ്ങീട്ടവാൻ നീ താൻ തുണച്ചീട്ടക.

## 3-ാമങ്കം 6-ാം രംഗം

(കള്ളൻ പ്രവേശിക്കമ്പോൾ)

(ഝംഝൂടി—ചാപ്പ്. 'ചൂളമരക്കാട്ടകളിൽ' എന്ന മട്ട്)

വേലയതു ചെയ്യുതന്നെ കാലം കഴിച്ചിടണം
മാലൊഴിയും മട്ടിലൊരു മങ്കയേയും വച്ചിടണം
ഇണ്ടലൊട്ട ചെന്നരികിൽ തെണ്ടുന്നവക്കലകിൽ
രണ്ടുകാശും പണക്കാരുണ്ടോ കൊട്ടത്തിട്ടന്നു?
അക്കൊതിയർ തൊട്ടിടാതെ വയ്ക്കുന്നതായ മുതൽ
കക്കുന്നതിന്നു ദോഷം ചേക്കുന്നതില്ല ദൈവം.
നല്ലിരുട്ടവന്നീടണം നല്ലമഴക്കാറും വേണം
നല്ലമുതലുള്ള വീട്ടിൽ ചെല്ലേണമെങ്കിലോണം.

18-3-65



## 4-ാമങ്കം 1–ാം രംഗം കഴികെ

(കള്ളൻ വെള്ളവുംകൊണ്ടു പ്രവേശിച്ചിട്ടു്)
('തല്ലരുതെന്നെ' രീതി)

മയ്യേല്പം കണ്ണിയവൾ—എന്നെ
അയ്യോ! ചതിച്ചുവെന്നോ?
ഈയുള്ളവനെ വിട്ടു—അവൾ
പോയെന്നു വന്നീടുമോ?
വെള്ളം കുടിയാഞ്ഞയാ—ലേററ-
മുള്ള തളർച്ചയാലെ
പുള്ളിമാനേല്പംമിഴി—കാട്ടി-
നുള്ളിൽ കിടക്കുകയോ?
വണ്ടാർകുഴലിയവൾ—വേഗം-
പൂണ്ടു കുതിരയേറി
മണ്ടിയെന്നുള്ളതിങ്കൽ—ഇനി
വേണ്ട വിചാരമേതും.
വിട്ടിട്ടുകില്ലവളെ—ഇനി
കിട്ടുന്നതുവരെ ഞാൻ
കാട്ടിൽ നടന്നീടുവൻ—മടി-
വിട്ടു തിരഞ്ഞീടുവൻ.

032:2m71:11
234911
K3
UNIVERSITY LIBRARY
17 FEB 1969
MADRAS



മഹാകവി കേശവപിള്ള (1043–1089)യുടെ 50-ാം ചരമവാർഷികം 1963 സെപ്തംബർ 5-ാം തീയതിയായിരുന്നു. വെറും 46 കൊല്ലം മാത്രം ജീവിക്കാനവസരം ലഭിച്ച അദ്ദേഹം 15-ാമത്തെ വയസ്സിലാണ് തന്റെ ആദ്യത്തെ സാഹിത്യകൃതി—'പ്രഹ്ലാദചരിതം ആട്ടക്കഥ'—എഴുതിയത്. 'കേശവീയം' മഹാകാവ്യം, 'ഹിരണ്യാസുരവധം' 'ശൂരപത്മാസുരവധം' 'ശ്രീകൃഷ്ണവിജയം' എന്നീ ആട്ടക്കഥകൾ, 'വിക്രമോർവ്വശീയം' 'രാഘവമാധവം' 'സദാരാമ' 'ലക്ഷ്മീകല്യാണം' എന്നീ നാടകങ്ങൾ 'ആസന്നമരണചിന്താശതകം' 'സുഭാഷിതരത്നമാല' 'കവിസമാജയാത്രാശതകം' തുടങ്ങിയ നിരവധി കവിതാഗ്രന്ഥങ്ങൾ എന്നിവയും അദ്ദേഹം കൈരളിക്ക കാഴ്ചവെച്ചിട്ടുണ്ട്.

മഹാകവിയുടെ അമ്പതാം ചരമദിനം പ്രമാണിച്ച് സാഹിത്യപ്രവർത്തക സഹകരണസംഘം പ്രസിദ്ധപ്പെടുത്തിയതാണ് 'സദാരാമ'യുടെ ഈ പുതിയ പതിപ്പ്. വളരെ കാലമായി കിട്ടാനില്ലാതിരുന്ന ഈ കൃതി ഒരുകാലത്ത് കേരളത്തിലങ്ങോളമിങ്ങോളം പ്രേക്ഷകരുടെ മുക്തകണ്ഠമായ പ്രശംസയ്ക്കു പാത്രമായിരുന്നതാണ്.

"ചിത്രമെഴുത്തു തിരുമനസ്സിലെ ചിത്രം എന്നപോലെ കേശവപിള്ളയുടെ 'സദാരാമ' പണ്ഡിതന്മാർമുതൽ പാമരന്മാർവരെയുള്ളവരെ ഒരുപോലെ സന്തോഷിപ്പിക്കുന്നുണ്ട്. ഇതാണ് കവിതയ്ക്കു വേണ്ട ഗുണം," എന്നാണ് കിളിമാനൂർ അവിട്ടം തിരുനാൾ കോയിത്തമ്പുരാൻ അഭിപ്രായപ്പെട്ടിരിക്കുന്നത്.

"...പ്രസ്തുത ഗ്രന്ഥംകൊണ്ട്, നിങ്ങൾക്ക് മഹാമഹിമശ്രീ വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു കല്പിച്ചുതന്നിട്ടുള്ള 'സരസഗായക കവി' എന്ന അഭിധാനം എത്രയോ അന്വർത്ഥമായിത്തീർന്നിരിക്കുന്നു..." എന്നു ശ്രീ മള്ളൂർ ഗോവിന്ദപ്പിള്ളയും എഴുതുകയുണ്ടായി.

നാഷനൽ ബുക്ക്സ്റ്റാൾ